# സ്നേഹത്തിന്റെ തീജ്ജ്വാല

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സ്നേഹത്തിന്റെ തീജ്വാല


**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

•

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


•


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

•

Cover Page & Design
Binu Varghese, Dentcare, Muvattupuzha

•

Printed at
Viani Printings, Kochi - 682 018

•

Price: ` 80

•



All rights reserved with the publisher

## ആമുഖം

‘The first test of a great man is his humility’ എന്ന് ജോൺ റസ്കിൻ പറയുന്നു. വിനയം ഒരു ആഭരണമാണെന്നാണ് വിശുദ്ധ ബൈബിൾ പറയുന്നത്.

> *“നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.”* *1 പത്രോസ് 3 : 3, 4*

സദൃശവാക്യങ്ങളിൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു:

> *“പൊന്നും അനവധി മുത്തുകളും ഉണ്ടല്ലോ; പരിജ്ഞാനമുള്ള അധരങ്ങളോ വിലയേറിയ ആഭരണം.”* *സദൃശവാക്യങ്ങൾ 20 : 15*

ലിയോ ടോൾസ്റ്റോയി വിനയാന്വിതനായി തന്റെ തെറ്റുകൾ ഏറ്റുപറയുന്നത് ‘MY CONVERSION’ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മഹത്വത്തിന്റെ ലക്ഷണമാണ് വിനയവും സൗമ്യതയും. തന്നെത്തന്നെ കാണുമ്പോഴാണ് സാക്ഷാത്തായ വിനയം വരുന്നത്. മറ്റുള്ളവർ നമ്മെ കാണുന്നതുപോലെ നമുക്ക് നമ്മെത്തന്നെ കാണാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്. എമേഴ്സൺ

പ്രാർത്ഥിക്കുന്നത് മറ്റുള്ളവർ എന്നെ കാണുന്നതുപോലെ എനിക്ക് എന്നെത്തന്നെ കാണാൻ കൃപ നല്കണമേ എന്നാണ് (To see ourselves as others see us).

തന്നെത്തന്നെ കാണാനുള്ള സുബോധം നൽകുന്നത് പരിശുദ്ധാത്മാവാണ്.

*"പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും" യോഹന്നാൻ 16 : 8*

എന്ന് വിശുദ്ധ ബൈബിൾ പറയുന്നു.

പരിശുദ്ധാത്മാവിനെ സുബോധത്തിന്റെ ആത്മാവ് എന്ന് സെന്റ് പോൾ സാക്ഷിക്കുന്നു.

തിമൊഥെയോസിന് എഴുതിയ രണ്ടാം ലേഖനത്തിന്റെ ഒന്നാം അദ്ധ്യായം 7-ാം വാക്യത്തിൽ സെന്റ് പോൾ പറയുന്നു:

*"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്".*

*2 തിമൊഥെയൊസ് 1 : 7*

നിഷ്ക്കളങ്ക സ്നേഹം പരിശുദ്ധാത്മാവിന്റെ നൽവരമാണ്. അപ്പൊസ്തലനായ പൗലോസ്, കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ 13-ാം അദ്ധ്യായത്തിൽ സാക്ഷാൽ സ്നേഹം എന്ത് എന്ന് വർണ്ണിക്കുന്നു. ആ അദ്ധ്യായം വാസ്തവത്തിൽ ഒരു സ്നേഹഗീതിയാണ്. നിർമ്മല സ്നേഹത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണ്. "വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ" എന്ന് ആ അദ്ധ്യായത്തിന്റെ ഉപസംഹാര വാക്യമായി സെന്റ് പോൾ എഴുതുന്നു.

അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ സുവിശേഷം

വിശ്വാസത്തെയും ലേഖനങ്ങൾ മൂന്നും സ്നേഹത്തെയും വെളിപ്പാട് പുസ്തകം പ്രത്യാശയെയും അടിസ്ഥാനപ്പെടുത്തി യിരിക്കുന്നു.

വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും വലിയ കഥാ കൃത്താണ് ചാൾസ് ഡിക്കൻസ്. മുടിയൻ പുത്രന്റെ ഉപമയെ ക്കുറിച്ച് അദ്ദേഹം പറയുന്നത്: “പറയപ്പെട്ടിട്ടുള്ളതിലേക്കും മനോഹരമായ കഥ” എന്നാണ്. നഷ്ടപ്പെട്ടുപോയ മകന്റെ മട ങ്ങിവരവിനുവേണ്ടി അത്യാകാംക്ഷയോടെ കാത്തുകാത്തിരി ക്കുന്ന പിതാവിന്റെ സ്നേഹം! അതാണ് തിരുപ്പിറവിയിലും ക്രൂശിലെ സ്വയത്യാഗത്തിലും നാം കാണുന്നത്.

ജോൺ വെസ്‌ലി, സ്വിൻ സെൻ ഡോർഫ് എന്ന ചിന്തക നോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗസീമകൾ വെടിഞ്ഞ് നിത്യനായ ദൈവം ഈ ലോകത്തിലേക്ക് വരാൻ കാരണം എന്ത് എന്ന് വിശദീകരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: “It was love - Love that swallows up everything and first of all self.”

ആ ദിവ്യസ്നേഹത്തിന്റെ പ്രഫുല്ലപ്രഭയിൽ വശീകരിക്ക പ്പെട്ടാണ് ഫ്രാൻസിസ് തോംസൺ, ‘Hound of Heaven’ എന്ന കാവ്യതല്ലജം രചിച്ചത്. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിന്റെ മാസ്മര സൗരഭ്യം ശക്തമായി സ്വാധീനം ചെയ്തതാണ് ആ കൃതി രചിക്കാൻ പ്രേരകമായത്.

പരിശുദ്ധാത്മാവിന്റെ അത്യത്ഭുതകരമായ സ്നേഹ സാന്നിദ്ധ്യമാണ് നമ്മെ ആത്മീയ മണ്ഡലത്തിൽ നിലനിർത്തു ന്നത്. ആ മഹത്തായ സൗഭാഗ്യത്തിലേക്ക് നിങ്ങൾ ഓരോരു ത്തരും നയിക്കപ്പെടണമെന്നുള്ള ആഗ്രഹമാണ് ഈ ഗ്രന്ഥരച നയ്ക്ക് എന്നെ പ്രേരിപ്പിച്ചത്.

ഈ പുസ്തകം വെളിച്ചം കാണുവാൻ ഇടയായതിന്റെ

പിന്നിൽ എന്റെ ഏറ്റവും വത്സലരായ അനേകം ആത്മീയ സഹോദരങ്ങളുടെ നിസ്തന്ദ്ര യത്നമുണ്ട്. അവരോട് പേര് പേരായി നന്ദി പറയുന്നത് അവർക്ക് സന്തോഷമാകില്ല എന്ന് എനിക്കറിയാം. പരിശുദ്ധാത്മാവിന്റെ 'സ്നേഹത്തിന്റെ തീജ്ജ്വാല' യിൽ നിങ്ങൾ ഏവരും ആമഗ്നം ലയിച്ച് ചേരട്ടെ എന്നാശംസിച്ചുകൊണ്ട്,

നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട,
**എം.വൈ. യോഹന്നാൻ സാർ.**

## ഒന്ന്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി: നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയ ഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്ക്യ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിന്നൊത്ത ഒരു മഹാനാദം എന്റെ പുറ കിൽ കേട്ടു."* *വെളിപ്പാട് 1 : 10, 11*

ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം നാടുകടത്തപ്പെട്ട് പത്മൊസ് ദ്വീപിൽ ഏകനായി കഴിയുമ്പോൾ അപ്പൊസ്തലനായ യോഹന്നാന് ആത്മവിവശത ലഭിച്ചു. ആത്മവിവശത വന്നപ്പോൾ കാഹളത്തിന്നൊത്ത ഒരു മഹാ നാദം അപ്പൊസ്തലൻ തന്റെ പുറകിൽ കേട്ടു. വലിയൊരു ശബ്ദം! ആ ശബ്ദം കേട്ടപ്പോൾ തന്റെ ഉള്ള് സന്തോഷിച്ചു, ഉള്ളം നിറഞ്ഞു. ആനന്ദപരവശനായിത്തീർന്നു.

പരിശുദ്ധാത്മാവിന്റെ കൃപയാണ് വചനം കേൾക്കാനിട യാകുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാൻ ഇടയാകുന്നത് എന്തൊരു മഹാഭാഗ്യം!

സ്വർഗ്ഗത്തിന്റെ ആലോചന ഈ ഭൂമിയിൽ മുഴങ്ങുന്നത് കേൾക്കാൻ ഇടയാകുന്നത് എന്തൊരു ഭാഗ്യം! സ്വർഗ്ഗത്തിലെ കാര്യാലോചനാസഭയിലെ നിരൂപണവിഷയങ്ങൾ ഈ ഭൂമി യിലെ മനുഷ്യരുടെ നാവിൽക്കൂടി പ്രസ്താവിക്കപ്പെടുന്ന മഹാഭാഗ്യം നിസ്സാരമല്ല. ആ മഹാഭാഗ്യപദവിയിലേക്കെന്നെ നയിക്കണമേയെന്ന് നാം പ്രാർത്ഥിക്കണം.

ആത്മാവിൽ വിവശത വന്നപ്പോൾ ദൈവശബ്ദം കേട്ടു. ദൈവത്തിന്റെ വചനം തേനിലും തേൻകട്ടയിലും മധുരമാണ്.

വചനം ലഭിക്കുന്നു, വചനത്തോട് ചേർന്ന് ഒരു ശുശ്രൂഷ ഭരമേല്പിക്കുന്നു. നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി വയ്ക്കുക. ദൈവശബ്ദം കേട്ടു. പക്ഷേ, ആരേയും കാണുന്നില്ല. പിറകിൽ നിന്നൊരു ശബ്ദം: "നീ കാണുന്നത് എഴുതി വയ്ക്കുക." നിത്യനായ ദൈവം തന്റെ ദാസന് എന്തോ വിലപ്പെട്ട കാര്യങ്ങൾ കാണിച്ചുകൊടുക്കാൻ പോകുന്നു.

"നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതിവയ്ക്കുക." ഇപ്പോൾ ഉള്ളത്, കഴിഞ്ഞുപോയത്, വരാനുള്ളത് - വർത്തമാനകാലം, ഭൂതകാലം, ഭാവികാലം. ഇപ്പോഴുള്ളത് നീ കാണും, കഴിഞ്ഞകാലങ്ങൾ നീ കാണും, വരാനുള്ളത് നീ കാണും. നിത്യതയോളം നീ കാണാൻ പോവുകയാണ്. നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസോസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദീസ്, ഫിലദെൽഫ്യ, ലവൊദിക്യ ഇങ്ങനെ ആസ്യയിലെ ഏഴു സഭകൾക്കും അയയ്ക്കുക.

ഏഴു സഭകൾക്കുള്ള ദൂത് തന്റെ വിശ്വസ്തദാസനെ യേശുക്രിസ്തു ഭരമേല്പിക്കയാണ്. അതൊരു വലിയ ഭാഗ്യപദവിയാണ്. ഞാൻ വിനയപൂർവ്വം നിങ്ങളോട് പറയട്ടെ, കർത്താവിന്റെ വചനം ഏറ്റുവാങ്ങി അനേകർക്ക് കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. അനേകർക്ക് ഇത് വിതരണം ചെയ്യണം.

> *"ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച്"* *1 യോഹന്നാൻ 1 : 1*

ജീവന്റെ വചനം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ സ്പർശനം, പരിശുദ്ധാത്മാവ് തൊടുന്നത്

അപ്പൊസ്തലൻ അനുഭവിച്ചു.

പ്രിയപ്പെട്ടവരേ, കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷ – അത് എന്തുമാകട്ടെ – ലഭിക്കുന്നത് മഹാഭാഗ്യമാണ്. ദൈവമക്കളെ ശുശ്രൂഷിക്കുന്നത്, ദൈവത്തിന്റെ വചനം കേൾക്കാൻ വരുന്നവരെ സ്വീകരിക്കുന്നത്, അവർക്ക് ആഹാരം വിളമ്പുന്നത്, അവർ കഴിച്ച പാത്രങ്ങൾ കഴുകി വയ്ക്കുന്നത്, അവർക്ക് ഇരിക്കാനുള്ള സ്ഥലങ്ങൾ ശുചീകരിച്ച് വെടിപ്പാക്കുന്നത് – എന്നുവേണ്ട എന്തെല്ലാം ശുശ്രൂഷകൾ!

ഓരോരുത്തർക്കുമുണ്ട് ശുശ്രൂഷകൾ. പ്രസംഗിക്കുന്നതുമാത്രമല്ല ശുശ്രൂഷ. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരുന്ന അനേകം ദൈവമക്കൾ കർത്താവിന്റെ ശുശ്രൂഷയിൽ പിറകോട്ടുമാറി നിൽക്കുന്നവരല്ല, ഉത്സാഹത്തോടെ മുന്നോട്ടു വരുന്നവരാണ്. ഒരുപക്ഷേ, നമ്മുടെ കൂട്ടായ്മക്കുള്ള ഒരു ഭാഗ്യവും അതുതന്നെയായിരിക്കും. കൂട്ടായ്മയിൽ ഉള്ളവർ ഏകോദരസഹോദരങ്ങളെപ്പോലെ കൈയോട് കൈകോർത്തു നിന്ന് വളരെ ഏകതാനതയോടെ, ശ്രദ്ധയോടെ കർത്താവിന്റെ ശുശ്രൂഷയിൽ പങ്കാളികളാകുന്നു.

എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുള്ളത്! കർത്താവിന്റെ ശുശ്രൂഷയിൽ ഒരു ചെറിയ പങ്കെങ്കിലും നമുക്കു കിട്ടുന്നെങ്കിൽ മഹാഭാഗ്യമാണ്.

> *"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തന് ഒരു പാന*

*പാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു."*

*മത്തായി 10 : 40 – 42*

*"ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലുകെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന്നു നന്ന്."* *മത്തായി 18 : 5, 6*

കാര്യം ഗൗരവമാണ്. യേശുക്രിസ്തുവിന്റെ നാമത്തിൽ നിൽക്കുന്ന ഒരു ദൈവദാസന് അല്ലെങ്കിൽ ദൈവദാസിക്ക് ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരികല്ലു കെട്ടി, അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്.

അത്ര ഭയാനകമായ ശിക്ഷയാണ് വരാൻ പോകുന്നത്. ദൈവമക്കളെ തുച്ഛീകരിക്കരുത്. ദൈവമക്കളെ പരിഹസിക്കരുത്. ആരേയും പരിഹസിക്കരുത്. ദൈവത്തിന്റെ വേലക്കാരെ ചെറുതായി കാണരുത്. ദൈവത്തിന്റെ വേലക്കാരെ അപമാനിക്കരുത്. അവരെ കാഴ്ചവസ്തു ആക്കരുത്. നിങ്ങൾ അവരെ കളിയാക്കരുത്. അവരൊന്നും പറയുകയില്ലായിരിക്കും. പറയാൻ കെൽപ്പുണ്ടെങ്കിലും തിരിച്ചൊന്നും മിണ്ടുകയില്ലായിരിക്കും. പക്ഷേ, സൂക്ഷിക്കണം.

ഒരു ദൈവപൈതലിനെ വചനശുശ്രൂഷയ്ക്കുവേണ്ടി വിളിച്ചിട്ട്, പിന്നീട് വരേണ്ട എന്നു പറയുന്നത് അപകടമാണ്. വചനശുശ്രൂഷ മുടക്കുന്നത് അപകടകരമാണ്. ഏതോ ചില നല്ല ആളുകൾ ദൈവവചനശുശ്രൂഷക്കായി ഒരാളെ വിളിച്ചു. അപ്പോൾ ചില ദുഷ്ടന്മാർ അതിനിടയ്ക്ക് കടന്നുകൂടിയിട്ട്,

ദൈവമക്കൾ അവിടെ വരേണ്ടാ എന്നു പറയുന്നു. അത് എത്രയോ ഭയാനകമായ കാര്യമാണ്! എത്രയോ ശാപകര മാണ്!

നോക്കൂ, കർത്താവിൽ വിശ്വസിക്കുന്ന ഈ ചെറിയവ രിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ?

*"ഇടർച്ച ഹേതുവായി ലോകത്തിന് അയ്യോ കഷ്ടം; ഇടർച്ച വരുന്നത് ആവശ്യം തന്നേ; എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യന് അയ്യോ കഷ്ടം."*

*മത്തായി 18 : 7*

ഇടർച്ച വരുത്തരുത്. ദൈവവചനം കേൾക്കാൻ പോകു ന്നവരെ തടയരുത്. നിങ്ങൾ പോയിട്ട് എന്തുഗുണം, എന്നു ചോദി ക്കുന്നവരുണ്ട്. ഗുണമുണ്ടെങ്കിൽ അവർക്കുകൊള്ളാം. ഇല്ലെ ങ്കിൽ അവർക്കുതന്നെ ദോഷം. അതുകൊണ്ട് കൂട്ടായ്മയെ പഴി പറയരുത്. കൂട്ടായ്മയെ കുറ്റം പറയരുത്. കൂട്ടായ്മയ്ക്കു പോകുന്ന ആരും ശരിയായിട്ട് ജീവിക്കുന്നില്ലല്ലോ എന്ന് പറയ രുത്.

പ്രിയപ്പെട്ടവരേ, മറ്റുള്ളവർ ജീവിക്കുന്നത് നിങ്ങൾ നോക്കണ്ട. നിങ്ങൾക്ക് വചനം കിട്ടുന്നുണ്ടോ എന്ന് നോക്കി യാൽ മതി. ഒരിക്കലും ഇടർച്ച വരുത്തരുത്.

*"നിന്റെ കൈയോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞു കളക; രണ്ട് കൈയും രണ്ട് കാലും ഉള്ളവനായി നിത്യാഗ്നി യിൽ വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്ക് നന്ന്."* *മത്തായി 18 : 8*

വളരെ കർക്കശമായിട്ടാണ് കർത്താവ് പറയുന്നത്. നിന്റെ കൈയോ, കാലോ നിനക്ക് ഇടർച്ച വരുത്തരുത്. നിന്റെ കണ്ണ് നിനക്കിടർച്ച വരുത്തരുത്. എല്ലാം ദോഷമാണ്. ഒരി

ക്കലും അപകടത്തിലേക്ക് പോകരുത്. ഇതിനെല്ലാം നാം മറുപടി പറയേണ്ട ഒരു സമയമുണ്ട്. കണക്കു പറയേണ്ട ഒരു ദിവസമുണ്ട്.

*"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോട് പറയുന്നു." മത്തായി 12 : 36*

ഓരോ ചെറിയ ചെറിയ വാക്കുകളായിരിക്കാം പറയുന്നത്, പക്ഷേ സൂക്ഷിക്കണം. മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും.

*"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ." മത്തായി 18 : 10*

വിദ്യാഭ്യാസമില്ലായിരിക്കാം, പണമില്ലായിരിക്കാം, ആരോഗ്യമില്ലായിരിക്കാം, സമ്പത്തില്ലായിരിക്കാം, വലിയ വീടില്ലായിരിക്കാം, ആഡംബരപ്രൗഢികളൊന്നുമില്ലായിരിക്കാം. പക്ഷേ, ഈ ചെറിയവരിൽ ഒരുത്തൻ എന്നിൽ വിശ്വസിക്കുന്നവനാണ്.

*"സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്ന് ഞാൻ നിങ്ങളോടു പറയുന്നു."*
*മത്തായി 18 : 11*

കർത്താവിൽ വിശ്വസിക്കുന്ന ഏവർക്കുംവേണ്ടി നിയമിക്കപ്പെട്ട ദൂതന്മാരുണ്ട്. അവർക്കുവേണ്ടി നിയമിക്കപ്പെട്ട ദൂതന്മാർ, എപ്പോഴും സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം കണ്ടുകൊണ്ടിരിക്കുകയാണ്. എത്രയോ ഗൗരവമേറിയ കാര്യമാണിത്. നിത്യനായ പിതാവിന്റെ തിരുസന്നിധിയിൽ നിന്ന് ദൈവമുഖം കണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു

കൊൾവിൻ.

> *"ഒരു മനുഷ്യന് നൂറ് ആട് ഉണ്ട് എന്നിരിക്കട്ടെ; അവയിൽ ഒന്ന് തെറ്റി ഉഴന്നുപോയാൽ തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ? അതിനെ കണ്ടെത്തിയാൽ തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിലും അധികം അതിനെക്കുറിച്ച് സന്തോഷിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അങ്ങനെതന്നേ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല."* *മത്തായി 18 : 12 – 14*

പ്രിയപ്പെട്ടവരേ, നാം ഓർക്കുക, ഓരോ ദൈവപൈതലിനും വിലയുണ്ട്. വചനത്തിനു വിലയുണ്ട്, വചനം പറയുന്നവർക്ക് വിലയുണ്ട്. കർത്താവിന്റെ ശുശ്രൂഷയിൽ പങ്കാളികളാകുന്നവർക്ക് വിലയുണ്ട്. ഇപ്പോൾ അതിന്റെ വില അറിയുന്നില്ലെങ്കിലും നിത്യതയിൽ അതിന്റെ വിലയറിയാം.

നിങ്ങളുടെ ജീവിതത്തിൽ എവിടെയെങ്കിലും പാളിച്ചകൾ വന്നിട്ടുണ്ടോ? ദൈവമക്കളെ എവിടെയെങ്കിലും തുച്ഛീകരിക്കുകയോ, അപമാനിക്കുകയോ, നിന്ദിക്കുകയോ, അവഹേളിക്കുകയോ ചെയ്തിട്ടുണ്ടോ? ഏതെങ്കിലും കാര്യത്തിൽ അവരെ ചെറുതായി കാണുകയോ, അവരെ ഒഴിവാക്കുകയോ, തരംതിരിച്ച് കാണുകയോ ചെയ്തിട്ടുണ്ടോ?

എല്ലാം അപായകരമാണ്. ആത്മാവിനു കേടാണ്. അനുതപിക്കുക. അനുതപിച്ച് ദൈവത്തിങ്കലേക്കു തിരിഞ്ഞുകൊള്ളുക. പാപം ജീവിതത്തിൽ നിന്ന് മാറ്റിക്കൊള്ളുക. പാപത്തെ ഉപേക്ഷിച്ചാൽ ദൈവം നിങ്ങളെ വീണ്ടും സ്വീകരിക്കും. വന്നുപോയ തെറ്റുകൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചാൽ ദൈവം നിങ്ങളെ വീണ്ടും സ്വീകരിക്കും.

# രണ്ട്

*"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം" എന്ന് എഴുതിയിരിക്കുന്നുവല്ലോ. എങ്കിലും എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല: "കർത്താവേ, ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചു" എന്നു യെശയ്യാവ് പറയുന്നുവല്ലോ. ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു."*

*റോമർ 10 : 13 – 17*

വചനം കേൾക്കണം, കേൾപ്പിക്കണം, അനേകർക്ക് പങ്കുവയ്ക്കണം, വചനപ്രകാരം ജീവിക്കണം. ക്രിസ്തുവിന്റെ വചനം കേൾക്കുമ്പോൾ വിശ്വാസം വരും. വിശ്വാസം കേൾവിയാൽ വരുന്നു. കേൾവി ക്രിസ്തുവിന്റെ വചനത്താൽ വരുന്നു. സത്യവചനമാണെങ്കിൽ വിശ്വസിച്ചാൽ രക്ഷിയ്ക്കപ്പെടും.

അയയ്ക്കാൻ ആളുവേണം. ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? പ്രസംഗിക്കാൻ തയ്യാറാകണം. മാത്രമല്ല,

മനുഷ്യർ കേൾക്കുവാനും തയ്യാറാകണം. അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും?

ദൈവജനം എവിടെയെല്ലാം ഉണർന്നിട്ടുണ്ടോ, സംസ്ക്കാരം എവിടെയെല്ലാം വളർന്നിട്ടുണ്ടോ, അവിടെയെല്ലാം വചനം കേട്ടിട്ടുണ്ട്. എവിടെയെല്ലാം ഉണർവ്വുണ്ടായിട്ടുണ്ടോ അവിടെ വചനത്തിന്റെ തീജ്ജ്വാല പടർന്നിട്ടുണ്ട്. ദേശങ്ങളിൽ ഉണർവ്വു പടർന്നിട്ടുള്ളതെല്ലാം അവിടെ വചനം ശക്തമായി പ്രവർത്തിച്ചപ്പോഴാണ്. ജീവന്റെ വചനം! മനുഷ്യരുടെ ജ്ഞാനം ആർക്കും വേണ്ട. മനുഷ്യർ പറയുന്ന പ്രസംഗം ആർക്കും കേൾക്കണ്ട.

മനുഷ്യരുടെ ബുദ്ധിയിൽനിന്നു പറയുന്ന വാക്കുകൾ ആർക്കും കേൾക്കണ്ട. പാണ്ഡിത്യപ്രകർഷം ആർക്കും കേൾക്കണ്ട. ധാരാളം പണ്ഡിതന്മാരുണ്ട്. നല്ല ഉന്നതമായ ആശയങ്ങൾ പറയുന്നവരുണ്ട്, നല്ലത്. പക്ഷേ, അതൊന്നും മനുഷ്യഹൃദയത്തെ രൂപാന്തരപ്പെടുത്തുന്നില്ല. മനുഷ്യഹൃദയത്തെ രൂപാന്തരപ്പെടുത്തുന്നത്, പറയുന്ന ആളെ മാറ്റി നിർത്തി ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്ന് ജനത്തിന്റെമേൽ ആവസിക്കുമ്പോഴാണ്.

സഹോദരങ്ങളേ, കർത്താവിന്റെ വചനം പറയുന്ന ഞാനും പൂജ്യമാണ്. ദൈവം സ്വർഗ്ഗത്തിൽനിന്ന് വചനം അയച്ചുതന്നാലേ പ്രയോജനമുള്ളൂ. കുറെ അറിവു പകർന്നാൽ ആർക്കും ഒരു പ്രയോജനവും കിട്ടുകയില്ല. കുറെ ജ്ഞാനം പ്രസംഗിച്ചാൽ ഒരു പ്രയോജനവും കിട്ടുകയില്ല. പരിശുദ്ധാത്മാവ് ഹൃദയത്തെ തൊടണം. പരിശുദ്ധാത്മാവ് ഹൃദയത്തെ തൊടുമ്പോൾ നിങ്ങളുടെ ഉള്ളിലെ നീറ്റലുകൾ മാറിപ്പോകും; നിരാശകൾ മാറിപ്പോകും; ആത്മഹത്യാപ്രവണതകൾ മാറിപ്പോകും; കോപസ്വഭാവം മാറിപ്പോകും.

നിങ്ങളുടെ ദുഷ്ടതയും ക്രൗര്യവും മാറിപ്പോകും. അലസത മാറിപ്പോകും. അവിവേകങ്ങൾ മാറിപ്പോകും. നിങ്ങളുടെ കഴിവുകേടുകൾ മാറി നല്ല കഴിവുള്ളവരായിത്തീരും. നല്ല ബുദ്ധികൂർമ്മതയുള്ളവരായിത്തീരും. പഠിക്കാൻ സാമർത്ഥ്യമുള്ളവരായിത്തീരും. പരീക്ഷയിൽ ഉന്നതമായ മാർക്കു മേടിക്കാൻ കാരണമായിത്തീരും. നിങ്ങൾക്ക് എല്ലാ രംഗത്തും അഭിവൃദ്ധി ലഭിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോഴാണ് ഇതൊക്കെ സംഭവിക്കുന്നത്.

*"സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

നിങ്ങൾ കർത്താവിങ്കലേക്ക് തിരിയുക. അപ്പോൾ നിങ്ങൾക്ക് അഭിവൃദ്ധി ലഭിക്കും.

യോഹന്നാൻശ്ലീഹാ പത്മൊസിൽ ആയിരുന്നു. അവിടെ ആത്മാവിന്റെ വിവശതയിൽ ദൈവത്തിന്റെ വചനം കേട്ടു. കേട്ടപ്പോൾ തിരിഞ്ഞു.

*"എന്നോട് സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു."* *വെളിപ്പാട് 1 : 12*

കേട്ടാൽ അപ്പോൾ തന്നെ തിരിഞ്ഞുകൊള്ളണം; പിന്നെ താമസിക്കരുത്. ജീവനുള്ള ക്രിസ്തുവിന്റെ ശബ്ദമാണ് കേൾക്കുന്നത്. ദൈവത്തിന്റെ വചനം കേട്ടു തിരിയണം. മനം തിരിയുക. ഹൃദയം തിരിയുക. മനസ്സിൽ പരിവർത്തനം വരിക. സ്വഭാവം മാറുക.

ഏതെല്ലാം ചീത്തവഴികളിലൂടെ നടന്നവരാണ് നാം? ഓർത്തു നോക്കൂ, എന്തു കോപിഷ്ഠരായിരുന്നു നമ്മൾ? എന്തു വാശിപിടിക്കുന്നവരായിരുന്നു? നിസ്സാരകാര്യങ്ങൾക്ക് വാശിപിടിച്ചിട്ടില്ലേ? എത്രയോ ദിവസങ്ങൾ വാശിപിടിച്ച് ഭക്ഷണം കഴിക്കാതിരുന്നിട്ടുണ്ട്? എത്രയോ ദിവസങ്ങൾ വാശി

പിടിച്ച് വീട്ടിൽ കയറാതിരുന്നിട്ടുണ്ട്? എത്രയോ ദിവസങ്ങൾ വാശിപിടിച്ച് ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട് മിണ്ടാതിരുന്നിട്ടുണ്ട്? ഇഷ്ടക്കുറവും മുഷിച്ചിലുമൊക്കെ ആയിരുന്നില്ലേ നമ്മുടെ സ്വത്ത്?

ഏതെല്ലാം അരുതാത്ത വഴികളിലൂടെ നടന്നു? ചിന്തിച്ചു നോക്കൂ. എവിടെയെല്ലാം പോയി? ആരോടെല്ലാം മിണ്ടി? ആരുടെയെല്ലാം അടുക്കൽ നിന്നു? എന്തെല്ലാം കാര്യങ്ങൾ ചെയ്തു? ഓർത്തു നോക്കൂ. അപ്പോഴാണ് നമ്മുടെ ഹൃദയം വിറയ്ക്കുന്നത്. കർത്താവേ, എല്ലാം നീ കണ്ടല്ലോ. ദൈവസന്നിധിയിൽ എല്ലാം എഴുതി വച്ചിരിക്കുന്നല്ലോ. നീ അറിയാതെ ഒന്നുമില്ലല്ലോ. എല്ലാം തിരുസന്നിധിയിൽ നഗ്നവും മലർന്നതുമായി കിടക്കുന്നു.

> *"അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്."* *എബ്രായർ 4 : 13*

നാം ഒരാളോട് സംസാരിക്കുമ്പോൾ അവിടെ എന്തെങ്കിലും അപാകത വരുന്നുണ്ടോ? നാം യോഗ്യമായിട്ടാണോ സംസാരിച്ചത്? നിത്യനായ ദൈവം എല്ലാം കാണുന്നു.

നിത്യനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവനാണ്.

> *"അവളുടെ മക്കളെയും ഞാൻ കൊന്നുകളയും; ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകല സഭകളും അറിയും."*
> *വെളിപ്പാട് 2 : 23*

ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും ആരായുന്നവനാണ് ദൈവം എന്ന് സകല സഭകളും അറിയും. എല്ലാം ആരായുന്നു.

എല്ലാം അന്വേഷിക്കുന്നു. ഉൾപ്പൂവുകൾ – മനസ്സിന്റെ ഉൾത്തടങ്ങളിലുള്ള കാര്യങ്ങൾ – എല്ലാം അറിയുന്നു.

*“ദുഷ്ടന്റെ ദുഷ്ടത തീർന്നുപോകട്ടെ; നീതിമാനെ നീ ഉറപ്പിക്കേണമേ. നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ.” സങ്കീർത്തനങ്ങൾ 7 : 9*

നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നു. എന്റെ ചിന്തകൾ കർത്താവ് കാണുന്നു. എന്റെ നിരൂപണങ്ങൾ, എന്റെ ഉദ്ദേശങ്ങൾ, എന്റെ ലാക്കുകൾ, എന്റെ മനോരാജ്യങ്ങൾ, എല്ലാം കർത്താവ് കാണുന്നു. കർത്താവറിയാതെ ഒന്നുമില്ല. എന്റെ കർത്താവേ, ഇതിനെല്ലാം നീ എന്നോട് പ്രതികാരം ചെയ്താൽ ഞാൻ എവിടെ നിൽക്കും?

*“യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവച്ചാൽ കർത്താവേ, ആർ നിലനിൽക്കും? എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട്.” സങ്കീർത്തനങ്ങൾ 130 : 3, 4*

നമ്മുടെ അകൃത്യങ്ങൾ ദൈവം ഓർമ്മവച്ചാൽ ആർക്ക് നിലനിൽക്കുവാൻ കഴിയും? ഭാഗ്യവശാൽ കർത്താവ് നമ്മുടെ പാപങ്ങളെക്കുറിച്ച് ഓർമ്മതന്ന്, അതെല്ലാം സൗജന്യമായി കഴുകിത്തരുന്നു.

ഇപ്പോൾ ഈ വാക്കുകളെ പ്രാർത്ഥനയോടെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിലെ കറകൾ കർത്താവ് കഴുകി മാറ്റുകയാണ്. കർത്താവിന്റെ സ്നേഹത്തിന്റെ കണ്ണീരുകൊണ്ട് നിങ്ങളെ കഴുകുകയാണ്. സ്നേഹവാനായ ദൈവം നിങ്ങളുടെ ചിന്തകളെ കഴുകി എടുക്കുകയാണ്; നിങ്ങളുടെ മനസ്സിനെ കഴുകി എടുക്കുകയാണ്;

ബോധമണ്ഡലത്തെ കഴുകി എടുക്കുകയാണ്.

ഒരവസരത്തിൽ ഞാൻ ഏകനായിരുന്ന് പ്രാർത്ഥിച്ചു: കർത്താവേ, എന്റെ തലച്ചോറിനെ മുഴുവൻ നിന്റെ തിരുരക്ത ത്താൽ പൊതിയണമേയെന്ന്. അരുതാത്ത ചിന്ത അങ്ങോട്ടു കടക്കാതവണ്ണം തിരുരക്തത്താൽ പൊതിയണമേ, cover ചെയ്യ ണമേ.

ഇതെല്ലാം നിങ്ങൾക്കും പ്രാർത്ഥിക്കാം. നിങ്ങൾ ദാഹിക്ക ണം: എന്നെ മുഴുവനായി നിന്റേതാക്കി മാറ്റണമേ. പരിശുദ്ധാ ത്മാവ് മുഴുവനായി എന്നെ കീഴടക്കണമേ. പരിശുദ്ധാത്മാ വിന്റെ നിയന്ത്രണത്തിൽ ഞാൻ മുഴുവനായി ആകണമേ. ഒരു കാരണവശാലും ലോകത്തിന്റെ ഇമ്പങ്ങളിലേക്ക് എന്റെ മനസ്സ് ചായരുതേ. ലോക കാര്യങ്ങളിലേക്ക് എന്റെ ഹൃദയം പോക രുതേ. കർത്താവേ, ഒരു കാരണവശാലും പാപത്തിന്റെ കെണി എന്റെമേൽ വരാതെ നീ എന്നെ കാത്തു രക്ഷിച്ചു കൊള്ള ണമേ.

കർത്താവേ, ദുഷ്ടശക്തി എന്റെ ചുറ്റും നിൽക്കുന്നു. എന്നെ വീഴിക്കാൻ പിശാച് വരുന്നു. എന്നെ തകർക്കാൻ പിശാച് വരുന്നു. എനിക്ക് സ്വർഗ്ഗത്തിന്റെ നിത്യസൗഭാഗ്യം നഷ്ടപ്പെടുത്താൻ പിശാച് കെണികൾ കൊണ്ടുവരുന്നു. കർത്താവേ, അവന്റെ ചൂണ്ടയിൽ കൊത്താതെ നീ എന്നെ കാത്തു കൊള്ളണമേ.

എന്റെ മാനുഷികമായ സ്വഭാവംകൊണ്ട് ഞാനൊരുപക്ഷേ, ആ ചൂണ്ടയിലേക്ക് ആകർഷിക്കപ്പെട്ടുപോകുമോ? പ്രലോഭന ങ്ങളുടെ മുമ്പിൽ ഞാൻ തളർന്നു പോകുമോ? കർത്താവേ, ഞാൻ മനസ്സറിഞ്ഞ് തളരുകയില്ല. നീ എന്നെ കാത്തു കൊള്ള ണമേ. പരീക്ഷയിലേക്ക് എന്നെ പ്രവേശിപ്പിക്കരുതേ, ദുഷ്ട നിൽനിന്ന് നീ എന്നെ വിടുവിക്കണമേ. പ്രിയപ്പെട്ടവരേ, നാം വ്യക്തമായ ചില തീരുമാനങ്ങളോടെ നിൽക്കണം. എങ്കിൽ

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കും.

യോഹന്നാൻശ്ലീഹാ കാഹളത്തിനൊത്ത മഹാനാദം കേട്ടു. അപ്പോൾ തിരിഞ്ഞു. നാം ഓരോരുത്തരും കഴിഞ്ഞ കാലജീവിതത്തിൽ വന്ന പാപങ്ങൾ വിട്ടുതിരിയണം.

പണം അപഹരിച്ചിട്ടുണ്ടാകും. കൈക്കൂലി വാങ്ങിയിട്ടുണ്ടാകും. സർവ്വേ ആൻഡ് ലാന്റ് റെക്കോർഡ്സിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന പ്രിയപ്പെട്ട എം. എ. ആൻഡ്രൂസ്, ഇഷ്ടം പോലെ കൈക്കൂലി വാങ്ങാവുന്ന ഏറ്റവും സൗകര്യപ്രദമായ ഒരു ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തു. ചോദിച്ചു വാങ്ങണ്ട, അല്ലാതെ തന്നെ കൈക്കൂലി കൊടുക്കുമായിരുന്നു. പക്ഷേ, ആരോടും പത്തു പൈസ കൈക്കൂലി വാങ്ങിയില്ല. ആൻഡ്രൂസിന്റെ ശമ്പളം മാത്രമായിരുന്നു ഏക വരുമാനമാർഗ്ഗം. എന്നാൽ ഒരിക്കലും കൈക്കൂലി വാങ്ങിയില്ല. അദ്ദേഹത്തിന് അതൊരു കരുത്താണ്, ശക്തിയാണ്.

സർക്കാർ ഉദ്യോഗമുള്ള പലരുമുണ്ടല്ലോ. കൈക്കൂലി വാങ്ങിയിട്ടില്ലേ? പലകാര്യങ്ങൾ നടത്തിക്കൊടുക്കാൻ പൈസ ആവശ്യപ്പെട്ടില്ലേ? മദ്യം കൈക്കൂലിയായി വാങ്ങിയവരില്ലേ? ചില വേണ്ടാത്തകാര്യങ്ങൾക്ക് തങ്ങളെത്തന്നെ വിട്ടു കൊടുത്തവരില്ലേ? എല്ലാം അപകടകരം. ഒരിക്കലും നമ്മുടെ ജീവിതത്തിൽ പത്തുപൈസയിൽ ക്രമക്കേട് വരരുത്. ഒരു കാരണവശാലും അന്യന്റെ സമ്പത്ത് അവനറിയാതെ നമ്മുടെ കൈയിൽ വരരുത്. അതു നമുക്ക് ദോഷമാണ്. അതു വിഷമാണ്. അത് നമ്മിൽനിന്ന് വിട്ടുപോകാൻ വലിയ പ്രയാസമാണ്.

നമുക്ക് തിരുത്തുവാൻ വല്ലതും ഉണ്ടോ എന്ന് നോക്കണം. ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കണം.

തൃപ്പൂണിത്തുറയിൽ സിമന്റ്, കമ്പി മൊത്തവ്യാപാരം നടത്തുന്ന പ്രിയപ്പെട്ട എം.എ. ദേവസ്സി മാനസാന്തരപ്പെട്ടതിനു

ശേഷം എന്റെ അടുക്കൽ വന്നു പറഞ്ഞു: “സാറേ ഞാൻ ചിലർക്ക് കുറച്ചു രൂപ കൊടുക്കാനുണ്ട്. എന്താണ് വേണ്ടത്? കൊടുക്കാനുള്ളതാണ്. ഞാൻ മോഷ്ടിച്ചതാണെന്ന് വേണമെങ്കിൽ പറയാം. എന്റെ കൂടെ മോഷ്ടിക്കാൻ കൂട്ടുകൂടിയവരുണ്ട്. അവരൊന്നും ഇപ്പോൾ എന്നെ കണ്ടാൽ അറിയുക പോലും ഇല്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?” “അവർ കൊടുക്കുന്നുണ്ടോ ഇല്ലയോ എന്ന് നോക്കണ്ട, ദേവസ്സി കൊടുത്തു കൊള്ളൂ.” അന്വേഷിച്ചു നടന്ന് കണ്ടുപിടിച്ച് കൊടുത്തു കൊള്ളൂ എന്ന് പറഞ്ഞുകൊടുത്തു. ദേവസ്സി എല്ലാം തിരികെ കൊണ്ടുപോയി കൊടുത്തു. എന്തുകൊണ്ട്? ആത്മാവിൽ ബന്ധനം അഴിയണം. ബന്ധനങ്ങൾ അഴിയുന്നതൊരു ഭാഗ്യമാണ്.

നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും ബന്ധനങ്ങൾ ഇനി ബാക്കി നിൽപ്പുണ്ടോ? പൈസയുടേതാകണമെന്നില്ല. പാപത്തിന്റെ ബന്ധനങ്ങൾ? തിരിഞ്ഞു കൊള്ളൂ. ശബ്ദം കേട്ടു, വചനം കേട്ടു. വേഗം തിരിയൂ.

അദ്ധ്യാപകരെ കളിയാക്കിയവരുണ്ടോ? അദ്ധ്യാപകരെ പരിഹസിച്ച് അവരെ ഹാസ്യാനുകരണം നടത്തിയിട്ടുണ്ടോ? അവർ പറയുന്നതുപോലെയോ അവർ നടക്കുന്നതുപോലെയോ അവർ ചെയ്യുന്നതുപോലെയോ ചെയ്ത് ഹാസ്യമായി അനുകരിക്കുന്നു. എല്ലാം തെറ്റാണു മക്കളേ. അതെല്ലാം ഓർത്ത് വേഗം അനുതപിച്ചുകൊള്ളുക.

മന്ത്രവാദം ചെയ്തവരില്ലേ? ആഭിചാരങ്ങൾ ചെയ്തവരില്ലേ? ലക്ഷണം നോക്കിയവരില്ലേ? എല്ലാം പാപമാണ്. പിശാചിനെ ക്ഷണിച്ചു വരുത്തിയ കാര്യങ്ങളാണ്. ദുഷ്ടപ്പിശാചിനെ വീട്ടിലേക്ക് ക്ഷണിച്ചു വരുത്തി ഇരുത്തിയതാണ്.

ചില കോഴിനേർച്ചകൾ! കോഴിച്ചോര അർപ്പിക്കുക! പൂച്ചത്തലകൊണ്ട് ചില കാര്യങ്ങൾ ചെയ്യുക! പലരും പറഞ്ഞ്

ഞാൻ കേട്ടിട്ടുള്ളതാണ്, എനിക്കറിയാൻ പാടില്ല. എന്തെല്ലാം വിക്രിയകൾ! സ്വന്തം വീട്ടിൽ ആഭിചാരങ്ങൾ, മന്ത്രവാദങ്ങൾ നടത്തിയിട്ടില്ലേ? ലക്ഷണം നോക്കാൻ പോയിട്ടില്ലേ? മഷിയിട്ടു നോക്കിയിട്ടില്ലേ?

ചിന്തിച്ചു നോക്കൂ. ഈ ബന്ധനങ്ങളെല്ലാം എന്നഴിയാനാണ്? എല്ലാം അഴിയാൻ നിങ്ങൾ കരഞ്ഞുകൊൾക. കർത്താവേ, ബന്ധനങ്ങൾ ഏറെ. ക്ഷുദ്രപ്രയോഗങ്ങളുടെ ബന്ധനങ്ങൾ ഏറെ. അന്ധവിശ്വാസങ്ങളുടെ ബന്ധനങ്ങൾ ഏറെ. അബദ്ധജഡിലമായ ആചാരങ്ങളിലും അവിശ്വാസങ്ങളിലും അന്ധവിശ്വാസങ്ങളിലും പെട്ട് നട്ടം തിരിഞ്ഞ കാലങ്ങൾ ഏറെ.

അനേകം പേർ ഇങ്ങനെയുള്ള പാപത്തിൽ വീണു കിടക്കയാണ്. സഹോദരങ്ങളേ, ഇതിൽ നിന്നെല്ലാം നിങ്ങൾക്ക് മോചനം വേണ്ടേ? ബന്ധനം അഴിയണ്ടേ? അതിന് നിങ്ങൾ മനം തിരിയണം.

ഇന്ന് ഇപ്പോൾ തന്നെ മനസ്സിൽ തീരുമാനിക്കൂ. നിങ്ങൾക്ക് പിണക്കമുള്ളവരോട് നിങ്ങൾ പോയി മാപ്പു ചോദിക്കൂ. ചിലരോട് നിങ്ങൾക്കു നല്ല അകൽച്ചയുണ്ട്. അല്ല, സ്വന്തം വീട്ടിൽ തന്നെ ഭാര്യയോടു മിണ്ടിയിട്ട് പല നാളുകളായില്ലേ? അവളെ അങ്ങ് ഉപേക്ഷിച്ചാലോ എന്നു തോന്നിയില്ലേ? എന്റെ മകനേ, അങ്ങനെ ചിന്തിക്കല്ലേ, നീ വേഗം നിന്റെ ഭാര്യയോട് ഇണങ്ങുക.

മകളേ, നിന്റെ ഭർത്താവിനോട് പരിഭവിച്ച്, ഇഷ്ടക്കേടും മുഷിച്ചിലുമായി എന്തോ ചില നീരസങ്ങളും പരാതികളും ഉള്ളിൽ വച്ചുകൊണ്ട് കഴിയുകയാണോ? എല്ലാം മറന്നു കളയുക, ക്ഷമിച്ചുകളയുക. ഒരു പക്ഷേ ഭർത്താവ് തെറ്റു ചെയ്തായിരിക്കും. ക്ഷമിക്കൂ. ചെന്ന് ഐക്യമാവുക, സ്നേഹമാവുക.

പ്രിയപ്പെട്ടവരേ, അയൽപക്കത്ത് ആരോടെങ്കിലും

നിങ്ങൾക്ക് ഈർഷ്യയുണ്ടോ? ആരോടെങ്കിലും ഉണ്ടെങ്കിൽ എല്ലാം നിരപ്പായിക്കൊള്ളൂ. ഒന്നും ബാക്കി വയ്ക്കണ്ട. ഉള്ളിൽനിന്ന് എല്ലാം കഴുകിക്കൊള്ളുക.

*"ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു."*
*സങ്കീർത്തനങ്ങൾ 133 : 1*

നാം ഒത്തൊരുമിച്ച് വസിക്കേണ്ടവരാണ്. ഒരമ്മയുടെ മക്കളായി, ഒരപ്പന്റെ മക്കളായി നിൽക്കേണ്ടവരാണ്. സ്വർഗ്ഗത്തിലെ നിത്യനായ ദൈവത്തിന്റെ മക്കളായി നാം നിൽക്കേണ്ടവരാണ്. സ്വർഗ്ഗീയകുടുംബത്തിലെ അംഗങ്ങളായി നിൽക്കേണ്ടവരാണ്. കാൽവറി തറവാടെന്നു നാം പറയാറില്ലേ? ഗോഗുൽത്താകുടുംബമെന്നു നാം പറയാറില്ലേ? നാം സ്വർഗ്ഗീയ തറവാട്ടിലെ അംഗങ്ങളാണ്. നിത്യനായ ക്രിസ്തു ആണ് നമ്മുടെ ഇടയൻ. അവനാണ് നമ്മുടെ നായകൻ. നാമോ, അവന്റെ പിന്നാലെ പോകുന്ന ആടുകൾ മാത്രം.

നമുക്കാർക്കും വലിപ്പച്ചെറുപ്പമില്ല. വചനം പറയുന്നവനും വചനം കേൾക്കുന്നവനും വലിപ്പച്ചെറുപ്പമൊന്നുമില്ല. നിത്യനായ ദൈവം അങ്ങനെയാണ് ഓരോരുത്തരേയും കാണുന്നത്. ഞാൻ ഭയത്തോടെ പറയട്ടെ, സ്വർഗ്ഗത്തിലെ ദൈവം എന്നെ എങ്ങനെയാണ് കാണുന്നത്? നിത്യനായ ദൈവം എന്നെ കാണുമ്പോൾ അവിടുന്ന് വ്യസനിക്കാൻ ഇടവരുന്നുണ്ടോ? അവിടുന്ന് എന്റെ ഹൃദയം കാണുമ്പോൾ ദു:ഖിക്കാൻ ഇടവരുന്നുണ്ടോ? എങ്കിൽ എന്റെ ജീവിതം പാഴായിപ്പോയില്ലേ? ഞാൻ ഇത്രയും കാലം ദൈവത്തിന്റെ വേല ചെയ്തു എന്നുപറഞ്ഞിട്ട് എന്തുപ്രയോജനം? ഇത്രയും കാലം ഞാൻ ദൈവത്തിന്റെ വേല ചെയ്തിട്ട് ഞാൻ പുറത്തു നിൽക്കേണ്ടി വന്നാൽ എന്തു ഭയാനകമാണ്! ദൈവത്തിന് മുഖപക്ഷമില്ലല്ലോ.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇപ്പോൾ തന്നെ മനം തിരിഞ്ഞു കൊള്ളൂ. വീട്ടിൽ ഐക്യമായിക്കൊള്ളൂ. വീട്ടിൽ സ്നേഹമായിക്കൊള്ളൂ. ആരോടും പിണക്കമില്ലാതായിക്കൊള്ളൂ. കൊടുത്തു തീർക്കാനുണ്ടെങ്കിൽ വേഗം ചെന്നു പറയൂ: തരാനുള്ളത് ഞാൻ പെട്ടെന്ന് തന്നുകൊള്ളാം; എത്രയും വേഗം തന്നുകൊള്ളാം; ഇപ്പോൾ കൈവശമില്ലല്ലോ, എന്നോട് ക്ഷമിക്കണേ എന്ന്.

വല്ല അരുതാത്ത ബന്ധങ്ങളുണ്ടോ? പ്രേമബന്ധങ്ങളുണ്ടോ? മക്കളേ, മുഴുവനായിട്ട് മുറിച്ച് കളഞ്ഞുകൊള്ളുക. ഇതെല്ലാം നിന്നെ ആപത്തിലേക്കു നയിക്കും. നിന്നെ അനർത്ഥത്തിലേക്കു നയിക്കും. ഒരു പക്ഷേ, നീ അറിയില്ല. ചില അക്രമങ്ങളിലേക്കോ, ചില അപകടങ്ങളിലേക്കോ അതുമല്ല, ചില ആത്മഹത്യയിലേക്കോ നയിക്കുമോ എന്ന് ആരറിഞ്ഞു? അപകടത്തിലേക്കു പോകുന്നതിനുമുമ്പ് അതിവേഗം എല്ലാം മുറിച്ചുകൊള്ളുക. ബന്ധനങ്ങൾ മുറിക്കുവാൻ ക്രിസ്തുവിനു കഴിയും.

ഇപ്പോൾ തന്നെ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കൂ. എന്തെല്ലാമാണ് ബന്ധനങ്ങൾ? അരുതാത്തത് എന്തെല്ലാം എന്റെ ജീവിതത്തിൽ വന്നു പോയിട്ടുണ്ട്?

അപ്പൊസ്തലനായ യോഹന്നാൻ വചനം കേട്ടു. കാഹളനാദത്തിനൊത്ത മഹാനാദം കേട്ടു. അപ്പോൾ തിരിഞ്ഞു.

സംസാരിച്ച നാദം എന്തെന്നു കേൾപ്പാൻ തിരിഞ്ഞു. അപ്പോൾ കർത്താവ് ശുശ്രൂഷ ഭരമേൽപ്പിക്കയാണ്. തിരിയണം. തിരിയാതെ ശുശ്രൂഷ കിട്ടുകയില്ല. ദൈവത്തിന് നിന്നെ വിശ്വാസം വരണ്ടേ? കർത്താവിന്റെ നിധി സൂക്ഷിക്കാൻ നീ ശക്തനാണെന്ന്, അതിനുള്ള കരുത്തു നിനക്കുണ്ടെന്ന് ദൈവത്തിനു ബോദ്ധ്യം വരണ്ടേ? കർത്താവ് തന്റെ നിക്ഷേപം നിന്റെ കൈയിലേക്കു തന്നാൽ, അതു നീ പരിപാവനമായിക്കരുതുമെന്ന് നിന്നെക്കുറിച്ച് കർത്താവിനൊരു ബോദ്ധ്യം വരണ്ടേ?

കർത്താവിന്റെ ഒരു സ്വർണ്ണകുംഭം നിന്റെ കൈയിലേക്ക് തരികയാണ്. നീ അതു പരിപാവനമായി, കേടു വരാതെ സൂക്ഷിക്കും എന്ന് കർത്താവിന് ഒരു ഉറപ്പു കിട്ടണ്ടേ? നീ അത് തൂവിക്കളയുമോ? നീ അത് കൈകാര്യം ചെയ്യുമോ? അതു കൊണ്ട് കർത്താവ് നോക്കും. നിന്റെ ജീവിതത്തിൽ തിരിച്ചു വരുന്നുണ്ടോ? ഇല്ലെങ്കിൽ ശുശ്രൂഷ തരികയില്ല. തിരിയുക, അതിവേഗം തിരിയുക.

ഇന്ന് നിങ്ങൾക്കു കർത്താവിങ്കലേക്കു തിരിയാം. കർത്താവിനോട് ചില വാക്കുകൾ പറയാം. കർത്താവേ, ഒട്ടേറെ ബന്ധനങ്ങളുണ്ട്. തിരിയേണ്ട കാര്യങ്ങൾ വളരെയുണ്ട്. ശാപകരമായ പലതും സംഭവിച്ചുപോയിട്ടുണ്ട്. ഞാൻ ഇന്ന് അനുതപിക്കുന്നു. കുറ്റബോധത്തോടെ, പാപബോധത്തോടെ, തെറ്റു പറ്റി എന്ന ബോധ്യത്തോടെ ഞാൻ തിരുമുമ്പാകെ വരുന്നു. ന്യായം പറയാൻ ഒന്നുമില്ല. കർത്താവേ, എങ്കലേക്ക് നീ തിരിയണമേ. എന്നോട് മനസ്സലിയണമേ.

# മൂന്ന്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി."*
*വെളിപ്പാട് 1 : 10*

അപ്പൊസ്തലനായ യോഹന്നാൻ പത്മൊസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. അപ്പൊസ്തലനെ തിളച്ച എണ്ണയിലിട്ടു. ഒരു കേടും പറ്റിയില്ല. ആ തിളച്ച എണ്ണയ്ക്ക് അപ്പൊസ്തലന്റെ ശരീരത്തിൽ ഒരു ദോഷവും വരുത്താൻ കഴിഞ്ഞില്ല. അത് റോമൻ ചക്രവർത്തിയായ ഡൊമീഷ്യന് ഒരത്ഭുതമായിരുന്നു. അപ്പൊസ്തലനെ കൊല്ലാൻ പറ്റിയില്ലെങ്കിലും പത്മൊസ് ദ്വീപിലേക്ക് നാടുകടത്തി.

അവിടെ അപ്പൊസ്തലൻ കഠിനമായ പീഡയാണ് സഹിച്ചത്. ചുറ്റും സമുദ്രം! അലറുന്ന, കുതിച്ചുയരുന്ന തിരമാലകൾ! ആ തിരമാലകളുടെ നടുക്ക് ഒരു കൊച്ചു ദ്വീപിൽ ഏകാകിയായി കഴിയുക എന്നുള്ളത് എത്രയോ പ്രയാസമേറിയ കാര്യമാണ്! അപ്പൊസ്തലൻ അതിനെയെല്ലാം പുഞ്ചിരിയോടെ നേരിടുവാൻ കാരണം, അപ്പൊസ്തലന്റെ ജീവിതത്തിൽ കർത്താവ് പറഞ്ഞ ഒരു വാക്ക് ഓർമ്മയുണ്ട്.

*"തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."* *ലൂക്കോസ് 14 : 27*

ക്രിസ്തീയജീവിതം കുരിശുചുമക്കുന്ന ജീവിതമാണ്. പലപ്പോഴും നമ്മുടെ ധാരണ, ക്രിസ്തുയേശുവിലുള്ള ജീവിതം എന്നു പറയുമ്പോൾ രോഗം മാറും, പരീക്ഷ പാസ്സാകും, ജോലി

കിട്ടും, പലതരത്തിൽ ഭൗതികമായ അനുഗ്രഹങ്ങൾ കിട്ടും, കടം മാറിക്കിട്ടും, പ്രയാസങ്ങൾ വരാതിരിക്കും, പ്രശ്നങ്ങൾ വരാതിരിക്കും എന്നെല്ലാമാണ്. ഇതല്ല ക്രിസ്തീയജീവിതം. അങ്ങനെ കിട്ടുന്നെങ്കിൽ നല്ലത്. നമുക്ക് വഹിക്കാൻ വയ്യാത്ത ചില ദുരിതങ്ങൾ സന്തോഷത്തോടെ ഏറ്റു വാങ്ങുക എന്ന താണ് ക്രിസ്തീയജീവിതം.

ക്രിസ്തീയജീവിതം കഷ്ടത നിറഞ്ഞ ജീവിതമാണ്. കഷ്ടത മാത്രമല്ല, ന്യായമായി നമുക്ക് കിട്ടേണ്ട കാര്യങ്ങൾ കിട്ടാതെ പോകുന്നതാണ്. ന്യായമായി കിട്ടാൻ അവകാശപ്പെട്ട കാര്യങ്ങൾ നമുക്ക് ലഭിക്കാതെ പോകുന്നു. തീർച്ചയായിട്ടും നമുക്ക് അർഹതയുള്ള പല കാര്യങ്ങളുണ്ട്. അത് നിഷേധിക്ക പ്പെടുന്നു. അതാണ് കുരിശ്.

സ്വസ്ഥമായും സമാധാനമായും ജീവിക്കാനുള്ള വഴിക ളെല്ലാം നാം നോക്കുകയും അതെല്ലാം ക്രമീകരിക്കയും ചെയ്യുന്നു. പക്ഷേ, ആ വാതിലുകളെല്ലാം അടഞ്ഞു വരുന്നു. അപ്രതീക്ഷിതമായ ആപത്തുകളോ, അത്യാഹിതങ്ങളോ വരുന്നു. അതാണ് കുരിശ്.

ഒരു കാരണവുമില്ലാതെ മനുഷ്യർ നമ്മെ തെറ്റിദ്ധരിക്കു കയും നമ്മെക്കുറിച്ച് കിംവദന്തികൾ പരത്തുകയും ചെയ്യുന്നു. ജീവിതത്തിൽ നമുക്കു താങ്ങാൻ വയ്യാത്ത രീതിയിലുള്ള പ്രതി സന്ധികൾ വന്ന് നമ്മെ ഞെരുക്കുന്നു, നാം വലഞ്ഞുപോ കുന്നു. അതാണ് കുരിശ്.

തന്നത്താൻ ത്യജിക്കണം! എന്റെ സുഖം, എന്റെ സന്തോഷം, എന്റെ ഇഷ്ടം, എന്റെ ശരി, എന്റെ നന്മ, എന്റെ പ്ലാനുകൾ, എന്റെ പദ്ധതികൾ! എന്റേതെല്ലാം ത്യജിക്കുക. എന്നിട്ടോ, നാൾതോറും കർത്താവായ യേശുവിന്റെ ഭാവ ത്തോടെ, യേശു കുരിശു വഹിച്ച അതേ ഭാവത്തോടെ, ആരോടും പരാതിയില്ലാതെ, ആരോടും പരിഭവമില്ലാതെ, ആരെക്കുറിച്ചും ഒരഭിപ്രായ വ്യത്യാസവുമില്ലാതെ, ഒന്നും

ചിന്താവിഷയമാകാതെ അനുദിന ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളെ പുഞ്ചിരിയോടെ നേരിടുക. അതാണ് കുരിശു വഹിക്കുക എന്നു പറയുന്നത്. അപ്പോഴാണ് നമുക്ക് വാസ്തവത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം അനുഭ വിക്കാൻ സാധിക്കുന്നത്. അപ്പോഴാണ് നമുക്ക് ആത്മവിവശത ലഭിക്കുന്നത്.

നാമറിയാതെ നമ്മുടെ ഹൃദയത്തിൽ ഒരു സമാധാനം, കർത്താവിന്റെ സാന്നിദ്ധ്യം കിട്ടിക്കൊണ്ടിരിക്കും. കർത്താവ് നമ്മുടെ കൂടെയുണ്ടെന്നുള്ള ഒരുറപ്പും എല്ലാവരും വെറുക്കു മ്പോഴും നമ്മെ സ്നേഹിക്കാൻ യേശു കൂടെയുണ്ടെന്നുള്ള ധൈര്യവും കിട്ടിക്കൊണ്ടിരിക്കും.

എല്ലാവരും തെറ്റിദ്ധരിക്കുമ്പോഴും ശരിയായി ധരിക്കുന്ന യേശു എന്റെ അരികത്തുണ്ടെന്നുള്ള ധൈര്യം! എല്ലാവരും പകയ്ക്കുമ്പോഴും എന്റെ യേശു എന്നെ സ്നേഹിക്കുന്നു എന്ന സന്തോഷം! യേശുവിന്റെ സാന്നിദ്ധ്യം നമുക്കു ലഭിക്കും.

യോഹന്നാൻശ്ലീഹാ പത്മൊസിൽ ആയിരുന്നപ്പോൾ കുരിശു വഹിക്കുന്ന സന്തോഷമാണ് കിട്ടിയത്. ആത്മാവിന്റെ വിവശത ലഭിച്ചപ്പോൾ അപ്പൊസ്തലന് ഉണ്ടായ അനുഭവം അത്യന്തം ശ്രേഷ്ഠമായിരുന്നു.

> *"നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയ ഥൈരാ, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്ക്യ എന്ന ഏഴു സഭകൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറ കിൽ കേട്ടു."* *വെളിപ്പാട് 1 : 11*

വലിയ മുഴക്കമുള്ള ശബ്ദം. പിന്നിൽ നിന്നാണ് ആ ശബ്ദം കേട്ടത്. ആളെ കാണുന്നില്ല. അപ്പൊസ്തലന് ആകെ ഒരു സമാധാനം ലഭിക്കുന്ന അനുഭവമായിരുന്നു. ദൈവ ശബ്ദം കേട്ടു. ദൈവത്തിന്റെ വചനം കേട്ടു.

പ്രിയപ്പെട്ടവരേ, നാം ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു സമാധാനമാണ് നമുക്കു ലഭിക്കുന്നത്. ഹൃദയം പിളരുന്ന അനുഭവം!

*“ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.” എബ്രായർ 4 : 12*

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതാണ്. ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തെ പിളർക്കും. ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലും. ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കും.

വചനം കേൾക്കുമ്പോൾ നാം ഏതെല്ലാം പ്രയാസങ്ങളിലാണെങ്കിൽ പോലും അതെല്ലാം മറന്നുപോകും. ഏതെല്ലാം ദു:ഖങ്ങളിലും ദുരിതങ്ങളിലും ആണെങ്കിൽ പോലും നാമത് മറന്നുപോകും. ആകെ ഒരു സ്വസ്ഥത. പ്രശ്നം തീർന്നില്ല, കടം തീർന്നില്ല, രോഗം മാറിയില്ല, വീട്ടിലെ വഴക്കും ബഹളവും കുഴപ്പവുമൊന്നും മാറിയില്ല. ഭർത്താവിന്റെ മദ്യപാനം മാറിയില്ല, മക്കളുടെ ദു:സ്വഭാവം മാറിയില്ല. പക്ഷേ, ഏതോ ഒരു അലൗകികമായ ശാന്തി ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നത് നമുക്ക് അനുഭവിക്കാൻ സാധിക്കും വചനം കേൾക്കുമ്പോൾ.

ദൈവത്തിന്റെ പ്രത്യക്ഷത എന്നു പറയുന്നത് ദൈവത്തിന്റെ ശബ്ദമാണ്. പരിശുദ്ധാത്മാവിന്റെ വചനം കിട്ടുമ്പോൾ ദൈവം നിങ്ങൾക്കു പ്രത്യക്ഷനാവുകയാണ്. പരിശുദ്ധാത്മാവിന്റെ വചനം കിട്ടുമ്പോൾ നിത്യനായ ക്രിസ്തു നമുക്കു പ്രത്യക്ഷനാവുകയാണ്. ക്രിസ്തു നമ്മോട് വാദിക്കു

കയാണ്. ക്രിസ്തു നമ്മോട് സംസാരിക്കുകയാണ്. ക്രിസ്തുവിന്റെ ഭാവം നമുക്ക് കാണിച്ചു തരികയാണ്.

യോഹന്നാൻശ്ലീഹാ പത്മോസ് ദ്വീപിൽ ആത്മവിവശതയിൽ ആയപ്പോൾ ആദ്യം ലഭിച്ചത് വചന കേൾവിയാണ്. ദൈവശബ്ദമാണ്. ഒരു നിയോഗം. ദൈവം നമ്മെ ചില ജോലികൾ ഭരമേൽപ്പിക്കുന്നു. കർത്താവിന് പ്രസാദമുള്ള ചില വേലകൾ നിങ്ങളുടെ കരങ്ങളിലേക്ക് തരാൻ കർത്താവാഗ്രഹിക്കുന്നു. നിങ്ങളുടെ കരങ്ങൾക്ക് ശക്തിയില്ലായിരിക്കാം. പക്ഷേ, നിങ്ങളുടെ കൈയിൽ ജോലി ഭരമേൽപ്പിക്കുമ്പോൾ അതിനുള്ള ശക്തിയും കൂടെ തന്നാണ് കർത്താവ് ഭരമേൽപ്പിക്കുന്നത്. ദൈവം ആ ശക്തി തരാനാണ് നിങ്ങളോട് സംസാരിക്കുന്നത്.

നിത്യനായ ദൈവം, യോഹന്നാൻ ശ്ലീഹായോട് പറഞ്ഞു: നീ ഇപ്പോൾ കാണുന്നതെല്ലാം ഒരു പുസ്തകത്തിൽ എഴുതണം. എന്നിട്ട് ഈ ഏഴു സഭകൾക്കും അവ അയയ്ക്കുക. നീ തന്നത്താൻ അദ്ധ്വാനിച്ച് ജോലി ചെയ്യുക. മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുക.

ദൈവം നമ്മെ ഓരോരുത്തരേയും വേലകൾ ഭരമേൽപ്പിക്കുന്നുണ്ട്. ഓരോരോ ജോലികൾ ഭരമേൽപ്പിക്കുന്നുണ്ട്. ശരിയായ മാനസാന്തരത്തിലേക്ക് വന്നു എങ്കിൽ നിങ്ങൾ കർത്താവിന്റെ വേല ചെയ്തുപോകും. ആരും നിങ്ങളോട് ഒന്നും പറയണ്ട, നിങ്ങൾ കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓടിപ്പോകും. കർത്താവിന്റെ വചനം കേൾക്കാൻ നിങ്ങൾ ഓടും. കർത്താവിന്റെ വചനം പറയാൻ നിങ്ങൾ ഓടും. ആരോടെങ്കിലും നിങ്ങൾക്കു ലഭിച്ച സമാധാനം ഒന്ന് പ്രസ്താവിക്കണമല്ലോ എന്ന് നിങ്ങളുടെ ഹൃദയം ത്രസിച്ചുകൊണ്ടിരിക്കും.

എനിക്ക് ലഭിച്ച ഈ സന്തോഷം ആരോടെങ്കിലും പറയണമല്ലോ, അത് മറ്റുള്ളവരെ ഒന്നറിയിക്കണമല്ലോ എന്ന് ഹൃദയത്തിൽ ഒരാഗ്രഹം വരും. കർത്താവ് എനിക്കു തന്ന സമാധാന

മുണ്ടല്ലോ, അത് മറ്റുള്ളവരെ അറിയിക്കണം.

ഓരോരുത്തരേയും ഓരോ തരത്തിലുള്ള വേലയാണ് ദൈവം ഭരമേൽപ്പിക്കുന്നത്. ചിലർക്ക് ഭവനസന്ദർശനമായിരിക്കും. ഭവനംതോറും സന്ദർശിച്ച് സുവിശേഷം അറിയിക്കുക. ഓരോ ദേശത്തിലും ആയിരം വീട് ഒരു പ്രാവശ്യം സന്ദർശിച്ചു എന്നിരിക്കട്ടെ, ആ ആയിരം വീട്ടിൽനിന്നും ആളുകൾ വന്നു എന്നിരിക്കയില്ല. പക്ഷേ, ആ വീട്ടിൽ ചെന്ന് നിങ്ങൾ കൊടുത്ത വചനം അവിടെ നിലനിൽക്കും. വിത്തുകിടന്നാൽ മഴപെയ്ത് മണ്ണ് നനയുമ്പോൾ ആ വിത്ത് മുളച്ചുവരും എന്നു പറയും പോലെ നാം ഓരോ വീട്ടിലും ചെന്നു കൊടുക്കുന്ന വചനം അവിടെ കിടക്കുകയും തക്ക സമയം വരുമ്പോൾ അത് ജീവൻ പ്രാപിക്കയും അതവർക്ക് പ്രയോജനമായിത്തീരുകയും ചെയ്യും.

കാഹളത്തിനൊത്ത മഹാനാദം അപ്പൊസ്തലൻ കേട്ടു. കാഹളനാദം, ഒന്നുകിൽ സഭയെ കൂട്ടിവരുത്താനാണ്, അല്ലെങ്കിൽ സഭയെ പുറപ്പെടുവിക്കാനാണ്.

സംഖ്യാപുസ്തകം വായിക്കുമ്പോൾ കാണാം, രണ്ടു തരം കാഹളങ്ങൾ ഉണ്ട്. ഒരു കാഹളം ഊതുമ്പോൾ, സഭയെ നാനാദേശത്തു നിന്നും കൂട്ടി വരുത്തുന്നു. അടുത്ത കാഹളം ഊതുമ്പോൾ, സഭയെ വിളിച്ച് കൂട്ടിക്കൊണ്ടു പോകുന്നു. യാത്ര പുറപ്പെടുന്നു. സഭയെ കൂട്ടി വരുത്തുവാനുള്ള കാഹളനാദം, സഭയെ പുറപ്പെടുവിക്കുവാനുള്ള കാഹള നാദം.

ഇന്ന് നാം ദൈവത്തിന്റെ വചനം കേൾക്കുന്നു. ദൈവത്തിന്റെ ശബ്ദം തിരുവചന ശുശ്രൂഷകളിൽക്കൂടി നമുക്ക് ലഭിക്കുന്നു. അത് കാഹളത്തിനൊത്ത മഹാശബ്ദം തന്നെയാണ്. പക്ഷേ, അത് സഭയെ കൂട്ടിവരുത്തുകയാണ്. നാനാസ്ഥലങ്ങളിലുള്ള ദൈവമക്കളെ കർത്താവിന്റെ കുടക്കീഴിലേക്ക്, കർത്താവിന്റെ കൂടാരത്തിനുള്ളിലേക്ക് കൂട്ടി വരുത്തുന്നു. നാനാ ദേശങ്ങളിലുള്ളവരെ എല്ലാവരേയും ചേർത്തണച്ചു ഒരു കുടുംബ

മായി, ഒരു കൂട്ടായ്മയായി നിർത്തുന്നു.

ഇനി ഒരു ദിവസം നമ്മെ പുറപ്പെടുവിക്കുവാനുള്ള കാഹളനാദം കേൾക്കും. ഒരു മഹാനാദം! കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ, യേശുക്രിസ്തു വീണ്ടും വരുമ്പോൾ ഒരു മഹാശബ്ദം കേൾക്കും.

*"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരി കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെ ഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടു ക്കപ്പെടും."* *1 തെസ്സലോനിക്യർ 4 : 16, 17*

അന്ത്യകാഹളം മുഴങ്ങും. അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് നാമെല്ലാം രൂപാന്തരപ്പെടും. കണ്ണിമയ്ക്കുന്നതിനിട യിൽ എല്ലാം സംഭവിച്ചു കഴിഞ്ഞിരിക്കും. പിന്നെ അയ്യോ എന്നു പറഞ്ഞിട്ട് കാര്യമില്ല. പിന്നെ നിലവിളിച്ചിട്ടു കാര്യമില്ല. മദ്ധ്യാകാശത്തിലേക്ക്, രാജാധിരാജന്റെ അരികിലേക്ക്, സ്വർഗ്ഗീയ മണവാളന്റെ അരികിലേക്ക് നാം പറന്നു കഴിഞ്ഞി രിക്കും.

രൂപാന്തരപ്പെട്ട ശരീരം, മാറ്റം വന്ന ശരീരം, ഘനമി ല്ലാത്ത ഈ ശരീരം ഉയർന്നുയർന്ന് പോകും. കർത്താവിന്റെ സമീപത്ത് മദ്ധ്യാകാശത്തിലേക്ക് പറന്നു ചെല്ലും.

*"എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തര പ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയ രായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും."* *1 കൊരിന്ത്യർ 15 : 52*

അന്ത്യകാഹള നാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ ക്ഷയമില്ലാത്തവരായി ഉയിർത്തെഴുന്നേൽക്കുകയും ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടുകയും ചെയ്യും.

ഈ ദ്രവിക്കുന്ന ശരീരം ദ്രവിക്കാത്ത ശരീരമായിത്തീരും. ഈ മർത്യമായ, മൺമയമായ ശരീരം അമർത്യതയെ ധരിക്കും. ദൈവത്തിന്റെ സാദൃശ്യം വഹിക്കും. രൂപത്തിലും സാദൃശ്യത്തിലും ദൈവരൂപമായിത്തീരും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും, ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന് എഴുതിയ വചനം നിവൃത്തിയാകും.

യോഹന്നാൻശ്ലീഹാ കേട്ടത് സഭയെ വിളിച്ചുകൂട്ടുന്ന കാഹളമാണ്. സഭയെ ഉണർത്താനുള്ള കാഹളമാണ്. സഭയ്ക്കു വചനം കൊടുക്കാനുള്ള കാഹളമാണ്. സഭയെ ഒരുമിച്ചുകൂട്ടാനുള്ള കാഹളമാണ്.

സുവിശേഷവേല ഒരു കാഹള ധ്വനിയാണ്. സുവിശേഷ പ്രസംഗം, വചനശുശ്രൂഷ, ബൈബിൾ ക്ലാസ്സുകൾ, സണ്ടേസ്കൂൾ ക്ലാസ്സുകൾ, വനിതാ സമാജങ്ങൾ ഇതെല്ലാം ദൈവത്തിന്റെ കാഹളധ്വനി തന്നെയാണ്. ജനത്തെ പ്രബോധിപ്പിക്കുവാൻ, ഹൃദയങ്ങൾക്ക് മാറ്റം വരുവാൻ, ജനഹൃദയങ്ങൾ മാനസാന്തരപ്പെടുവാൻ, അതിനുവേണ്ടിയുള്ള ശുശ്രൂഷകളാണ് ഈ വചന ശുശ്രൂഷകളെല്ലാം. അങ്ങനെ രൂപാന്തരപ്പെട്ടവരാണ് പിന്നീട് കർത്താവിന്റെ വരവിങ്കലുള്ള കാഹളനാദം കേട്ട് പറന്നുയരുന്നത്.

നിങ്ങൾ ചിന്തിക്കണം: എന്റെ കർത്താവിന്റെ കാഹള നാദം കേട്ട് ഞാൻ പറന്നുയരുമോ? ഞാൻ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്താണ് കർത്താവ് വരുന്നതെങ്കിൽ നിനച്ചിരിയാത്ത സമയത്ത് കർത്താവിന്റെ കാഹളനാദം

കേട്ടാൽ ഞാൻ പറന്നുയരുമോ?

വിശുദ്ധ കുർബ്ബാനയുടെ ഏറ്റവും ഗൗരവമേറിയ ഘട്ടത്തിൽ തിരുശരീരരക്തങ്ങൾ വാഴ്ത്തിക്കഴിയുമ്പോൾ പട്ടക്കാരൻ പ്രാർത്ഥിച്ച് തീരുമ്പോൾ ഉടനെ നാം താഴെ നിന്നുകൊണ്ട് ഏറ്റുപറയുന്നു: "കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കയും, നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കിപ്പാർക്കയും ചെയ്യുന്നു. നിന്റെ കൃപ ഞങ്ങൾ എല്ലാവരുടെ മേലും ഉണ്ടായിരിക്കേണമേ." നമ്മൾ പ്രാർത്ഥിക്കും. കർത്താവിന്റെ രണ്ടാമത്തെ വരവ് നമുക്കൊരു വിഷയമാണോ?

പ്രിയപ്പെട്ടവരേ, ഇന്ന് നാം ഈ കാഹളനാദം കേൾക്കുന്നെങ്കിൽ രൂപാന്തരപ്പെടുമോ? ജീവിതത്തിന് വാസ്തവമായി ഒരു രൂപാന്തരം വന്നിട്ടുണ്ടോ? കർത്താവിന്റെ സന്നിധിയിലേക്ക് പറന്നുയരാൻ തക്കവണ്ണം ഒരുങ്ങിയിട്ടുണ്ടോ? ഇല്ലെങ്കിൽ തീരാനഷ്ടമാണ്. ഇന്ന് നിങ്ങൾ ഒരുങ്ങുക. ജീവിതം ക്രിസ്തുവിന്റെ കരങ്ങളിൽ സമർപ്പിക്കുക.

# നാല്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി: നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയ ഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്ക്യാ എന്ന ഏഴ് സഭകൾക്കും അയക്കുക. എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറ കിൽ കേട്ടു."* *വെളിപ്പാട് 1 : 10, 11*

കേട്ടുകഴിഞ്ഞാൽ ഉടനെ തിരിഞ്ഞുകൊള്ളണം. നിങ്ങൾ വചനം കേൾക്കുന്നു. ഉടനെ തിരിഞ്ഞുകൊള്ളണം. അതു വേറെയാരെയും കാണിക്കാനല്ല. ദൈവമക്കളെ ആരേയും ബോദ്ധ്യപ്പെടുത്താനുമല്ല. കൂട്ടായ്മയിൽ ആരെയും കാണിച്ചു കൊടുക്കാനുമല്ല. ഈ ലോകത്ത് ഒരുത്തനേയും കാണിച്ചു കൊടുക്കാനല്ല. തിരിയേണ്ടത് എന്റെ ആവശ്യമാണ്. അതിന്റെ ഗുണം എനിക്കാണ്. ഇതുവരെ പോകുന്ന പോക്കിൽനിന്ന് ഞാൻ തിരിയും. ഇതുവരെ ആശ വച്ചിരിക്കുന്നിടത്തുനിന്നും ഞാൻ തിരിയും. ഒരു മനംതിരിവ് നമുക്കാവശ്യമാണ്. മാനസാന്തരം എന്നു പറയുന്നത് അതുതന്നെയാണ്. മനസ്സിനൊരു തിരിവു വരിക.

ഒരു പ്രത്യേക ദിവസം വേണമെന്നില്ല. ഇന്ന ആണ്ട്, ഇന്ന മാസം, ഇന്ന തീയതി, ഇന്നസമയത്ത് വചനം കേട്ടപ്പോൾ തിരിഞ്ഞു. അങ്ങനെയുണ്ടെങ്കിൽ നല്ലത്. അങ്ങനെ വേണമെന്നില്ല. നിങ്ങൾക്ക് പല നാളുകൾ വചനം കേൾക്കുമ്പോഴായിരിക്കും ഈ അനുഭവം കിട്ടുന്നത്. കുറേ നാൾ കേട്ടുകേട്ടു വരുമ്പോൾ

എപ്പോഴോ ഒരു സമയത്ത് തിരിയും. എപ്പോഴാണെന്നറിയാൻ പാടില്ല.

വചനം കേട്ടു, കേട്ടാൽ തിരിയണം. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് വാസ്തവമായ തിരിവ് വന്നിട്ടുണ്ടോ? പഴയ വാശി മാറിയിട്ടുണ്ടോ? പഴയ ഇഷ്ടക്കേടും മുഷിച്ചിലും മാറിയിട്ടുണ്ടോ? പഴയ നീരസവും കയ്പ്പും മാറിയിട്ടുണ്ടോ? പഴയ മോഹചിന്തകൾ മാറിയിട്ടുണ്ടോ? പഴയ അശുദ്ധ വികാരങ്ങൾ മാറിയിട്ടുണ്ടോ? നിങ്ങൾ ആവശ്യക്കാരാണെങ്കിൽ മാറ്റിത്തരും, ഉറപ്പാണ്. കർത്താവ് പ്രവർത്തിക്കും.

നിങ്ങൾക്ക് വചനം തരുന്ന കർത്താവ്, തിരിയുവാനുള്ള കൃപയും നിങ്ങൾക്കു തരികയാണ്. എനിക്ക് സാദ്ധ്യമല്ല എന്ന് ആർക്കെങ്കിലും തോന്നുന്നെങ്കിൽ നിങ്ങൾ ആവശ്യക്കാരനല്ല. എനിക്ക് ജയിക്കണമെന്നുള്ളത് എന്റെ വാശിയാണെങ്കിൽ എനിക്ക് ജയിക്കാൻ പറ്റും, ഉറപ്പാണ്. ഞാൻ ഇനി കോപിക്കയില്ല. ഞാൻ ഇനി മദ്യം തൊടുകയില്ല, കഞ്ചാവ് തൊടുകയില്ല. ഇനി മയക്കുമരുന്ന് ഉപയോഗിക്കില്ല. ഇനി ഞാൻ ആരേയും കുറ്റം പറയുകയില്ല. ആരുടേയും ദൂഷ്യം പറയുകയില്ല. ആരേയും വിധിക്കുകയില്ല. ആരേയും പരിഹസിക്കുകയില്ല. ആ തീരുമാനം നിങ്ങളുടെ ജീവിതത്തിലുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ജയിക്കാൻ സാധിക്കും.

ദൈവമക്കൾ പലരും മറ്റുള്ളവരെ പുച്ഛിക്കുന്നവരാണ്; പരിഹസിക്കുന്നവരാണ്. മറ്റുള്ളവരെക്കുറിച്ച് താഴ്ത്തി ചിന്തിക്കുന്നവരാണ്; തുച്ഛീകരിക്കുന്നവരാണ്. ഒരിക്കലും പാടില്ല. ആരെയും തുച്ഛീകരിക്കരുത്. ആരേയും കുറഞ്ഞവരായി കാണരുത്. ആരേയും ചെറിയവരായി കാണരുത്. “ഓരോരുത്തനും മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരായി എണ്ണിക്കൊൾവിൻ.” വചനം അങ്ങനെയാണ്. നമുക്കു തോന്നും മറ്റുള്ളവരേക്കാൾ ഞാനാണ് ശ്രേഷ്ഠൻ എന്ന്. അതാണ് അപകടം. അത് ഒരിക്കലും പാടില്ല.

മറ്റുള്ളവരെ ശ്രേഷ്ഠരെന്ന് എണ്ണാൻ ഇതുവരെ സാധിച്ചില്ല. പക്ഷേ, ഇനി സാധിക്കും. എന്തുകൊണ്ട്? ഞാൻ വചനം കേട്ടു. വചനം കേട്ടപ്പോൾ തിരിഞ്ഞു. ഇനി ഞാൻ ആർക്കും ഒരു വേദന വരുത്തുകയില്ല. മനസ്സറിഞ്ഞ് ആരേയും ഞാൻ വേദനിപ്പിക്കുകയില്ല. ഞാൻ വീട്ടിൽ ഒരു സമാധാനപുത്രനായിരിക്കും; സമാധാനപുത്രി ആയിരിക്കും. ഞാൻ മൂലം എന്റെ വീട്ടിൽ ആർക്കും ഒരു സങ്കടം വരികയില്ല. നിങ്ങൾ ഓരോരുത്തരും അങ്ങനെ തീരുമാനിച്ചാൽ നിങ്ങളുടെ വീട് സ്വർഗ്ഗമായിത്തീരും. ആ ഒരാളിൽ നിന്നുകൊണ്ട് കർത്താവ് ആ ഭവനത്തെ വിശുദ്ധീകരിക്കാൻ തുടങ്ങും.

അത് നിങ്ങളിൽ പലരുടേയും അനുഭവമല്ലേ? നിങ്ങൾ ഒരാൾ മാനസാന്തരപ്പെട്ടപ്പോൾ, ശരിയായ മാനസാന്തരമായിരുന്നു. അതുകൊണ്ട് മറ്റുള്ളവർ തിരിഞ്ഞുവന്നു. ഭർത്താവ് മാനസാന്തരപ്പെട്ടു, ക്രമേണ ഭാര്യ തിരിഞ്ഞു വന്നു. ആദ്യമൊക്കെ ഭാര്യ എതിരായിരുന്നു. പക്ഷേ, പിന്നെ തിരിഞ്ഞു വന്നു. മക്കൾ തിരിഞ്ഞു വന്നു. മാതാപിതാക്കൾ തിരിഞ്ഞു വന്നു. വീട്ടിൽ ആകെ ഒരു വ്യത്യാസം വന്നു. കുടുംബം സ്വസ്ഥതയുള്ളതായിത്തീർന്നു.

ഓരോരുത്തരുടേയും വീട് ഒരു കൊച്ചു സ്വർഗ്ഗമായിത്തീരണം. അത് നിങ്ങളുടെ ജീവിതത്തിന്റെ വ്രതമായി മാറണം. വ്യക്തമായിട്ടും എന്റെ വീട് ഞാനൊരു സ്വർഗ്ഗമാക്കും. ഞാനൊരാൾ മൂലം വീട്ടിൽ ഒരു അലോഹ്യമുണ്ടാവില്ല. ഞാനൊരാൾ സമാധാനപുത്രനായിരിക്കും, സമാധാനപുത്രിയായിരിക്കും. തീരുമാനിക്കൂ.

ദൈവത്തിന്റെ വചനം കേട്ടപ്പോൾ അപ്പൊസ്തലൻ തിരിഞ്ഞു. വചനം, വേലയ്ക്കുവേണ്ടിയുള്ള നിയോഗമാണ്. വേലയ്ക്കുവേണ്ടിയുള്ള ഭരമേൽപ്പിക്കലാണ്. അതുകൊണ്ട് വചനം കേട്ടപ്പോൾ തിരിഞ്ഞു.

തിരിഞ്ഞപ്പോൾ ഏഴ് പൊൻനിലവിളക്കുകളേയും നില

വിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശനായവനേയും കണ്ടു.

കേട്ടു, തിരിഞ്ഞു. തിരിഞ്ഞപ്പോൾ തേജോമയനായ ക്രിസ്തുവിനെ കണ്ടു. അന്ന് മുൾമുടിയേറ്റ്, രോഗം ശീലിച്ചവനായി, കവിൾ വിണ്ടു കീറി, രോമങ്ങൾ പിഴുതെടുത്തതുകൊണ്ട് രോമകൂപങ്ങൾ രക്തം നിറഞ്ഞ് കുരിശിന്മേൽ കിടന്നു പിടഞ്ഞ യേശുവിന്റെ രൂപമല്ല, തേജോമയമായ രൂപമാണ് കാണുന്നത്. തേജോമയനായ യേശുവിനെ കാണുന്നു. ആ യേശുവിനെ കണ്ടപ്പോൾ യോഹന്നാൻശ്ലീഹാ അമ്പരന്നുപോയി.

അന്ന് മുൾമുടിയേറ്റു കടന്നുപോയപ്പോൾ തീർന്നല്ലോ എന്നു വിചാരിച്ച് നിരാശപ്പെട്ടതാണ്. പത്രോസിന്റെ കൂടെ തിബരിയാസ് കടലിലേക്ക്, പഴയ തൊഴിലിലേക്ക് പഴയ വലയുമെടുത്ത് പോയതാണ്. എന്നാൽ ഇപ്പോൾ യേശുവിനെ തേജോമയനായി കണ്ടപ്പോൾ യോഹന്നാൻ ശ്ലീഹാ ഓർത്തു: കർത്താവേ, അന്നു നീ ക്രൂശിൽ പിടഞ്ഞു മരിച്ചതുപോലല്ലല്ലോ. ഇന്നു നീ തേജോമയനായി നിൽക്കുന്നല്ലോ. ഇന്ന് കുരിശ് ഏറ്റെടുത്താൽ തേജസ്സിന്റെ ഒരു നല്ല കാലം വരാൻ പോകുന്നുണ്ടല്ലോ. ഇന്ന് ഈ കുരിശു ഞാൻ വഹിച്ചാൽ ഒരു crown, ഒരു വലിയ കിരീടം എനിക്കുവേണ്ടി ഒരുക്കിയിട്ടുണ്ട്. ഞാൻ എന്റെ ജീവിതത്തിൽ കുരിശ് ഒഴിവാക്കുവാൻ ആഗ്രഹിച്ചിരുന്നോ?

നിങ്ങൾ ചിന്തിക്കൂ. കർത്താവേ, കുരിശു വരുമ്പോൾ ഞാൻ ദു:ഖിച്ചിരുന്നോ? കർത്താവേ, കുരിശ് ഏറ്റെടുക്കാൻ ഞാൻ മടിച്ചു. കുരിശിനെ ഞാൻ വേണ്ട എന്ന് പറഞ്ഞുകൊണ്ടിരുന്നു. പ്രയാസം വന്നപ്പോൾ ആത്മീയം വിട്ട് പോയാലോ എന്നുപോലും ഞാൻ ചിന്തിച്ചിട്ടുണ്ട്. ഞാൻ വിചാരിച്ചതുപോലെ, ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ നടക്കാത്തതുകൊണ്ട് എന്റെ മനസ്സ് മടുത്തുപോയിട്ടുണ്ട്. എനിക്ക് ഒരു മ്ലാനത വന്നു പോയിട്ടുണ്ട്. കർത്താവേ തെറ്റിപ്പോയി.

തേജോമയനായ ക്രിസ്തുവിനെ കണ്ടു! അപ്പോൾ യോഹന്നാൻശ്ലീഹാ അത്ഭുതപ്പെട്ടു. തേജസ്സേറിയ ക്രിസ്തു! തേജോമയനായ ക്രിസ്തു! തേജസ്സ് ഉടുത്ത ക്രിസ്തു! വിളങ്ങി നിൽക്കുന്ന ക്രിസ്തു!

> *"എന്നോട് സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴ് പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശ നായവനെയും കണ്ടു."* *വെളിപ്പാട് 1 : 12, 13*

നിലയങ്കി ധരിച്ച്, മാറത്ത് പൊൻകച്ച കെട്ടിയവനായി യേശു നില്ക്കുന്നു! സഹോദരങ്ങളേ, ആ കാഴ്ച നമുക്കാശ്വാസം തരുന്നതാണ്. ഇന്നത്തെ യാതനക്കുശേഷം വലിയൊരു തേജസ്സ് നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നു.

> *"എന്റെ വലങ്കയ്യിൽ കണ്ട ഏഴ് നക്ഷത്രത്തിന്റെ മർമ്മവും ഏഴ് പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാ രാകുന്നു; ഏഴ് നിലവിളക്ക് ഏഴ് സഭകൾ ആകുന്നു എന്നു കല്പിച്ചു."* *വെളിപ്പാട് 1 : 20*

തേജോമയനായ യേശു പൊൻനിലവിളക്കുകളുടെ നടുവിൽ നിൽക്കുന്നു. ഏഴു നിലവിളക്കുകൾ ഏഴ് സഭയാകുന്നു. സഭയുടെ നടുവിൽ ക്രിസ്തു നിൽക്കുന്നു. അതും ആശ്വാസകരമായ സത്യമാണ്. സഭകൾക്ക് തിരുത്താൻ പലതുമുണ്ട്. സഭ ഇനിയും മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു. അത് തുടർന്നു വായിക്കുമ്പോൾ കാണാം. പക്ഷേ, സഭകളുടെ നടുവിൽ ക്രിസ്തു നിൽക്കുന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് ഞാൻ ആശയോടെ പറയുന്നു. ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പിൽ കർത്താവ് അക്ഷരികമായി എഴുന്നള്ളി വരുന്നു. കർത്താവ് നമ്മുടെ നടുവിലുണ്ട്.

നമ്മുടെ പുറമേയുള്ള കണ്ണുകൊണ്ട് കാണാൻ പറ്റുന്നില്ല. കാണാൻ പറ്റുകയുമില്ല. പക്ഷേ, കർത്താവ് ഇവിടെയുണ്ട്. ഓരോരുത്തർ ഇരിക്കുന്നിടത്ത് കർത്താവ് വരുന്നുണ്ട്. നിങ്ങൾ ഓരോരുത്തരുടേയും പ്രശ്നം കർത്താവറിയുന്നുണ്ട്. നിങ്ങളുടെ വേദനാവിഷയങ്ങൾ കർത്താവിനറിയാം. നിങ്ങളുടെ നെടുവീർപ്പുകളെല്ലാം കർത്താവ് ഏറ്റെടുക്കുന്നുണ്ട്. നിങ്ങൾ വിശ്വസിക്കൂ, ഇതൊരു വെറും തോന്നലല്ല, ഊഹാപോഹമല്ല. യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് വരികയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ വീട്ടിൽ, ഒറ്റയ്ക്ക് മുറിയിൽ മുട്ടുമടക്കി യേശുക്രിസ്തുവിനെ കണ്ടുകൊണ്ട്, കർത്താവ് നിങ്ങളുടെ അരികത്തുണ്ടെന്നു വിശ്വസിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കു. കർത്താവ് കൂടെയുണ്ടെന്നു പറയുവാൻ കാരണം, ഹൃദയം നുറുങ്ങിയവർക്ക് അവൻ സമീപസ്ഥനാണ്. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. യേശുവേ, ഹൃദയം നുറുങ്ങിയാണ് ഞാൻ വന്നിരിക്കുന്നത്. അതുകൊണ്ട് കർത്താവ് എന്റെ സമീപത്തു വരും. കർത്താവ് തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു.

കർത്താവ് ഇപ്പോൾ എന്റെ അരികത്തുണ്ട്. എന്റെ മുമ്പിലുണ്ട്. ഞാനിവിടെ കർത്താവിന്റെ മുമ്പിൽ മുട്ടു മടക്കിയിരിക്കുന്നു. കേൾക്കാൻ വേറാരുമില്ല. ഞാനും എന്റെ യേശുനാഥനും മാത്രം. നിങ്ങൾ ഇത്രയും വിശ്വസിച്ചുകൊണ്ട്, കർത്താവിനോട് പറഞ്ഞു തുടങ്ങുക. നിങ്ങൾ ഉള്ളു തുറന്ന് പറയുക.

നിങ്ങളുടെ ബലഹീനതകൾ, നിങ്ങളുടെ വീഴ്ചകൾ, നിങ്ങൾ വീണുപോയ കാര്യങ്ങൾ, നിങ്ങൾക്ക് കേടുപറ്റിയ കാര്യങ്ങൾ, നിങ്ങൾക്ക് പരാജയം സംഭവിച്ച കാര്യങ്ങൾ, നിങ്ങൾക്കിന്ന് നിരാശ വന്നിരിക്കുന്ന കാര്യങ്ങൾ, നിങ്ങളുടെ ഇന്നത്തെ ആവശ്യങ്ങൾ, നിങ്ങളുടെ ആകുലങ്ങൾ, നിങ്ങളുടെ ഭാരങ്ങൾ, നിങ്ങളുടെ സങ്കടങ്ങൾ എല്ലാം യേശുവിനോട് പറ

യുക. മൗനമായിട്ടിരിക്കാനല്ല, ആർക്കും കേൾക്കാൻ പറ്റാത്ത രീതിയിൽ പതിയെ നിങ്ങൾക്കു പറയാം. അങ്ങനെ നിങ്ങൾ ഹൃദയം പകരുക, ഉള്ളു പകരുക.

നിങ്ങൾ പരീക്ഷിച്ചു നോക്കൂ. കുറച്ചുനേരം നിങ്ങളുടെ ഹൃദയം പകർന്ന് നിങ്ങൾ പ്രാർത്ഥിച്ചു കഴിയുമ്പോൾ ഏതോ ഒരു അത്ഭുത കൃപ നിങ്ങളെ വലയം ചെയ്തു എന്ന് നിങ്ങൾക്കനുഭവമാകും. കർത്താവ് നമ്മുടെ അരികത്ത് ചേർന്നു നിൽക്കുന്നത്, കർത്താവ് നിങ്ങളുടെ തലയിൽ കൈവയ്ക്കുന്നത്, കർത്താവ് നിങ്ങളുടെ പുറം തടവിത്തരുന്നത് നിങ്ങൾക്കനുഭവമാകും. കർത്താവ് നിങ്ങളുടെ കണ്ണീർ തുടയ്ക്കുന്നത് നിങ്ങൾക്കനുഭവമാകും.

മോനേ, ഞാൻ നിന്നോടുകൂടെയുണ്ടല്ലോ, നീ എന്തിനു ഭാരപ്പെട്ടു എന്നു ചോദിക്കുന്നത് നിങ്ങൾക്കനുഭവമാകും. മോളേ, നീ എനിക്കു പ്രിയപ്പെട്ടവളാണല്ലോ, നിന്റെ കാര്യം ഞാൻ ഏൽക്കാമല്ലോ, നീ എന്തിനു ഭാരപ്പെടുന്നു എന്നു ചോദിക്കുന്ന അനുഭവം നിങ്ങൾക്കുണ്ടാകും.

ഇത് അനുഭവമാണ്, അറിവല്ല. ഓരോരുത്തരും അനുഭവിക്കേണ്ട കാര്യമാണ്. നിങ്ങൾക്കു പരീക്ഷിച്ചു നോക്കാം. പരീക്ഷക്കു പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷിച്ചു നോക്കാം. ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് പരീക്ഷിച്ചു നോക്കാം. ജോലി സ്ഥലത്ത് പ്രശ്നങ്ങളും തൊഴുത്തിൽകുത്തുമായി വലയുന്നവർക്ക് പരീക്ഷിച്ചു നോക്കാം. അനേകം പ്രശ്നങ്ങളുടെ മദ്ധ്യത്തിൽപ്പെട്ട് ഉലയുന്നവർക്ക് പരീക്ഷിച്ചു നോക്കാം.

ക്രിസ്തുവിനോട് ഉള്ളു തുറന്നു പറയുക. നിങ്ങളുടെ ബലഹീനതകൾ, നിങ്ങളുടെ വശക്കേടുകൾ, അവശതകൾ, എല്ലാമെല്ലാം തുറന്നു പറയുക. വേറാരോടും പറയണ്ട. ഭാര്യ ഭർത്താവിനോട് പറയണ്ട. ഭർത്താവ് ഭാര്യയോട് പറയണ്ട. വീണുപോയ കാര്യങ്ങൾ നിങ്ങൾ നേരിട്ട് കർത്താവിനോട് പറയുക.

നിങ്ങൾ അറിഞ്ഞു എന്നും നിങ്ങൾ വേദനിക്കുന്നു എന്നും കർത്താവ് മനസ്സിലാക്കട്ടെ. കർത്താവിന് ബോദ്ധ്യം വരട്ടെ. ഹൃദയപൂർവം നിങ്ങൾ അനുതപിച്ചു എന്നും നിങ്ങ ളുടെ ഉള്ള് വേദനിച്ചു എന്നും കർത്താവ് കാണട്ടെ. അപ്പോൾ കർത്താവിന്റെ കൃപ നിങ്ങളെ വലയം ചെയ്യും. നിങ്ങളുടെ മേൽ കർത്താവിന്റെ കൃപ പകരും.

ഈ മഹത്തായ അനുഭവം നിങ്ങൾക്കു തരാൻ കർത്താവാഗ്രഹിക്കുന്നുണ്ട്. നിങ്ങളുടെ അരികത്ത് കർത്താവ് വന്നിട്ടുണ്ട്. നിങ്ങൾക്കിപ്പോൾ പ്രാർത്ഥിക്കാം: കർത്താവേ, ഈ പാവപ്പെട്ടവന്റെ അടുത്തേക്ക്, ഈ സാധുവിന്റെ അരികി ലേക്ക് നീ ഒന്നു വരണമേ. ഈ പാവപ്പെട്ടവളുടെ അരികിലേക്ക് നീ ഒന്നു വരണമേ.

എന്റെ ഹൃദയഭാരങ്ങൾ, എന്റെ ആകുലങ്ങൾ നീ നീക്കി ത്തരണമേ. എന്റെ ജീവിതത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം തരണമേ. കർത്താവേ, എന്റെ ആവശ്യങ്ങൾ, എന്റെ ആഗ്രഹങ്ങൾ നീ കാണുന്നുവല്ലോ.

നാഥാ, ഇതിനെല്ലാം ഒരു പരിഹാരം തരണമേ. കർത്താ വേ, എന്നെ രക്ഷിക്കണമേ. നിന്റെ തൃക്കരം എന്റെ മേൽ നീട്ട ണമേ. എന്റെ ദുശ്ശീലങ്ങൾ എല്ലാം മാറ്റണമേ. ഇന്നുമുതൽ ഞാൻ പുതിയ മനുഷ്യനായി ജീവിക്കും. കർത്താവേ, ഇന്നുമു തൽ യേശുക്രിസ്തുവിന്റെ ഹിതം നിവർത്തിക്കുന്ന ഒരാളായി, മാതൃകായോഗ്യമായി ഞാൻ ജീവിക്കും. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക.

# അഞ്ച്

*"തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുക ളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്തു പൊൻകച്ച കെട്ടിയവനായി മനു ഷ്യപുത്രനോടു സദൃശനായവനെയും കണ്ടു."*

*വെളിപ്പാട് 1 : 13*

യേശുക്രിസ്തു പലപ്പോഴും തന്നെപ്പറ്റിതന്നെ പറഞ്ഞിരി ക്കുന്നത് മനുഷ്യപുത്രൻ എന്നാണ്. മനുഷ്യപുത്രനായ യേശുക്രിസ്തുവിനെ, തേജോമയനായ കർത്താവായ യേശു വിനെ കണ്ടു!

ശബ്ദം കേട്ടു. കേട്ടപ്പോൾ തിരിഞ്ഞു, തിരിഞ്ഞപ്പോൾ യേശുവിനെ കണ്ടു!

*"അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാ ലയ്ക്ക് ഒത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന്നു സദൃശവും അവന്റെ ശബ്ദം പെരു വെള്ളത്തിന്റെ ഇരെച്ചൽ പോലെയും ആയിരുന്നു."*

*വെളിപ്പാട് 1 : 14, 15*

അവന്റെ രൂപം തന്നെ അത്യന്തം തേജസ്സുള്ളതായിരുന്നു. ഒരു വ്യക്തിയാണ്. പക്ഷേ, ആ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയുള്ളതായിരുന്നു. ഒരു മഹാനാദം! അത്ഭുത ത്തോടെ, അത്ഭുത വിവശതയോടെ അപ്പൊസ്തലൻ അതെല്ലാം നോക്കിക്കാണുകയാണ്.

*“അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്; അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു.” വെളിപ്പാട് 1 : 16*

യേശുക്രിസ്തു തേജോമയനായി നിൽക്കുകയാണ്. സൂര്യൻ ശക്തിയോടെ പ്രകാശിച്ചാൽ എങ്ങനെയിരിക്കും? അതുപോലെയുള്ള ഉജ്ജ്വല പ്രകാശമായിരുന്നു.

“അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു.”

1. ശബ്ദം കേട്ടു.
2. കേട്ടപ്പോൾ തിരിഞ്ഞു.
3. തിരിഞ്ഞപ്പോൾ കണ്ടു.
4. കണ്ടപ്പോൾ വീണു.

ആത്മീയജീവിതത്തിന്റെ ഓരോ പടികളാണ് ഈ കാണുന്നത്. നാം വചനം കേൾക്കുന്നു. ജീവനുള്ള ദൈവത്തിന്റെ ശബ്ദമാണ് നാം കേൾക്കുന്നത്. ദൈവത്തിന്റെ എഴുതപ്പെട്ട വചനം! എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്നതാണ് ഈ വചനമെല്ലാം. മനുഷ്യന്റെ ഇഷ്ടപ്രകാരം ഉണ്ടായതല്ല. മനുഷ്യന്റെ ഭാവനയിൽ ഉദിച്ചതുമല്ല.

വിശുദ്ധവേദപുസ്തകത്തിലെ വള്ളിയും പുള്ളിയും മാറുകയില്ല. നമുക്കു മനസ്സിലായില്ല എന്നുവരാം. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും പക്ഷേ, എന്റെ വചനത്തിന്റെ വള്ളി എങ്കിലും പുള്ളി എങ്കിലും മാഞ്ഞുപോകയില്ല. ഒരിക്കലും മായാത്തതും മാറാത്തതുമായ വചനം! മാറ്റമില്ലാത്ത വചനം!

വചനം കേൾക്കുമ്പോൾ നാം തിരിയുന്നു. എത്രയോ പേരാണ് തിരിഞ്ഞിട്ടുള്ളത്! അത്ഭുതമല്ലേ! അസ്വസ്ഥതയുള്ള കുടുംബങ്ങളിൽ സമാധാനം വന്നു. മനോരോഗമുള്ള

എത്രയോ പേർ മനോരോഗം മാറി സുബോധമുള്ളവരായി ജീവിക്കുന്നു. നിഷ്ഠൂരഹൃദയമുള്ള, ദുഷ്ടഹൃദയമുള്ള, ക്രൂര ഹൃദയമുള്ള എത്രയോ പേർ കുഞ്ഞാടുകളെപ്പോലെ ശാന്ത ന്മാരായിത്തീർന്നു!

കോപിച്ച് അലറുന്നവർ! കോപം ജ്വലിച്ച് കുടുംബത്തിൽ കലഹമുണ്ടാക്കുന്നവർ! ഒരു പക്ഷേ, അപ്പനെയോ അമ്മ യെയോ ഉപദ്രവിക്കുകയോ ശപിക്കുകയോ ചെയ്യുന്നവർ! മക്കളെ പ്രാകുന്നവർ! മക്കളെ ശപിക്കുന്നവർ! എന്തെല്ലാമുള്ള മനുഷ്യർ! എത്രയോ പേർക്ക് വ്യത്യാസം വന്നുകഴിഞ്ഞു. അതൊരത്ഭുതമല്ലേ?

ഈ പുസ്തകം നിങ്ങൾ വിശ്വാസത്തോടെ വായിച്ചുകൊ ണ്ടിരിക്കുമെങ്കിൽ നിങ്ങളുടെ അരികത്തു വരുന്ന ക്രിസ്തു വിനെ നിങ്ങൾക്ക് ആത്മക്കണ്ണു തുറന്ന് കാണുവാൻ സാധി ക്കും. യേശുക്രിസ്തു നമ്മുടെ അരികത്തു വന്നു എന്നുള്ള വ്യക്തമായ അനുഭവം നമുക്കു ലഭിക്കത്തക്കവണ്ണം, നേരിട്ടു കാണുന്നു എന്ന് തോന്നത്തക്കവണ്ണമുള്ള അനുഭൂതി നമുക്കു ലഭിക്കും. അതൊരു വലിയ ഭാഗ്യമാണ്.

ഇന്ന് നമുക്ക് കർത്താവിനെ നേരിട്ടു കാണാൻ പറ്റുന്നില്ല. ഒരു പടം കണ്ടാലും ഒരു രൂപം കണ്ടാലും ആയില്ല. പക്ഷേ, പാവപ്പെട്ട ഒരു മനുഷ്യൻ ഒരിടത്തിരുന്ന് നിലവിളിക്കുമ്പോൾ, വേദനിച്ചു കരയുമ്പോൾ, എന്റെ കർത്താവേ, സഹായിക്ക ണമേ എന്നു പറയുമ്പോൾ ഓടി അണയുന്ന ക്രിസ്തുവിനെ നമുക്ക് അടുത്തു കാണാൻ സാധിക്കും, അടുത്തറിയാൻ സാധിക്കും.

ഒരു കാര്യം നിങ്ങൾ മനസ്സിലാക്കൂ. ദുരിതങ്ങൾ വരുന്നത് നല്ലതാണ്. പ്രശ്നങ്ങൾ വരുന്നത് നല്ലതാണ്. ക്രിസ്തുവിനെ അടുത്തു കിട്ടും. കാരണം, പിടിവിട്ടു നാം കരയുന്ന സമയമാ ണത്. എല്ലാ പിടിയും വിടും. ചില പ്രതിസന്ധികൾ വരുമ്പോൾ മറ്റ് ഭൗതികമായ ആശ്രയങ്ങളെല്ലാം തകരും. എങ്ങോട്ടു

നോക്കും? ആരെ വിളിക്കും? ആരുമില്ല. അങ്ങനെയുള്ള സമയങ്ങളിൽ, ആവശ്യഭാരങ്ങളിൽപ്പെട്ട് ഉലയുന്ന സമയങ്ങളിൽ, മുന്നോട്ടൊരു ഗതി കിട്ടാതെ അഴലുന്ന സമയങ്ങളിൽ നിങ്ങൾ എല്ലാം വിട്ട് വിളിച്ചു പോകും. എന്റെ കർത്താവേ, സഹായിക്കണമേ. എന്റെ യേശുവേ, നീ ഓടി വരണമേ. അപ്പോൾ യേശു അടുത്തു വരുന്നത് നാം അനുഭവിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ജീവിതത്തിൽ കഷ്ടതകൾ വരുന്നത്, ചില പ്രതിസന്ധികൾ വരുന്നത് നല്ലതാണ്.

*"യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു."   സങ്കീർത്തനങ്ങൾ 145 : 18*

നവീകരണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായിരുന്ന മാർട്ടിൻ ലൂഥറിന്റെ ശിഷ്യനെ അന്നത്തെ ജോർജ്ജ് ആറാമൻ ചക്രവർത്തി വേട്ടയാടി, അവനെ കൊല്ലാനായി പിടികൂടി ജയിലിൽ ഇട്ടു.

കാരണം, ആത്മീയ ഉണർവ്വ്, സുവിശേഷം എന്നൊക്കെ പറയുമ്പോൾ അന്നത്തെ ഭരണാധികാരികൾക്ക് വെറുപ്പായിരുന്നു. ആ ശിഷ്യനെ ഉടനെ കൊന്നില്ല. ശരീരത്തിൽ ആഴ്സനിക്ക് എന്ന മാരകമായ വിഷം വളരെ ചെറിയ ഡോസിൽ കുത്തിവച്ചു. ശരീരത്തിന്റെ ശക്തി കുറഞ്ഞു കുറഞ്ഞു വന്നു. പ്രത്യേകമായ രോഗമെന്നു പറയാനില്ല. പക്ഷേ, ബുദ്ധി മന്ദിച്ചു മന്ദിച്ചു വന്നു. ശക്തി ക്ഷയിച്ചു ക്ഷയിച്ചു വന്നു. ശരീരം കൂടുതൽ ചീർത്തു തുടങ്ങി. അങ്ങനെ നാളുകൾ നരകിച്ചു നരകിച്ച് വേദനിച്ച് മരിച്ചുപോയി.

ഇങ്ങനെയെല്ലാം കടുത്ത ദുരിതം ഏറ്റുകൊണ്ടിരുന്നപ്പോഴും അദ്ദേഹം യേശുക്രിസ്തുവിനെ വിളിച്ചുകൊണ്ടിരുന്നു. യേശുക്രിസ്തുവിലുള്ള ആശ്രയം വിട്ടില്ല. യേശുക്രിസ്തുവിനെ നിരന്തരം വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ദൈവസാന്നിദ്ധ്യം കിട്ടിക്കൊണ്ടിരുന്നു. ആത്മാവിന് ഒരു കേടും സംഭവിച്ചില്ല.

‘ജീവിക്കുന്ന രക്തസാക്ഷികൾ’, ‘Tortured for Christ’ എന്നൊരു പുസ്തകത്തിൽ റിച്ചാർഡ് വുംബ്രാന്റ് എന്ന ഭക്ത നായ ഒരു മിഷനറിയെക്കുറിച്ചു പറയുന്നുണ്ട്. റുമേനിയാ യിലെ കമ്മ്യൂണിസ്റ്റ് തടങ്കൽ പാളയത്തിൽ ജയിലറയിൽ അദ്ദേഹം കിടക്കുകയായിരുന്നു. ആ ജയിലറയ്ക്ക് ആകെ ഒരു വാതിലേ ഉള്ളൂ. ആ വാതിൽ സാധാരണ തുറക്കാറില്ല. ചില പ്പോൾ മൂന്നു ദിവസത്തിലൊരിക്കൽ ഒന്നു തുറന്നിട്ട് ഒരു റൊട്ടിയും ഒരു കപ്പിൽ അൽപ്പം വെള്ളവും കൊടുക്കും. അതാണ് ഭക്ഷണം.

ആ മുറിയുടെ ചുവരുകളിലെല്ലാം ചെറിയ ചെറിയ ദ്വാര ങ്ങളുണ്ട്. ആ ദ്വാരങ്ങളിൽക്കൂടി എലികൾ കടന്നു വരും. അദ്ദേഹം ഇരിക്കുകയോ കിടക്കുകയോ ഉറങ്ങുകയോ ഉണർന്നിരിക്കുകയോ ചെയ്യുമ്പോൾ എലി വന്ന് കടിക്കും. എലി കടിച്ച് അവിടവിടെ മുറിവുകളുണ്ടാകും. ഈ പാവം മനു ഷ്യന്റെ ശരീരം എലി കരളുകയാണ്. വേദനിച്ച് പിടയും. ഒന്നല്ല, അനേകം എലികൾ വന്ന് കടിച്ചുകൊണ്ടിരിക്കുക യാണ്.

പതിമൂന്നു കൊല്ലം റുമേനിയായിലെ ജയിലിൽ റിച്ചാർഡ് വുംബ്രാൻഡ് കിടന്നു, യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു എന്ന ഒറ്റക്കാരണംകൊണ്ട്. പിന്നീട് അദ്ദേഹം ജയിൽ വിമോചിതനായി വന്നതിനുശേഷം ഇന്ത്യയിൽ വന്നു. തിരുവനന്തപുരത്ത് വന്നപ്പോൾ പലരും അദ്ദേഹത്തെ കാണാ നിടയായി. അദ്ദേഹത്തിന്റെ ശരീരത്തിലുള്ള എലി കടിച്ച പാടു കൾ അദ്ദേഹം അവർക്ക് കാണിച്ചു കൊടുത്തു.

ആ വെളുത്ത മനുഷ്യന്റെ ശരീരത്തിലാസകലം കറുത്ത പാടുകൾകൊണ്ട് നിറഞ്ഞിരുന്നു. ഉപദ്രവം ഏറ്റു. എന്തിന്? കർത്താവിനെ പ്രതി. അദ്ദേഹം പറയുകയാണ്: എനിക്ക് ഒരു വേദപുസ്തകം വായിക്കാൻ തരുമായിരുന്നില്ല. പക്ഷേ, ഞാൻ കാണാതെ പഠിച്ച വേദവാക്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നതു കൊണ്ട് എനിക്ക് ആശ്വാസമായിരുന്നു.

ഇതെല്ലാം കേൾക്കുമ്പോൾ നാം മനസ്സിലാക്കണം, എത്ര യെത്ര രക്തസാക്ഷികളുടെ ത്യാഗോജ്ജ്വലമായ ജീവിതം കൊണ്ടാണ് ക്രിസ്തീയസമൂഹം വളർന്നു വന്നിട്ടുള്ളത്! ക്രിസ്തീയവിശ്വാസം കെട്ടുപോകാതെ നിന്നിട്ടുള്ളത്! നാമാരും ഒന്നും ചെയ്തിട്ടില്ല. നാമാരും ത്യാഗം സഹിച്ചിട്ടില്ല.

ഒരു പരീക്ഷണഘട്ടം വരുമ്പോഴേ നമ്മുടെ തനിനിറം വരികയുള്ളൂ. ഒരു പരീക്ഷണഘട്ടം വരുമ്പോഴാണ് നാം എത്ര ത്തോളം നിൽക്കുമെന്നറിയുന്നത്.

യേശുക്രിസ്തുവിനെ അടുത്തറിയാൻ ഇടയാകുന്നത് പ്രതിസന്ധികളുടെ മദ്ധ്യത്തിലാണ്. ദു:ഖങ്ങളുടെയും ദുരിത ങ്ങളുടെയും മദ്ധ്യത്തിലാണ്; പ്രയാസങ്ങൾ വരുമ്പോഴാണ്. അതുകൊണ്ട് ഇന്ന് പ്രയാസമനുഭവിക്കുന്ന ആരെങ്കിലുമുണ്ടെ ങ്കിൽ, താങ്ങാൻ വയ്യാത്ത ചുമടുകളെടുത്ത് വലയുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ, ദുരിത പൂരിതമായ ജീവിതത്തിന്റെ യാതനകളേറ്റ് പിടയുന്നവരുണ്ടെങ്കിൽ പ്രിയപ്പെട്ടവരേ, നിങ്ങൾ ഇന്നനുഭവിക്കുന്ന ഈ വേദനകൾ താത്ക്കാലികം മാത്രമാണ്.

> *"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരി ച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."* *റോമർ 8 : 18*

വലിയൊരു തേജസ്സ് നമുക്കുവേണ്ടി ഒരുക്കിയിരി ക്കുന്നു.

അപ്പൊസ്തലനായ യോഹന്നാന് യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടി. യേശുവിനെ നേരിട്ടു കണ്ടു. മാത്രമല്ല, യേശുക്രിസ്തുവിനെ വർണ്ണിക്കുകയാണ്. കർത്താവിന്റെ തേജസ്സിനെ വർണ്ണിച്ചിട്ടും വർണ്ണിച്ചിട്ടും മതിയാവുന്നില്ല.

നിങ്ങൾ ആത്മാവിന്റെ ലഹരിയിൽ, ആത്മാവിന്റെ ആന ന്ദത്തിൽ ലയിച്ചിരിക്കുന്ന സമയത്ത് എന്റെ കർത്താവേ, എന്ന് വിളിച്ചുപോകും. എന്റെ പൊന്നേശുവേ, എന്റെ ജീവന്റെ

ജീവനേ, എന്റെ കരുണയുള്ള കർത്താവേ, എന്റെ സ്നേഹ ത്തിന്റെ ഉറവിടമേ, എന്നു വിളിച്ചുപോകും. ആ സ്നേഹത്തെ, സ്നേഹത്തോടെ വിളിച്ച് നാം ആരാധിച്ചു പോകും.

നിങ്ങൾ ഓരോരുത്തരും യേശുക്രിസ്തുവിന്റെ സാന്നി ദ്ധ്യമനുഭവിച്ച്, ആരാധനയുടെ സന്തോഷം അനുഭവിച്ചി ട്ടുണ്ടോ? കർത്താവിനെ സ്തുതിച്ചു മഹത്വപ്പെടുത്തുന്ന സമയ ത്ത് കർത്താവ് നമ്മുടെ അരികത്തു വന്നിരിക്കുന്നു എന്നും നമ്മുടെ കണ്ണീർ തുടയ്ക്കുന്നു എന്നും നിങ്ങൾ അനുഭവിച്ചി ട്ടുണ്ടോ? നിങ്ങൾ ആശ്വാസത്തോടെ എഴുന്നേറ്റിട്ടുണ്ടോ?

ഒട്ടേറെ തെറ്റിദ്ധാരണകളുടെ ഇടയിൽപ്പെട്ട് നിങ്ങൾ നട്ടം തിരിയുമ്പോൾ യേശുക്രിസ്തു നിങ്ങളുടെ അരികത്തിരുന്ന് നിങ്ങളെ തലോടി ആശ്വാസം തരുന്നത് നിങ്ങൾ അനുഭവിച്ചി ട്ടുണ്ടോ? ഒരു ഗതിയുമില്ലാതെ, ഒരിടത്തേക്കും മാറാൻ നിർവ്വാ ഹമില്ലാതെ, വലഞ്ഞുപോകുന്ന സമയങ്ങളിൽ ക്രിസ്തു നിങ്ങ ളുടെ അരികത്തുണ്ട് എന്നു നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

സഹോദരങ്ങളേ, നിങ്ങൾ അതനുഭവിക്കണം. ആത്മീയ ജീവിതമെന്നത് അനുഭവത്തിന്റെ ജീവിതമാണ്, അറിവിന്റെ ജീവിതമല്ല. കുറെ തത്വങ്ങൾ അറിഞ്ഞാൽ പോരാ. കുറെ പാഠ ങ്ങൾ പഠിച്ചാൽ പോരാ. എന്തെല്ലാം ഉണ്ടെന്നു പറഞ്ഞാലെന്ത്? സമ്പത്തുണ്ടായിരിക്കാം, സൗകര്യങ്ങൾ കാണുമായിരിക്കാം, നല്ല വീടുകൾ ഉണ്ടായിരിക്കാം. ഒരുപക്ഷേ, ഇപ്പോൾ നല്ല ആരോഗ്യമുണ്ടായിരിക്കാം. എന്തെല്ലാം ഉണ്ടെന്നു പറ ഞ്ഞാലും മരണത്തിന്റെ സമയത്ത് ഇതെല്ലാം വിട്ടു പോവുക യില്ലേ? ആരും കൂടെ പോരില്ല. ആർക്കും സഹായിക്കാനാകില്ല.

എല്ലാവരും നിശ്ശബ്ദരായി, ചേതനയറ്റവരായി, ദു:ഖിത രായി, വിഷാദവിമുഖരായി നോക്കി നിൽക്കുന്ന സമയം. ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. നെടുവീർപ്പോടെ നിൽക്കും. കണ്ണീരോടെ നിൽക്കും. ഏങ്ങലടിച്ചുകൊണ്ടു നിൽക്കും. കണ്ണീർ തുടയ്ക്കാൻ നിർവ്വാഹമില്ലാതെ നിൽക്കും.

ഇങ്ങനെയുള്ള സമയങ്ങളിൽ യേശു കൂടെ നിൽക്കുവാൻ ഇടയായാൽ അതാണ് ഏറ്റവും വലിയ ഭാഗ്യം.

എന്റെ യേശുവേ, എന്റെ പ്രിയപ്പെട്ടവൻ കടന്നുപോകുന്നു, എന്റെ പ്രിയപ്പെട്ടവൾ കടന്നുപോകുന്നു. എന്റെ അമ്മ കടന്നുപോകുന്നു. എന്റെ അപ്പൻ കടന്നുപോകുന്നു. എന്റെ ഭർത്താവ് കടന്നുപോകുന്നു. ഞാനിതാ ഒറ്റയ്ക്കാകുന്നു. നാഥാ, നീ എന്നെ കൈവിടല്ലേ. നീ എന്നോടുകൂടെ നിൽക്കണമേ.

ദൈവാശ്രയം വരുമ്പോഴാണ് ദൈവസാന്നിദ്ധ്യം നിങ്ങൾക്കു ലഭിക്കുന്നത്.

തേജോമയനായ ക്രിസ്തുവിനെ അപ്പൊസ്തലൻ വർണ്ണിക്കുകയാണ്.

> *"അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു."* *വെളിപ്പാട് 1 : 17*

അവനെ കണ്ടിട്ട് മരിച്ചവനെപ്പോലെ കാൽക്കൽ താണുവീഴുകയാണ്; വീണ് അഭയപ്പെടുകയാണ്. ഞാൻ ആരോഗ്യമുള്ളവരോട് ഒരു വാക്കു പറയാം. നിങ്ങൾ തനിയെ ഇരുന്നു പ്രാർത്ഥിക്കുമ്പോൾ മുട്ടിന്മേൽ ഇരുന്ന് പ്രാർത്ഥിക്കണം. എത്രയോ വർഷമാണ് ഞാൻ മുട്ടിന്മേൽ ഇരുന്നു പ്രാർത്ഥിച്ചത്. എന്നും പ്രാർത്ഥിക്കുന്ന സമയത്ത് ഞാൻ മുട്ടിന്മേൽ ഇരിക്കും.

ഡോക്ടർ പറഞ്ഞിട്ടുണ്ട് ഇനി കസേരയിലിരുന്ന് പ്രാർത്ഥിച്ചാൽ മതി എന്ന്. ഞാൻ ഇപ്പോൾ അത് അനുസരിക്കുന്നു എന്നുമാത്രം. എത്രയോ വർഷങ്ങൾ രാവിലെ ആഹാരമില്ലാതെ ഉപവാസം എടുത്തിട്ടുണ്ട്. കോളേജിൽ പോകുമ്പോൾ തിരികെ കോളേജിൽ നിന്നുവന്നിട്ടാണ് പലപ്പോഴും ആഹാരം കഴിക്കുന്നത്.

ജീവിതത്തിൽ നിങ്ങൾക്ക് ഒരു ഉപവാസം നിശ്ചയിക്കാം.

കർത്താവിന്റെ കാൽക്കൽ വിനയപൂർവ്വം മുട്ടിന്മേൽ ഇരിക്കാം. കാൽ, മുട്ടിന്മേൽ ഊന്നി ഇരിക്കുന്നത് നിങ്ങളുടെ നട്ടെല്ലിന് ആരോഗ്യപ്രദമാണ്. നിങ്ങളുടെ ശരീരത്തിനാസകലം സന്തോഷപ്രദമാണ്. മുട്ടിന്മേൽ ഇരുന്ന് പ്രാർത്ഥിക്കാൻ പഠിക്കുക.

1973 മുതൽ 2006 വരെയും ഞാൻ മുട്ടിന്മേൽ ഇരുന്നേ പ്രാർത്ഥിച്ചിട്ടുള്ളൂ. വലിയ ഒരു കാര്യം ചെയ്യുന്നു എന്ന അർത്ഥത്തിൽ പറഞ്ഞതല്ല. ചെറുപ്പക്കാർക്ക് ഒരു ആവേശം വരാൻ വേണ്ടി പറഞ്ഞതാണ്. മുട്ടിന്മേലിരുന്നു പ്രാർത്ഥിക്കണം. ഞാൻ മുട്ടിന്മേൽ ഇരുന്ന് ഈ വേദപുസ്തകം 29 തവണ മുഴുവൻ വായിച്ചു. മുട്ടിന്മേലിരുന്ന് പഴയനിയമം 29 പ്രാവശ്യം, പുതിയനിയമം 58 പ്രാവശ്യം. സങ്കീർത്തനം എത്രയെന്നു പറയാനില്ല. ഞാനിതു പറയുന്നത് എന്തെങ്കിലും മേന്മ ഭാവിക്കാൻ വേണ്ടിയല്ല, നിങ്ങൾക്ക് അതൊരനുഭവമായിത്തീരട്ടെ എന്നു വിചാരിച്ചാണ്. ചിലർക്കെങ്കിലും അത് പ്രയോജനപ്പെടും.

> *"അവൻ വലങ്കൈ എന്റെ മേൽ വച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു."* *വെളിപ്പാട് 1 : 17*

അവൻ *വലംകൈ* എന്റെ മേൽ വച്ചു. അക്ഷരികമായി യേശുക്രിസ്തുവിന്റെ വലംകൈ നിങ്ങളുടെമേൽ വയ്ക്കുന്നത്, നിങ്ങളുടെ പുറം തലോടിത്തരുന്നത് നിങ്ങൾക്കനുഭവിക്കാം.

മോളേ, കരയേണ്ടാ, മോനേ, കരയേണ്ടാ എന്നു പറയുന്ന ശബ്ദം നിങ്ങൾക്കു കേൾക്കാം. കുഞ്ഞേ, നീ ഇനി വിഷമിക്കേണ്ട, ഞാൻ കാര്യം ഏറ്റെടുത്തു എന്നു പറയുന്നത് നിങ്ങൾക്കു കേൾക്കാം.

എല്ലാം കാണുന്ന ഒരു ദൈവം! എല്ലാം അറിയുന്ന ഒരു ദൈവം! നമ്മുടെ ഹൃദയ വേദനകൾ കാണുന്ന ദൈവം!

നമ്മുടെ ബുദ്ധിമുട്ടുകൾ അറിയുന്ന ദൈവം! നാം ഒരിക്കലും വലഞ്ഞുപോകാൻ സമ്മതിക്കാത്ത ദൈവം! ജീവനുള്ള ദൈവം! അവൻ വലങ്കൈ എന്റെ മേൽ വച്ചിട്ട് പറഞ്ഞു: ഭയപ്പെടേണ്ടാ. എത്രയോ ആശ്വാസകരമായ വാക്ക്!

നമുക്ക് ദൈവം തരുന്ന മൂന്നു വാക്കുകൾ. 1. ഭയപ്പെടേണ്ടാ 2. കരയേണ്ടാ 3. നിങ്ങൾക്കു സമാധാനം. ഇതല്ലേ നമുക്കു വേണ്ടത്? നമ്മുടെ കരച്ചിൽ മാറണം. നമ്മുടെ ഭയം മാറണം. നമുക്ക് സമാധാനം വേണം.

വിസ്താരരംഗത്തേക്കു പോകുന്നതിനുമുമ്പ് കർത്താവ് പറഞ്ഞു:

> *“സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.” യോഹന്നാൻ 14 : 27*

എത്രയോ കുടുംബങ്ങളിൽ ആത്മഹത്യാപ്രവണതയോടെ മനുഷ്യൻ ജീവിക്കുന്നു. മരിച്ചാൽ മതിയെന്ന് ഓർക്കുന്നു. ഇനി ജീവിക്കണ്ട. ആർക്കുവേണ്ടി ജീവിക്കണം? എന്തിനുവേണ്ടി ജീവിക്കണം? എന്നെ ആർക്കുവേണം? ഞാൻ ജീവിക്കണമെന്ന് ആർക്കാണ് നിർബ്ബന്ധം? ഞാനങ്ങ് മരിച്ചേക്കാം. ഇങ്ങനെയെല്ലാം ചിന്തിക്കുന്ന ആളുകളുണ്ട്. ഞാൻ മരിച്ച് ഒഴിവായാൽ പിന്നെയാർക്കും എന്നെക്കൊണ്ട് വിഷമം ഉണ്ടാവില്ലല്ലോ. ആത്മഹത്യചെയ്യുന്നതിന്റെ പിന്നിൽ നിരാശ മാത്രമല്ല, വലിയ വൈരാഗ്യമുണ്ട്. ആത്മഹത്യ ആരോടോ ഉള്ള പക തീർക്കലാണ്.

ആത്മഹത്യയുടെ പിന്നിൽ ആരോടോ പ്രതികാരം ചെയ്യുകയാണ്. ആത്മഹത്യയുടെ പിന്നിൽ അസൂയ ഉണ്ട്. വിദ്വേഷമുണ്ട്, അല്ലെങ്കിൽ സ്പർദ്ധയുണ്ട്. ഇതെല്ലാം പാപങ്ങളാണ്. ദൈവം തന്ന പ്രാണനെ നശിപ്പിക്കാൻ നമുക്കവകാശ

മില്ല. ഞാൻ സ്വയം മരിക്കുമെന്ന് ആരും ഒരിക്കൽ പോലും ചിന്തിച്ചുപോകരുത്. എന്തു കഷ്ടത വന്നാലും ശരി, അസഹ്യ മായ, രൂക്ഷമായ പ്രശ്നങ്ങൾ വന്നാലും ശരി മരിക്കണമെന്ന് ചിന്തിച്ചു പോകരുത്.

കർത്താവേ, എനിക്ക് ആയുസ്സ് നീട്ടിത്തരണേ എന്ന് പ്രാർത്ഥിക്കണം. എനിക്ക് വിശുദ്ധിയെ തികയ്ക്കണം, വേലയെ തികയ്ക്കണം. കർത്താവേ, എനിക്ക് നിന്നെ സ്തുതിച്ചു സ്തുതിച്ച് സ്തുതിയെ തികയ്ക്കണം.

കർത്താവ് നിങ്ങളുടെ അരികത്തു നിൽക്കുന്നത് വിശ്വാ സത്തോടെ കണ്ടുകൊണ്ട് നിങ്ങൾ പറയണം: കർത്താവേ, എന്റെ ഹൃദയത്തിലെ ഭയപ്പാട് മാറ്റുന്ന വചനം തരണമേ. എന്റെ ഉള്ളത്തിലെ ഭീതി മാറ്റിത്തരണമേ, ആശങ്ക മാറ്റിത്തര ണമേ, നിരാശകൾ മാറ്റിത്തരണമേ. കർത്താവേ, നിന്റെ വലംകൈ എന്റെമേൽ ഒന്ന് വയ്ക്കണമേ. നൂറ്റാണ്ടുകൾ, നൂറ്റാ ണ്ടുകൾക്കുമുമ്പ് അപ്പൊസ്തലനായ യോഹന്നാന്റെമേൽ വച്ച ആ വലംകരം, പത്മൊസ് ദ്വീപിൽ ഏകാകിയായിരുന്ന നിന്റെ പ്രിയശിഷ്യന്റെ അരികിലേക്ക് വന്ന് അവന്റെമേൽ വച്ച ആ വലംകരം ഇപ്പോൾ ഈ നിസ്സാര പാപിയായ എന്റെമേൽ ഒന്നു വയ്ക്കണമേ.

എന്നെ ഒന്നു തൊടണമേ കർത്താവേ. നീ തൊട്ടാൽ ഞാൻ ഭാഗ്യവാനാകും. ഞാൻ ഭാഗ്യവതിയാകും. തൃക്കരം തൊട്ടാൽ എന്റെ സ്വഭാവമാകെ രൂപാന്തരപ്പെടും. ഞാൻ അനു ഗൃഹീതനാകും. നിന്നെ തൊട്ടവരേയും നീ തൊട്ടവരേയും കർത്താവേ, നീ സൗഖ്യമാക്കിയല്ലോ. അതുകൊണ്ട് ഇപ്പോൾ തന്നെ നിന്നെ തൊടുവാൻ എനിക്കു ഭാഗ്യം തരണമേ. എന്നെ അനുഗ്രഹിക്കണമേ. എന്നെ നിന്റെ മകളും മകനും നിന്റെ അവകാശിയും ആക്കിത്തീർക്കണമേ.

# ആറ്

*"അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെമേൽ വച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക."* *വെളിപ്പാട് 1 : 17 – 20*

വലിയൊരു ശുശ്രൂഷ ഏല്പിക്കുന്നതിനുമുമ്പ് ഭയപ്പാടെല്ലാം മാറ്റിക്കൊടുക്കുകയാണ്. വലിയൊരു ശുശ്രൂഷയാണ് ഭരമേൽപ്പിക്കുന്നത്. നീ കണ്ടത് എഴുതണം, ഇപ്പോൾ ഉള്ളത് എഴുതണം, ഇനി സംഭവിപ്പാനുള്ളതും എഴുതണം.

"നീ ഭൂതകാലത്തെ കാര്യങ്ങൾ എഴുതണം: വർത്തമാനകാലത്തെ കാര്യങ്ങൾ എഴുതണം. ഭാവികാലത്തെ കാര്യങ്ങൾ എഴുതണം." ഇതെല്ലാം നിന്നെ ഞാൻ ഏല്പിക്കുകയാണ്. വലിയൊരു ശുശ്രൂഷ! യേശുക്രിസ്തുവിന്റെ ശുശ്രൂഷ ഏല്പിക്കുന്നതിനു മുമ്പ് ആകുലങ്ങളും ഭീതികളും ഭാരങ്ങളും എല്ലാം അകറ്റിത്തരികയാണ്.

എന്തിനു ഭയപ്പെടണം? എല്ലാ ഭീതിയും മാറ്റാൻ യേശു ഉണ്ട്.

നൂറ്റാണ്ടുകൾ, നൂറ്റാണ്ടുകളിലേക്കു പകർന്നു കൊടുക്കുന്നതിനായി എഴുതി വയ്ക്കുവാൻ അപ്പൊസ്തലനെ ദൈവം ഭരമേല്പിക്കയാണ്. അതിനാണ് സ്വർഗ്ഗീയദർശനം കൊടുത്തത്.

മോനേ, നിനക്ക് ആയുസ്സ് നീട്ടിത്തന്നത് എന്തിനാണെന്നറിയാമോ? മകളേ, ഒരു മഹാരോഗം വന്നിട്ടും ആ രോഗത്തിൽ തകർന്നുപോകാതെ നീ ഇന്നും ജീവനോടെ ഇരിക്കുന്നത് എന്തിനാണെന്നറിയാമോ? ആത്മഹത്യക്കുവേണ്ടി ശ്രമിച്ചിട്ടും ആത്മഹത്യ നടക്കാതിരുന്നത് എന്തുകൊണ്ടാണ്? നിനക്കൊരു വലിയ ശുശ്രൂഷ വച്ചിട്ടുണ്ട്.

നീ തകർന്നുപോയി എന്ന് മറ്റുള്ളവരെല്ലാം കരുതിയപ്പോൾ, നാട്ടുകാരും അയൽക്കാരും സ്വന്തക്കാരും ബന്ധുക്കളും ഒരുപക്ഷേ, നിന്റെ കൂടെ പഠിച്ചവരും നിന്റെ കൂടെ ജോലി ചെയ്തവരും എല്ലാം നിന്റെ കാര്യം തീർന്നു എന്നു വിചാരിച്ചപ്പോൾ നീ പിന്നെയും എഴുന്നേറ്റുവന്നത് എന്തുകൊണ്ടാണെന്നറിയാമോ? കാരണം, നിനക്കൊരു ശുശ്രൂഷ വച്ചിട്ടുണ്ട്. നിനക്കൊരു വേലയുണ്ട്. ക്രിസ്തുവിന്റെ ശുശ്രൂഷ, തലമുറകൾ തലമുറകളിലേക്കു പകരുന്ന ശുശ്രൂഷ.

നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എഴുതി വയ്ക്കണം. പ്രവചനശുശ്രൂഷ! വരും കാലത്തേക്കുള്ള, ബഹുകാലത്തേക്കുള്ള പ്രവചനങ്ങൾ നിന്നെ ഭരമേല്പിക്കാൻ പോകുന്നു. തലമുറകൾക്കു കൈമാറാൻ വേണ്ടി അതു നീ എഴുതി വയ്ക്കണം.

അപ്പൊസ്തലൻ ചിന്തിക്കുകയാണ്: നല്ല വാർദ്ധക്യമായി. ഇനി എന്തു ശുശ്രൂഷയാണ് എനിക്ക്!

ഏലിയാപ്രവാചകൻ മരുഭൂമിയിൽക്കൂടി ഓടുകയാണ്. ഈ ഭക്തനായ ദൈവപൈതലിന് എന്തുപറ്റി? ഏലിയാവ് ഓടിയോടി തളർന്നു. മണലാരണ്യത്തിൽക്കൂടിയുള്ള ഓട്ടം! ഭാഗ്യം! അപ്പോൾ അവിടെ ഒരു ചൂരച്ചെടി കണ്ടു. ചൂരച്ചെടിയുടെ തണ

ലിൽ അല്പനേരം ഇരുന്നു. ഏലിയാവ് ക്ഷീണിതനായി പറഞ്ഞു: കർത്താവേ, എന്നെയങ്ങ് എടുത്തുകൊള്ളണമേ!

എന്താണീ പറയുന്നത്? ഈസേബെലിനെ വിറപ്പിച്ചവൻ തളർന്നുപോയോ? ആഹാബ് രാജാവിന്റെ മുമ്പിൽ നല്ല ധീരതയോടെ നിന്നവൻ തളർന്നുപോയോ? രാജാവ് ഞെട്ടിവിറയ്ക്കത്തക്കവണ്ണം രാജാവിന്റെ മുമ്പാകെ ശക്തമായി സംസാരിച്ച ദൈവത്തിന്റെ വചനം നാവിലുള്ളവൻ തളർന്നുപോയോ? ഏലിയാവ് തളർന്നുപോയി! ദൈവപുരുഷൻ തളർന്നു പോയി! പ്രവചനത്തിന്റെ ആത്മശക്തി പ്രാപിച്ചവൻ തളർന്നുപോയി!

കർമ്മേലിലെ വലിയൊരു ശുശ്രൂഷകഴിഞ്ഞ്, മൂന്നര ക്കൊല്ലം മഴ പെയ്യാത്ത ദേശത്ത് മഴ പെയ്യിച്ച്, പ്രാർത്ഥനയിൽ അത്ഭുതം പ്രവർത്തിക്കാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ട ഏലിയാപ്രവാചകൻ തളർന്നുപോയി! ക്ഷീണിതനായിപ്പോയി! കാരണം, ഒരുവാക്കാണ് അവനെ വിഷമിപ്പിച്ചത്. ഈസേബെൽ പറഞ്ഞു: ഏലിയാവിന്റെ ശരീരത്തിൽനിന്ന് ജീവൻ വേർപെടുംവരെ ഇനി എനിക്ക് വേറൊരു പരിപാടിയില്ല. ഞാൻ അവനെ കൊല്ലും. അവനെ കൊല്ലാതെ ഞാൻ അടങ്ങുകയില്ല. ഈസേബെൽ എന്നു പറയുന്ന ദുഷ്ടസ്ത്രീ, അവർ ഏലിയാവിനെ പകച്ചു. കൊല്ലുമെന്നു പറഞ്ഞു. കൊല്ലുമെന്നു പറഞ്ഞാൽ പേടിക്കേണ്ട ആളാണോ ഏലിയാവ്?

ആഹാബ് രാജാവ് അനേകം പടയാളികളെ അയച്ചിട്ടും ഏലിയാവിനെ പിടികിട്ടിയില്ല. അങ്ങനെയിരിക്കെ ഏലിയാവിനെ കൊല്ലുമെന്ന് ആ ദുഷ്ടസ്ത്രീയായ ഈസേബെൽ പറഞ്ഞാൽ പേടിക്കേണ്ട ആവശ്യമുണ്ടോ? എന്തുകൊണ്ടോ പേടിച്ചുപോയി. കാരണം, ഏലിയാവ് നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു.

ഏലിയാവ് തളർന്നുപോയി: മതി, യഹോവേ മതി. എന്റെ പ്രാണനെ എടുത്തു കൊള്ളണമേ. ഇത്രയൊക്കെ ശുശ്രൂഷ ചെയ്തില്ലേ? മഴ പെയ്തു. നാട്ടിൽ പ്രയാസങ്ങളൊക്കെ മാറി.

ഞാൻ പ്രാർത്ഥിച്ചു, നീ പ്രാർത്ഥന കേട്ടു. ബാൽ വിഗ്രഹങ്ങ ളുടെ ആരാധനക്കാരെ ഒന്നമർത്താൻ സാധിച്ചു, നന്നായി. ആഹാബ് രാജാവിന്റെ വിഗ്രഹാരാധനയെ ചെറുക്കാൻ സാധിച്ചു, നന്നായി. ഇത്രയൊക്കെ എന്നെക്കൊണ്ടു സാധിച്ചു. ഇനി ഞാൻ എവിടെയെങ്കിലും മരിച്ചു വീണാൽ മതി.

ദൈവം ഏലിയാവിന്റെ യാത്രയെല്ലാം ദു:ഖത്തോടെ, വേദനയോടെ നോക്കിക്കൊണ്ടിരുന്നു. ഏലിയാവ് ക്ഷീണിത നായപ്പോൾ കർത്താവിന് സങ്കടം. ക്ഷീണിക്കാൻ പാടില്ലാത്ത, തളരാൻ പാടില്ലാത്ത പ്രവാചകൻ തളർന്നുപോയിരിക്കുന്നു. ദൈവപൈതലേ, നീ മൂലം, നിന്റെ ഒരു പ്രവൃത്തി മൂലം ദൈവ നാമം ദുഷിക്കപ്പെടാൻ ഇടവരരുത്.

ഏലിയാവ് ഇതൊന്നും ചിന്തിച്ചില്ല. മതി യഹോവേ മതി. എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ എന്നുപറഞ്ഞു കൊണ്ട് ചൂരച്ചെടിയുടെ തണലിൽ കിടന്നു. അപ്പോഴിതാ ദൂതൻ വന്ന് വിലാപ്പുറത്തു തട്ടി. ഏലിയാവേ, എഴുന്നേൽക്കുക. നിനക്ക് അപ്പവും കുറേ വെള്ളവും കൊണ്ടുവന്നിട്ടുണ്ട്. എഴു ന്നേറ്റ് കുടിക്കുക, തിന്നുക. ഏലിയാവ് അപ്പം തിന്നു. വെള്ളവും കുടിച്ചശേഷം പിന്നെയും തിരിഞ്ഞുകിടന്നുറങ്ങി.

ഒന്നുണർന്നു പക്ഷേ, പിന്നെയും ഉറങ്ങിപ്പോയി. അത്ര മാത്രം ആത്മാവിൽ മാന്ദ്യം വന്നുപോയി. ദൈവദൂതൻ തട്ടി ഉണർത്തിയിട്ടും വീണ്ടും ഉറങ്ങിപ്പോയി.

വീണ്ടും ദൈവം വന്നു. നോക്കൂ, ദൈവത്തിന്റെ സ്നേഹം! വീണുപോയവരെ എഴുന്നേൽപ്പിക്കാനുള്ള ദൈവ ത്തിന്റെ സ്നേഹം! തളർന്നുപോയവനെ എഴുന്നേൽപ്പിക്കാ നുള്ള ദൈവത്തിന്റെ സ്നേഹം! ക്ഷീണിതനെ ബലശാലിയാ ക്കാനുള്ള ദൈവത്തിന്റെ സ്നേഹം! കർത്താവ് പിന്നേയും വന്നു. ദൂതൻ വന്നു, വിലാപ്പുറത്ത് തട്ടി.

പഴയനിയമത്തിൽ പലയിടത്തും ദൂതൻ എന്നു പറയു ന്നത് യേശുക്രിസ്തുവിന്റെ പ്രതിരൂപമാണ്. കർത്താവ് വന്ന്

ഏലിയാവെ പിന്നെയും എഴുന്നേൽപ്പിച്ചു. പിന്നെ ചോദിച്ചത് ഗൗരവമുള്ള ചോദ്യമാണ്: "ഏലിയാവേ, ഇവിടെ നിനക്ക് എന്തുകാര്യം?" നീ ഇവിടെ കിടന്നുറങ്ങേണ്ടവനാണോ? നീ മരിച്ചുപോകേണ്ടവനാണോ? നീ വേണം ഏലീശായെ അഭിഷേകം ചെയ്യാൻ. നിന്നിൽ ഇനിയും ശുശ്രൂഷ ഞാൻ കണ്ടിട്ടുണ്ട്. അടുത്ത പ്രവാചകനെ അഭിഷേകം ചെയ്തിട്ടു വേണം നീ ഈ ഭൂമിയിൽനിന്നു മാറ്റപ്പെടാൻ. നിനക്ക് വലിയ വേലയുണ്ട്, വലിയ ശുശ്രൂഷയുണ്ട്.

പ്രിയപ്പെട്ടവരേ, വലിയൊരു വേല നമ്മുടെ മുന്നിലുണ്ട്. ഒരു അനുഗൃഹീതമായ ശുശ്രൂഷക്കുവേണ്ടി ദൈവം നിങ്ങളെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. എനിക്കു കഴിവില്ല, വിദ്യാഭ്യാസമില്ല, എനിക്ക് പ്രാപ്തിയില്ല, വാക്ചാതുര്യമില്ല, എനിക്ക് ഭാഷയില്ല എന്നു നിങ്ങൾ പറയരുത്. എനിക്ക് ആരോഗ്യമില്ല എന്നു പറയരുത്.

ഉള്ള ആരോഗ്യം കൊണ്ട് നീ വേല ചെയ്യുക. ഉള്ള ശബ്ദം കൊണ്ട് നീ വേല ചെയ്യുക. ഉള്ള കരുത്തുകൊണ്ട് നീ വേല ചെയ്യുക. യേശുക്രിസ്തുവിന്റെ വേല! അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിക്കാൻ ദൈവം നിന്നെ കണ്ടിരിക്കുകയാണ്. നീ എഴുന്നേറ്റ് ദൈവത്തിന്റെ വേലചെയ്യുവാൻ ഉത്സാഹത്തോടെ മുന്നോട്ടു വരിക.

ഏലിയാവ് ഈ പ്രാവശ്യം എഴുന്നേറ്റു. ഏലിയാവേ, ഇവിടെ നിനക്കെന്തുകാര്യം? നിനക്ക് ഇനിയും ദീർഘദൂരം യാത്രചെയ്യുവാനുണ്ട്. നിന്റെ ജീവിതം തീർന്നെന്നു പറയരുത്. ഇവിടെ തീർക്കേണ്ടതല്ല, ഇവിടെ മടിച്ചു നിൽക്കേണ്ടതല്ല, മടുത്തു കിടക്കേണ്ടതല്ല നിന്റെ ജീവിതം. നിനക്കിനിയും ബലമുണ്ട്. ഏലിയാവ് എഴുന്നേറ്റു നടന്നു. ഈ പ്രാവശ്യം ഏലിയാവിനു ശക്തി കിട്ടി. നാൽപ്പതു രാവും നാൽപ്പതു പകലും ഏലിയാവ് മരുഭൂമിയിൽ കഴിച്ചുകൂട്ടിയ കാലങ്ങൾ ആത്മനിറവിന്റെ കാലങ്ങളായി മാറി. ഉപവാസത്തിന്റെ ദിവസങ്ങൾ കഴിഞ്ഞ് ഏലിയാവ് ഇരട്ടി ശക്തിയോടെ എഴുന്നേറ്റു.

നിങ്ങൾ ഒരു കാരണവശാലും ആത്മീയജീവിതത്തിൽ മടുത്തുപോകരുത്. മതി എന്നു പറയരുത്. കർത്താവേ, ഞാൻ നിർത്തുന്നു എന്ന് പറയരുത്. നാഥാ, നിന്റെ ശക്തി തരണമേ, നിന്റെ ബലം തരണമേ, നിന്റെ കൃപ തരണമേ എന്നു പ്രാർത്ഥിക്കൂ. യേശുവേ, നിന്റെ ആത്മാവ് എന്റെ മേൽ ഇറങ്ങണമേ, നിന്റെ ആത്മാവ് എന്റെ മേൽ വരണമേ, നിന്റെ അഭിഷേകം എന്റെ മേൽ പകരണമേ എന്നു പ്രാർത്ഥിക്കൂ.

എന്നെ ആർക്കും വേണ്ടാ, എന്നെ ആർക്കും വിലയില്ല, എന്നെക്കുറിച്ച് ആർക്കും ഒരു മതിപ്പില്ല എന്നു പറയരുത്. മകനേ, നിന്നെക്കുറിച്ച് ദൈവത്തിനു മതിപ്പുണ്ട്. നിന്നെ ദൈവത്തിനറിയാം, നിന്റെ കഴിവറിയാം, നിന്റെ കഴിവുകേട് എന്തെന്നറിയാം. നിന്റെ ബലം അറിയാം, നിന്റെ ബലഹീനത എന്താണെന്നറിയാം. മകനേ, നീ ഒന്നിലും മടുത്തുപോകരുത്. നീ ഉത്സാഹത്തോടെ മുന്നോട്ടു വരിക. അത്യുത്സാഹത്തോടെ മുന്നോട്ടു വരിക. ശുശ്രൂഷ ഇനിയുമുണ്ട്. വേല ഇനിയുമുണ്ട്.

യോഹന്നാൻ അപ്പൊസ്തലന് ദൈവം ശുശ്രൂഷ ഏൽപ്പിക്കുന്നതിനുമുമ്പ് ഭയപ്പാട് മാറ്റിക്കൊടുത്തു. ഏലിയാവിനെ വലിയ ശുശ്രൂഷ ഭരമേല്പിക്കുന്നതിനുമുമ്പ് ദൈവം ക്ഷീണം മാറ്റിക്കൊടുത്തു. സ്നേഹവാനായ ദൈവം അങ്ങനെയാണ്. ആത്മീയജീവിതത്തിൽ തളർച്ച വരാം. വരില്ലെന്നു ഞാൻ പറയില്ല. ആത്മീയജീവിതത്തിൽ ക്ഷീണം വരാം. ആത്മീയജീവിതത്തിൽ മാന്ദ്യം വരാം. ചിലപ്പോൾ, ചില അവസരങ്ങളിൽ അങ്ങനെ വരാം.

ഒരിക്കൽ മാർട്ടിൻ ലൂഥർ ക്ഷീണിച്ചുപോയി. എല്ലായിടത്തുനിന്നും എതിർപ്പ്. മാർട്ടിൻ ലൂഥറിന്റെ ജീവൻ അപഹരിക്കാൻ അന്നത്തെ സമൂഹം വളരെ ശത്രുതയോടെ വരികയാണ്. അന്നത്തെ രാജാവ് എതിർക്കുകയാണ്. പട്ടാളക്കാർ പിടികൂടാൻ വരികയാണ്. മാത്രമല്ല, വിശ്വാസികളുടെ ഇടയിൽ തന്നെ ഭിന്നത. മാർട്ടിൻ ലൂഥറിന്റെ വിശ്വാസത്തെക്കുറിച്ചുള്ള സംശയം. വേദപുസ്തകത്തിൽ യാക്കോബിന്റെ ലേഖനത്തെ

ക്കുറിച്ച് മാർട്ടിൻ ലൂഥർ പറഞ്ഞ അഭിപ്രായത്തെ എതിർക്കുന്ന ചില ആളുകൾ ഉണ്ടായിരുന്നു.

മാർട്ടിൻ ലൂഥർ യാക്കോബിന്റെ ലേഖനത്തെക്കുറിച്ച് പറഞ്ഞത്, ഇത് വിലയില്ലാത്ത ഒരു പുസ്തകമാണെന്നാണ്. അതു തെറ്റായിപ്പോയി. അങ്ങനെ പറയാൻ പാടില്ലായിരുന്നു. എന്നാൽ അതിനെ എതിർത്തുകൊണ്ട് വേറൊരു കൂട്ടം ആളുകൾ എഴുന്നേറ്റു: ഇത് ഏറ്റവും മനോഹരമായ പുസ്തകമാണ്, പ്രായോഗികമായ പുസ്തകം ആണെന്ന് വാദിച്ചു. 'വൈക്കോലിന്റെ ലേഖനം' എന്നാണ് മാർട്ടിൻ ലൂഥർ യാക്കോബിന്റെ ലേഖനത്തെക്കുറിച്ച് പറഞ്ഞത്. ആത്മീയരുടെ ഇടയിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ടായി, എതിർപ്പുണ്ടായി. മാർട്ടിൻ ലൂഥർ തളർന്നുപോയി, ക്ഷീണിതനായി, പ്രാർത്ഥന കുറഞ്ഞു. പ്രാർത്ഥിക്കാൻ താല്പര്യമില്ല. ആത്മീയമായ മാന്ദ്യം.

മുമ്പെല്ലാം ഏതു പ്രതിസന്ധിയേയും തൃണവൽഗണിച്ചുകൊണ്ട് മുന്നോട്ടുപോയിരുന്ന മാർട്ടിൻ ലൂഥർ ഇപ്പോൾ തളർന്ന് അവശനായിപ്പോയി. ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ മാർട്ടിൻ ലൂഥറിന്റെ ഭാര്യ ഒരു കറുത്ത ഗൗൺ ധരിച്ചുകൊണ്ട് വന്നിരിക്കുന്നു. ആകെ കറുത്ത വസ്ത്രം. മാർട്ടിൻ ലൂഥർ ഞെട്ടിപ്പോയി. അവിടെ ഏറ്റവും പ്രിയപ്പെട്ടവർ ആരെങ്കിലും മരിക്കുമ്പോഴാണ് കറുത്ത വസ്ത്രം ധരിക്കുന്നത്. അയ്യോ, ആരാണ് മരിച്ചത്? ഭാര്യ കരയാൻ തുടങ്ങി. മരിച്ചുപോയി എന്നു പറഞ്ഞ് അവൾ കരയാൻ തുടങ്ങി. ആരാണ് മരിച്ചത്, പറയൂ ആരാണ്? അവൾ പറഞ്ഞു: കർത്താവ് മരിച്ചുപോയി. നീ എന്താണീ പറയുന്നത്! കർത്താവ് മരിച്ചോ?

"അതെ, യേശുതമ്പുരാൻ മരിച്ചുപോയി." "എന്തു വിഡ്ഢിത്തമാണീ പറയുന്നത്? യേശു മരിക്കുമോ?" "യേശു മരിച്ചതുകൊണ്ടല്ലേ എന്റെ ഭർത്താവ് ഇത്ര ക്ഷീണിതനായിപ്പോയത്? യേശു ജീവനോടുകൂടി ഉണ്ടായിരുന്നെങ്കിൽ എന്റെ ഭർത്താവ് ഇങ്ങനെ തളർന്നിരിക്കില്ലല്ലോ." അവൾ പറഞ്ഞു.

മാർട്ടിൻ ലൂഥർ ചാടി എഴുന്നേറ്റു: “എന്റെ കർത്താവ് മരിച്ചിട്ടില്ല, മരിക്കയുമില്ല.” മാർട്ടിൻ ലൂഥർ ഉത്സാഹത്തോടെ മുന്നോട്ടു വന്നു. പിന്നെയായിരുന്നു വലിയ ഒരു പടയോട്ടം! വിശ്വാസത്തിനുവേണ്ടിയുള്ള, വിശ്വാസത്തിന്റെ മഹത്വത്തിനു വേണ്ടിയുള്ള പോരാട്ടം! ശക്തിയേറിയ ദൂതുകൾ അറിയിച്ച് മാർട്ടിൻ ലൂഥർ നവീകരണ പ്രസ്ഥാനം തുടങ്ങി.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ തളർച്ച വരാം. എന്നാൽ തളർച്ച മാറ്റാൻ യേശുക്രിസ്തു നിങ്ങളുടെ അരികത്തുണ്ടെന്ന് വിശ്വസിക്കുക.

ആത്മീയജീവിതത്തിൽ മുന്നോട്ടു വന്നിട്ടുള്ള ദൈവമക്കളിൽ പലർക്കും ക്ഷീണമുണ്ടായിട്ടുണ്ട്. ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. താഴ്‌വരയുടെ അനുഭവം ഉണ്ടായിട്ടുണ്ട്. തളർച്ചയുടെ അനുഭവം ഉണ്ടായിട്ടുണ്ട്. ദാവീദുപോലും തളർന്നുപോയി. ദാവീദ് പാപത്തിലാണ് തളർന്നത്. ഒരിക്കലും വരരുതാത്ത പാപം ദാവീദിന്റെ ജീവിതത്തിൽ വന്നു. ദാവീദ് തളർന്നുപോയി.

എന്നാൽ ഒരിക്കലും തളരാതെ പോയിട്ടുള്ള രണ്ടു കഥാപാത്രങ്ങളെ വേദപുസ്തകത്തിൽ കാണാം. ഒന്ന് യോസേഫ്, മറ്റൊന്ന് ദാനീയേൽ. ഒരിടത്തും തളർന്നില്ല. തളർന്ന ചരിത്രമില്ല. സ്ഥിരമായിട്ട് മുന്നോട്ടു പോയി. ഒരിക്കലും വാട്ടം വന്നില്ല.

ഞാൻ കൊതിക്കുകയാണ്: കർത്താവേ, ഒരിക്കലും വാട്ടം വരാതെ പോകുവാൻ കൃപ തരണമേ. ഒരിക്കലും ക്ഷീണം വരാതെ മുന്നോട്ടു പോകുവാൻ കൃപ തരണമേ. ഒരിക്കലും തളരാതെ ഓടാൻ കൃപ തരണമേ.

ശക്തിയെ പുതുക്കിക്കൊണ്ട് ഓടാൻ പറ്റും. കഴുകൻ വളരെ പ്രായമായിക്കഴിയുമ്പോൾ പാറയുടെ മുകളിലേക്കു പോകും. പാറയുടെ ഇടുക്കിൽ ഇരുന്നുകൊണ്ട് പാറയിൽ തന്റെ ചിറക് ഉരയ്ക്കും. ആഹാരം കഴിക്കാതെ, ഇരതേടാതെ

ഒറ്റയ്ക്കിരുന്ന് ചിറക് പാറയിൽ ഉരച്ചുകൊണ്ടിരിക്കും. ചിറക് ഉരച്ചുരച്ചു വരുമ്പോൾ ചിറകിലെ തൂവലുകൾ കൊഴിഞ്ഞു പോകും. പക്ഷേ, ഏതാനും ദിവസം കഴിയുമ്പോൾ പുതിയ തൂവലുകൾ മുളച്ചുവരും. അപ്പോൾ കഴുകന് യൗവ്വനത്തിന്റെ ബലം കിട്ടുകയാണ്. വൃദ്ധനായ കഴുകൻ യൗവ്വനത്തിന്റെ ബലം വീണ്ടും ധരിക്കുകയാണ്; പുതുബലം ധരിക്കുകയാണ്. അതാണ് വേദപുസ്തകം പറയുന്നത്:

> *"ബാല്യക്കാർ ക്ഷീണിച്ച് തളർന്നുപോകും; യൗവ്വനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും."*
>
> *യെശയ്യാവ് 40 : 30, 31*

പുതുബലം ധരിക്കുക. ഇന്ന് നിങ്ങൾ പുതുബലം ധരിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. നിങ്ങൾ യേശുവിനോട് പറയണം: യേശുവേ, എന്റെമേൽ നിന്റെ പുതിയ ബലം പകരണമേ. പുതിയ ശക്തി പകരണമേ. പുതിയ ആത്മാവിനെ പകരണമേ. എനിക്ക് ഒരു പുതിയ ഹൃദയം തരണമേ. യേശുവിന്റെ മനസ്സു തരണമേ. യേശുവിന്റെ മനോഭാവം തരണമേ. നിന്റെ പരിശുദ്ധാത്മാവ് എന്റെമേൽ ആവസിക്കണമേ. തീയാകുന്ന ആത്മാവ് ഈ നിസ്സാര മനുഷ്യന്റെ മേൽ ഇറങ്ങി വരണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ, പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരും. പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ഒരുകാര്യം മാത്രം ചെയ്താൽ മതി. മേലിൽ പാപം എന്നു തോന്നുന്ന യാതൊന്നിനും ഞാൻ ഇടം കൊടുക്കുകയില്ല. കർത്താവേ, എനിക്ക് ഈ നിത്യനിധി വേണം, നിത്യ ശാന്തി വേണം, നിത്യ സമ്പത്തു വേണം, സ്വർഗ്ഗീയ നൽവരം വേണം. നിന്റെ പരിശുദ്ധാത്മാവ് എന്റെ മേൽ വരണം.

നിങ്ങൾ വിശ്വസിക്കൂ. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നാൽ നിങ്ങളുടെ പല രോഗങ്ങളും മാറും. മാറാത്ത തലവേദനകൾ, വിട്ടുമാറാത്ത വയറുവേദനകൾ മാറും. നിങ്ങളുടെ ശരീരത്തിൽ ഒരു പക്ഷേ, നിങ്ങളുടെ അകത്തെ അവയവങ്ങളിൽ, യൂട്രസ്സിലോ മറ്റോ ഉള്ള മുഴകൾ മാറും. സന്ധിവേദനകൾ മാറും. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നാൽ നിങ്ങളുടെ ആസ്ത്മാരോഗങ്ങൾ മാറും. ക്യാൻസർ രോഗങ്ങൾ മാറും.

പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ അത്ഭുതങ്ങൾ സംഭവിക്കുന്നു. അസ്ഥികൾക്ക് ബലം ലഭിക്കുന്നു. ബുദ്ധി തെളിയുന്നു. പഠിക്കാൻ സമർത്ഥരായിത്തീരുന്നു, നല്ല ബുദ്ധിശാലികളായിത്തീരുന്നു. പരിശുദ്ധാത്മാവ് വരുമ്പോൾ കുടുംബത്തിൽ സമാധാനം ഉണ്ടാകുന്നു.

നിങ്ങൾ പരിശുദ്ധാത്മാവിനുവേണ്ടി ദാഹിക്കുമോ? ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്നുകുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് യേശു വിളിച്ചു പറഞ്ഞു.

ദാഹമുണ്ടോ? നിങ്ങൾക്ക് ഓടിവരാം. യേശുക്രിസ്തുവിന്റെ സന്നിധിയിൽ അണഞ്ഞുകൊണ്ടു നിങ്ങൾക്കു പ്രാർത്ഥിക്കാം: കർത്താവേ, ഇന്നുമുതൽ ഞാൻ പാപമില്ലാതെ ജീവിക്കും. നാഥാ, നിന്റെ പരിശുദ്ധാത്മാവിനെ എന്റെമേൽ ഊതണമേ. പരിശുദ്ധാത്മാവ് എന്റെമേൽ ഇറങ്ങി ആവസിക്കണമേ. എന്റെ സിരകളിലൂടെ പരിശുദ്ധാത്മാവിന്റെ തീ ഒഴുകണമേ. നാഥാ, ശരീരമാസകലം പരിശുദ്ധാത്മാവിന്റെ തീയുടെ പ്രസരം ഉണ്ടാകണമേ. നാഥാ, നിന്റെ പരിശുദ്ധാത്മാവ് എന്നിലൂടെ ആവസിച്ച് ആത്മനിറവിൽ നിന്നെ സ്തുതിപ്പാൻ എനിക്കു ഭാഗ്യം തരണമേ.

# ഏഴ്

*“അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെമേൽ വച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. ”*

*വെളിപ്പാട് 1 : 17, 18*

ആശ്വാസകരമായ ഒരു ദൂതാണ് അപ്പൊസ്തലനായ യോഹന്നാന് ഇപ്പോൾ പത്മൊസ് ദ്വീപിൽ ലഭിക്കുന്നത്. പത്മൊസിലേക്ക് നാടുകടത്തപ്പെട്ട് ഏകാകിയായി വേദനാഭരിതമായ ജീവിതം നയിച്ചുകൊണ്ടിരിക്കുമ്പോൾ, കർത്താവായ യേശുക്രിസ്തു തേജോമയനായി അപ്പൊസ്തലന് വെളിപ്പെട്ടു. അപ്പൊസ്തലന്റെ വലംകരത്തിൽ പിടിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തു പറഞ്ഞു: ‘ഭയപ്പെടേണ്ടാ.’ യേശുക്രിസ്തു വന്നാൽ നമ്മുടെ ഭയം മാറും.

മനുഷ്യസമൂഹം ഇന്ന് പലതരത്തിലുള്ള ഭയവിഹ്വലതയിലാണ്; അശാന്തിയിലാണ്. പലതരത്തിൽ ദു:ഖതപ്തമായ ജീവിതം നയിച്ചുകൊണ്ടിരിക്കുകയാണ്. ഭീതിയും ആശങ്കയും ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്നു. നാളെയെക്കുറിച്ചുള്ള ആശങ്കകൾ, ഉത്കണ്ഠാകുലമായ ചിന്തകൾ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

അനേകമനേകം പ്രശ്നങ്ങൾ നമ്മെ വലയം ചെയ്യുന്നു.

ഒരു ചുവട് മുന്നോട്ടു വയ്ക്കാൻ വയ്യാത്ത തരത്തിൽ നമ്മുടെ ജീവിതം വഴിമുട്ടി നിന്നുപോകുന്നു. ഭയമാണ് നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നത്. പുറമേ ഭയമില്ലെന്നു ഭാവിച്ചാൽ തന്നെയും നമ്മുടെ ഉള്ളിൽ പലകാര്യങ്ങളിലുള്ള ആശങ്കകളുണ്ട്. പല തരത്തിലുള്ള ഭീതികളുണ്ട്.

ജീവിതത്തിലെ ഭയപ്പാടുകളിൽ നിന്നും മോചനം കിട്ടുവാനാണ് നാം പലപ്പോഴും തിരുവചനം വായിക്കുന്നത്. വചനം വായിക്കുകയും വചനം കേൾക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഭയപ്പാട് മാറും. ക്രിസ്തുവിന്റെ ശബ്ദം ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ ഭീതി മാറും, ആശങ്കകൾ മാറും, നമ്മുടെ ആവലാതികളും മാറും. കാരണം, വചനമാകുന്ന ദൈവം നമ്മുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുകയാണ്.

വചനം വായിക്കുമ്പോൾ നമുക്കൊരാശ്വാസം കിട്ടുന്നു. അതുകൊണ്ടാണ് ദൈനംദിന ജീവിതത്തിൽ വിഷമിച്ചു പോകുന്ന സന്ദർഭങ്ങളിൽ, പ്രതിസന്ധികളുടെ മുമ്പിൽ തളർന്നു പോകുന്ന സമയങ്ങളിൽ നാം വചനം വായിക്കുന്നത്. ചില വാക്യങ്ങൾ നമ്മുടെ ഹൃദയത്തിൽ അസ്ത്രം പോലെ കയറുകയും ഹൃദയത്തിൽ ആശ്വാസമരുളുകയും ചെയ്യും. വചനം നമ്മുടെ ഹൃദയത്തെ തഴുകുന്നു. നമ്മുടെ മനസ്സിന് ആശ്വാസം ലഭിക്കുന്നു. വചനം വായിച്ച്, വചനം കേട്ട് നമുക്ക് ധൈര്യം പ്രാപിക്കാം.

തിരുവചനത്തിൽ 366 പ്രാവശ്യം 'ഭയപ്പെടേണ്ടാ' എന്ന വാക്കുണ്ടെന്നാണ് പണ്ഡിതന്മാർ പറയുന്നത്. 365 ദിവസമാണ് ഒരാണ്ടിനുള്ളത്. എന്നാൽ നാലുവർഷം കൂടുമ്പോൾ 366 ദിവസമുണ്ട്. അതുകൊണ്ട്, ഓരോ ദിവസവും ദൈവത്തിനു നമ്മോടു പറയാനുള്ള സന്ദേശം 'ഭയപ്പെടേണ്ടാ' എന്നാണ്.

ഇപ്പോൾ നിങ്ങൾ ഉള്ളുതുറന്ന് നിങ്ങളുടെ ഭാരങ്ങളും പ്രയാസങ്ങളുമെല്ലാം മാറ്റിത്തരണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ ഹൃദയത്തിന്റെ ഭാരം മാറും, ഭയപ്പാടു മാറും.

ഏതെല്ലാം തരത്തിലാണ് ഭയം വരുന്നത്? ഒറ്റയ്ക്ക് സഞ്ചരിക്കാൻ ഭയം. ഒറ്റയ്ക്ക് ഒരു മുറിയിൽ കിടക്കാൻ ഭയം. രാത്രിയിൽ പുറത്തിറങ്ങാൻ ഭയം. പകലും പുറത്തിറങ്ങാൻ ഭയം. ഭയം ഒരു പൈശാചിക ബാധ തന്നെയാണ്. എന്തോ ചില ആകുലങ്ങൾ. എന്തോ ഒരാധി. സാധാരണ നാടൻഭാഷയിൽ പറഞ്ഞാൽ എന്തോ ഉള്ളിൽ നിന്നൊരാന്തൽ. ഇന്നതാണെന്ന് പ്രത്യേകിച്ചു പറയാനൊട്ടില്ലതാനും. ആകെ ഒരു ഭയം. ഓരോ ദിവസവും തള്ളിത്തള്ളി നീക്കുന്നു.

എന്നാൽ ഭയചകിതമായ ജീവിതത്തിന്റെ അനുഭവത്തിലേക്ക് എഴുന്നള്ളി വന്ന് ഭയം മാറ്റി ആശ്വാസമരുളുന്ന ക്രിസ്തുവിനെ നമുക്ക് അനുഭവിക്കാൻ സാധിക്കും. എന്നും കർത്താവ് നമ്മോടു പറയും: മകനേ നീ ഭയപ്പെടേണ്ടാ, നാളെയെക്കുറിച്ചോർത്ത് ആകുലപ്പെടേണ്ടാ, നിരാശപ്പെടേണ്ടാ, നീ തളരേണ്ടാ, നീ കരയേണ്ടാ, നിനക്കു സമാധാനം.

"അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു."

ബഹുമാനം, ഭക്തി, വിശ്വാസം, സ്നേഹം ഇതെല്ലാം കൂടി തിങ്ങിയ ഒരു പ്രത്യേക മനോഭാവത്തോടുകൂടി അപ്പൊസ്തലൻ കർത്താവിന്റെ കാൽക്കലേക്ക് വീണു.

കർത്താവായ യേശുക്രിസ്തു നമ്മുടെ മദ്ധ്യത്തിലേക്കു വന്നാൽ നാം എന്തൊക്കെ ചെയ്യും? തേജോമയനായ ക്രിസ്തു നമ്മുടെ മദ്ധ്യത്തിലേക്കു വന്നാൽ നാം അവന്റെ കാൽക്കൽ വീണ് ആ പൊന്നുപാദം മുത്തുകയില്ലേ? ആ കാൽക്കൽ കെട്ടിപ്പിടിക്കുകയില്ലേ? കർത്താവേ, എന്നെ രക്ഷിക്കണമേ എന്ന് നിലവിളിക്കുകയില്ലേ? യേശുവേ, നീ എന്നെ തൊടണമേ, എന്നെ അനുഗ്രഹിക്കണമേ, എന്റെ ആകുലങ്ങൾ ഒന്നു മാറ്റിത്തരണമേ എന്നു പറയുകയില്ലേ?

എന്റെ യേശുവേ, എന്റെ രോഗങ്ങൾ നീ ഒന്നു മാറ്റിത്തരണമേ, എന്റെ കുടുംബത്തിലെ ക്ലേശങ്ങൾ ഒന്നു ദൂരീകരിച്ചു

തരണമേ എന്നു നാം പറയുകയില്ലേ? യേശുക്രിസ്തു നമ്മുടെ മുന്നിൽ വന്നു നിന്നാൽ നാം എന്തെല്ലാമായിരിക്കും പറയുക? എന്തെല്ലാമായിരിക്കും ചെയ്യുക? കർത്താവ് പോകുന്നതിനു മുമ്പ് നാം ധൃതിപിടിച്ച് എന്തെല്ലാം കാര്യങ്ങൾ പറയും? ഏറ്റവും ആവശ്യമുള്ള കാര്യം ആദ്യം പറയും.

കർത്താവേ, വലിയൊരു കടഭാരമുണ്ടല്ലോ, ഇതൊന്നു മാറ്റിത്തരണേ. എന്റെ കുഞ്ഞിനൊരു വിവാഹം നടക്കുന്നി ല്ലല്ലോ, വിവാഹം നടത്തിത്തരണേ. സ്വന്തമായി ഒരു വീട് വയ്ക്കാൻ ഇതുവരെയും കഴിഞ്ഞില്ലല്ലോ, വീടു വയ്ക്കാൻ കൃപതരണമേ. ഒരു വരുമാനമാർഗ്ഗമില്ലല്ലോ, ഒരു തൊഴിൽ തര ണമേ. എന്നാൽ ചിലർ പ്രാർത്ഥിക്കും: കർത്താവേ, എന്റെ കോപം മാറ്റിത്തരണമേ, എന്റെ ഹൃദയത്തിലുള്ള അശുദ്ധ വികാരങ്ങൾ മാറ്റിത്തരണമേ.

കർത്താവേ, എനിക്ക് ഒരു വിശുദ്ധനാകണം. കർത്താവേ, എന്റെ ആളത്വം മുഴുവൻ ഒന്നു രൂപാന്തരപ്പെടുത്തിത്തരണമേ. എന്നിലെ ‘ഞാൻ’ എന്ന ഭാവം നീ ഒന്നു മാറ്റിത്തരണമേ. പട പൊരുതിയിട്ടും ജയിക്കാനാകാത്ത ചില ദു:സ്വഭാവങ്ങൾ എന്റെ അകത്തുണ്ട്. ഒരു അഹങ്കാരമുണ്ട്, സ്വയമഹത്വമുണ്ട്, സ്വയപ്രശംസയുണ്ട്, സ്വാർത്ഥതയുണ്ട്, ദ്രവ്യാഗ്രഹമുണ്ട്. ഈ തിന്മകളെല്ലാം ദൂരീകരിച്ച് എന്നെ ഒരു മനുഷ്യനാക്കി തീർക്ക ണമേ യേശുവേ എന്ന് നാം പറഞ്ഞുപോകും.

പ്രിയപ്പെട്ടവരേ, നാം യേശുവിനെ അക്ഷരികമായി നമ്മുടെ പുറമേയുള്ള കണ്ണുകൊണ്ട് കാണുന്നില്ല. പക്ഷേ, സത്യമായും യേശു നമ്മുടെ ഇടയിലുണ്ട്. യേശു നമ്മെ സ്നേഹിക്കുന്നുണ്ട്. യേശു നമ്മുടെ ഇടയിലൂടെ നടക്കു ന്നുണ്ട്. യേശുവിന്റെ തൃക്കരം നമ്മെ തൊട്ടുരുമ്മി പോകു ന്നുണ്ട്. യേശുവിന്റെ തിരുവസ്ത്രത്തിന്റെ ആ പൊന്നു തൊങ്ങൽ നമ്മുടെമേൽ തൊട്ട് നമുക്കു സൗഖ്യം തന്നു കൊണ്ട് കർത്താവ് നീങ്ങുന്നുണ്ട്.

യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. യേശു ഇന്നും ജീവിക്കുന്നു. ഇന്നും സംസാരിക്കുന്നു. യേശു നമ്മെ തൊടുന്നു. യേശു നമ്മുടെ തലമേൽ കരം വയ്ക്കുന്നു. യേശു നമ്മുടെ വലംകരത്തിൽ പിടിക്കുന്നു. യേശു നമ്മെ താണ അവസ്ഥയിൽ നിന്ന്, എളിയ അവസ്ഥയിൽ നിന്ന്, നമ്മുടെ വീണു കിടക്കുന്ന അവസ്ഥയിൽ നിന്ന് ഉദ്ധരിക്കുന്നു. എഴുന്നേൽപ്പിക്കുന്നു. കർത്താവ് നമുക്ക് ധൈര്യം പകരുന്നു. നമ്മുടെ ഹൃദയത്തിലേക്ക് സമാധാനം, നിത്യശാന്തി അരുളുന്നു.

അത്ഭുതങ്ങളുടെ ദൈവം ജീവിക്കുന്നു. അപ്പൊസ്തലനായ യോഹന്നാൻ കേട്ടു, ഭയപ്പെടേണ്ടാ. ഹൃദയത്തെ സ്പർശിക്കുന്ന വാക്കുകേട്ട് അപ്പൊസ്തലൻ മനംമയങ്ങി വീണു കിടക്കുമ്പോൾ കേൾക്കുകയാണ്:

> *"അവൻ വലങ്കൈ എന്റെ മേൽ വച്ചു: ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു." വെളിപ്പാട് 1 : 17*

എത്ര കാലം കഴിഞ്ഞാലും നീ ഭയപ്പെടേണ്ടാ; കാരണം, എത്രകാലം കഴിഞ്ഞാലും ഞാൻ പോവുകയില്ല. മനുഷ്യരെല്ലാം മാറും, ബന്ധുമിത്രാദികൾ മാറും, സഹോദരങ്ങൾ മാറും, സ്നേഹിതന്മാർ മാറും, കൂട്ടാളികൾ മാറും, പങ്കാളികൾ മാറും പക്ഷേ, ഞാൻ മാറുകയില്ല.

ഞാൻ ആദ്യനാണ്, അന്ത്യനുമാണ്. അന്ത്യം വരെയും ഞാനുണ്ട്. മോനേ, നിന്റെ ആയുഷ്ക്കാലം ചുരുങ്ങിയ വർഷങ്ങൾ മാത്രം. ഞാനോ കാലങ്ങൾക്ക് അതീതനാണ്. കാലാതിവർത്തിയായ ഒരു നിത്യജീവിതമാണെനിക്കുള്ളത്. ഞാൻ എന്നന്നേക്കും ജീവിച്ചിരിക്കുന്നു.

ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു! ജീവനുള്ള ക്രിസ്തു! അപ്പൊസ്തലനായ യോഹന്നാന് ഓർമ്മയുണ്ട്, വർഷങ്ങൾക്കുമുമ്പ് കർത്താവ് ക്രൂശിൽ കിടന്നു പിടയുന്നത്. അപ്പോഴെല്ലാം യോഹന്നാൻശ്ലീഹാ കുരിശിന്റെ ചുവട്ടിലുണ്ട്.

വിശുദ്ധ മാതാവുണ്ട്, മറ്റേതാനും സ്ത്രീ ജനങ്ങളുണ്ട്. മറ്റു ശിഷ്യന്മാരെല്ലാം വിട്ടോടിപ്പോയി. അവസാനത്തെ തിരുമൊഴി യായി പിതാവേ, എന്റെ ആത്മാവിനെ നിങ്കലേക്ക് ഏല്പി ക്കുന്നു എന്നു പറഞ്ഞുകൊണ്ട് കർത്താവ് കുരിശിൽ തലചാ യ്ക്കുന്നത് യോഹന്നാൻശ്ലീഹാ കണ്ടു.

കർത്താവ് മരിച്ചു, അടക്കപ്പെട്ടു. കർത്താവ് ഉയിർത്തെഴു ന്നേറ്റു തങ്ങൾക്കു പ്രത്യക്ഷനായത് യോഹന്നാൻശ്ലീഹായ്ക്ക് ഓർമ്മയുണ്ട്.

ഇതെല്ലാം ഇടക്കിടയ്ക്ക് ഓർമ്മയിൽ വരും. ഓർമ്മകൾ വരുമ്പോൾ ചിലപ്പോൾ പൊട്ടിക്കരയും. ചിലപ്പോൾ കണ്ണു നീരൊഴുക്കും. ചിലപ്പോൾ കർത്താവിന്റെ പാദം കെട്ടിപ്പിടിക്കു ന്നതുപോലെ താഴെ വീണുകിടന്ന് പ്രാർത്ഥിക്കും. അങ്ങനെ കർത്താവിൽ ആനന്ദിച്ച് ലയിച്ചിരിക്കുമ്പോഴാണ് പെട്ടെന്ന് ഈ അത്ഭുതകരമായ കാഴ്ച കണ്ടത്. തേജോമയനായ ക്രിസ്തു തന്റെ മുമ്പിൽ വെളിപ്പെട്ടിരിക്കുന്നു.

ജീവനുള്ള ക്രിസ്തു! ഒരിക്കൽ മരിച്ചവനായിരുന്നു പക്ഷേ, അവിടംകൊണ്ട് തീർന്നില്ല. പാതാള ഗഹ്വരങ്ങൾക്ക്, പാതാളത്തിന്റെ ഓടാമ്പലുകൾക്ക് അവനെ തടുത്തു നിർത്തു വാൻ കഴിഞ്ഞില്ല. അവൻ ഇന്നും ജീവിക്കുന്നു.

ക്രൂശിൽ മുൾമുടിയേറ്റ്, കവിളത്തടിയേറ്റ്, മുഖത്തു തുപ്പ ലേറ്റ്, പുറം ഉഴവുചാൽപോലെ കീറി, വിലാവിൽ കുന്തം കൊണ്ട് കുത്തേറ്റ് രക്തവും വെള്ളവും ഒഴുകി കാലും കൈയും ആണികളേറ്റ് തകർന്നു കിടക്കുന്ന അതേ ക്രിസ്തു വിനെ ഇപ്പോൾ യോഹന്നാൻശ്ലീഹാ കാണുന്നത് ഒരു പുതിയ തേജസ്സിലാണ്; പുതിയ അനുഭവത്തിലാണ്. തേജോമയമായ അനുഭവം!

ഇന്ന് നിങ്ങൾക്കീ അനുഭവം പ്രാപിക്കാം. നിങ്ങൾക്കു പറയാം: കർത്താവേ, യോഹന്നാൻശ്ലീഹാ യേശുവിന്റെ കൂടെ മൂന്നരവർഷം നടന്ന് അത്ഭുതങ്ങൾ കണ്ടു. വിട്ടു പോകാതെ

പുറകെ നിന്നു. ഒരിക്കലും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. കർത്താവേ, എനിക്ക് അങ്ങനെയുള്ള അനുഭവങ്ങളൊന്നും പറയാനില്ല. യാതൊന്നും തിരുമുമ്പാകെ എനിക്ക് പ്രശംസിക്കാനില്ല, അഭിമാനിക്കാനില്ല. എനിക്കൊരു പാരമ്പര്യമില്ല.

കർത്താവേ, എനിക്ക് ഒന്നറിയാം, നീ എന്നെ സ്നേഹിക്കുന്നു. അതുകൊണ്ട് ഇതാ ഞാൻ താഴുന്നു, തിരുമുമ്പാകെ ഞാൻ വീഴുന്നു. എന്നോട് മനസ്സലിയണമേ. എന്നെ തൊടണമേ. എന്റെ യേശുവേ, നീ എന്നെ സ്പർശിക്കണമേ. ആതൃക്കരം എന്റെ തലമേൽ വയ്ക്കണമേ. നിന്റെ വലംകൈ എന്നെ പിടിക്കണമേ. നിന്റെ ഉള്ളംകൈയിലേക്ക് എന്നെ ചേർത്തണച്ച് നീ എന്റെ ഭാവി രൂപപ്പെടുത്തണമേ.

നാഥാ, ഞാൻ അനാഥയല്ല എന്നൊരുറപ്പ് എനിക്കു തരണമേ. ഭൂമിയിൽ ഞാൻ അപ്പനില്ലാത്തവനാണ്, അമ്മയില്ലാത്തവനാണ്, സ്വന്തം സഹോദരങ്ങൾ ഇല്ലാത്തവനാണ്. ഭൂമിയിൽ ഞാൻ ആരോരും ഇല്ലാത്തവളാണ്. എന്റെ ഭർത്താവ് എന്നെ വിട്ട് നേരത്തെ അക്കരയ്ക്കു പറന്നുപോയി. യേശുവേ, ഞാൻ വിധവയായ സ്ത്രീയാണ്.

എന്നാൽ കർത്താവേ, നീ എന്നെ അറിയുന്നു, നീ എന്നെ സ്നേഹിക്കുന്നു. ജീവനുള്ള ദൈവമേ, ഇപ്പോൾ തന്നെ നിന്റെ വലംകരം എന്റെമേൽ വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ സന്നിധിയിലേക്ക് പറന്നു വരുവാൻ തക്കവണ്ണം എന്നെ ഒരുക്കണമേ. എനിക്ക് രൂപാന്തരം തരണമേ.

# എട്ട്

*"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു; ഏഴു നിലവിളക്ക് ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു."*

*വെളിപ്പാട് 1 : 19, 20*

ഏതാണ്ട് പത്തുമൈൽ നീളവും അഞ്ചുമൈൽ വീതിയുമുള്ള പത്മൊസ് എന്ന ചെറിയ ദ്വീപിൽ അപ്പൊസ്തലനായ യോഹന്നാൻശ്ലീഹാ ഒരു തടവുപുള്ളിയായി കഴിയുകയാണ്. കൈയിലോ, കാലിലോ ചങ്ങലയില്ല. ബന്ധനത്തിലല്ല പക്ഷേ, ആ ദ്വീപിൽനിന്ന് പുറത്തു കടപ്പാൻ സാധിക്കയില്ല. മെഡിറ്ററേനിയൻ കടലിലെ ആ ദ്വീപിൽ അപ്പൊസ്തലനായ യോഹന്നാൻ ഏകാകിയായി കഴിയുകയാണ്.

അന്ന് ലോകമൊട്ടാകെ അറിയപ്പെടുന്ന സാമ്രാജ്യമായിരുന്നു റോമൻ സാമ്രാജ്യം. റോമൻ സാമ്രാജ്യത്തിൽ ഡൊമിഷ്യൻ ചക്രവർത്തി ഭരിക്കുന്ന കാലം. നീറോചക്രവർത്തിക്കു ശേഷം ഏറ്റവും ഭീകരമായ കാട്ടാളഭരണം ഭരിച്ച ഒരു ചക്രവർത്തിയാണ് ഡൊമിഷ്യൻ.

അദ്ദേഹം പറഞ്ഞു: "ചക്രവർത്തിയാണ് ദൈവം; ഡൊമിഷ്യനാണ് ദൈവം; നിങ്ങൾ എന്നെ ആരാധിക്കണം." അദ്ദേഹത്തിന്റെ സാമ്രാജ്യത്തിലുള്ളവരെല്ലാം ഡൊമിഷ്യനാണ് ദൈവം എന്നു പറയണം.

മനുഷ്യൻ ദൈവമാണ് എന്നു ചിന്തിക്കുന്നത് ഭയാനക മായ ഒരവസ്ഥയാണ്. ഏറ്റവും ഭീകരമായ, പൈശാചികമായ അവസ്ഥയാണ്. സാത്താന്റെ ഒരു മൂർത്തിമത്ഭാവമാണത്. ഞാനാണ് ദൈവം എന്നു തോന്നുക!

അന്ന് റോമൻ ചക്രവർത്തിയായ ഡൊമിഷ്യൻ വിശ്വ സിച്ചു അദ്ദേഹമാണ് ദൈവമെന്ന്. യോഹന്നാൻശ്ലീഹാ അതിനു വഴങ്ങിയില്ല. ആ ദുരുപദേശത്തിനു കീഴടങ്ങിയില്ല. തന്മൂലം പത്മൊസിലേക്ക് നാടുകടത്തി.

പക്ഷേ, കർത്താവായ യേശുക്രിസ്തു നേരിട്ട് തേജോമ യനായി യോഹന്നാൻ ശ്ലീഹായ്ക്കു പ്രത്യക്ഷനായി. യോഹ ന്നാൻശ്ലീഹായെ തന്റെ മഹത്വമുള്ള വചനം ഭരമേൽപ്പിച്ചു. വരാനിരിക്കുന്ന കാര്യങ്ങൾ, ലോകാവസാനംവരെയുള്ള കാര്യങ്ങൾ വളരെ അത്ഭുതകരമായ വിധത്തിൽ അപ്പൊസ്ത ലന് കർത്താവ് വെളിപ്പെടുത്തിക്കൊടുത്തു. ആത്മീയമായ വിവശതയിൽ എല്ലാം വെളിപ്പെട്ടു കിട്ടി.

അതുകൊണ്ട് ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ജീവി ക്കുന്ന നമുക്ക്, എന്തെല്ലാമാണ് ഇനി വരാൻ പോകുന്നതെ ന്നുള്ള ഒരു ദർശനം, ഒരു വെളിപ്പാട് ലഭിക്കുന്നതിനു കാരണ മായിത്തീർന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവ്, കർത്താവിന്റെ മേഘ പ്രത്യക്ഷത, സഹസ്രാബ്ദവാഴ്ച, വരാനിരിക്കുന്ന ഭയങ്കരമായ മൂന്നാം ലോകമഹായുദ്ധം, ഭീകരമായ അനേകമനേകം സംഭ വങ്ങൾ, വരാൻ പോകുന്ന ബാധകൾ, ദൈവികമായ ക്രോധക ലശം വീഴ്ത്തുമ്പോഴുണ്ടാകുന്ന വിനകൾ, ആപത്തുകൾ, ദുർഘടങ്ങൾ, കഷ്ടപ്പാടുകൾ, ജനങ്ങൾ നേരിടുന്ന അനേകം പ്രതിസന്ധികൾ, ഇങ്ങനെ വരാൻ പോകുന്ന കാര്യങ്ങളെക്കുറി ച്ചുള്ള വ്യക്തമായ ദർശനമാണ് അപ്പൊസ്തലന് ലഭിച്ചത്.

കർത്താവിന്റെ മാറിൽ ഒടുവിലത്തെ അത്താഴസമയത്ത് യോഹന്നാൻശ്ലീഹാ ചാരി. തിരുവത്താഴസമയത്ത് കർത്താ

വിന്റെ മാറിൽ ചാരിയിരുന്നത് യോഹന്നാൻശ്ലീഹാക്ക് ഓർമ്മ യുണ്ട്. പക്ഷേ, അന്നത്തെ രൂപം മാറി ഇന്ന് തേജോമയനായി കാണുന്നു. അപ്പൊസ്തലൻ ക്ലേശങ്ങൾ എല്ലാം മറന്നു. പത്മൊസിലെ ഏകാന്തത മറന്നു. ആരും കൂടെയില്ലല്ലോ എന്നുള്ള പ്രയാസം മറന്നു. എന്നെ സഹായിപ്പാൻ, എന്നോടു കൂടെയിരുന്ന് പ്രാർത്ഥിപ്പാൻ, മുട്ടുമടക്കാൻ ആരും ഇല്ലല്ലോ എന്നുള്ള വിഷമവും മാറി.

ശാന്തമാണ്, സമാധാനമാണ് യേശുക്രിസ്തുവിനെ അടുത്തു കിട്ടുക എന്നത്. സഹോദരങ്ങളേ, നിങ്ങൾ യേശു വിനെ അടുത്തുകിട്ടാൻ വേണ്ടി വാഞ്ഛിക്കണം. അതിനു വേണ്ടി നിങ്ങൾ കൊതിക്കണം. അതിനുവേണ്ടി നിങ്ങൾ ദാഹി ക്കണം.

നമ്മുടെ അരികത്ത്, നമ്മോടുചേർന്ന് നിൽക്കുന്ന ക്രിസ്തു വിനെ ആത്മാവിൽ നമുക്ക് കാണാൻ സാധിക്കണം. ഒരു രൂപം കാണുകയല്ല, ഒരു ആകൃതി കാണുകയല്ല, ഒരു പടം കാണുക യല്ല, എന്നാൽ യേശുവിന്റെ മഹത്വത്തിന്റെ സാന്നിദ്ധ്യത്തിന്റെ സന്തോഷം നമ്മുടെ ഹൃദയത്തിൽ ഉത്ഭൂതമാകുന്ന മഹാ ഭാഗ്യം നമുക്ക് ലഭിക്കണം. അപ്പോൾ എല്ലാ ദു:ഖങ്ങളും നാം മറന്നുപോകും.

അതുകൊണ്ടല്ലേ നമ്മിൽ പലരും ഇന്ന് കഷ്ടപ്പാടുകൾ വരുമ്പോഴും നിരാശരായിപ്പോകാതിരിക്കുന്നത്! കുടുംബ ത്തിൽ ദുരിതങ്ങൾ ഉണ്ടാകുമ്പോഴും നിരാശപ്പെടാതിരി ക്കുന്നു! മക്കൾക്കു രോഗമുണ്ടാകുമ്പോഴും ഭർത്താവ് അവശ നിലയിലാകുമ്പോഴും കുടുംബത്തിൽ പൈസയുടെ ക്ലേശവും ഞെരുക്കവും ഉള്ളപ്പോഴും നിരാശപ്പെടാതിരിക്കുന്നു! നിരാശ ജീവിതത്തിൽനിന്ന് മാറിപ്പോകുന്നു!

ഒരുപക്ഷേ നിങ്ങളിൽ പലരും പല കാര്യങ്ങളിലും നിരാ ശപ്പെട്ടവരാണ്. പ്രതീക്ഷക്കൊത്തപോലെയൊന്നും കാര്യങ്ങൾ മുന്നോട്ടുപോകുന്നില്ല. പല കാര്യങ്ങളിലും മനസ്സ് നൊന്തു

വിങ്ങി, ഭാരപ്പെട്ടാണിരിക്കുന്നത്. മനസ്സ് നീറുന്ന പ്രശ്നങ്ങൾ നമുക്കു പലർക്കുമുണ്ട്. എന്നാൽ ആ പ്രയാസങ്ങളുടെയും കഷ്ടപ്പാടുകളുടെയും മദ്ധ്യത്തിൽ ഉണ്ടാകുന്ന നൈരാശ്യം നമ്മെ തൊടാതിരിക്കുവാൻ തക്കവണ്ണം, ദൈവതേജസ്സ് നമ്മെ വലയം ചെയ്യുകയാണ്.

ദൈവതേജസ്സ്! ഒന്ന് വിശ്രമിക്കാൻപോലും സാദ്ധ്യമല്ലാത്ത വിധത്തിൽ കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നതുപോലെ, ചുഴലിക്കാറ്റ് ആഞ്ഞുവീശുന്നതുപോലെ നമ്മുടെ ജീവിതത്തിലേക്ക് ദുരിതങ്ങൾ വന്ന് ആഞ്ഞടിക്കുന്നു. എന്നാൽ നമുക്ക് സമാധാനത്തോടെ നിൽക്കാൻ സാധിക്കുന്നു. എന്തുകൊണ്ട്? യേശുക്രിസ്തുവിന്റെ തിരുസാന്നിദ്ധ്യമുള്ളതുകൊണ്ട്!

ഇന്ന് നിങ്ങളുടെ കാതുകളിൽ ഈ വചനം വന്ന് പതിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം ലഭിക്കുകയാണ്. യേശുക്രിസ്തു നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നു.

കഴിഞ്ഞകാലജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം കഴുകിക്കിട്ടുന്നു! ഇതുവരെയും ജീവിതത്തിൽ വന്നുപോയ കേടുകളെല്ലാം മാറിക്കിട്ടുന്നു! എല്ലാ കെടുതികളും മാറിക്കിട്ടുന്നു! എല്ലാ ആകുലങ്ങളും മാറിക്കിട്ടുന്നു! എല്ലാ രോഗങ്ങളും മാറിക്കിട്ടുന്നു! എന്തൊരു ഭാഗ്യം! ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ലഭിക്കുന്ന സമാധാനം, ക്രിസ്തു അരികത്ത് വരുമ്പോൾ കിട്ടുന്ന സമാധാനം!

അപ്പൊസ്തലനായ യോഹന്നാന് ആ സമാധാനമാണ് കിട്ടിയത്. ഇന്ന് നിങ്ങൾക്കോരോരുത്തർക്കും ഈ സമാധാനം തരുവാൻ കർത്താവ് നിങ്ങളുടെ അരികത്തേക്കു വന്നിട്ടുണ്ട്. നിങ്ങൾ വിശ്വസിച്ചുകൊണ്ട് എന്റെ കർത്താവേ, നീ എന്നെ ഒന്നു സ്പർശിക്കണമേ, ഇന്ന് നീ എന്നെ ഒന്നു തലോടണമേ, ഇന്ന് നീ എന്റെ കണ്ണുനീരൊന്നു തുടച്ചുതരണമേ, എന്റെ ആകുലങ്ങൾ ഒന്നു മാറ്റിത്തരണമേ, ആവശ്യഭാരങ്ങളുടെ ആകുലത

യിൽ വലയുന്ന എന്റെ ഹൃദയത്തിനൊരു ആശ്വാസം തരണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. നിങ്ങൾ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരിക്കണം. അവൻ നമ്മുടെ ആഗ്രഹങ്ങൾ കാണുന്ന ദൈവമാണ്. ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന ദൈവ മാണ്.

> *"യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയ ത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."*
>
> *സങ്കീർത്തനങ്ങൾ 37 : 3 – 5*

> *"സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷി ക്കയും എന്റെ ശത്രുക്കളുടെ കൈയിൽ നിന്ന് രക്ഷപ്രാപിക്കയും ചെയ്യും."*
>
> *സങ്കീർത്തനങ്ങൾ 18 : 3*

> *"അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേ ക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹി ക്കുന്ന ദൈവത്തെ തന്നേ."*
>
> *സങ്കീർത്തനങ്ങൾ 57 : 2*

നമുക്കുവേണ്ടി എല്ലാം നിർവ്വഹിക്കാൻ ഒരാളുണ്ട്. ഒരു കൊച്ചുകുട്ടിക്ക് - അവന് പുസ്തകം മേടിക്കുന്ന കാര്യം അന്വേഷിക്കണ്ട. പേന വാങ്ങിക്കുന്ന കാര്യം അന്വേഷിക്കണ്ട. ഷർട്ടിന്റെ കാര്യമോ ഡ്രസ്സിന്റെ കാര്യമോ അന്വേഷിക്കണ്ടാ. എല്ലാം അവന്റെ അപ്പനോ അമ്മയോ കൊടുക്കുന്നു. എന്നതു പോലെ നമുക്കുവേണ്ടി എല്ലാം നിർവ്വഹിക്കാൻ ഒരാളുണ്ട്. നമുക്കൊരു രക്ഷകർത്താവുണ്ട്. നമുക്കൊരു അപ്പനുണ്ട്.

മകളേ, നിന്റെ ഭർത്താവ് മരിച്ചുപോയി പക്ഷേ, നിനക്ക് കർത്താവുണ്ട്. നിനക്കൊരു ഉടയവനുണ്ട്. നീ ഏകാകിയല്ല.

എനിക്ക് ആരുമില്ല എന്നു നീ പറയരുത്. നിനക്ക് വിശ്വസിക്കാൻ കൊള്ളാവുന്ന, പുറകേ പോകാൻ കൊള്ളാവുന്ന, അനുഗമിക്കുവാൻ കൊള്ളാവുന്ന ഒരാളുണ്ട്. വിശ്വസിച്ച് സ്നേഹത്തോടെ പിന്നാലെ ചെന്ന് അപേക്ഷകൾ സമർപ്പിക്കാനൊരാളുണ്ട്. നിങ്ങൾക്ക് അവന്റെ പാദപീഠത്തിങ്കൽ മുട്ടുമടക്കാം.

കർത്താവേ, നീ എന്നെ മറികടന്നു പോകല്ലേ. എനിക്ക് നിന്നെ വിളിച്ചപേക്ഷിക്കാൻ, നിന്റെ പേര് ഉച്ചരിക്കാൻ പോലും യോഗ്യതയില്ല. എന്റെ യേശുവേ, ഞാനിതാ ദൂരെ മാറി നിന്നുകൊണ്ട് നിന്റെ കരുണക്കുവേണ്ടി യാചിക്കുകയാണ്. എന്നോട് മനസ്സലിയണമേ. ഞാൻ നിന്റെ സാക്ഷിയാകാൻ ആഗ്രഹിക്കുന്നു. മരണത്തോളം നിന്റെ സാക്ഷിയായി ഈ ഭൂമിയിൽ ജീവിക്കാനാണെന്റെ തീരുമാനം.

മന്നവനേ മശിഹാ!
സതതം തവകരുണാ-
വാതിലിൽ മുട്ടുന്നേൻ
ധനികാ നിൻ നിധി നിലയത്തീ-
ന്നേകണമേ കൃപയും വാഴ്‌വും
നീയെൻ ഗതി തുണ ചെയ്യുക നിൻ
സാക്ഷിയെ  ലജ്ജിതനാക്കരുതേ
ശരണവുമെന്നാശ്രയവും നീയേ.

നീയാണെന്റെ തുണ, നീയാണെന്റെ ഗതി. ഞാൻ നിന്റെ പാദത്തിൽ മുട്ടുകുത്തിക്കൊണ്ട് അപേക്ഷിക്കയാണ്. നീ എന്നെ ഉപേക്ഷിക്കല്ലേ. നിന്റെ സാക്ഷിയല്ലേ ഞാൻ? എന്നെ നീ ലജ്ജിതനാക്കല്ലേ.

പിശാചിന്റെ കൈയിലേക്ക് നീ എന്നെ ഏല്പിച്ചു കൊടുക്കരുതേ. ശത്രു എന്നെ തൊടാൻ നീ സമ്മതിക്കരുതേ. നീ എനിക്കു ചുറ്റും തീ, മതിലായി കെട്ടണമേ. നിന്റെ തിരുരക്തത്താൽ  എനിക്കു ചുറ്റും ഒരു വലയം സൃഷ്ടിക്കണമേ. ആ തിരുരക്തത്തിന്റെ വലയത്തിനുള്ളിൽ സുരക്ഷിതനായിരിക്കു

വാൻ എനിക്കു ഭാഗ്യം തരണമേ.

യേശു തേജോമയനായി കണ്ണഞ്ചിക്കുന്ന പ്രകാശത്തോടെ യോഹന്നാൻശ്ലീഹായുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

അതേ യേശു ഇരുപതാം നൂറ്റാണ്ടിൽ സാധു സുന്ദർസിംഗിനു പ്രത്യക്ഷപ്പെട്ടു. സുന്ദർസിംഗ് ആ വെളിച്ചം കണ്ട് അമ്പരന്നു പോയി. തേജസ്സ് മുറിക്കകത്ത് മിന്നുന്നു. എന്താണെന്നു മനസ്സിലായില്ല. നേരം വെളുത്തതായിരിക്കുമോ? ഞാൻ ഉറങ്ങിപ്പോയോ? അന്നെടുത്ത തീരുമാനം, നാലുമണിക്ക് ഇതിലേ പോകുന്ന ട്രെയിനിന്റെ മുന്നിൽ റെയിൽപ്പാളത്തിൽ ചെന്ന് ആത്മഹത്യ ചെയ്യാനാണ്. കാരണം, ജീവിതത്തിൽ സമാധാനമില്ല. ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം ആരുമാകട്ടെ എനിക്കു വെളിപ്പെടണം എന്നു പറഞ്ഞുകൊണ്ട് ഇരുളിൽ മുറിക്കകത്തിരിക്കുകയാണ്.

ഉന്നത ഉദ്യോഗസ്ഥനായ അപ്പൻ വന്നു വിളിച്ചു: "മോനേ, നീ എന്താണ് ഉറങ്ങാത്തത്? പാതിര കഴിഞ്ഞല്ലോ!" "ഞാൻ ഉറങ്ങിക്കൊള്ളാം." അവൻ കിടന്നു. പക്ഷേ, ഉറങ്ങാൻ പറ്റുന്നില്ല. വീണ്ടും എഴുന്നേറ്റിരുന്നു. കുറേ നേരം കഴിഞ്ഞു. നാലുമണി ആയില്ല. അപ്പോഴുണ്ട് പെട്ടെന്ന് മുറിക്കകത്ത് വലിയ പ്രകാശം! ഉജ്ജ്വലമായ തേജസ്സ്! അവൻ നോക്കിയപ്പോൾ ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ തേജോമയനായ യേശുവിനെ നേരിട്ടു കണ്ടു.

അന്ന് അവിടെ വച്ചു തീരുമാനിച്ചു ഇനി എന്റെ ജീവിതം യേശുക്രിസ്തുവിനുവേണ്ടി എന്ന്. 'ഭാരതത്തിന്റെ അപ്പൊസ്തലൻ' എന്നറിയപ്പെടുന്ന സാധുസുന്ദർസിംഗ് അങ്ങനെ യേശുവിനുവേണ്ടി ജീവിതം സമർപ്പിച്ചു.

തേജസ്സിന്റെ ക്രിസ്തു! ഇന്നും കർത്താവ് നമുക്ക് വചനത്തിൽക്കൂടി വെളിപ്പെട്ടു കിട്ടുകയാണ്. നാം തേജസ്സിന്റെ ഒരു രൂപം കാണുകയല്ല. ഒരു വെളിച്ചം കാണുകയല്ല. വചനത്തിന്റെ പ്രകാശനം ജീവഹേതുകമാകുന്നു. വചനത്തിൽക്കൂടി

കർത്താവ് നമുക്ക് വെളിപ്പെടുകയാണ്.

ഈ വചനം കേൾക്കുമ്പോൾ നിങ്ങളുടെ അരികത്ത് തേജസ്സു വന്ന് മിന്നുകയാണ്. നിങ്ങൾക്കു പറയാം: കർത്താവേ, ഇത്രയും കാലം ഞാൻ നിന്നെ ഉപദ്രവിച്ചുപോയി. നിന്റെ വേലക്കാരെ ഉപദ്രവിച്ചുപോയി. നിന്റെ വേലയെ തടുത്തുപോയി. നിന്റെ വേലക്കാർക്കെതിരായി ഞാൻ സംസാരിച്ചുപോയി. കർത്താവേ, ഞാൻ പലതും പലതും ദ്രോഹം ചെയ്തുപോയി. നിനക്കെതിരാണെന്ന് ഞാൻ അറിഞ്ഞില്ല. എന്റെ ഭക്തികൊണ്ടാണ് ഞാൻ ചെയ്യുന്നതെന്നേ വിചാരിച്ചുള്ളൂ.

ഞാൻ നല്ല കാര്യമാണ് ചെയ്യുന്നതെന്നേ വിചാരിച്ചുള്ളൂ. കർത്താവേ, നീ എന്നോട് ക്ഷമിക്കണമേ. ഇന്നുമുതൽ ഈ തേജസ്സിന്റെ നാഥന്റെ സാക്ഷിയായി നിൽപ്പാൻ ഞാൻ ഇതാ എന്നെ സമർപ്പിക്കുന്നു. നിന്റെ പാദപീഠത്തിങ്കലേക്ക് ഞാൻ എന്നെത്തന്നെ ഏല്പിക്കുന്നു.

തേജസ്സിന്റെ ഉടയവനിതാ നിങ്ങളുടെ അരികത്തേക്കു വന്നിരിക്കുന്നു. അവൻ നിങ്ങളുടെ അരികത്തുകൂടി മിന്നിപ്രകാശിച്ചുകൊണ്ട് സഞ്ചരിക്കുന്നു. ഇതാ, നിങ്ങളുടെ ഇടയിലൂടെ നെടുകെയും കുറുകെയും അവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. മോനേ, യേശു നിന്നെ കാണുന്നു. യേശുവിനു നിന്നെ സ്നേഹമാണ്. നിന്റെ ഭാവിയെക്കുറിച്ച് യേശുവിനു വലിയ പ്രതീക്ഷയാണ്.

നിന്നിൽ ഊന്നി നിന്നുകൊണ്ട് ചില കാര്യങ്ങൾ ചെയ്യാമെന്നാണ് കർത്താവിന്റെ പ്രതീക്ഷ. നിന്നിൽ നിന്നുകൊണ്ട് ലോകത്തെ കീഴ്മേൽ മറിക്കാനാണ് കർത്താവിന്റെ ആഗ്രഹം. സുവിശേഷം ചെന്നിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക്, സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത ഭവനങ്ങളിലേക്ക്, സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത ഹൃദയങ്ങളിലേക്ക് യേശുക്രിസ്തു നിന്നിൽ കാലൂന്നി നിന്നുകൊണ്ട് കടന്നു ചെല്ലാൻ ആഗ്രഹിക്കുന്നു. വിട്ടുകൊടുക്കാൻ നിനക്ക് മനസ്സുണ്ടോ?

നിനക്കു കഴിവില്ല എന്നു നീ പറയരുത്. “ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ” എന്ന് വിശുദ്ധമാതാവ് പറഞ്ഞതുപോലെ ഞാനിതാ നിന്റെ തിരുമുമ്പാകെ നിൽക്കുന്നു. എന്റെ കർത്താവേ, ഞാൻ ആയിരിക്കുന്നതുപോലെ എന്നെ നിനക്കു തരുന്നു. ഞാൻ ആകേണ്ടതുപോലെ എന്നെ നീ ആക്കിത്തീർക്കണമേ.

കർത്താവേ, എന്റെ ജീവിതത്തിലെ എല്ലാ തിന്മകളോടും കൂടെ ഞാനിതാ എന്നെ നിനക്കു തരുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി നീ ക്രൂശിൽ മരിച്ചു എന്ന് വിശ്വസിച്ചുകൊണ്ട്, നിന്റെ തിരുരക്തം എന്നെ കഴുകാൻ മതിയായതാണെന്നു വിശ്വസിച്ചുകൊണ്ട് ഞാനിതാ എന്നെ നിനക്കു തരുന്നു.

യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ മാത്രം വക. ഇപ്പോൾ മുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കുമെന്നിതാ ഞാൻ വാക്കു പറയുന്നു. എന്റെ പ്രതിജ്ഞ നീ സ്വീകരിക്കണമേ, എന്റെ സമർപ്പണം നീ പൂർത്തീകരിക്കണമേ. നാഥാ, നീ എന്നോടുകൂടെ ഇരിക്കണമേ.

## ഒൻപത്

*"ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്."* *വെളിപ്പാട് 1 : 18*

അപ്പൊസ്തലൻ ഈ അത്ഭുതകരമായ കാഴ്ച കണ്ട് ഭയപ്പെട്ടുപോയി. കർത്താവിന്റെ സാന്നിദ്ധ്യമാണെന്നറിയാം. ആ സാന്നിദ്ധ്യത്തിന്റെ കുളിർമ അനുഭവിക്കുന്നുണ്ട്. എങ്കിലും പെട്ടെന്നുണ്ടായ ഈ തേജസ്സിന്റെ ആവിർഭാവം അപ്പൊസ്തലനെ ഭയചകിതനാക്കി.

ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു. ജീവിക്കുന്ന ദൈവം! മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. അതുകൊണ്ട് മകനേ, നീ മരണത്തെ ഭയപ്പെടേണ്ട, പാതാളത്തെ ഭയപ്പെടേണ്ട.

വെളിപ്പാടുപുസ്തകം ഒന്നാം അദ്ധ്യായം 19-ാം വാക്യമാണ് വാസ്തവത്തിൽ വെളിപ്പാടുപുസ്തകത്തിന്റെ ആകെത്തുക. നീ കണ്ടത്, ഇപ്പോൾ ഉള്ളത്, ഇനി സംഭവിപ്പാനിരിക്കുന്നത്. നീ വലിയൊരു തേജസ്സിന്റെ കാഴ്ച കണ്ടല്ലോ. അത് നിന്റെ മനസ്സിൽ ഇരിക്കട്ടെ. ഇപ്പോൾ ഉള്ളത്, അത് നിനക്കറിയാമല്ലോ. ഇനി സംഭവിപ്പാനിരിക്കുന്നത് - നിനക്കറിയാൻ വയ്യാത്തത് ഞാൻ പറഞ്ഞുതരാം.

പ്രിയപ്പെട്ടവരേ, അനാദികാലം മുതലുള്ള ദൈവികമർമ്മ

ങ്ങളും രഹസ്യങ്ങളും കർത്താവ് തന്റെ ശിഷ്യന്മാർക്ക് പറഞ്ഞു കൊടുക്കുന്നു. ഇനി വരാനിരിക്കുന്ന കാലം, ലോകത്തിന്റെ അവസാനം വരെയുള്ള കാലം എന്ത് എന്ന് കർത്താവ് നമുക്കു പറഞ്ഞുതരുന്നു. ഇന്നത്തെ കാലമെല്ലാം തീരും. ഇന്നത്തെ അന്തരീക്ഷം മാറിപ്പോകും. അപ്പൊസ്തലനായ പത്രോസ് പറയുന്നു:

*"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും."* *2 പത്രൊസ് 3 : 10*

വലിയൊരു മുഴക്കമുണ്ടാകും. മൂലപദാർത്ഥങ്ങൾ– ലോഹങ്ങൾ, ധാതുക്കൾ ലവണങ്ങൾ, metals, minerals and salts - എല്ലാം കത്തി നശിക്കും. ഭൂമി വെന്തുപോകും. ഈ ഭൂമിയിലുള്ള എല്ലാ പണിപ്പാടുകളും ഉത്തുംഗ സൗധങ്ങളും മണിമാളികകളും നെടുനെടുങ്കൻ കെട്ടിടങ്ങളും കത്തിപ്പോകും.

നൂറ്റാണ്ടുകൾക്കുമുമ്പ് യേശുക്രിസ്തു ജനിക്കുന്നതിന് നാനൂറ്റി അമ്പതു കൊല്ലം മുമ്പ് മലാഖി പ്രവാചകൻ പറഞ്ഞു:

*"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും."* *മലാഖി 4 : 1*

ചൂളപോലെ കത്തുന്ന ആ ദിവസം അഹങ്കാരികൾ ഒക്കെയും സകല ദുഷ്പ്രവൃത്തിക്കാരും വൈക്കോൽ വെന്തടിയുന്നതുപോലെ വെന്തടിയും. മണ്ണിനടിയിലുള്ളതും മണ്ണിനു മുകളിലുള്ളതും വേരും കൊമ്പും ശേഷിക്കാതെ എല്ലാം ദഹിച്ചു പോകും.

ആ ദിവസം എങ്ങനെയാണ് വരുന്നത്? ആർക്കറിയാം.

ഏതെങ്കിലും വലിയ ഭയങ്കരമായ ബോംബിന്റെ സ്ഫോടനങ്ങളാണോ? ബഹിരാകാശത്തുനിന്ന് പറന്നുവരുന്ന ഏതെങ്കിലും നക്ഷത്രങ്ങളോ ഉൽക്കകളോ ഈ ഭൂമിയിൽ വന്നിടിക്കുന്നതാണോ? നമുക്കറിഞ്ഞുകൂടാ, എല്ലാം തകരും.

ഭൂമി ഒരു മൺകട്ട പോലെ ഇരിക്കുന്നു എങ്കിൽ ഒരു വലിയ പാറ വന്നു വീണാൽ എങ്ങനെയിരിക്കും? എല്ലാം പൊടിഞ്ഞുപോകും. ഇതെല്ലാം പൊടിഞ്ഞുപോകുന്ന ഒരു സമയം വരും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും.

ഇതു കേട്ട് ഭയപ്പെടേണ്ടാ എന്നാണവിടെ പ്രവാചകൻ പറയുന്നത്. കാരണം, ദൈവത്തെ സ്നേഹിക്കുന്ന ദൈവമക്കൾക്ക് ആ കേടൊന്നും വരികയില്ല.

*"എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ട് തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും."* *മലാഖി 4 : 2*

നീതിസൂര്യനുദിക്കും. കർത്താവായ യേശുക്രിസ്തു തേജോമയനായി പ്രത്യക്ഷപ്പെടും. അവൻ കോടാനുകോടി മാലാഖമാരുടെ അകമ്പടിയോടുകൂടി പ്രത്യക്ഷനാകും. അവൻ തേജസ്സിന്റെ നാഥനായി പ്രത്യക്ഷപ്പെടും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അനേകരെ ദഹിപ്പിച്ചു കളയുമ്പോൾ എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും.

തന്നെയുമല്ല, അതുവരെയും തൊഴുത്തിനകത്ത് അടച്ചിട്ടിരുന്ന പശുക്കിടാക്കൾ തൊഴുത്തിന്റെ വാതിൽ തുറക്കുമ്പോൾ തുള്ളിച്ചാടി പോകുന്നതുപോലെ എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങളോ തുള്ളിച്ചാടും.

ഒരു വിഭാഗം ആളുകൾ തുള്ളിച്ചാടുമ്പോൾ, വേറൊരു

വിഭാഗം ആളുകൾ വെന്ത് വെണ്ണീറാകുന്നു.

ഭയങ്കരമായ അവസ്ഥയാണ് വരാൻ പോകുന്നത്. ഇതെല്ലാം അങ്ങനെയാണോ എന്നു ചിന്തിക്കുന്നവരുണ്ടോ? പ്രിയപ്പെട്ടവരേ, നാം ഒരു പക്ഷേ നേരിട്ടു കാണും. അല്ല, നാം ഈ ഭൂമിയിലല്ല എങ്കിൽ അവിടെ ഇരുന്നുകൊണ്ട് ഇതെല്ലാം കാണും.

കാലമെല്ലാം തീർന്നുതീർന്നു പോവുകയാണ്. നമ്മുടെ മുന്നിൽ ഇന്നെന്നൊരു ദിവസം കിട്ടിയിട്ടുണ്ട്. ഇന്നു രാത്രി എന്താണു സംഭവിക്കുന്നത് എന്ന് ആർക്കറിയാം. നാളെ പകൽ എന്താണു സംഭവിക്കുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. എന്താണ് സംഭവിക്കാൻ പോകുന്നത്?

കാലമെല്ലാം കഴിയും എന്ന് വാസ്തവമായ ഒരു ബോദ്ധ്യമുണ്ടെങ്കിൽ നാം ആരോടും പിണങ്ങിയിരിക്കയില്ല. വീട്ടിൽ വഴക്കുണ്ടാക്കുകയില്ല. മാതാപിതാക്കളോട് ധിക്കാരം പറയുകയില്ല. ഭർത്താവിനോട് അനുസരണക്കേട് കാണിക്കുകയില്ല. ഭാര്യയെ ഉപദ്രവിക്കുകയില്ല. എന്റെ ആയുസ്സ് എത്രയോ ചുരുങ്ങിയതാണ്, ഏതു സെക്കന്റിലും ഞാനിവിടെ നിന്ന് പറന്നു പോകാം എന്നൊരു ബോദ്ധ്യമുണ്ടെങ്കിൽ നമുക്ക് ആരോടും ക്രൂരമായി പെരുമാറാൻ സാധിക്കുകയില്ല. കരുണയില്ലാതെ സംസാരിക്കാൻ സാധിക്കുകയില്ല.

നമ്മുടെ ഹൃദയത്തിൽ സ്നേഹം നിറഞ്ഞുകൊണ്ടിരിക്കും. സ്നേഹം തുളുമ്പിക്കൊണ്ടിരിക്കും. സ്നേഹത്തിന്റെ ആത്മാവ് നമ്മിൽനിന്ന് വ്യാപരിച്ചുകൊണ്ടിരിക്കും. എല്ലാവർക്കും സ്നേഹം കിട്ടിക്കൊണ്ടിരിക്കും. സ്നേഹമല്ലേ ജീവനുള്ള ക്രിസ്തു നമുക്കു തന്നത്. നമുക്ക് അർഹതയുണ്ടായിട്ടല്ലല്ലോ കിട്ടിയത്. യോഗ്യതയുണ്ടായിട്ടല്ലല്ലോ. എന്നും സ്നേഹം നമ്മുടെ മേൽ കോരിച്ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

കർത്താവേ, നീ അകൃത്യങ്ങളെ ഓർമ്മവച്ചാൽ ആർ നിലനിൽക്കും? എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം

നിന്റെ പക്കൽ വിമോചനമുണ്ട്. കർത്താവേ, നീ എനിക്കു പാപത്തിന്റെ വിമോചനം തന്നതുകൊണ്ടല്ലേ ഞാനിന്നു ജീവിക്കുന്നത്? അല്ലെങ്കിൽ എത്ര പണ്ടേ ഞാൻ മണ്ണടിഞ്ഞു പോകുമായിരുന്നു. നീ ആയുസ്സ് നീട്ടിത്തന്നതുകൊണ്ടല്ലേ ഞാൻ ഇന്നു ജീവിക്കുന്നത്? ഇല്ലെങ്കിൽ എത്ര പണ്ടേ അക്കരയ്ക്കു ഞാൻ പറന്നുപോയേനേ.

ഈ ഭൂമിയിൽ വരുന്ന കഷ്ടപ്പാടുകളെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിന്റെ ഓരോ അദ്ധ്യായത്തിലും നമുക്കു കാണാം. നാല് മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളെല്ലാം ഇനി സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളാണ്.

4-ാം അദ്ധ്യായം 1-ാം വാക്യം വായിക്കുമ്പോൾ ഇവിടെ കയറി വരിക എന്നുള്ള ശബ്ദം കേൾക്കുന്നു. അപ്പൊസ്തലനായ യോഹന്നാൻ ആത്മാവിൽ കയറിച്ചെന്ന് സ്വർഗ്ഗീയദർശനങ്ങൾ കാണുകയാണ്. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള ദർശനങ്ങൾ!

8-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത്, ഭൂമിയിൽ സമുദ്രത്തിലും നദികളിലുമുള്ള വെള്ളത്തിന്റെ മൂന്നിലൊന്ന് കാഞ്ഞിരംപോലെ കയ്പ്പായിത്തീർന്നു. 16-ാം അദ്ധ്യായത്തിൽ ഫ്രാത്ത് നദി വറ്റുമെന്ന് പറയുന്നു. ഫ്രാത്ത് നദി യൂഫ്രട്ടീസ് നദിയാണ്. ഇന്ന് തുർക്കിയിൽ കൂടി ഒഴുകിവരുന്ന യൂഫ്രട്ടീസ് നദി സാധാരണ ഗതിയിൽ വറ്റാൻ സാദ്ധ്യതയില്ലാത്തതാണ്. എന്നാൽ ആ നദി വറ്റിപ്പോകും. എല്ലാം സംഭവിക്കാൻ പോവുകയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുമുമ്പ് വലിയൊരു യുദ്ധമുണ്ടായപ്പോൾ തുർക്കി, യൂഫ്രട്ടീസ് നദിയിൽ വലിയൊരു അണക്കെട്ടുണ്ടാക്കി. ഇറാഖിൽക്കൂടി പോകുന്ന നദിയിലെ വെള്ളം നാലിലൊന്നായി പോയി. അന്നത്തെ പത്രം വായിച്ചാൽ കാണാം, നല്ലതുപോലെ ബണ്ടു കെട്ടിയിരുന്നെങ്കിൽ അശേഷം വെള്ളം താഴോട്ട് ഒഴുകുകയില്ലായിരുന്നു. എന്നാൽ തുർക്കി അതു പിന്നീടു വിട്ടുകൊടുത്തതുകൊണ്ട്

നദി താഴോട്ടൊഴുകി. അത് സംഭവിച്ചു കഴിഞ്ഞ കാര്യമാണ്. എന്നാൽ ഇനി യൂഫ്രട്ടീസ് നദി വറ്റിപ്പോകുന്ന സ്ഥിതി വരും.

9-ാം അദ്ധ്യായത്തിലേക്കു വരുമ്പോൾ ന്യൂട്രോൺ ബോംബിനെക്കുറിച്ചുള്ള വൃത്താന്തമുണ്ട്. ന്യൂട്രോൺ ബോംബു വീഴുമ്പോൾ മനുഷ്യൻ അപ്പാടെ ചത്തുപോവുക യല്ല, നാളുകൾ നരകിച്ചു നരകിച്ചു ചാകും.

> *“അഞ്ചാമത്തെ ദൂതൻ ഊതി; അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്ന് ഭൂമിയിൽ വീണുകിട ക്കുന്നത് ഞാൻ കണ്ടു. അവന് അഗാധകൂപ ത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നു പുക പൊങ്ങി.” വെളിപ്പാട് 9 : 1, 2*

പെരുഞ്ചൂളയിലെ പുകപോലൊരു പുകപൊങ്ങുന്നു. എന്താണ്? ഏതോ chemical weapons ഉയർത്തുന്ന രാസവാ തകം പൊങ്ങുന്നതാണ്.

> *“കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി. പുകയിൽനിന്നു വെട്ടുക്കിളി ഭൂമി യിൽ പുറപ്പെട്ടു. അതിനു ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയി ല്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായതൊന്നിനും യാതൊരു വൃക്ഷത്തിനും കേടു വരുത്തരുത് എന്ന് അതിനു കല്പന ഉണ്ടാ യി. അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡി പ്പിപ്പാനത്രേ അതിന് അധികാരം ലഭിച്ചത്; അവ രുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ. ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാൺകയില്ലതാനും.”*
>
> *വെളിപ്പാട് 9 : 2 – 6*

മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ട് ഓടിപ്പോ

കും. ഇത് ഒരു പക്ഷേ, ന്യൂട്രോൺ ബോംബാണോ? ഏതെങ്കിലും chemical weapons - രാസായുധങ്ങളാണോ? നമുക്കറിഞ്ഞുകൂടാ.

പ്രിയപ്പെട്ടവരേ, ഇതെല്ലാം സംഭവിപ്പാൻ പോകുന്നു. മുന്നോട്ടു വരുമ്പോൾ സംഭവിപ്പാൻ പോകുന്ന അനേകം വൃത്താന്തങ്ങൾ വെളിപ്പാടുപുസ്തകത്തിൽ നമുക്കു കാണുവാൻ സാധിക്കും. അതാണ്, നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനിമേൽ സംഭവിപ്പാനിരിക്കുന്നതും കാണിച്ചുതരാം എന്നു പറയുന്നത്.

എന്റെ സഹോദരങ്ങളേ, ഒന്നും ശാശ്വതമല്ല. ഒന്നും നിലനിൽക്കുന്നതല്ല. നാം ഇന്ന് സമ്പാദിച്ചു കൂട്ടുന്നതൊന്നും നമ്മുടെ കൂടെ പോരുകയില്ല. ഒന്നും നിലനിൽക്കുകയില്ല. കൂടെ പോരുന്നതോ യേശുനാഥൻ മാത്രം. ദൈവത്തിന്റെ പരിശുദ്ധാത്മാവു മാത്രം കൂടെ പോരും. അവിടുന്നു കൂടെയുണ്ടെങ്കിൽ അവിടുത്തെ മാലാഖമാരുമുണ്ടായിരിക്കും. മാലാഖമാരുടെ വൃന്ദം നമുക്കു ചുറ്റും നിൽക്കും. കർത്താവിന്റെ തീമതിൽ നമുക്കു ചുറ്റും കോട്ടയായി നിൽക്കും. കർത്താവിന്റെ തിരുരക്തത്തിന്റെ വലയത്തിനുള്ളിൽ നാം സുരക്ഷിതരായിരിക്കും.

ഇന്ന്, ഈ സമയത്തു നിങ്ങൾ ചിന്തിക്കണം. എന്റെ മേൽ പരിശുദ്ധാത്മാവിന്റെ മുദ്രയുണ്ടോ? ആ മുദ്ര കിട്ടാൻ ഞാൻ എന്തുചെയ്യണം? യെഹെസ്കേൽ പ്രവാചകന്റെ പുസ്തകം 9-ാം അദ്ധ്യായത്തിൽ കാണാം, മുദ്ര ലഭിക്കുവാൻ നാം എന്താണ് ചെയ്യേണ്ടത് എന്ന്.

> *"അവനോട് യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരൂശലേമിന്റെ നടുവിൽക്കൂടി ചെന്ന്, അതിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു."*
>
> *യെഹെസ്കേൽ 9 : 4*

അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി വരുന്ന മനുഷ്യനോട് ദൈവം പറഞ്ഞു: അടയാളമിടാൻ നിന്നെ ഞാൻ ഭരമേല്പിക്കയാണ്. യെരൂശലേമിൽ ദൈവത്തിന്റെ ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെ ഓർത്ത് കരയുന്നവരാരെങ്കിലും ഉണ്ടോ എന്നു നോക്കുക. ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകൾ ഓർത്ത് കരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ അടയാളമിടുക. എങ്ങനെ കരയണം? നെടുവീർപ്പിട്ടു കരയണം. ആലയം നമ്മുടെ ശരീരം തന്നെയാണ്. നിങ്ങളാണ് ദൈവത്തിന്റെ ആലയം. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു. നിങ്ങളാണ് ദൈവത്തിന്റെ മന്ദിരം, പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നു. നാമാണ് ദൈവത്തിന്റെ കുടിയിരുപ്പു ഭവനം.

ഈ ആലയത്തിൽ നടക്കുന്ന മ്ലേച്ഛതകളെ ഓർത്ത്, നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെ ഓർത്ത് നെടുവീർപ്പിട്ടു കരഞ്ഞാൽ അടയാളം കിട്ടും. ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി, ഓരോ പാപങ്ങളെയും ഓർത്ത് നെടുവീർപ്പിട്ടു കരയുന്നവർ, പാപബോധത്തോടെ, കുറ്റബോധത്തോടെ, നെടുവീർപ്പോടെ കരയുന്നവർ ആരെല്ലാമുണ്ട്? അവർക്ക് അടയാളം കൊടുക്കുന്നു.

നെറ്റിമേൽ അടയാളമില്ലാത്തവരെയാണ് ന്യൂട്രോൺ ബോംബ് കെടുതിയിലാക്കുന്നത്. ഭീകരമായ ലേസർ രശ്മികൾ അവരെയാണ് നശിപ്പിക്കുന്നത്. അഗാധകൂപത്തിൽ നിന്നു പൊങ്ങിവരുന്ന പുകപോലുള്ള ആ ഭീകര ആക്രമണം, അടയാളമില്ലാത്തവരെയാണ് ഉപദ്രവിക്കുന്നത്.

ഇന്ന് ഭൂമിയിൽ കർത്താവ് നമുക്ക് പരിശുദ്ധാത്മാവിന്റെ മുദ്ര തന്നുകൊണ്ടിരിക്കയാണ്. സുവിശേഷത്തിന്റെ മുദ്ര തരികയാണ്. വിശുദ്ധ ഏവൻഗേലിയോന്റെ മുദ്ര തരികയാണ്. യേശുവിന്റെ മുദ്ര ആർക്കുവേണം? ആ കുരിശിന്റെ അടയാളം ആർക്കുവേണം? യേശുവേ, നിന്റെ സ്ലീബായുടെ അടയാളം എനിക്കു തരണമേ. നാഥാ, ഞാൻ സന്തോഷത്തോടെ കുരിശ് വഹിച്ചുകൊള്ളാം. യേശുവേ, ഞാൻ സന്തോഷത്തോടെ നിന്ദ

വഹിച്ചുകൊള്ളാം. സന്തോഷത്തോടെ എല്ലാ പരിഹാസങ്ങളും ഏറ്റുകൊള്ളാം.

കർത്താവേ, യേശുവിന്റെ നാമത്തിൽ ഞാൻ വിശുദ്ധനായി ജീവിച്ചുകൊള്ളാം. വിശുദ്ധനായി ജീവിക്കുമ്പോൾ എന്റെ നേരെ വരുന്ന തെറ്റിദ്ധാരണകളും ആക്രമണങ്ങളും അപഹസനങ്ങളും പരിഹാസങ്ങളും ആക്ഷേപങ്ങളും നിന്ദനങ്ങളും എല്ലാം ഞാൻ പുഞ്ചിരിയോടെ ഏറ്റുവാങ്ങിക്കൊള്ളാം. ദൈവപൈതലേ, നീ അങ്ങനെ തീരുമാനിക്കുമ്പോൾ നിന്റെ മേൽ ദൈവത്തിന്റെ മുദ്ര വന്നു വീഴും.

ഈ മുദ്ര ലഭിക്കുന്നത് മഹാഭാഗ്യമാണ്. ഈ മുദ്ര ലഭിക്കാൻ നിങ്ങൾ നിങ്ങളെ തന്നെ താഴ്ത്തുവിൻ. നെടുവീർപ്പിട്ടു കരയുക. പാപത്തെ ഓർത്ത്, തെറ്റുപറ്റിയതോർത്ത് കരഞ്ഞുകൊള്ളുക. എന്റെ കർത്താവേ, അബദ്ധം പറ്റിപ്പോയി. അരുതാത്ത വാക്കു വന്നുപോയി. ശാപവാക്കുകൾ, പ്രാകുന്ന വാക്കുകൾ വന്നുപോയി. ചിലരെ ഞാൻ കുറ്റപ്പെടുത്തി പറഞ്ഞുപോയി, ദുഷിച്ചുപോയി. വാവിഷ്ഠാണം വന്നുപോയി. ചിലർക്കെതിരായി ഞാൻ സംസാരിച്ചുപോയി.

കർത്താവേ, പരിഹാസവാക്കുകൾ വന്നുപോയി. നിന്റെ വേലയെ തടുത്തുപോയി. നിന്റെ വേലക്കാരെ ഞാൻ പലതരത്തിൽ ഉപദ്രവിച്ചുകഴിഞ്ഞു. എന്നോടു ക്ഷമിക്കണമേ. പ്രാർത്ഥിക്കൂ, ദൈവസന്നിധിയിൽ കരയൂ. കർത്താവിന്റെ കരുണക്കുവേണ്ടി യാചിച്ചുകൊണ്ട് ഇപ്പോൾ തന്നെ ദൈവത്തോട് നിരപ്പാകുവിൻ. യേശുക്രിസ്തുവിനോട് നിരപ്പാകുവിൻ. യേശുക്രിസ്തുവിന്റെ ആത്മാവിനോട് നിരപ്പാകുവിൻ. യേശുക്രിസ്തു നിങ്ങളുടെ അരികത്തു വന്നിരിക്കുന്ന സമയം അവന്റെ കരങ്ങളിൽ ജീവിതം സമർപ്പിക്കുവിൻ.

## പത്ത്

*"നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു; ഏഴു നിലവിളക്ക് ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു."*

*വെളിപ്പാട് 1 : 19, 20*

യോഹന്നാൻശ്ലീഹായുടെ സുവിശേഷം വിശ്വാസത്തിനു പ്രാധാന്യം കൊടുക്കുന്നതാണ്. യോഹന്നാൻശ്ലീഹാ എഴുതിയ മൂന്നു ലേഖനങ്ങൾ സ്നേഹത്തിനു പ്രാധാന്യം കൊടുക്കുന്നവയാണ്. വെളിപ്പാടുപുസ്തകം പ്രത്യാശക്കു പ്രാധാന്യം കൊടുക്കുന്നതാണ്.

വിശ്വാസം, പ്രത്യാശ, സ്നേഹം! ഇതു മൂന്നും കൈമുതലാക്കിക്കൊണ്ടാണ് അപ്പൊസ്തലൻ അവിടെ കഴിയുന്നത്. അല്ലെങ്കിൽ ഈ പീഡകൾ സഹിക്കാൻ പറ്റുകയില്ലല്ലോ! ഈ ദുരിതവും യാതനയും ഒറ്റപ്പെടുന്ന അനുഭവവും ആരോരും അടുത്തില്ലാതിരിക്കുന്ന സ്ഥിതിയും വാർദ്ധക്യത്തിന്റെ ക്ഷീണവും ക്ലേശവും, ഇതെല്ലാം സഹിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹം ഉള്ളിൽ ജ്വലിക്കുന്നതുകൊണ്ടാണ്. ക്രിസ്തുവിനോടുള്ള വിശ്വാസവും പ്രത്യാശവും ഹൃദയത്തിൽ കത്തിനിൽക്കുന്നതുകൊണ്ടാണ്.

നമുക്കും അങ്ങനെയാണ്. നമ്മുടെ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം ജ്വലിച്ചു നിന്നാൽ പ്രശ്ന

ങ്ങളൊന്നും നമ്മെ തൊടുകയില്ല. ക്രിസ്തുവിനോടുള്ള സ്നേഹം! ക്രിസ്തുവിലുള്ള വിശ്വാസം! ക്രിസ്തുവിലുള്ള പ്രത്യാശ! യേശുക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിച്ചാൽ, ഉള്ളിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിന്റെ അഗ്നി കത്തിയാൽ ഒന്നും നമ്മെ തൊടുകയില്ല. ഒരു പ്രശ്നവും നമ്മെ ബാധിക്കുകയില്ല. ഒരു ബാധയും നിന്നോട് അടുക്കുകയില്ല. അവൻ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും. നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ പരിപാലിക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും. ദൈവത്തിന്റെ വചനമാണത്.

ക്രിസ്തുവിനോടുള്ള സ്നേഹം, ക്രിസ്തുവിലുള്ള വിശ്വാസം, ക്രിസ്തുവിലുള്ള പ്രത്യാശ. ചിന്തിക്കൂ, ഈ സ്വത്ത് നിങ്ങളുടെ കൈവശമുണ്ടോ? ഈ ഭൂമിയിൽ നാം നേടുന്ന സമ്പത്തെല്ലാം പോയ്പ്പോകും. എല്ലാം നഷ്ടപ്പെട്ടുപോകും. എന്തെല്ലാം നേടിയാലും എത്രരൂപ വരുമാനമുണ്ടെങ്കിലും അതെല്ലാം ക്ഷയിച്ചുപോകും. ഭൂമിയിൽ ഇതെല്ലാം ഉണ്ടായിരുന്നാൽ തന്നെ നാം ഈ ഭൂമിയിൽനിന്ന് കടന്നുപോകുമ്പോൾ ഒന്നും നമ്മുടെ കൂടെ പോരുകയില്ല. നമുക്ക് അതൊന്നും പ്രയോജനപ്പെടുകയില്ല. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസവും പ്രത്യാശയും സ്നേഹവും ഉണ്ടെങ്കിൽ അത് നിത്യസമ്പത്താണ്. ക്ഷയിച്ചുപോകാത്ത നിധിയായിരിക്കും. അക്ഷയ നിക്ഷേപം എന്ന് പാട്ടുകാരൻ പാടുമല്ലോ. ക്ഷയിക്കാത്ത നിക്ഷേപമായിരിക്കും.

അപ്പൊസ്തലനായ യോഹന്നാന് അതുണ്ടായിരുന്നതുകൊണ്ട് ഈ ക്ലേശങ്ങളൊന്നും ഉള്ളത്തിൽ തട്ടിയില്ല. മനസ്സിനെ ക്ഷീണിപ്പിച്ചില്ല. ശരീരം ക്ഷീണിച്ചാലും മനസ്സ് ക്ഷീണിക്കരുത്. എന്തെല്ലാം ക്ഷീണം വന്നാലും ഏതെല്ലാം തരത്തിൽ ആലസ്യങ്ങൾ വന്നാലും രോഗം വന്നാലും വേദനകൾ വന്നാലും പ്രശ്നങ്ങൾ രൂക്ഷമായി വന്നാലും പ്രതിസന്ധികൾ വന്നാലും ദുർഘടങ്ങൾ വന്നാലും മനസ്സ് ക്ഷീണിക്കരുത്. മനസ്സ്

ക്ഷീണിക്കാതിരിക്കണമെങ്കിൽ ക്രിസ്തുവിലുള്ള പിടുത്തം വേണം.

ക്രിസ്തുവിൽ ഒരു പിടുത്തം! മുകളിലുള്ള കൊമ്പിലെ പിടി വിട്ടാൽ താഴെ പോകും, നാം അപകടത്തിലാകും. എപ്പോഴും ഉയരത്തിലെ കൊമ്പിൽ ഒരു പിടുത്തം വേണം. അഥവാ ക്രിസ്തുവിനെ പിടിച്ചിരിക്കുന്നു എന്ന ബോദ്ധ്യം വേണം. അവൻ എന്നെ വലംകൈക്കു പിടിച്ചിരിക്കുന്നു! ഞാൻ ക്രിസ്തുവിന്റെ കൈയിലാണ്.

ഞാൻ ഒറ്റപ്പെട്ടുപോയിട്ടില്ല. ഞാൻ അപ്പനുള്ള മകളാണ്. എനിക്കൊരു നാഥനുണ്ട്. അനേകർ അപ്പനില്ലാത്തവരുണ്ട്, അമ്മയില്ലാത്തവരുണ്ട്, സ്വന്തം സഹോദരങ്ങളില്ലാത്തവരുണ്ട്, മക്കളില്ലാത്തവരുണ്ട്. എന്നാൽ, ഈ ഭൂമിയിൽ ആരുമില്ലെങ്കിലും ഞാൻ ഏകാകിയല്ല എന്നുള്ള ചിന്ത നമുക്കു ലഭിക്കുന്നത് വാസ്തവത്തിൽ ക്രിസ്തുവിലുള്ള പിടുത്തം കിട്ടുമ്പോഴാണ്.

വിക്ടോറിയ മഹാരാജ്ഞി–Queen Victoria-പേരുതന്നെ ജയാളി എന്നാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആധിപത്യം പുലർത്തിയ ഒരു മഹതിയായിരുന്നു, Queen Victoria. എന്നാൽ അവരുടെ ഭർത്താവ് മരിച്ചുപോയി. അപ്പോൾ അവർ പറയുകയാണ്: I am no more Queen Victoria. ഞാൻ Victoria അല്ല. ഞാൻ ജയാളി അല്ല. ഞാൻ തോറ്റുപോയി. എന്റെ ഭർത്താവ് എന്നെ വിട്ടുപോയി. ഞാൻ ഒറ്റപ്പെട്ടുപോയി.

ഈ ലോകത്തിലെ ആശ്രയങ്ങൾ വിട്ടുപോകുമ്പോഴും ക്രിസ്തുവിൽ ഒരു ആശ്രയവും ശരണവും നമുക്കുണ്ടെങ്കിൽ എന്നും നാം ജയാളികളായിരിക്കും. മനസ്സ് സമ്പുഷ്ടമായിരിക്കും, സന്തുഷ്ടമായിരിക്കും. ഈ ഭൂമിയിൽ വച്ചുതന്നെ ആ ശരണത്തിലേക്ക് നാം വരണം. ക്രിസ്തുവിന്റെ ശരണത്തിൽ വരിക. വെറും ആശ്രയമല്ല, ക്രിസ്തുവിൽ ലയിച്ചു ചേരുക. ക്രിസ്തു നമ്മുടെ ഉള്ളിൽ വസിക്കുക. അതാണ് ശരണം.

അതുകൊണ്ടാണ് പിതാക്കന്മാർ പാടിയത്:

നിൻശരണേ മൃതരാം – താത സഹോദരരിൽ
ചൊരിയണമേ മോദ–പനിനീരെൻ നാഥാ!

നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ പിതാക്കന്മാരിൽ, ഞങ്ങളുടെ സഹോദരന്മാരിൽ നിന്റെ മോദ ത്തിന്റെ പനിനീര്, സന്തോഷത്തിന്റെ പനിനീര് തളിക്കണമേ.

നാം എന്നും ഈ ശരണത്തിലായിരിക്കണം. ക്രിസ്തു വിന്റെ കരം നമ്മെ പിടിച്ചിരിക്കുന്നു എന്ന ഒരുറപ്പു നമുക്കു വേണം.

ക്രിസ്തു അശുദ്ധമായതിൽ തൊടുകയില്ലല്ലോ. തൊടാൻ സാധിക്കയില്ല. ക്രിസ്തുവിന്റെ കരം എന്നെ തൊടണമെങ്കിൽ, എന്നെ പിടിക്കണമെങ്കിൽ എന്നിലുള്ള അശുദ്ധിയെല്ലാം മാറണം. നമ്മുടെ ആളത്വത്തിൽ അലിഞ്ഞോ ലയിച്ചോ കിട ക്കുന്ന പാപ പ്രവണതകൾ എല്ലാം മാറിയെങ്കിൽ മാത്രമേ കർത്താവിനു നമ്മെ പിടിക്കാൻ പറ്റുകയുള്ളൂ. കർത്താവിന്റെ കരം നമ്മെ പിടിക്കാൻ തക്കവണ്ണം നാം വിശുദ്ധരായി നിൽക്കണം. ഇതെല്ലാം നമ്മുടെ ദാഹമായിരിക്കണം, നമ്മുടെ പ്രാർത്ഥനാവിഷയമായിരിക്കണം.

നാം വെറുതെ പ്രസംഗങ്ങൾ കേട്ടുപോയിട്ടു കാര്യമില്ല. വേദപുസ്തകം വായിച്ചു പോയിട്ടും കാര്യമില്ല. നേരെമറിച്ച് വേദപുസ്തകത്തിലെ വാക്യങ്ങൾ ഓരോന്നിന്റെയും അർത്ഥം ഗ്രഹിച്ച് നമ്മുടെ ജീവിതത്തിൽ അത് അനുവർത്തിക്കണം. ജീവിതത്തിൽ അതു പകർത്തണം.

ഈ ഭൂമിയിൽ വച്ച് ക്രിസ്തുവിലുള്ള ശരണത്തിൽ ആയിത്തീരണം. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ, ക്രിസ്തുവിലുള്ള പ്രത്യാശ കൈമോശം വരാതെ സൂക്ഷിക്കു ന്നവൻ, ക്രിസ്തുവിലുള്ള വിശ്വാസം പുലർത്തുന്നവൻ, അങ്ങ നെയുള്ള ഒരു വ്യക്തിക്ക് എന്നും ആ ശരണത്തിൽ

നിലനിൽക്കാൻ സാധിക്കും.

അപ്പൊസ്തലൻ ഏകാകിയായി പത്മൊസിൽ കിടക്കുമ്പോൾ തേജോമയനായ ക്രിസ്തു വെളിപ്പെട്ടു. അതൊരു അത്ഭുതകരമായ അനുഭവമാണ്. ക്രിസ്തു വെളിപ്പെടുക. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്കനുഭവമാക്കാൻ സാധിക്കും. നാം പ്രാർത്ഥിക്കുമ്പോൾ ക്രിസ്തു നമ്മുടെ അരികത്തു വരുന്നത് നമുക്കനുഭവിക്കാം. നാം തിരുവചനം വായിക്കുമ്പോൾ ക്രിസ്തു നമ്മോട് സംസാരിക്കുന്നത് നമുക്കനുഭവിക്കാം.

ഇപ്പോൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ക്രിസ്തു നിങ്ങളുടെ അരികത്തു വന്ന് നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾക്കനുഭവിക്കാം. അതൊരനുഭവമാണ്, അറിവല്ല. തോന്നലല്ല. ഊഹാപോഹവുമല്ല. അതൊരു യാഥാർത്ഥ്യമാണ്. അസഹ്യമായ, താങ്ങാൻ വയ്യാത്ത ദുരിതങ്ങളോ പ്രതിസന്ധികളോ, പ്രശ്നങ്ങളോ വന്ന് നിങ്ങളുടെ ഉള്ള് ആടിയുലയുമ്പോൾ, ഉള്ളുരുകി വലയുമ്പോൾ അപ്പോഴാണ് നിങ്ങൾ അത്യാവശ്യക്കാരായി നിലവിളിക്കുന്നത്.

കർത്താവേ, നീ ഇല്ലാതെ ഞാൻ എന്തുചെയ്യും? നീ എന്നെ സഹായിച്ചേ പറ്റുകയുള്ളൂ. കർത്താവേ, നീ എന്റെ അരികത്തേക്കൊന്നു വന്നേ പറ്റുകയുള്ളൂ എന്നുള്ള നിലവിളി നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുയരും. യേശുവേ, നീ എന്റെ അരികിലേക്കൊന്നു വരണമേ. നീ എന്നെ താങ്ങിയില്ലെങ്കിൽ ഞാൻ നിൽക്കുകയില്ല. കർത്താവേ, ഞാൻ വലഞ്ഞു പോകുന്നു, വീണു പോകുന്നു. ഞാൻ നിലയില്ലാക്കയത്തിലേക്ക് താണുപോകുന്നു. നാം നിലവിളിച്ചു പോകും.

ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോഴാണ് നമുക്ക് ക്രിസ്തുവിന്റെ സാന്നിദ്ധ്യം കൂടുതൽ അനുഭവമാകുന്നത്. അപ്പോഴാണ് നാം അത്യാവശ്യക്കാരായി നിലവിളിക്കുന്നത്. പ്രാർത്ഥിക്കുന്നുണ്ട്, പ്രാർത്ഥനകൾ ചൊല്ലുന്നുണ്ട്, നമസ്കാരങ്ങൾ ഉരുവിടുന്നുണ്ട്, പക്ഷേ, ഇത് അനുഭവമായി തീരുന്നത്

നമുക്കു ചില പ്രശ്നങ്ങൾ വരുമ്പോഴാണ്.

ചില മാരകമായ രോഗങ്ങൾ വരുന്നു. കർത്താവേ, എന്താണ് സംഭവിക്കാൻ പോകുന്നത്? ആർക്കറിയാം. എന്റെ ആയുസ്സ് തീരാൻ പോവുകയാണോ? വളരെ ഭയാനകമായ ചില കെടുതികളിൽ ചെന്നു വീഴുന്നു. ഏറ്റവും പ്രിയപ്പെട്ടവർ വലിയ പ്രതിസന്ധികളിലാകുന്നു. അല്ലെങ്കിൽ മരണത്തെ നേരിടേണ്ടി വരുന്നു.

പെട്ടെന്നുണ്ടാകുന്ന വിയോഗങ്ങൾ, പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ഇങ്ങനെ വലഞ്ഞുപോകുന്ന സമയങ്ങളിൽ നാം പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവമാകും. കാരണം, അപ്പോൾ നാം അത്യാവശ്യക്കാരാണ്. കൂടിയേ കഴിയൂ എന്ന നിർബ്ബന്ധത്തോടുകൂടിയുള്ള ദാഹാർത്തമായ പ്രാർത്ഥന. ദാഹം ഉള്ളിൽ നിറഞ്ഞുള്ള പ്രാർത്ഥന. ആ പ്രാർത്ഥനയുടെ സമയത്ത് ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിങ്ങൾക്കനുഭവിക്കാൻ സാധിക്കും. The very presence of God!

എനിക്ക് കർത്താവിന്റെ സാന്നിദ്ധ്യം കിട്ടണമല്ലോ. കർത്താവ് എന്റെ അരികത്തൊന്നു വരണമല്ലോ. കർത്താവിന്റെ തൃക്കരം എന്റെ തലമേൽ ഒന്നുവയ്ക്കണമല്ലോ. കർത്താവിന്റെ കരം എന്റെ കരത്തിൽ പിടിക്കണമല്ലോ. കർത്താവ് എന്റെ കണ്ണുനീരൊന്നു തുടയ്ക്കണമല്ലോ. അങ്ങനെ നിങ്ങൾ വാസ്തവമായി ആഗ്രഹിച്ചിട്ടുണ്ടോ? എങ്കിൽ കാണാം, ക്രിസ്തു നിങ്ങളുടെ അരികത്തേക്കു വരുന്നത്, നിങ്ങളെ തൊടുന്നത്!

അപ്പൊസ്തലനായ യോഹന്നാൻ പത്മൊസിൽ ആയിരുന്നപ്പോൾ അക്ഷരികമായി തേജോമയനായ ക്രിസ്തു വെളിപ്പെട്ടു. അഗ്നിജ്ജ്വാലക്കൊത്ത കണ്ണുള്ള, മാറത്തു പൊൻകച്ചകെട്ടിയവനായ ക്രിസ്തു! ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശമായ കാലുകളോടുകൂടിയവനായ ക്രിസ്തു! പെരുവെ

ള്ളത്തിന്റെ ഇരച്ചിൽ പോലത്തെ മഹാശബ്ദത്തോടുകൂടിയവനായ ക്രിസ്തു! മഹാകാഹളനാദത്തിനൊത്ത ശബ്ദമുള്ളവനായ ക്രിസ്തു!

പ്രിയപ്പെട്ടവരേ, ഇന്നു നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങൾക്ക് പ്രാർത്ഥിക്കാം: കർത്താവേ, ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് ആ തേജസ്സിൽ ഒന്നു ലയിക്കാൻ ഇടയാകുമോ? ദൈവസാന്നിദ്ധ്യത്തിന്റെ തേജസ്സ് എനിക്കു നീ തരുമോ? കർത്താവിന്റെ തൃക്കരം എന്നെ തലോടുന്നത് എനിക്കനുഭവമാകുമോ? എന്റെ നീറിപ്പുകയുന്ന ഹൃദയത്തിൽ കർത്താവേ, ഒരു കുളിർമ പകരാൻ നിന്റെ തൃക്കരം എന്റെ തലമേൽ ഒന്നു വയ്ക്കുമോ?

കർത്താവേ, ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് ആ തേജസ്സിൽ ഒന്നു ലയിക്കാൻ ഇടയാകുമോ? ദൈവസാന്നിദ്ധ്യത്തിന്റെ തേജസ്സ് എനിക്കു നീ തരുമോ? കർത്താവിന്റെ തൃക്കരം എന്നെ തലോടുന്നത് എനിക്കൊന്ന് അനുഭവമാകുമോ? എന്റെ നീറിപ്പുകയുന്ന ഹൃദയത്തിൽ ഒരു കുളിർമ പകരാൻ നിന്റെ തൃക്കരം എന്റെ തലമേൽ ഒന്നു വയ്ക്കുമോ?

കർത്താവേ, എന്റെ ഉലഞ്ഞുപോയ ജീവിതത്തിൽ, തകർന്നുപോയ ജീവിതത്തിൽ, അസ്വസ്ഥമായ ജീവിതത്തിൽ, രോഗഗ്രസ്തമായ ശരീരത്തിൽ നിന്റെ തൃക്കരം ഒന്നു തൊടുമോ?

നിങ്ങൾക്കു പലർക്കും പ്രശ്നങ്ങളില്ലേ? ദുരിതങ്ങളില്ലേ? പലരുടേയും മനസ്സ് ഉലഞ്ഞും വലഞ്ഞുമല്ലേ ഇരിക്കുന്നത്? ഉള്ളം നീറുന്നില്ലേ? പുകയുന്നില്ലേ? ഉരുകുന്നില്ലേ? പ്രിയപ്പെട്ടവരേ, ജീവിതത്തിൽ പ്രശ്നങ്ങൾ ഉള്ളതു നല്ലതാണ്. ചില അത്യാവശ്യങ്ങളുള്ളത് നല്ലതാണ്. ചില പ്രാരബ്ധങ്ങളോ ഭാരങ്ങളോ ഉള്ളതു നല്ലതാണ്. നിങ്ങൾക്കിതു കേൾക്കുമ്പോൾ തോന്നും അയ്യോ, അതെങ്ങനെ സഹിക്കും എന്ന്. അങ്ങനെയല്ല, ചില പ്രതിസന്ധികളുള്ളതു നല്ലതാണ്. ചില എതിർപ്പു

കളും പോരാട്ടങ്ങളും ഉള്ളതു നല്ലതാണ്. ചില മനോവൈഷമ്യ ങ്ങൾ ഉള്ളതു നല്ലതാണ്. താങ്ങാൻ വയ്യാത്ത ചില വിപത്തു കൾ വരുന്നത്, അതുപോലും നല്ലതാണ്. എന്തിന്? എല്ലാം കർത്താവ് നന്മയ്ക്കായി മാറ്റിത്തരും.

“ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.”

ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? എല്ലാം നന്മയ്ക്കായി കർത്താവ് മാറ്റിത്തരും. ഞാൻ ദൈവത്താൽ വിളിക്കപ്പെട്ടവ നാണോ, തീർച്ചയായും എന്റെ ജീവിതത്തിൽ സംഭവിക്കുന്ന തെല്ലാം നന്മയ്ക്കായി കർത്താവ് തീർത്തു തരും.

കർത്താവിന്റെ വചനം രണ്ടു വിധത്തിലുണ്ട്. ഒന്ന് ‘ലോഗോസ്,’ മറ്റൊന്ന് ‘റീമ.’

‘Logos’ പൊതുവായിട്ടുള്ള വചനമാണ്. മോശയുടെ കാലത്ത് മോശ അറുന്നൂറായിരം പേരെ കൂട്ടിക്കൊണ്ടുപോയി. ചെങ്കടലിന്റെ അടുക്കൽ വന്നപ്പോൾ മോശ പരിഭ്രമിച്ചു. മോശ ദൈവത്തിന്റെ കല്പന അനുസരിച്ച് വടിയോടുകൂടി കൈ ചെങ്കടലിന്റെ മേൽ നീട്ടി. ചെങ്കടൽ രണ്ടായി പിളർന്നു. അത് ‘ലോഗോസ്’ വചനമാണ്.

അത് ‘റീമ’ ആകണമെങ്കിൽ വ്യക്തിപരമായി കർത്താവ് നമ്മോടത് അരുളിച്ചെയ്യണം. ഒരു പ്രത്യേക കാര്യം ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക വ്യക്തിയോട് പറയുന്നതാണ് ‘റീമ.’

ഒരിക്കൽ, സൗത്ത് കൊറിയയിൽ രണ്ടു ദൈവഭക്തി യുള്ള യുവതികൾ, കർത്താവിന്റെ വേലയ്ക്കുവേണ്ടി പോവു കയാണ്. പെട്ടെന്നാണ് വലിയൊരു പേമാരി പെയ്തത്. മഴ ഭയ ങ്കരമായിട്ടു പെയ്തു. നദിയെല്ലാം നിറഞ്ഞുകവിഞ്ഞ് ഒഴുകുക യാണ്. അവർക്ക് ഒരു നദി കടന്നുപോകണം. അവർ പറഞ്ഞു: മോശയുടെ കാലത്ത് ദൈവം വെള്ളം വിഭജിച്ചല്ലോ. നമുക്കു

പ്രാർത്ഥിക്കാം. കർത്താവേ, ഈ വെള്ളം ഞങ്ങൾക്കുവേണ്ടി വിഭാഗിച്ചു തരണം. രണ്ടു വശത്തേക്കും മാറ്റിത്തരണം. അവർ ആ കരയിൽ ഇരുന്നു പ്രാർത്ഥിച്ചു. എന്നിട്ട് ധൈര്യമായി വെള്ളത്തിലേക്കിറങ്ങി.

അവർ പറഞ്ഞു: യോശുവയുടെ കാലത്ത് പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ യോർദ്ദാനിലേക്കിറങ്ങി, അവരുടെ കാല് വെള്ളത്തിൽ തൊട്ടപ്പോൾ യോർദ്ദാൻ രണ്ടായിട്ടു പിരിഞ്ഞു. ഇപ്പോൾ കർത്താവ് നമുക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കും. വേദപുസ്തകത്തിൽ അങ്ങനെയുണ്ടല്ലോ. അവർ മുന്നോട്ടു പോയി, വെള്ളം മാറുന്നില്ല. അവർ വെള്ളത്തിൽ മുങ്ങി മരിച്ചു. കാരണമെന്താണ്? അവർക്കുവേണ്ടിയുള്ള പ്രത്യേക 'റീമ' ഇല്ല. "നിങ്ങൾ ഇപ്പോൾ കാൽ വെള്ളത്തിൽ ചവിട്ടിയാൽ വെള്ളം രണ്ടായി തിരിയും." അവർക്ക് അങ്ങനെ ഒരു വചനം കിട്ടിയിട്ടില്ല.

ഞാൻ ഒരാളോട്, വേദപുസ്തകത്തിലെ യിരമ്യ പ്രവചനം 17–ാം അദ്ധ്യായം 11–ാം വാക്യം പറഞ്ഞുകൊടുത്തു. "ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ താനിടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തിരിപ്പക്ഷിയെപ്പോലെയാകുന്നു. അവന്റെ മദ്ധ്യായുസ്സിങ്കൽ അത് അവനെ വിട്ടുപോകും." അത് ആ ആൾക്കുള്ള 'റീമ'യാണ്. വേദപുസ്തകത്തിൽ ആ വാക്യമുണ്ട് പക്ഷേ, ആ വ്യക്തിക്ക് ആ വാക്യം പ്രത്യേകിച്ച് പറഞ്ഞുകൊടുത്തപ്പോൾ അത് 'റീമ' യായി.

വ്യക്തിപരമായ 'റീമ!' വ്യക്തിപരമായ ഒരു വചനം! ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരാളോട് കല്പിച്ചു: നിനക്കുള്ള സ്വത്തെല്ലാം നിന്റെ മക്കൾക്കു കൊടുക്കുക. 1500/– രൂപ മാത്രം നിന്റെ കൈവശം വയ്ക്കുക. കേട്ടാൽ അത് അനുവർത്തിക്കാൻ പ്രയാസമാണ്. വലിയ സമ്പന്നനായ ആ മനുഷ്യൻ അതു ചെയ്തില്ല. നിരാശയോടെ, വളരെ നിരാശയോടെ സമാധാനമില്ലാതെ അന്ത്യകാലം കഴിച്ച് ഒരു വിധത്തിൽ പറഞ്ഞാൽ ആർക്കും വേണ്ടാത്തവനെപ്പോലെ കടന്നു

പോകേണ്ടിവന്നു.

പ്രിയപ്പെട്ടവരേ, ദൈവം ചില 'റീമ' നമുക്കു തരും. വ്യക്തിപരമായ വചനം നമുക്കു തരും. ഭയപ്പെടണം. വ്യക്തിപരമായ 'റീമ' കിട്ടിയെങ്കിൽ നാം ഉടനെ അനുസരിച്ചുകൊള്ളണം.

വേദപുസ്തകത്തിലുള്ള വചനം, അതു ലോഗോസ് ആണ്. അത് സാർവ്വത്രികമാണ്. സാർവ്വജനീനമാണ്. എല്ലായിടത്തും എല്ലാവർക്കും എല്ലാക്കാലത്തും വേണ്ട വചനമാണ്.

ലോഗോസ്: വേദപുസ്തകത്തിലുള്ള വചനം.

റീമ: ഒരാൾക്ക് വ്യക്തിപരമായി കിട്ടുന്ന വചനം.

അപ്പൊസ്തലനോട് പറഞ്ഞു: നീ കണ്ടത്, ഇപ്പോഴുള്ളത്, ഇനി സംഭവിപ്പാനിരിക്കുന്നത് നീ എഴുതുക. വ്യക്തിപരമായി അപ്പൊസ്തലന് ഒരു വചനം കൊടുത്തു.

ഇനി നിങ്ങൾ ഒന്നു ചിന്തിക്കൂ, നിങ്ങൾക്ക് വ്യക്തിപരമായി വാഗ്ദാനങ്ങൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ? നിങ്ങളെക്കുറിച്ചു കർത്താവ് കാണുന്ന കാര്യങ്ങൾ നിങ്ങൾക്ക് പറഞ്ഞുതന്നിട്ടുണ്ടോ? വ്യക്തിപരമായി കിട്ടിയ വചനങ്ങൾ നിങ്ങൾ തലയിലേറ്റിക്കൊണ്ടു നടക്കുക. ഹൃദയത്തിൽ വഹിച്ചുകൊണ്ടു നടക്കുക. നിങ്ങളുടെ ജീവിതത്തിൽ അനുവർത്തിച്ചുകൊണ്ട് നടക്കുക.

അപ്പൊസ്തലനോടു പറഞ്ഞു: നീ ഇതെഴുതുക. വേറൊരാളോടു പറഞ്ഞു: നീ എല്ലാം വിട്ട് എന്റെ പിന്നാലെ വരിക. ആ ചെറുപ്പക്കാരൻ ധാരാളം സമ്പത്തുള്ളവനായിരുന്നു. നിനക്കുള്ള സ്വത്ത് ഒക്കെയും വിറ്റ് ദരിദ്രന്മാർക്ക് കൊടുത്തിട്ട് നീ എന്റെ പിന്നാലെ വരിക എന്നാണ് കർത്താവ് പറഞ്ഞത്.

അവൻ ചിന്തിച്ചു: കർത്താവെന്താണ് എന്നോടിങ്ങനെ പറയുന്നത്? വേറെ ആരോടും അങ്ങനെ പറഞ്ഞില്ലല്ലോ. എനി

ക്കാണല്ലോ ഈ വചനം തന്നത്. അവിടെ അവന് ചോദ്യമായി. അവന് അത് അസാദ്ധ്യമായിരുന്നു. അത് അതുപോലെതന്നെ അംഗീകരിപ്പാൻ പ്രയാസമായിരുന്നു. ഫലമോ അവൻ ദു:ഖിത നായി പോയ്ക്കളഞ്ഞു. അവനു കൊടുത്ത വ്യക്തിപരമായ വചനം അനുസരിക്കാൻ അവനു കഴിഞ്ഞില്ല. വ്യക്തിപരമായി ലഭിക്കുന്ന വചനം നാം അനുസരിക്കുക.

കർത്താവ് നിങ്ങളോട് നേരിട്ടു സംസാരിച്ച വചനങ്ങൾ, അരുളപ്പാടുകളായി സംസാരിച്ച വചനങ്ങൾ, ദൈവത്തിന്റെ വെളിപ്പാടുകളായി ലഭിച്ച വചനങ്ങൾ, ആത്മാവ് നമ്മോടു സംസാരിച്ച വചനങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ ഒട്ടും വൈകരുത്, ഒട്ടും താമസിക്കരുത്. ഒരണുപോലും വ്യത്യാസം വരാതെ മുഴു വനായും വേഗം അംഗീകരിച്ചുകൊള്ളുക. നിങ്ങൾക്കു മനസ്സി ലായില്ല എന്നു വരും. സാരമില്ല, മുഴുവനായി നിങ്ങൾ അനുസ രിച്ചുകൊള്ളുക. എന്നാൽ നിങ്ങൾക്ക് അനുഗ്രഹം ലഭിക്കും.

“സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാ പിക്കും.” “താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു.”

വചനം നിങ്ങൾ അനുസരിക്കുക. വചനപ്രകാരം ജീവി ക്കുക. പുതിയ തിരുമാനങ്ങൾ എടുക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പതിനൊന്ന്

*"അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു; കാഹളനാദംപോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോട്: ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളത് ഞാൻ നിനക്ക് കാണിച്ചുതരാം എന്ന് കല്പിച്ചു."*

*വെളിപ്പാട് 4 : 1*

വെളിപ്പാടുപുസ്തകത്തിൽ നാം യുദ്ധങ്ങളെക്കുറിച്ചു വായിക്കുന്നുണ്ട്. ഭയങ്കരമായ വലിയ ബാധകളെക്കുറിച്ചു വായിക്കുന്നുണ്ട്, വലിയ ദണ്ഡനങ്ങളെക്കുറിച്ച് വായിക്കുന്നുണ്ട്. തീരാവ്യാധികളെക്കുറിച്ചു വായിക്കുന്നുണ്ട്. മഹാകഷ്ടങ്ങളെക്കുറിച്ചു വായിക്കുന്നുണ്ട്. ഇതെല്ലാം വായിക്കുമ്പോൾ നാം ഭയപ്പെടാനല്ല, നേരെ മറിച്ച് ഇമ്മാതിരി കഷ്ടങ്ങളും നഷ്ടങ്ങളും ദുരിതങ്ങളുമെല്ലാം വരുമ്പോഴും തന്റെ ജനത്തെ ദൈവം പരിപാലിക്കുന്ന വിധങ്ങൾ ഗ്രഹിക്കാനാണ് നമുക്കത് ഉതകേണ്ടത്. യാതൊരു തരത്തിലുള്ള ബാധയും നമ്മിൽ ഏൽക്കാതെ നമ്മെ കാക്കുന്ന നിത്യനായ ദൈവത്തിന്റെ കാര്യപരിപാടി നാം അറിയുവാനാണ് അത് ഉപയോഗപ്പെടേണ്ടത്.

നമ്മെ സൂക്ഷിക്കുന്ന, നമ്മെ കാക്കുന്ന, ദൈവത്തിന്റെ കരുതൽ! ഏതു വലിയ മഹാബാധകൾ വന്നാലും അതിൽനിന്നെല്ലാം നമ്മെ രക്ഷിക്കുന്ന കർത്താവിന്റെ കൃപ! ഏതു കൊടും ക്രൂരമായ യാതനകളും വേദനകളും വന്നാൽ പോലും ഒന്നും നമ്മെ തൊടാതെ സൂക്ഷിക്കുന്ന ദൈവത്തിന്റെ കൃപ! മഹാവ്യാധികൾ, മഹാബാധകൾ, പെരിയ യുദ്ധങ്ങൾ

എല്ലാം വന്നാലും അതിന്റെ കേടുകളൊന്നും നമ്മെ സ്പർശിക്കാതെ സൂക്ഷിക്കുന്ന ദൈവത്തിന്റെ കൃപ! അതാണ് വെളിപ്പാട് പുസ്തകത്തിൽ നമുക്കു ലഭിക്കുന്ന അരുളപ്പാടുകളുടെ അർത്ഥം.

സഭ എക്കാലത്തും ഒരു മർമ്മമാണ്. സഭ എന്നു പറയുന്നത് കത്തോലിക്ക സഭയെന്നോ യാക്കോബായ സഭയെന്നോ, ഓർത്തഡോക്സ് സഭയെന്നോ, ഇവാഞ്ചലിക്കൽ സഭയെന്നോ, ബ്രദറൺ സഭയെന്നോ, അസംബ്ലീസ് ഓഫ് ഗോഡ് എന്നോ അല്ലെങ്കിൽ പെന്തക്കൊസ്തു സഭയെന്നോ ഒന്നും അല്ല. അതെല്ലാം കൂടിവരവുകളാണ്. സഭ എന്നു പറയുന്നത് ക്രിസ്തുവിന്റെ ശരീരമാണ്. സഭ വിശുദ്ധന്മാരുടെ കൂട്ടമാണ്, രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ്. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു. രക്ഷിക്കപ്പെടുക എന്നുവച്ചാൽ രക്ഷ പൂർത്തീകരിച്ചു എന്നല്ല അതിന്റെ അർത്ഥം. രക്ഷ അനുഭവിക്കുന്നവരുടെ, വീണ്ടുംജനനം അനുഭവിക്കുന്നവരുടെ, മാനസാന്തരപ്പെട്ടവരുടെ കൂട്ടമാണ് സഭ.

എല്ലാ സഭകളിലും നാമധേയ ക്രിസ്ത്യാനികളുണ്ട്. യാക്കോബായ സഭയിലും ഓർത്തഡോക്സ് സഭയിലും കത്തോലിക്കാസഭയിലും ക്രിസ്ത്യാനികളുണ്ട്. പേരിനേ ക്രിസ്ത്യാനിത്വമുള്ളൂ. ഉള്ളത്തിൽ ക്രിസ്തു ഇല്ല. ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനികൾ! നാമധേയ ക്രിസ്ത്യാനികൾ!

എന്നാൽ സഭ എന്ന വാക്കിന്റെ അർത്ഥം ക്രിസ്തുവിന്റെ വിശുദ്ധശരീരം എന്നാണ്. അതിൽ കത്തോലിക്കാ സഭയിലെയും ഓർത്തഡോക്സ് സഭയിലെയും യാക്കോബായ സഭയിലെയും പെന്തക്കൊസ്തു സഭയിലെയും ഇവാഞ്ചലിക്കൽ സഭയിലെയും സി.എസ്.ഐ. സഭയിലെയും വിശുദ്ധന്മാരുണ്ട്. എല്ലാ സഭയിലും എല്ലാ സമുദായങ്ങളിലുമുള്ള വിശുദ്ധന്മാർ ഒരു ശരീരമാണ്, ഒരുമിച്ചു നിൽക്കുന്നു. അതുകൊണ്ടാണ് നാമാരും സമുദായം മാറണ്ടാ, സഭ മാറണ്ടാ

എന്നു പറയുന്നത്. സഭ മാറിയിട്ടു പ്രയോജനമില്ല. സമുദായം മാറിയിട്ട് പ്രയോജനമില്ല. ഓരോരുത്തരും സത്യസഭയുടെ അംഗങ്ങളായിരിക്കുക.

വിശുദ്ധന്മാരുടെ കൂട്ടമാണ് സഭ. ഇത് ഒന്നുകൂടി വിശദീകരിക്കേണ്ടതുണ്ടെന്ന് എനിക്കു തോന്നുന്നു. നാമാരും വിശുദ്ധരായിട്ടില്ല. നാമാരും തികഞ്ഞവരായിട്ടില്ല. ഒരു മനുഷ്യനും ഈ ഭൂമിയിൽ തികഞ്ഞവരായിട്ടില്ല. ഭൂമിയിൽ പിറന്നതിൽ കർത്താവായ യേശുക്രിസ്തു അല്ലാതെ ആരും തികഞ്ഞവനായിട്ടില്ല. ക്രിസ്തു മാത്രം വിശുദ്ധിയിൽ തികഞ്ഞവൻ! സ്നേഹത്തിൽ തികഞ്ഞവൻ! എല്ലാറ്റിലും സമ്പൂർണ്ണൻ. സമ്പൂർണ്ണതയുടെ ബന്ധം, സമ്പൂർണ്ണതയുടെ മൂർത്തിമദ്ഭാവം കർത്താവായ യേശുക്രിസ്തു മാത്രം. നാമാരും പൂർണ്ണരായിട്ടില്ല. എന്നാൽ നാം ജീവിതം കർത്താവിനു സമർപ്പിച്ച് ഈ ആയുസ്സ് കർത്താവിന്റെ കരങ്ങളിലേക്കു കൊടുത്ത് കർത്താവേ, മേലിൽ ഞാൻ ലോകത്തിന് അനുരൂപമായി ജീവിക്കയില്ല, ഇനിമുതൽ ഞാൻ നിന്റെ വകയായി ജീവിക്കും, മനസ്സറിഞ്ഞ് ഒരു പാപവും എന്റെ ജീവിതത്തിൽ വരികയില്ല എന്നു തീരുമാനിച്ച് ജീവിതത്തിൽ ഒരു വ്യക്തമായ തിരിവിലേക്ക്, മാനസാന്തരത്തിലേക്ക് വരുമ്പോൾ കർത്താവിന്റെ തിരുരക്തം വന്ന് നമ്മുടെ അനേകം ലംഘനങ്ങൾ ക്ഷമിച്ചു തരും, കഴുകിത്തരും. നമ്മുടെ പാപങ്ങൾ മറച്ചു തരും.

“ലംഘനം ക്ഷമിച്ചും, പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ.” നമ്മുടെ പാപങ്ങൾ എല്ലാം മാറുന്നില്ല. രക്തത്തിൽ പിന്നെയും പാപപ്രവണതയുണ്ട്. ഇനി ഞാൻ കോപിക്കയില്ല എന്നു പറഞ്ഞാലും പിന്നെയും ചിലപ്പോൾ കോപം വന്നു എന്നു വരാം. ഇനിയും അഴുക്കായ ചിന്തകൾ വരികയില്ല എന്നു പറഞ്ഞാലും അഴുക്കായ ചിന്തകൾ വന്നു എന്നു വരാം. വന്നുപോയ തിന്മകളുടെ ലംഘനങ്ങൾ കർത്താവ് ക്ഷമിച്ചു തരും. പക്ഷേ, നമ്മുടെ രക്തത്തിൽ പാപത്തിന്റെ പ്രവണത അലിഞ്ഞു നിൽക്കുന്നു. പാപത്തിന്റെ സ്വഭാവം അലിഞ്ഞു

നിൽക്കുന്നു.

സ്വഭാവത്തിലുള്ള ഈ മാലിന്യങ്ങൾ കർത്താവ് തന്റെ രക്തത്താൽ മറച്ചു തരുന്നു. ഇത് അനുഭവിച്ചുകൊണ്ടു വേണം നാം ഈ ഭൂമിയിൽനിന്നു കടന്നുപോകാൻ. അല്ലാതെ പൂർണ്ണ രായിട്ട് ആർക്കും കടന്നുപോകാൻ സാദ്ധ്യമല്ല. യേശുക്രിസ്തു വിന്റെ രക്തത്താൽ ലംഘനങ്ങൾ എല്ലാം ക്ഷമിച്ചുകിട്ടുകയും മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല എന്ന് തീരുമാനിച്ച് ജീവിതം കർത്താവിനു സമർപ്പിക്കുകയും ചെയ്യുമ്പോൾ അതു വരെ വന്ന പാപങ്ങൾ ക്ഷമിക്ക മാത്രമല്ല, പാപപ്രവണതകൾ, പാപസ്വഭാവങ്ങൾ കർത്താവിന്റെ രക്തത്താൽ മറച്ച് പൊതിഞ്ഞു തരുകയും ചെയ്യും.

പിശാച് നോക്കുമ്പോൾ അവന് അവകാശം പറയാൻ ഒന്നും കാണുന്നില്ല. കർത്താവിന്റെ രക്തമാണ് പുറമേ കാണു ന്നത്. കർത്താവിന്റെ രക്തത്തിൽക്കൂടി നോക്കുമ്പോൾ മനു ഷ്യന്റെ പാപങ്ങളൊന്നും വെളിപ്പെടുകയില്ല. കർത്താവിന്റെ തിരുരക്തം നമ്മെ പൊതിഞ്ഞു നിൽക്കുന്നതുകൊണ്ട്, കർത്താവിന്റെ തിരുരക്തത്തിന്റെ ആവരണം ഉള്ളതുകൊണ്ട് നാം യേശുക്രിസ്തുവിന്റെ കൃപയിൽ, യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ശക്തിയിൽ മറഞ്ഞു നിൽക്കുന്നു. അതു കൊണ്ട് പിശാചിന് നമ്മിൽ അവകാശം പറയാൻ സാധിക്കുക യില്ല.

തിരുരക്തത്തിൽ ആശ്രയിച്ചല്ലാതെ, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടല്ലാതെ നമുക്ക് ദൈവരാജ്യ ത്തിൽ ചെല്ലാൻ സാധിക്കയില്ല. അറിഞ്ഞുകൊണ്ട് ഒരു തെറ്റുവ രാൻ പാടില്ല. പാപത്തിന്റെ ചിന്ത വരാൻ പാടില്ല. പാപത്തിന്റെ വാക്കു വരാൻ പാടില്ല. പാപത്തിന്റെ പ്രവൃത്തി വരാൻ പാടില്ല.

നാമറിയാതെ നമ്മുടെ സ്വഭാവത്തിൽ അലിഞ്ഞു കിട ക്കുന്ന ജന്മസിദ്ധമായ പാപപ്രവണതകളും നമ്മുടെ രക്ത ത്തിൽ അന്തർലീനമായി കിടക്കുന്ന പാപങ്ങളും തിരുരക്ത

ത്താൽ മറച്ചു തരുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മാനസാന്തരപ്പെട്ടവർക്കും ചിലപ്പോൾ കോപം വന്നു എന്നു വരും. വ്യാജഭാവങ്ങൾ വന്നു എന്നുവരും. ചിലപ്പോൾ ഈർഷ്യയും മുഷിച്ചിലും വന്നു എന്നുവരും. പ്രവൃത്തിയിൽ വരാൻ പാടില്ല, വാക്കിൽ വരാൻ പാടില്ല. പക്ഷേ, ചില മുഷിച്ചിൽ വരുന്നു. ഈർഷ്യ വരുന്നു. മനസ്സ് പുകയുന്ന രീതിയിൽ ചില ഭാരങ്ങൾ വരുന്നു. മനസ്സിൽ ചില ഇഷ്ടക്കേടുകളോ നീരസങ്ങളോ വരുന്നു. അതെല്ലാം സ്വഭാവത്തിൽ ഉള്ളതാണ്. അതെല്ലാം മറച്ചു തരുകയാണ് ചെയ്യുന്നത്.

അങ്ങനെ സ്വഭാവത്തിൽ ലയിച്ചു കിടക്കുന്ന പാപപ്രവണതകൾ നിരന്തരം തിരുരക്തത്താൽ പൊതിഞ്ഞു കിടക്കുന്നതുകൊണ്ട്, സ്വഭാവത്തിൽ നിന്ന് അതെല്ലാം കുറേശ്ശെക്കുറേശെയായി തീർന്നുപോകുന്നു. അങ്ങനെയാണ് നാം വിശുദ്ധിയെ തികച്ചുകൊണ്ട് അക്കരെ ദേശത്തേക്ക് കടന്നു ചെല്ലുന്നത്. തികഞ്ഞവരായതുകൊണ്ടല്ല, തിരുരക്തത്തിന്റെ അത്ഭുതശക്തിയാൽ, പരിശുദ്ധാത്മാവിന്റെ അഗ്നിയുടെ സ്പർശനത്താൽ!

എന്തൊരു ഭാഗ്യം! കർത്താവിന്റെ കൃപ നമ്മെ പൊതിയുന്നു. നിങ്ങൾക്ക് ആഗ്രഹമുണ്ടോ വന്നുപോയ പാപങ്ങളൊക്കെ ഒന്നു ക്ഷമിച്ചു കിട്ടണമെന്ന്? അറിഞ്ഞും അറിയാതെയും പല തെറ്റുകളും വന്നുപോയി. എന്തെല്ലാം പാപങ്ങളാണ് നമ്മുടെ വാക്കുകളിൽ വന്നുപോയിട്ടുള്ളത്? പ്രാകിയിട്ടുണ്ട്, ശപിച്ചിട്ടുണ്ട്, കോപിച്ചു വിറഞ്ഞു തുള്ളിയിട്ടുണ്ട്, വഴക്കടിച്ചിട്ടുണ്ട്, ഒരു കാര്യവുമില്ലാതെ കലഹങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, വ്യാജം വന്നുപോയിട്ടുണ്ട്, കൈക്കൂലി വാങ്ങിപ്പോയിട്ടുണ്ട്, മോഷണം വന്നുപോയിട്ടുണ്ട്. ശരീരത്തിലെ ഓരോ അവയവത്തിലും മാലിന്യം വന്നുപോയിട്ടുണ്ട്.

കണ്ണുകൊണ്ടു കണ്ടതിൽ, ചെവികൊണ്ടു കേട്ടതിൽ, നാവുകൊണ്ടു സംസാരിച്ചതിൽ, ഹൃദയംകൊണ്ടു നിരൂപിച്ചതിൽ, മനസ്സുകൊണ്ടു ചിന്തിച്ചതിൽ, കൈകൊണ്ടു തൊട്ടതിൽ, കാലുകൊണ്ടു നടന്നതിൽ, എന്തെല്ലാമെന്തെല്ലാം. ഓരോ അവ

യവത്തിലും പാപം വന്നുപോയിട്ടുണ്ട്. കർത്താവേ, എനിക്കിതെല്ലാം കഴുകി തരണമേ. അങ്ങനെ പ്രാർത്ഥിച്ചാൽ കർത്താവ് തന്റെ തിരുരക്തത്താൽ എല്ലാം കഴുകിത്തരും.

ഹൃദയത്തിന്റെ ആഴത്തിൽനിന്ന് അങ്ങനെയൊരു നിലവിളി വരുന്നത് ഭാഗ്യമാണ്. കർത്താവേ, തിരുരക്തത്താൽ എന്നെ ഒന്നു കഴുകി എടുക്കണമേ എന്ന പ്രാർത്ഥന, കഴിഞ്ഞ കാല പാപങ്ങൾ എല്ലാം ക്ഷമിക്കണമേ എന്ന പ്രാർത്ഥന, വന്നുപോയ സകല ബന്ധനങ്ങളും അഴിച്ചു തരണമേ, പൈശാചികൻ അവകാശം പറയുന്ന എല്ലാത്തിൽനിന്നും എനിക്കൊരു മോചനം തരണമേ, ദുഷ്ടപിശാച് എന്നെ വലിച്ചുകൊണ്ടുപോകുന്ന പാപത്തിന്റെ ഊരാക്കുരുക്കുകളിൽനിന്ന് എനിക്കൊരു മോചനം തരണമേ, എന്റെ ജീവിതത്തിലെ കേടുകളും കെടുതികളും മാറ്റി ദുഷ്ടനിൽനിന്ന് എന്നെ വിടുവിച്ച് എനിക്ക് മോചനം തരണേ എന്ന പ്രാർത്ഥന, ഈ ഒരു പ്രാർത്ഥന നമ്മുടെ ഹൃദയത്തിൽനിന്ന് ഉയരുമ്പോൾ കർത്താവിന്റെ തിരുരക്തം വന്നു നമ്മെ കഴുകും. യേശുവിന്റെ തിരുരക്തം കഴുകിയിരിക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് നാം കർത്താവിനെ സ്തുതിക്കുക.

> *"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു."* *റോമർ 3 : 25*

യേശുവിനെ പരസ്യമായി നിർത്തിയിരിക്കുന്നു! ഇതു വിശ്വസിച്ചാൽ നിങ്ങൾക്കിനി തലയെടുപ്പോടെ, ധൈര്യത്തോടെ നടക്കാം. യേശുക്രിസ്തുവിന്റെ തിരുരക്തം എന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകി എന്നും അതിനുവേണ്ടി മാത്രമാണ് യേശു കുരിശിൽ മരിച്ചത് എന്നും ഒരു വിശ്വാസം നിനക്കു വന്നാൽ മകനേ, മകളേ, നിന്റെ പാപങ്ങളെല്ലാം കർത്താവ് കഴുകിത്തരും. എല്ലാ ബാധകളും മാറ്റിത്തരും.

കർത്താവേ, എന്റെ പാപപ്രവണതകൾ ഇപ്പോഴും അവി

ടെയുണ്ടല്ലോ. പാപത്തിന്റെ പ്രകൃതി അവിടെയുണ്ടല്ലോ. പാപത്തിന്റെ സ്വഭാവം അവിടെയുണ്ടല്ലോ. നിന്റെ തിരുരക്തത്താൽ എന്നെ പൊതിഞ്ഞു കൊള്ളണമേ എന്നുള്ള പ്രാർത്ഥന എപ്പോഴും നമ്മുടെ ഉള്ളിൽനിന്നും ഉണ്ടാകണം. ഈ ഒരനുഭവം നമുക്കു കിട്ടുന്നതാണ് വാസ്തവത്തിൽ ക്രിസ്തീയ ജീവിതം. പുറമേ ക്രിസ്ത്യാനി എന്ന പേരുകൊണ്ടു കാര്യമില്ല. പുറമേ പള്ളിയിൽ പോയി, പുറമേ കുരിശു വരച്ചു, അതു കൊണ്ടും കാര്യമില്ല.

കുരിശു വരക്കുന്നതിന്റെ അർത്ഥം എത്രപേർക്കറിയാം? കുരിശു വരയ്ക്കുക എന്നതിന് വലിയ അർത്ഥമുണ്ട്.

നിത്യനായ ദൈവം കാലത്തിന്റെ ചക്രവാളത്തിൽ ചവിട്ടി നിന്നുകൊണ്ട് ഭൂമിയിലേക്കിറങ്ങി വന്നു. അവിടുന്ന് തിരു അവതാരം ചെയ്തു. തന്റെ മരണത്താൽ നമ്മുടെ മരണത്തെ നീക്കിക്കളയുവാനായിട്ട് കുരിശിൽ മരിച്ചു. കർത്താവേ, ഞാൻ വിശ്വസിക്കുന്നു. ഇടത്തേതിന്റെ വകയായിരുന്ന എന്നെ വലത്തേതിന്റെ വകയാക്കി തീർത്തു. ഇതാണ് കുരിശു വരയ്ക്കുന്നതിന്റെ അർത്ഥം. എന്നാൽ നിങ്ങൾ ചടങ്ങുകൾ ആചരിച്ച് രക്ഷപ്പെട്ടുകൊള്ളാമെന്ന് കരുതരുത്. കാരണം, ഞാൻ ചടങ്ങുകൾ ആചരിച്ച മനുഷ്യനാണ്.

എന്റെ അപ്പൻ എനിക്ക് ഒരു വയസ്സുള്ളപ്പോൾ മരിച്ചു. പിന്നെ കുടുംബത്തിൽ ആകെ ദുരിതവും പ്രയാസവും വേദനയും യാതനയും ദു:ഖവും രോഗവും! കണ്ണുനീര് തോരാൻ വേണ്ടി പള്ളിപ്പെരുന്നാൾ ഏറ്റുകഴിക്കാമെന്ന് എന്റെ അമ്മ തീരുമാനിച്ചു. അമ്മ ആണ്ടുനോമ്പു നോക്കി. കോലഞ്ചേരി പള്ളിയിലെ പെരുന്നാളിന് അവിടെ വരുന്ന ധർമ്മക്കാർക്കെല്ലാം ധർമ്മം കൊടുക്കാൻ തീരുമാനിച്ചു.

കുന്നുക്കുരുടി പള്ളിയിലും പിറവം പള്ളിയിലുമെല്ലാം ശനിയാഴ്ച കുർബ്ബാനയും മൂന്നു പൈതങ്ങളുടെ നേർച്ചയും കഴിച്ചു. ഇന്ന് ഈ ചടങ്ങുകളൊക്കെ ഓർക്കുമ്പോൾ വാസ്തവ

ത്തിൽ എനിക്ക് ആ മൂഢതയോർത്ത് ലജ്ജ തോന്നുന്നുണ്ട്.

എന്നാൽ സാക്ഷാത്തായ വിശ്വാസത്തിലേക്ക് നാം വരുമ്പോഴാണ് ചടങ്ങുകൾ നിർജ്ജീവമാണെന്നു മനസ്സിലാകുന്നത്. നിർജ്ജീവമായ ചടങ്ങുകൾ, ആചാരങ്ങൾ! എന്നാൽ ഈ ആചാരങ്ങൾക്കപ്പുറം ചില അന്ത:സത്തകളുണ്ട് എന്നു നാം മനസ്സിലാക്കുമ്പോൾ അവയിൽ ഊന്നുവാനും അവയിൽ ലയിക്കുവാനും അവകൊണ്ട് ചില പ്രയോജനങ്ങൾ അനുഭവമാക്കുവാനും നമുക്കു സാധിക്കും.

അനാദികാലം - കാലങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് - മുതൽ നിത്യനായ ദൈവത്തിന്റെ സ്വർഗ്ഗീയ യുഗപരിപാടിയിൽ മറഞ്ഞിരുന്ന ഒന്നാണ് സഭ എന്ന മർമ്മം. ആ മർമ്മം അന്നു മറഞ്ഞിരുന്നപ്പോൾ സഭയിലുള്ള എല്ലാവരേയും ദൈവം കണ്ടിരുന്നു. വിശുദ്ധന്മാരുടെ കൂട്ടത്തിലുള്ള എല്ലാവരേയും അതിൽ ഉൾക്കൊള്ളിച്ചിരുന്നു. അതിൽ ഈ ഞാൻ ഉൾപ്പെട്ടിരുന്നു. നിങ്ങൾ ഓരോരുത്തരും ഉൾപ്പെട്ടിരുന്നു. നാമാരും ഭൂമിയിൽ ജനിച്ചിട്ടില്ല. പക്ഷേ, നിത്യനായ ദൈവത്തിന്റെ കാലാതീതമായ - കാലങ്ങൾക്കും അപ്പുറത്തുള്ള - യുഗപരിപാടിയിൽ, ദൈവം നിരൂപിച്ച 'സഭ' എന്ന മർമ്മത്തിൽ, ആ mystery - യിൽ നമ്മെ ഓരോരുത്തരേയും ഉൾക്കൊള്ളിച്ചിരുന്നു! നിത്യനായ ദൈവം നമ്മെ ആ മർമ്മത്തിൽ പെടുത്തിയിരുന്നു!

സഭ എന്ന മർമ്മം! It is a mystery. അതൊരു രഹസ്യമാണ്. ആ രഹസ്യം കർത്താവായ യേശുവിന്റെ കുരിശുമരണത്തോടും ഉയിർത്തെഴുന്നേൽപ്പിനോടും ചേർന്ന്, കർത്താവായ യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ തുടർന്ന് പരിശുദ്ധാത്മാവ് ആളത്വമായി ഈ ഭൂമിയിലേക്കിറങ്ങി വന്ന് ആവസിച്ചപ്പോൾ സഭ അക്ഷരികമായി വെളിപ്പെട്ടു.

നാം ഇതിൽ സന്തോഷിക്കണം. എന്റെ കർത്താവേ, ഈ സഭ എന്ന മർമ്മത്തിൽ നീ എന്നെ ഉൾപ്പെടുത്തിയല്ലോ!

നിനക്കു സ്തുതി. അനേകർക്കും ഇതിനകത്തു വരാൻ കഴിഞ്ഞില്ലല്ലോ. അനേകർക്ക് ഈ മർമ്മം പിടികിട്ടിയില്ലല്ലോ. അനേകർക്ക് ഈ വചനം മനസ്സിലാകുന്നില്ലല്ലോ. അനേകർക്ക് രക്ഷ എന്തെന്നു മനസ്സിലാകുന്നില്ലല്ലോ! ഇതു നാം തിരിച്ചറിയുമ്പോൾ നമ്മുടെ ഹൃദയം സന്തോഷംകൊണ്ടും നന്ദികൊണ്ടും നിറയും. നമ്മുടെ സ്വന്തക്കാരില്ലേ? ബന്ധക്കാരില്ലേ? നാട്ടുകാരില്ലേ? ഇടവകയിൽപ്പെട്ടവരില്ലേ? നമ്മുടെ ഭദ്രാസനത്തിൽപ്പെട്ടവരില്ലേ? നമ്മുടെ അതിരൂപതയിൽപ്പെട്ടവരില്ലേ? അനേകരില്ലേ? പലർക്കും ഇതൊന്നും മനസ്സിലാകുന്നില്ല. എന്താണീ പറയുന്നതെന്ന് പിടികിട്ടുന്നില്ല.

ഭാഗ്യവശാൽ നമുക്കൊന്നും മനസ്സിലായില്ലെങ്കിലും ഇതെല്ലാം അനുഭവിക്കാൻ കർത്താവു നമ്മെ കൂട്ടിക്കൊണ്ടുവന്ന് ഈ മർമ്മത്തിൽ നമ്മെ പ്രതിഷ്ഠിച്ചു, നമ്മെ ചേർത്തണച്ചു. ഭാഗ്യം! അക്കരെ ചെല്ലുമ്പോൾ ഞാനും നിങ്ങളും അറിയും. അന്ന് നാം എല്ലാം കാണും. ഇന്നിപ്പോൾ കണ്ണാടിയിൽ കടമൊഴിയായി കാണുന്നു, അപ്പോൾ മുഖാമുഖമായി കാണും.

അന്നാണ് കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്തിന്റെ വില എന്താണെന്ന് നാം അറിയുന്നത്. നമുക്ക് കിട്ടിയ ഭാഗ്യം എന്തെന്നു മനസ്സിലാകും. നമുക്കു കിട്ടിയ വചനത്തിന്റെ മർമ്മം എന്തെന്നു മനസ്സിലാകും. വചനത്തിന്റെ അത്ഭുത കൃപകൾ, നമുക്കു കിട്ടിയ മാനസാന്തരത്തിന്റെ ഭാഗ്യം എന്തെന്നു മനസ്സിലാകും. ഇന്ന് ആളുകൾ കളിയാക്കുന്നു. പരിഹസിക്കുന്നു. പലർക്കും നമ്മോട് എതിർപ്പാണ്. തെറ്റിദ്ധാരണയാണ്. പക്ഷേ, അന്ന് ഇതെല്ലാം വെളിപ്പെടുമ്പോൾ, നാം ഭാഗ്യശാലികളായി ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കും.

നമ്മുടെ യോഗ്യതകൊണ്ടല്ല, നമ്മുടെ പ്രാർത്ഥനകൊണ്ടല്ല, നമ്മുടെ നന്മ കൊണ്ടല്ല, നമ്മുടെ യാതൊരുവിധമായ ജാഗരണം കൊണ്ടുമല്ല, നിത്യനായ ദൈവത്തിന്റെ യുഗപരിപാ

ടിയിൽ നമ്മെ കണ്ടതുകൊണ്ട് നമുക്കവിടെ ദൈവത്തെ സ്തുതിക്കാം. അതാണ് ഇടവിടാത്ത സ്തുതി. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നാം സ്തുതിക്കുന്നവരായിത്തീരുന്നു. നിരന്തരമായ സ്തുതി. ഇവിടെ തുടങ്ങുന്ന സ്തുതി അവിടെ തുടരുന്നു. ഇവിടെ തുടങ്ങുന്ന വിശുദ്ധി അവിടെ തുടരുന്നു. ഇവിടെ തുടങ്ങുന്ന സ്വർഗ്ഗം അവിടെ തുടരുന്നു.

സ്വർഗ്ഗവീട് ഈ ഭൂമിയിൽ നമുക്കു തുടങ്ങണം. പ്രിയപ്പെട്ടവരേ, ഈ ഭൂമിയിൽ ജീവിക്കുമ്പോൾ സ്വർഗ്ഗം നമുക്കിവിടെ തുടങ്ങണം. സ്വർഗ്ഗീയ സൗഭാഗ്യം നമുക്കനുഭവിക്കണം. സ്വർഗ്ഗസ്നേഹം, സ്വർഗ്ഗത്തിലെ വിശുദ്ധി, സ്വർഗ്ഗത്തിന്റെ ശാന്തി, സ്വർഗ്ഗത്തിന്റെ സമാധാനം നമുക്കനുഭവിക്കണം. ആ സമാധാനം വാരിവിതറിക്കൊണ്ട് ഈ ലോകത്തിൽ നമുക്ക് ഓടിനടക്കണം. സൗജന്യമായി ലഭിച്ചു, സൗജന്യമായി നിങ്ങൾ കൊടുപ്പിൻ.

തിരുരക്തത്തിന്റെ അത്ഭുതശക്തി അനേകർക്കു നാം കാണിച്ചു കൊടുക്കണം. പാപം ക്ഷമിക്കുന്ന, പാപം പൊറുക്കുന്ന, പാപം കഴുകുന്ന ക്രിസ്തുവിന്റെ അത്ഭുത സ്നേഹം! കഴിഞ്ഞകാലങ്ങളെല്ലാം മാറ്റിത്തരുന്ന, പുതിയ ജീവിതം തരുന്ന ക്രിസ്തുവിന്റെ അത്ഭുത സ്നേഹം! കർത്താവേ, ഞാനിതാ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു. നിങ്ങൾക്കു സമർപ്പിക്കാം.

പ്രിയപ്പെട്ടവരേ, നിങ്ങൾക്കു ജീവിതം കർത്താവിന്റെ കരങ്ങളിലേക്കു കൊടുക്കാം. യേശുവിനോട് നിങ്ങൾക്കു വാക്കു പറയാം. ഉടയവനേ, ഇത്രയും കാലം ഞാൻ പാപത്തിന്റെ പിന്നാലെ ഓടിപ്പോയി, പിശാചിന്റെ കൂടെ ഞാൻ നടന്നുപോയി, സാത്താന്റെ കളിപ്പാട്ടമായി ഞാൻ ജീവിച്ചുപോയി. സാത്താന്റെ കൈയിൽ ഇണങ്ങുന്ന ആയുധമായിപ്പോയി. കർത്താവേ, തെറ്റുകൾ സംഭവിച്ചുപോയി. ഇനിമേലിൽ ഈ

ശരീരത്തിലെ ഒരു അവയവം പോലും സാത്താൻ തൊടാൻ ഞാൻ സമ്മതിക്കില്ല. ഇനി എന്റെ മനസ്സിൽ പിശാചു കയറാൻ ഞാൻ സമ്മതിക്കയില്ല. ഇനി എന്റെ ഹൃദയത്തിൽ സാത്താന് ഇടം കിട്ടുകയില്ല.

വന്നതെല്ലാം വന്നുപോയി. കർത്താവേ, ക്ഷമിക്കണമേ, തിരുരക്തത്താൽ എന്നെ കഴുകണമേ. തിരുരക്തത്താൽ എന്നെ പൊതിയണമേ, പരിശുദ്ധാത്മാവിന്റെ തീ എന്റെ സിര കളിലൂടെ ഒഴുക്കി എന്നെ രൂപാന്തരപ്പെടുത്തണമേ. എന്റെ മേൽ നിന്റെ കൃപ പകരണമേ.

# പന്ത്രണ്ട്

*“നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു; ഏഴു നിലവിളക്ക് ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു.”*

*വെളിപ്പാട് 1 : 19, 20*

സഭ ഒരു മർമ്മമാണ്. ഒരു mystery ആണ്. അത് അനാദികാലം മുതൽക്കേ, ദൈവത്തിന്റെ പദ്ധതിയിലുണ്ടായിരുന്ന സ്വർഗ്ഗീയനിർണ്ണയമാണ്.

നാം അപ്പന്റെയും അമ്മയുടെയും മകനും മകളുമായി ഈ ഭൂമിയിൽ ജനിച്ചു. പക്ഷേ, പരിശുദ്ധാത്മാവിനാലുള്ള ഒരു ജനനമുണ്ട്, അതാണ് വീണ്ടുംജനനം. ജഡിക ജനനമാണ് ഈ ഭൂമിയിൽ നാം ശാരീരികമായി ജനിച്ച ജനനം. എന്നാൽ ആത്മികമായ ഒരു ജനനമുണ്ട്. ആത്മികമായ ജനനം നമ്മുടെ ആന്തരാത്മാവിൽ നടക്കുന്ന വ്യക്തമായ ഒരു രൂപാന്തരമാണ്. അത് ഹൃദയത്തിനുള്ളിൽ മനസ്സിന്റെ അകത്തളങ്ങളിൽ നടക്കുന്ന കാര്യമാണ്.

ദൈവകൃപയാൽ ജീവന്റെ വചനം നമ്മെ തൊടുകയും വചനത്താൽ നാം വീണ്ടുംജനനം അനുഭവിക്കുകയും ചെയ്തു. ഒരു പുതിയ അനുഭവം. പഴയത് കഴിഞ്ഞുപോയി. പഴയ മദ്യപാനമില്ല. പഴയ വെറിക്കൂത്തുകളില്ല, പഴയ അരുതായ്കകളില്ല, പ്രകടമായ പാപങ്ങളില്ല. അഴുക്കായ കാര്യങ്ങളില്ല,

അശുദ്ധമായ ഇടപാടുകളില്ല. ജീവിതത്തിൽ അടുക്കും ചിട്ടയും വന്നു. പഠിക്കുന്ന കുട്ടികൾ നല്ലതുപോലെ ചുമതലാബോധത്തോടെ പഠിക്കുന്നു. വ്യത്യാസം വന്നു. അദ്ധ്യാപകരെ മാനിക്കുന്നു, മാതാപിതാക്കളെ അനുസരിക്കുന്നു. മാതാപിതാക്കൾ മക്കളെ വാത്സല്യത്തോടെ വളർത്തുന്നു, അവരെ ശാസിക്കുകയും പ്രബോധിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. കുടുംബം ഐശ്വര്യമായിത്തീരുന്നു. സമാധാനം കുടുംബത്തിൽ പരിലസിക്കുന്നു. അനുഗൃഹീതമായ ഒരു കുടുംബജീവിതം!

ജീവിതത്തിൽ പുറമേയുള്ള വൃത്തികേടുകൾ എല്ലാം മാറി. പഴയതുമാറി വീണ്ടുംജനനത്തിന്റെ അനുഭവത്തിൽ വന്നു എന്നു പറഞ്ഞാലും പഴയ ആളത്വം അവിടെ നിൽക്കുന്നുണ്ട്. പഴയ സ്വഭാവം അവിടെ നിൽക്കുന്നുണ്ട്.

ആ പഴയ സ്വഭാവം ദിനംപ്രതി മരിപ്പിച്ചുകൊണ്ട് നാം മുന്നോട്ടു പോകുന്നു. പഴയ സ്വഭാവത്തിന്റെ അടിവേരുകൾ ഓരോന്നോരോന്ന് കത്തിക്കത്തി തീരണം. നമ്മുടെ സ്വഭാവത്തിലുള്ള മാലിന്യങ്ങൾ, പരിശുദ്ധാത്മാവിന്റെ തീ നമ്മുടെ രക്തത്തിലൂടെ ഒഴുകി നമ്മുടെ സ്വഭാവം മാറണം. അങ്ങനെ വീണ്ടും ജനനം പ്രാപിക്കുന്ന ഒരു വിശ്വാസി പയ്യെപ്പയ്യെ വളരുകയാണ്. ഒരു ശിശു ജനിച്ചു എന്നുകരുതി ആ കുട്ടി ഓടുന്നില്ലല്ലോ, ജോലി ചെയ്യുന്നില്ലല്ലോ. ജനിച്ചു പക്ഷേ, ഇനി വളരണം.

രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിക്കുന്നു. അങ്ങനെ വചനം നിരന്തരം കുടിച്ച്, വചനം ഭക്ഷിച്ച്, വചനത്തിൽ വേരൂന്നി, വചനത്തിൽ അടിസ്ഥാനപ്പെട്ട് വളർന്നു വളർന്നു വരുന്നു. അങ്ങനെ ദൃഢത പ്രാപിച്ച് ക്രിസ്തു എന്ന തലയോളം വളരുന്നു. ക്രിസ്തുവിന്റെ തലയോളമല്ല, ക്രിസ്തു എന്ന തലയോളം വളരുന്നു. മരണത്തോളം ശുദ്ധീകരണ പ്രക്രിയ തുടരുന്നു. അങ്ങനെ അവസാനം ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടുമ്പോൾ “നല്ലവനും വിശ്വസ്തനും

ആയ ദാസനേ" എന്നുള്ള ഇമ്പനാദം കേട്ടുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന്റെ പാദപീഠത്തിങ്കലേക്ക് നാം ചെന്നു ചേരുന്നു.

സഭ ഒരു മർമ്മമാണ്. അതൊരു രഹസ്യമാണ്. സഭ കർത്താവിന്റെ കൈയിൽ ഇരിക്കുന്നു. വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു. സഭകളുടെ നേതൃസ്ഥാനത്തു നിൽക്കുന്നവരാകുന്നു. ഏഴു നിലവിളക്ക് ഏഴു സഭകൾ ആകുന്നു.

സഭയും സഭയെ നയിക്കുന്ന നേതൃസ്ഥാനത്തുള്ളവരും കർത്താവിന്റെ വലങ്കൈയിൽ ഇരിക്കുന്നു. അനുഗ്രഹമായ അനുഭവം. സഭ ക്രിസ്തുവിന്റെ വലങ്കയ്യിലാണ്. ക്രിസ്തുവിന്റെ ഉള്ളം കൈയിലാണ്. ക്രിസ്തുവിന്റെ സംരക്ഷണയിലാണ്.

സഭ മാത്രമല്ല, ആ സഭയുടെ ആകമാനമുള്ള വളർച്ചക്കു വേണ്ടി കർത്താവിന്റെ സന്നിധിയിൽ നിന്നു വചനം ചോദിച്ചു വാങ്ങി സഭയിൻ മക്കൾക്ക് വിതരണം ചെയ്യുന്ന സഭയുടെ ഇട യന്മാരും കർത്താവിന്റെ വലങ്കയ്യിൽ ഇരിക്കുന്നു. ഇതൊരു മർമ്മമാണ്. ഇതൊരു രഹസ്യമാണ്. സാധാരണ മനുഷ്യന് മന സ്സിലാവുകയില്ല. ആന്തരികമായി മനസ്സിലാക്കേണ്ട ഒരു കാര്യ മാണ്. അകക്കണ്ണു തുറന്നുകിട്ടേണ്ട ഒരു കാര്യമാണ്.

ഇത് വായിക്കുന്ന അനേകം പേർ അകക്കണ്ണു തുറന്നു കിട്ടിയവരാണ്. അതൊരു ഭാഗ്യമാണ്. എന്നാൽ എത്ര ശ്രമി ച്ചിട്ടും എത്ര പ്രാർത്ഥിച്ചിട്ടും അകക്കണ്ണ് തുറക്കാത്ത അനേകം പേരുണ്ട്. അവർ കൂട്ടായ്മയിൽ വരുന്നുണ്ട്. വചനം കേൾക്കു ന്നുണ്ട്. വേദപുസ്തകം വായിക്കുന്നുണ്ട്. അവർ കൃത്യമായി പ്രാർത്ഥനകൾ ചൊല്ലി തികയ്ക്കുന്നുണ്ട്.  കർമ്മപരിപാടികളി ലെല്ലാം നിരന്തരം ഉത്സാഹപൂർവ്വം പങ്കെടുക്കുന്നവരാണ്. പക്ഷേ, അവരുടെ ജീവിതത്തിൽ കണ്ണുതുറന്നു കിട്ടുന്ന അനു ഭവം വന്നിട്ടില്ല. തീർച്ചയായും നിങ്ങൾ ഓരോരുത്തരും പ്രാർത്ഥിക്കണം, കർത്താവേ, എന്റെ ആത്മക്കണ്ണ് തുറന്നുതര

ണമേ.

സഭ എന്ന മർമ്മം മനസ്സിലാക്കുവാൻ ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം.

1969-ലാണ് അപ്പോളോ ദൗത്യം ആരംഭിച്ചത്. ബഹിരാകാശത്തേക്ക് മനുഷ്യനെ അയയ്ക്കുന്നു. അങ്ങനെ ഒരു ചാന്ദ്രവാഹനപേടകത്തിൽ നീൽ ആംസ്ട്രോങ്ങും കൂടെ വേറെ രണ്ടു പേരും ഒരുമിച്ചു ചന്ദ്രനിലേക്കു യാത്രചെയ്തു. അവർ പുറപ്പെടുന്നതിന് എത്രയോ നാൾ മുമ്പുമുതലേ പരിശീലനം തുടങ്ങി! ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ ആംസ്ട്രോങ്ങ് ചന്ദ്രനിലൂടെ നടന്നപ്പോൾ അദ്ദേഹത്തിന് തോന്നിയെന്നു സങ്കൽപ്പിക്കൂ: ഇവിടെ നല്ല സുഖമാണല്ലോ. നടക്കാൻ നല്ല രസമുള്ള സ്ഥലം. ഇവിടെയുമുണ്ട് താഴ്വരകൾ, ഇവിടെയുമുണ്ട് കല്ലും മണ്ണും പാറക്കഷണങ്ങളും. ഭൂമിപോലൊക്കെ തന്നെ ഇരിക്കുന്നുണ്ടല്ലോ എന്നൊക്കെ ചിന്തിച്ച് അവിടെയെങ്ങാനും സ്വന്തം താത്പര്യപ്രകാരം ഇരുന്നു പോയിരുന്നെങ്കിലോ? ഒരു കാരണവശാലും പിന്നെ ഈ ഭൂമിയിലേക്കു വരികയില്ല.

നാസയിൽ നിന്ന് ഈ ബഹിരാകാശ പേടകം അയച്ച ശാസ്ത്രജ്ഞന്മാർ കൊടുക്കുന്ന നിർദ്ദേശങ്ങൾ ഓരോന്നും അപ്പോഴപ്പോൾ പാലിച്ചതുകൊണ്ടാണ് ആംസ്ട്രോങ്ങിന് വീണ്ടും വാഹനത്തിൽ കയറാനും തിരിച്ച് ഭൂമിയിലേക്കെത്താനും കഴിഞ്ഞത്. ആംസ്ട്രോങ് അവിടെ ഇറങ്ങിക്കഴിഞ്ഞ് ഏതാനും മണിക്കൂറുകൾ കഴിഞ്ഞാണ് അടുത്ത ആൾ ഇറങ്ങിയത്. പിന്നെയും കുറച്ചുകൂടി സമയം കഴിഞ്ഞാണ് മൂന്നാമത്തെ ആൾ ഇറങ്ങിയത്. ഓരോരുത്തരും ഇറങ്ങാനായിട്ടുള്ള നിർദ്ദേശം അനുസരിച്ചു. പറയുന്ന കൃത്യസമയം പാലിച്ചു. വളരെ ചിട്ടപ്പെട്ട അനുസരണംകൊണ്ടാണ് ചന്ദ്രനിൽനിന്ന് ആയുസ്സോടെ ഈ ഭൂമിയിൽ തിരിച്ചെത്താൻ അവർക്കു കഴിഞ്ഞത്.

1971-ൽ ഇർവിൻ എന്ന ശാസ്ത്രജ്ഞൻ ചന്ദ്രനിലേക്കു

പോയി. അദ്ദേഹം ചന്ദ്രനിൽ കുറേക്കൂടി സമയം ചിലവഴിച്ചു. അദ്ദേഹം വേദപുസ്തകം വിടർത്തി 8-ാം സങ്കീർത്തനം വായിച്ചു.

> *"നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം?"*
>
> *സങ്കീർത്തനങ്ങൾ 8 : 3, 4*

ആദ്യമായിട്ട് 1971-ൽ ചന്ദ്രനിൽ വേദപുസ്തകം എത്തിച്ച ഇർവിൻ, ഭക്തനായിരുന്നു. തിരിച്ചുവന്നശേഷം പത്രപ്രതിനിധികൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ചന്ദ്രനിൽ പോയി എന്നുള്ളത് ഒരത്ഭുതമാണ്, ശരിയാണ്. പക്ഷേ, നിത്യനായ ദൈവം, കാലാതീതനായ ദൈവം, ആദിയും അന്തവുമില്ലാത്ത ദൈവം ചരിത്രത്തിന്റെ നിറുകയിലേക്ക് ഈ ഭൂമിയിലേക്കു വന്നു എന്നുള്ളതാണ് ഏററവും വലിയ അത്ഭുതം. അദ്ദേഹം ദൈവത്തിന്റെ വചനം വിശ്വസിക്കുന്ന ആളായിരുന്നു. നീൽ ആംസ്ട്രോങ്, അതുപോലെ തന്നെ ഭക്തനായിരുന്നു. ദൈവവചനം വിശ്വസിക്കുന്ന ആളായിരുന്നു.

ജോൺ പൗവ്വൽ, ഈ യാത്രകളെക്കുറിച്ചൊരു ഗ്രന്ഥമെഴുതി. ആ പുസ്തകത്തിന്റെ പേര് 'Through seasons of the Heart.' എന്നാണ്. അദ്ദേഹം പറയുകയാണ്: "God sends each person into this world with a special message to deliver and a special song to sing for others, no one else can speak my message or sing my song."

ഒരു special message, ഒരു പ്രത്യേക ദൂത് നിങ്ങൾക്കു തരാനാണ് ദൈവം എന്നെ ഭൂമിയിലേക്കയച്ചത്. ഒരു പ്രത്യേക പാട്ടുപാടാനാണ് ദൈവം എന്നെ ഈ ഭൂമിയിലേക്കയച്ചത്.

No one else can speak my message. എനിക്ക് ദൈവം ഭര

മേൽപിച്ച message വേറാർക്കും പ്രസംഗിക്കാൻ ഒക്കുകയില്ല. No one else can sing my song. എന്റെ പാട്ട് വേറൊരാൾക്കു പാടാൻ ഒക്കുകയില്ല.

പുറമേയുള്ള പാട്ടല്ല, ഹൃദയത്തിന്റെ സംഗീതം. എന്താണിതിന്റെ അർത്ഥം?

നിത്യനായ ദൈവത്തിന് നമ്മെ ഓരോരുത്തരെക്കുറിച്ചും പ്രത്യേകമായ ഒരു ഉദ്ദേശ്യമുണ്ട്. നാം ഓരോരുത്തരും നിർവ്വഹിക്കാൻ ദൈവം കണ്ടിരിക്കുന്ന പ്രത്യേക പരിപാടിയുണ്ട്. ഇതു നാം ഓരോരുത്തരും തന്നെത്താൻ ചെയ്യേണ്ടതാണ്. വേറെ ആർക്കും അതു ചെയ്യാൻ പറ്റുകയില്ല. നാം വിലയേറിയവരാണ്.

അതുകൊണ്ടാണ് യെശയ്യാവ് നാൽപ്പത്തിമൂന്നാം അദ്ധ്യായത്തിൽ പറയുന്നത്: ഞാൻ നിന്നെ വിലയേറിയവനും മാന്യനുമായി കണ്ടിരിക്കുന്നു. അതുകൊണ്ട് നാം ഓരോരുത്തരും ദൈവത്തിന്റെ പരിശുദ്ധമായ സഭയുടെ ഒരംശമാണ്, ഒരംഗമാണ്. സഭ ദൈവത്തിന്റെ വലങ്കയ്യിൽ ഇരിക്കുന്നു. സഭയുടെ ദൂതന്മാരും ദൈവത്തിന്റെ വലങ്കയ്യിലിരിക്കുന്നു.

നാം ദൈവത്തിന്റെ പ്രത്യേക സംരക്ഷണയിലാണ്. ഇന്നു ദൈവമില്ലെന്നു വാദിക്കുന്ന മനുഷ്യനും ദൈവത്തിന്റെ സംരക്ഷണയിലാണ്. ദൈവം ആരേയും ശിക്ഷിക്കുന്നില്ല. ദൈവത്തെ നിഷേധിക്കുന്നവനെയും ദൈവം ശിക്ഷിക്കുന്നില്ല. ദൈവം ആർക്കും ദോഷം ചെയ്യുന്നില്ല. എല്ലാവരേയും സ്നേഹിക്കുന്നു. എല്ലാവരേയും കരുതുന്നു. എല്ലാവർക്കും അവസരം കൊടുക്കുന്നു. ദൈവത്തിന്റെ പദ്ധതി നിറവേറ്റുവാൻ ദൈവം ഓരോരുത്തരെക്കുറിച്ചും ആഗ്രഹിക്കുന്നു.

നിലവിളക്കിൽ ധാരാളം തട്ടുകളുണ്ട്. ഓരോ തട്ടിലും അനേകം തിരികൾ. ഈ നിലവിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കണം.

നമ്മുടെ ജീവിതം എപ്പോഴും കത്തുന്നുണ്ടോ? നമ്മുടെ ജീവിതത്തിൽ എരിഞ്ഞുതീരാനുള്ള എണ്ണയുണ്ടോ? മറ്റുള്ള വർക്കു നാം പ്രകാശം പരത്തുന്നുണ്ടോ? നമ്മുടെ സ്വന്തം ഭവ നത്തിൽ നാം പ്രകാശം പരത്തുന്നവരാണോ? നാം ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രകാശം പരത്തുന്നവരാണോ? നാം വിശ്വസ്തതയോടെ ജോലി ചെയ്യുന്നുണ്ടോ? നാം നമ്മുടെ ജോലിയോടു കൂറ് കാണിക്കുന്നുണ്ടോ? നമ്മുടെ ജോലി സ്ഥാപനത്തോടും സ്ഥാപനത്തിന്റെ ഉടമയോടും കൂറ് കാണിക്കുന്നവരാണോ?

> *"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരേയും നീതിയിലേക്കു തിരി ക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എ ന്നേക്കും പ്രകാശിക്കും." ദാനീയേൽ 12 : 3*

എനിക്ക് കർത്താവുതന്ന താലന്തുകൾ ഉപയോഗിച്ച് ആരെയെങ്കിലും ഞാൻ നീതിയിലേക്കു തിരിച്ചിട്ടുണ്ടോ? ഓരോരുത്തർക്കുമുണ്ട് താലന്തുകൾ. ഒരു താലന്തെങ്കിലും കിട്ടാത്ത ആരുമില്ല. ചിലർക്ക് അഞ്ചായിരിക്കും. ചിലർക്ക് രണ്ടായിരിക്കും. ചിലർക്ക് ഒന്നായിരിക്കും. എന്നെ കർത്താവ് ഏല്പിച്ച താലന്തുകൾ ഞാൻ വർദ്ധിപ്പിക്കുന്നുണ്ടോ? ദൈവം തന്ന താലന്തുപയോഗിച്ച് ആരെയെങ്കിലും ഞാൻ നീതിയി ലേക്കു തിരിച്ചിട്ടുണ്ടോ? തീർച്ചയായും അതിനുമാത്രമാണ് പ്രതിഫലം. അതാണ് ആകാശമണ്ഡലത്തിന്റെ പ്രഭപോലെയാ യിത്തീരുന്നത്.

മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ അന്ത്യകാലത്തെക്കുറിച്ച് പറയുന്നു, നക്ഷത്രങ്ങൾ ആകാശ ത്തുനിന്ന് ഭൂമിയിൽ വീണു എന്ന്. ആകാശമണ്ഡലത്തിന്റെ പ്രഭപോലെ പ്രശോഭിച്ചിരുന്ന നക്ഷത്രങ്ങൾ ചിലത് താഴെ വീണുപോയി. ചില ആത്മീയവീരന്മാർ, പ്രാർത്ഥനാവീരന്മാർ, അനുഗൃഹീതരായ ദൈവമക്കൾ താഴെ വീണുപോയി.

ആത്മീയമണ്ഡലത്തിൽ ഒരുകാലത്ത് പ്രശോഭിച്ചിരുന്ന ചില നക്ഷത്രങ്ങൾ, താഴെ വീണുകിടക്കുന്ന ദയനീയമായ ചില കാഴ്ചകൾ കാണാം. ഭയാനകമായ കാഴ്ച! ജ്വലിച്ചിരുന്നവർ, ദൈവത്തിനുവേണ്ടി ഓടിയിരുന്നവർ, നക്ഷത്രം പോലെ തിളങ്ങിയിരുന്നവർ ചിലർ താഴെ വീണുപോയി.

കർത്താവിന്റെ വലങ്കയ്യിൽനിന്നു മാററുത്. വലങ്കയ്യിൽ ഇറുകെ പിടിച്ചു ചേർന്നു നിന്നു കൊള്ളണം.

കർത്താവ് പറഞ്ഞു: എന്റെ കൈയിൽനിന്ന് അവയെ പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല. കർത്താവിന്റെ കൈയിൽനിന്ന് ആർക്കും നമ്മെ പിടിച്ചുപറിച്ചുകൊണ്ടു പോകാൻ പറ്റുകയില്ല. കർത്താവ് മുറുകെ പിടിച്ചുകൊണ്ടു നിൽക്കയാണ്. മനുഷ്യന് വേണമെങ്കിൽ സ്വന്ത ഇഷ്ടപ്രകാരം ഇറങ്ങിപ്പോകാം. ഓരോരുത്തർക്കും കർത്താവ് സ്വാതന്ത്ര്യം തന്നിട്ടുണ്ട്. Self will power തന്നിട്ടുണ്ട്. സ്വന്തം ഇച്ഛാശക്തി തന്നിട്ടുണ്ട്. ആ ഇച്ഛാശക്തിയിൽ കർത്താവ് കൈകടത്തുകയില്ല. സ്വതവേ ഇറങ്ങിപ്പോകുന്നവർക്കു പോകാം. കർത്താവ് തടുക്കുകയില്ല. ബലാൽക്കാരം ചെയ്തു നിർത്തുകയില്ല. വേണമെങ്കിൽ ചേർന്നുനിൽക്കാം.

നിങ്ങളെ കർത്താവ് തന്റെ വലങ്കൈയ്യിൽ ഏന്തുവാൻ ആഗ്രഹിക്കുന്നു. നക്ഷത്രം പോലെ തിളങ്ങുവാൻ കർത്താവാഗ്രഹിക്കുന്നു. നിങ്ങൾക്കു താത്പര്യമുണ്ടോ? സ്വന്തമായി വിഹരിക്കാൻ ഇറങ്ങിപ്പോകാതെ, സ്വന്തം വഴികളിലൂടെ നടക്കാൻ പോകാതെ, ആ തൃക്കരത്തിൽ ചേർന്ന് അമർന്നിരിക്കാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? എങ്കിൽ കർത്താവ് നമ്മെ ഉയർത്തും, നമ്മെ ജ്വലിപ്പിക്കും. ആകാശമണ്ഡലത്തിന്റെ പ്രഭ പോലെ നമുക്കു ജ്വലിക്കാം. എന്നും എന്നേക്കും പ്രകാശിക്കാം. സഹോദരങ്ങളേ, നിത്യത മുഴുവനും അന്ധകാരത്തിന്റെ ഭീകരതയിലേക്കു പോകണമോ അതോ ജ്വലിക്കുന്ന നക്ഷത്രം പോലെ തിളങ്ങണമോ? അതു നാമാണ് തീരുമാനിക്കേണ്ടത്.

ഇപ്പോൾ തന്നെ നിങ്ങൾക്കു സ്വയമായി തീരുമാനങ്ങളെടുക്കാം: കർത്താവേ, ഇത്രയും കാലം നിന്റെ കൈയിൽ അമരുന്ന ഒരു നക്ഷത്രം പോലെ നാഥാ, ഞാൻ നിന്നില്ല. ഞാൻ ഇരുണ്ടുപോയി. ചിലപ്പോഴെല്ലാം പാപം എന്നെ കറുപ്പിച്ചുകളഞ്ഞു. ചിലപ്പോഴെല്ലാം തിന്മ എന്നെ വശീകരിച്ചുകളഞ്ഞു. ഈ നിലവിളക്കു കത്തിജ്ജ്വലിച്ചു നിൽക്കേണ്ടതാണ്. പക്ഷേ, എന്റെ പാപം മൂലം എന്റെ വിളക്കു ഞാൻ കെടുത്തിക്കളഞ്ഞു. ഇപ്പോൾ ഇതാ ഞാനൊരു തീരുമാനം എടുക്കുകയാണ്. നീ എന്നെ കണ്ടിരിക്കുന്ന നിന്റെ ആഗ്രഹത്തിനൊത്തവണ്ണം നിൽക്കുവാൻ ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു.

കർത്താവേ, ഇന്നു നിന്റെ കരങ്ങളിലേക്ക് എന്നെ ഏല്പിക്കുന്നു. നാഥാ, നിന്റെ തൃക്കരങ്ങളിൽ എന്നെ വഹിച്ചുകൊള്ളണമേ. എന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം ക്ഷമിച്ചു തരണമേ. നിന്റെ തിരുവിലാവിൽനിന്നൊഴുകിയ തിരുരക്തത്താൽ എന്നെ കഴുകി, ആ തൃക്കരത്തിൽ എന്നെ ചേർത്തണച്ചു നിർത്തണമേ. തിരുരക്തത്താൽ എന്നെ പൊതിയണമേ. നാഥാ, എന്റെമേൽ നിന്റെ ആത്മാവിനെ പകരണമേ. ആത്മാവിന്റെ തീജ്ജ്വാല ഏന്തിക്കൊണ്ട് ഈ ലോകത്തിൽ ജ്വലിക്കുന്ന നക്ഷത്രം പോലെ നിൽപ്പാൻ എനിക്കു ഭാഗ്യം തരണമേ.

## പതിമൂന്ന്

*"എഫെസൊസിലെ സഭയുടെ ദൂതന് എഴുതുക: ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന വൻ അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്ക് സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു."*

*വെളിപ്പാട് 2 : 1 – 3*

വെളിപ്പാടുപുസ്തകത്തിലെ രണ്ടും മൂന്നും അദ്ധ്യായങ്ങൾ 'നീ കണ്ടതും ഇപ്പോൾ ഉള്ളതും' ആണ്. നീ കണ്ടത് എന്നു പറഞ്ഞിരിക്കുന്നത് ഒന്നാം അദ്ധ്യായം. ഇപ്പോഴുള്ള സഭയുടെ സ്ഥിതിയാണ് രണ്ടാമദ്ധ്യായത്തിലും മൂന്നാമദ്ധ്യായത്തിലും നാം കാണുന്നത്.

വലംകൈയിലുള്ള ഏഴുനക്ഷത്രം, ഏഴുസഭകളുടെ ദൂതന്മാരാകുന്നു. ഏഴു നിലവിളക്ക് ഏഴു സഭയാകുന്നു എന്ന് ഒന്നാം അദ്ധ്യായത്തിന്റെ അവസാനം നാം കണ്ടു. പ്രാദേശികമായ ഏഴു സഭകളെക്കുറിച്ചാണ് രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ പറയുന്നതെങ്കിലും എക്കാലത്തുമുള്ള എല്ലാ സഭകളേയും സംവീക്ഷണം ചെയ്തുകൊണ്ടാണ് രണ്ടും മൂന്നും

അദ്ധ്യായം എഴുതിയിരിക്കുന്നത്. അത് സഭകളെക്കുറിച്ചുള്ള കർത്താവിന്റെ ദൂതാണ്; സഭകളോടുള്ള കർത്താവിന്റെ അറിയിപ്പാണ്. കർത്താവ് ആദ്യം സംസാരിക്കുന്നത് എഫെസൊസ് സഭയോടാണ്.

ഒന്നാം നൂറ്റാണ്ടിലെ ഏറ്റവും ആത്മനിറവുള്ള സഭയായിരുന്നു എഫെസൊസ് സഭ. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ. ക്രിസ്തുവിന്റെ മഹത്വമേറിയ, ശക്തിയുറ്റ സൈന്യമാകുന്ന സഭ. അപ്പൊസ്തലനായ പൗലോസ് ലേഖനമെഴുതുമ്പോൾ ഏറ്റവും ആത്മനിറവുള്ള സഭയായിട്ടാണ് ഈ സഭയെക്കുറിച്ചെഴുതുന്നത്.

അപ്പൊസ്തലനായ പൗലോസ് ഈ ഭൂമിയിൽനിന്നു കടന്നു പോകുമ്പോൾ എഫെസൊസിലെ സഭ ഭരിക്കുന്നത് തിമൊഥെയൊസാണ്. ക്രേത്തയിലെ സഭ ഭരിക്കുന്നത് തീത്തോസാണ്. ഓരോ പ്രാദേശിക സഭയെയും ഭരിക്കുവാൻ അതാതുസ്ഥലത്ത് കർത്താവ് തന്റെ ഇടയന്മാരെ നിയമിച്ചാക്കിയിട്ടുണ്ടായിരുന്നു.

എഫെസൊസ് സഭ വളർന്നുവന്ന സഭയാണ്. ജ്വലിച്ചുനിന്ന സഭയാണ്. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ഹൃദയങ്ങളിൽ കർത്താവിനു പാടിയും അങ്ങനെ കീർത്തനം ചെയ്ത് കർത്താവിന്റെ വേലചെയ്ത സഭയാണ് എഫെസൊസ് സഭ.

*"ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ. വീഞ്ഞുകുടിച്ചു മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി*

*സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ.” എഫെസ്യർ 5 : 15 – 20*

ഒന്നാം നൂറ്റാണ്ടിലെ ആത്മനിറവുള്ള ഈ സഭ അതിന്റെ ഏറ്റവും അവസാന ഘട്ടത്തോടടുക്കുമ്പോൾ – AD 95, 96, 97 കാലങ്ങളിലാണ് അപ്പൊസ്തലനായ യോഹന്നാൻ വെളിപ്പാടുപുസ്തകം എഴുതുന്നത് – ഏതാനും വർഷങ്ങൾക്കുള്ളിൽ സഭയ്ക്കു ക്ഷീണം സംഭവിച്ചു. പല നന്മകൾ ആ സഭയെക്കുറിച്ചു പറയാനുണ്ട്.

ക്രിസ്തു സഭയോട് പറയുകയാണ്: എല്ലാം ഞാൻ അറിയുന്നു. നീ വളർന്നു വന്ന സഭയാണ്. നീ ഉയർന്നുവന്ന് ആത്മീയനേതൃത്വത്തിൽ നിന്നതാണ്. പക്ഷേ, നീ ഇന്ന് തളർന്നു പോകാതെ നിൽക്കുന്നുണ്ടെങ്കിലും നിനക്കു ചില കേടുകൾ വന്നിരിക്കുന്നത് ഞാൻ അറിയുന്നു. കർത്താവ് എഫെസൊസ് സഭയെക്കുറിച്ച് ഏഴു നന്മകൾ പറയുന്നുണ്ട്.

കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതു ഞാൻ അറിയുന്നു. അപ്പൊസ്തലന്മാർ അല്ലാതിരിക്കെ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും ഞാൻ അറിയുന്നു. നിനക്കു സഹിഷ്ണുതയുള്ളതു ഞാൻ അറിയുന്നു. എന്റെ നാമം നിമിത്തം നീ സഹിച്ചതു ഞാൻ അറിയുന്നു. നീ തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു.

എല്ലാം നന്മകളാണ് പറയുന്നത്. യേശുക്രിസ്തു തിന്മ മാത്രം കാണുന്നവനല്ല. യേശുക്രിസ്തു നന്മ കാണും. നമ്മുടെ ജീവിതത്തിൽ ഏതെങ്കിലും നന്മയുണ്ടെങ്കിൽ കർത്താവ്

എടുത്തു പറയും, പ്രശംസിക്കും. നന്മയെ അനുമോദിക്കും, നന്മയെ അഭിനന്ദിക്കും. നന്മയെ കർത്താവ് അംഗീകരിക്കും.

നമ്മിലുള്ള നന്മയെല്ലാം കർത്താവ് കാണുന്നുണ്ട്. നമ്മുടെ ജീവിതത്തിലുള്ള നിഷ്ഠകൾ കർത്താവ് കാണുന്നുണ്ട്. തീരുമാനത്തിന്റെ കരുത്ത്, അശുദ്ധി പറ്റരുതെന്നുള്ള നിർബ്ബന്ധം കർത്താവ് കാണുന്നുണ്ട്. ഒരു കാരണവശാലും തെറ്റിലേക്കു പോകുകയില്ലെന്നുള്ള നിഷ്ഠ കർത്താവ് കാണുന്നുണ്ട്. ഒരു പ്രവൃത്തിയിലോ വാക്കിലോ തെറ്റുപറ്റുകയില്ല എന്നുള്ള നമ്മുടെ തീരുമാനം കർത്താവ് കാണുന്നുണ്ട്. കർത്താവ് അറിയാത്തതൊന്നുമില്ല.

സഭയാകുന്ന നമ്മുടെ നടുവിൽക്കൂടി കർത്താവ് നടക്കുകയാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് എഫെസൊസിലെ സഭയുടെ നടുവിൽക്കൂടി നടക്കുന്നു എന്നുപറഞ്ഞ കർത്താവ് എക്കാലത്തും സഭയുടെ നടുവിൽക്കൂടി നടക്കുന്നവനാണ്. ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽക്കൂടി നടക്കുന്നവൻ!

കർത്താവ് കാണാതെ ഒന്നും നമ്മുടെ ജീവിതത്തിലില്ല. ഓരോ ചുവടുവയ്പ്പും കർത്താവ് കാണുന്നു. ആ ചിന്തവന്നാൽ നമുക്ക് ദൈവഭയം ഉണ്ടാകും. യേശുക്രിസ്തു എന്നെ കാണുന്നു. ഞാൻ യാത്രചെയ്യുന്നത് കർത്താവ് കാണുന്നു. എന്റെ ശരീരത്തിലുണ്ടാകുന്ന വേദന കർത്താവ് കാണുന്നു. എന്റെ നല്ല ആഗ്രഹങ്ങൾ കർത്താവ് കാണുന്നു. ദൈവേഷ്ടം നിവർത്തിക്കണമെന്നുള്ള എന്റെ താത്പര്യം, ദൈവേഷ്ടപ്രകാരം ജീവിക്കണമെന്നുള്ള ആഗ്രഹം കർത്താവ് കാണുന്നു. ഞാൻ കർത്താവിന്റെ വേല ചെയ്യാൻ ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നത് കർത്താവ് കാണുന്നു.

ഒപ്പം നമ്മുടെ തിന്മയും കർത്താവ് കാണുന്നു. നമ്മിലുള്ള തിന്മ മാത്രമല്ല നന്മയും കർത്താവ് എടുത്തു കാണിക്കുന്നു, ചൂണ്ടിക്കാണിക്കുന്നു. നന്മ ചൂണ്ടിക്കാണിക്കുന്നതു പോലെ തിന്മയും കർത്താവ് ചൂണ്ടിക്കാണിക്കുന്നു. നമ്മെക്കു

റിച്ച് ഏറ്റവും നല്ലത് കർത്താവ് കരുതുന്നു.

ഏഴു സഭകളുടെയും അഥവാ സഭകളെല്ലാറ്റിന്റെയും നേതൃസ്ഥാനത്തിരിക്കുന്നവരെ കർത്താവ് വലംകൈയിൽ പിടിച്ചിരിക്കുന്നു. അവരെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ചേർത്തണച്ചുകൊണ്ടു നിൽക്കുന്നു.

*"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു." മത്തായി 18 : 10, 11*

ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ലോകത്തിൽ ചെറിയവനാണ്, ആർക്കും വേണ്ടാത്തവനാണ്. ലോകത്തിൽ അഡ്രസ്സ് ഇല്ലാത്തവനാണ്. മാനവും പ്രതാപവും ഇല്ലാത്തവനാണ്. പക്ഷേ, ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ ഈ ചെറിയവരിൽ ഒരുത്തനുവേണ്ടി നിയമിക്കപ്പെട്ടവരായ ദൂതന്മാർ നിത്യനായ ദൈവത്തിന്റെ മുഖം എപ്പോഴും കാണുന്നു.

ഓരോരുത്തർക്കും വേണ്ടി ദൈവം തന്റെ ദൂതന്മാരെ നിയമിച്ചാക്കിയിട്ടുണ്ട്. പലപ്പോഴും ലോകമനുഷ്യർക്കത് മനസ്സിലാവുകയില്ല. നമുക്കുള്ള പദവി, ദൈവത്തിന്റെ വേലക്കാർക്കുള്ള പദവി, വേലക്കാർക്ക് ദൈവസന്നിധിയിലുള്ള സ്ഥാനം വലുതാണ്. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു.

*"ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചു പോകുന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല." മത്തായി 18 : 14*

നമുക്കെന്തെങ്കിലും നാശംവരുന്നത്, നഷ്ടംവരുന്നത്

ദൈവത്തിനിഷ്ടമല്ല. നാം ദൈവത്തിന്റെ വേലക്കാരാണ്. ദൈവത്തിന്റെ വേലചെയ്യുവാൻ നിയോഗിക്കപ്പെട്ടവരാണ്. നാം അനുഗൃഹീതരാണ്, പദവി ഉള്ളവരാണ്.

> *"ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ച് അവരുടെ നടുവിൽ നിറുത്തി: നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു."*
>
> *മത്തായി 18 : 1 – 5*

ശിശുഹൃദയമുള്ള, നിഷ്ക്കളങ്ക ഹൃദയമുള്ള, നിരപരാധിയായ, നിർമ്മലനായ ഒരു ദൈവപൈതലിനെ കൈക്കൊള്ളുന്നത് എന്നെ കൈക്കൊള്ളുന്നതിനു തുല്യമാണ്. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു.

ഭാഗ്യവശാൽ ഇതെല്ലാം നമുക്കിന്ന് മനസ്സിലാക്കി കിട്ടുന്നു. ഇതൊന്നും മനസ്സിലായില്ലെങ്കിൽ പോലും നാം ദൈവത്തിന്റെ മുൻനിർണ്ണയത്തിൽപ്പെട്ടവരാകകൊണ്ട് നമ്മുടെ ഹൃദയത്തിൽ ദൈവമക്കളെക്കുറിച്ച് തീർച്ചയായിട്ടും ബഹുമാനമുണ്ട്. അവർ എങ്ങനെയുള്ളവരാണെന്നു നാം അന്വേഷിക്കുന്നില്ല. നാം അവരുടെ തെറ്റുകാണുന്നില്ല, അവരിൽ കുറ്റം ഉണ്ടോ എന്നു നോക്കുന്നില്ല. കുറ്റമുണ്ടെങ്കിൽ കർത്താവു നോക്കട്ടെ. നമുക്ക് ആരേയും വിധിക്കാനോ ആരെക്കുറിച്ചെങ്കിലും അവകാശം പറയാനോ അധികാരമില്ല. നീ വിധിക്കുന്ന

വിധിയാൽ നിന്നെയും വിധിക്കും. നീ ഒരാളെ വിധിച്ചാൽ അതേ മാനദണ്ഡം വച്ചു നീ വിധിക്കപ്പെടും.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സന്നിധിയിൽ എപ്പോഴും നിൽക്കുന്ന ദൈവത്തിന്റെ ഈ ഏറ്റവും ചെറിയവർക്കുള്ള സ്ഥാനവും മാനവും പദവിയും അത്യുന്നതമാണ്. അവരെ കർത്താവ് പ്രത്യേകം കരുതുന്നു.

സെഖര്യാവിന്റെ പുസ്തകത്തിൽ പറയുന്നു: "നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു എന്ന്."

*"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളോടു കവർച്ച ചെയ്ത ജാതികളുടെ അടുക്കൽ അവൻ എന്നെ മഹത്വത്തിനായി അയച്ചിരിക്കുന്നു; നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു." സെഖര്യാവ് 2 : 8*

ഇംഗ്ലീഷ് വേദപുസ്തകത്തിൽ "he who harms you sticks his finger in Jehovah's eye."

ദൈവത്തിന്റെ ദാസനെക്കുറിച്ച് എന്തെങ്കിലും ഒന്നു പറഞ്ഞുപോയാൽ ദൈവത്തിന്റെ കണ്ണിലേക്ക് സ്വന്തം വിരലു കൊണ്ട് കുത്തുകയാണ്; അത്ര ഭയങ്കരമാണ്.

ദൈവപൈതലേ, നിന്നെ ആരെങ്കിലും ഏതെങ്കിലും തരത്തിൽ ഉപദ്രവിച്ചാൽ ദൈവത്തിന്റെ കണ്ണിലേക്ക് സ്വന്തം വിരലുകൊണ്ട് കുത്തുകയാണ്.

നിങ്ങൾ ചിന്തിക്കാറുണ്ടോ? നോക്കൂ, എത്ര ഗൗരവമാണ് ദൈവത്തിന്റെ വേലചെയ്യുന്ന ഒരു ദൈവദാസന്റെ വില! എത്ര ഉന്നതമാണത്! ഒന്നെനിക്കറിയാം, എല്ലാവിധത്തിലും ദൈവത്തിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ച് നിഷ്കളങ്കമായി വേല ചെയ്താൽ അവന്റെ എല്ലാ കാര്യങ്ങളും കർത്താവ് അന്വേഷിച്ചിരിക്കും, ഉറപ്പാണ്. നിങ്ങൾ കൊടുത്തു നോക്കൂ, നിങ്ങളുടെ ജീവിതം ഭരമേല്പ്പിച്ചു നോക്കൂ! നിങ്ങളുടെ ഭാവി നിങ്ങൾ

വിട്ടുകൊടുത്തു നോക്കൂ. നിങ്ങളുടെ മക്കളെ യേശുവിന്റെ കരങ്ങളിലേക്ക് കൊടുത്തുനോക്കൂ. നിങ്ങളുടെ കുടുംബം, നിങ്ങളുടെ വിദ്യാഭ്യാസം, നിങ്ങളുടെ ജോലി കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്തു നോക്കൂ കാണാം, എല്ലായിടത്തും കർത്താവനുഗ്രഹിക്കുന്നത്. എല്ലാം നൂറുമേനി വിളവുണ്ടാകുന്നത്.

ചിലർ ചിന്തിക്കും, എന്താണെനിക്ക് അഭിവൃദ്ധിയുണ്ടാകാത്തത്? ഞാൻ ദൈവത്തിങ്കലേക്കു തിരിഞ്ഞതല്ലോ, ഞാൻ പാപം കൂടാതെ ജീവിക്കുന്നുണ്ടല്ലോ, എനിക്കെന്താണ് അഭിവൃദ്ധിയുണ്ടാകാത്തത്?

പ്രിയപ്പെട്ടവരേ, ദൈവികമായ പദ്ധതികൾ ആർക്കറിയാം! ഇയ്യോബ് ഭക്തനായിരുന്നു. ഭക്തനായിരുന്ന ഇയ്യോബിന് എന്തെല്ലാം പ്രശ്നങ്ങളാണു വന്നത്! പക്ഷേ, ആത്യന്തികമായി എല്ലാം അനുഗ്രഹത്തിലേക്കു വഴി നടത്തുന്നതു കാണാം. ഇയ്യോബിന്റെ ജീവിതത്തിൽ വന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും ആപത്തുകളും അനർത്ഥങ്ങളും എല്ലാം മാറ്റി അവസാനം വിജയത്തിലേക്കും ശ്രേഷ്ഠതയിലേക്കും അഭിവൃദ്ധിയിലേക്കും ദൈവം വഴി നടത്തുന്നതു നമുക്കു കാണാം.

*"സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." ഇയ്യോബ് 22 : 23*

നിങ്ങൾ ദയവായി ദൈവത്തിങ്കലേക്കു തിരിഞ്ഞു നോക്കൂ. നിങ്ങളുടെ ഭാവി ദൈവത്തെ ഏൽപ്പിക്കൂ. വ്യക്തമാണ്, നിങ്ങളുടെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടും. മാതാപിതാക്കൾ സംശയിക്കണ്ട. ഒരുമനയായി, ഏകഹൃദയമായി നിന്ന് പ്രാർത്ഥിച്ചാൽ മക്കളുടെ സ്വഭാവം മാറും. പരീക്ഷിച്ചു നോക്കൂ. മക്കളെക്കുറിച്ച് വേദനിക്കുന്നവരുണ്ട്, ആവലാതിപ്പെടുന്നവരുണ്ട്. മാതാപിതാക്കൾ ക്രിസ്തുവിനെ ഏകാഗ്രഹൃദയത്തോടെ ഭജിക്കുന്നവരാണെങ്കിൽ തീർച്ചയായും അവരുടെ മക്കൾ ഇന്നല്ലെങ്കിൽ നാളെ അനുഗൃഹീതരായിത്തീരും.

നിങ്ങൾ ഒരാൾ ദൈവത്തിങ്കലേക്കു തിരിഞ്ഞാൽ നിങ്ങളുടെ വീട്ടിൽ അഭിവൃദ്ധി വരാൻ തുടങ്ങും. പുറമേയുള്ള തിരിവല്ല, യഥാർത്ഥമായ തിരിവായിരിക്കണം.

ജീവിതം ക്രിസ്തുവിനെ ഏൽപ്പിക്കൂ. ക്രിസ്തുവിന്റെ ഈ ചെറിയവരിൽ ഒരുത്തനായി തീരാൻ നിങ്ങൾ വാഞ്ഛിക്കൂ. കർത്താവിന്റെ വേലചെയ്യാൻ, കർത്താവിന്റെ വേലക്കാരനാകാൻ ആഗ്രഹിക്കൂ.

അത്രയ്ക്കൊന്നും മനസ്സിലാക്കിയിട്ടല്ല ഞാൻ കർത്താവിന്റെ വേല തുടങ്ങിയത്. മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ കർത്താവിന്റെ വേല ചെയ്യണം എന്നത് എന്റെ ആഗ്രഹമായി. എങ്ങനെയെങ്കിലും ആത്മാക്കളെ നേടുക എന്ന ഉദ്ദേശമൊന്നും അത്രക്കു തോന്നിയില്ല. പക്ഷേ, വചനം പറയണം. വചനം സാക്ഷിക്കണം. എനിക്കു കിട്ടിയ അനുഭവം മറ്റുള്ളവരോട് പറയണം. എനിക്കൊരു ലഹരി കിട്ടി. വലിയൊരു സമാധാനം കിട്ടി.

അപ്പനില്ലാത്ത എനിക്കൊരപ്പനുണ്ടായി. അനാഥനായ എനിക്കൊരു നാഥനുണ്ടായി. അഗതിയായ എനിക്കൊരു ഗതിയുണ്ടായി. കർത്താവ് എനിക്കു ഗതി തന്നു. അസ്വസ്ഥനായും അസ്സമാധാനത്തോടെയും കഴിഞ്ഞവനായ എനിക്ക് സമാധാനം കർത്താവു തന്നു. അത് ആളുകളെ അറിയിക്കണം, വേറെ യാതൊരു ലക്ഷ്യവും ഉണ്ടായിരുന്നില്ല.

പതിനേഴാമത്തെ വയസ്സിൽ മാനസ്സാന്തരപ്പെട്ടതു മുതൽ ഇന്ന് എൺപത്തിരണ്ടാമത്തെ വയസ്സിൽ വാർദ്ധക്യത്തിന്റെ തണലിൽ നിൽക്കുമ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചു കൊണ്ടു പറയട്ടെ, ഞാൻ വിട്ടതൊന്നും നഷ്ടമായില്ല. ദൈവമക്കളേ, നിങ്ങൾക്ക് ക്രിസ്തുവിന്റെ നാമത്തിൽ ഒരു തീരുമാനമെടുക്കാൻ പറ്റുമോ? ജീവിതം ക്രിസ്തുവിനു കൊടുക്കാൻ പറ്റുമോ? നിങ്ങളുടെ ഭാവി യേശുവിനെ ഏല്പിക്കാൻ പറ്റുമോ? യേശുവിനോട് ഒരു വാക്കു പറയാൻ പറ്റുമോ?

കർത്താവേ, ഇത്രയും കാലം ഞാൻ അറിവില്ലാതെ പല വഴികളിൽ ജീവിച്ചുപോയി. ഞാൻ തിന്മയിൽ ജീവിച്ചുപോയി. വെറുമയിൽ ജീവിച്ചുപോയി. ശൂന്യമായിപ്പോയി. എന്റെ ജീവിതം നഷ്ടപ്പെടുത്തിക്കളഞ്ഞു. ഓടിനടന്നു വേല ചെയ്യാമായിരുന്ന കാലങ്ങൾ നഷ്ടപ്പെടുത്തി. ഇന്ന് ആരോഗ്യമില്ല, ഇന്ന് ബലമില്ല, ഇന്ന് സാദ്ധ്യതകളില്ല, സാഹചര്യമില്ല. നല്ല നല്ല കാലങ്ങൾ എല്ലാം നഷ്ടപ്പെട്ടുപോയല്ലോ!

ഇനി ശേഷിക്കുന്ന കാലം, ശിഷ്ടായുസ്സ് കർത്താവേ, നിനക്കുവേണ്ടി ഞാൻ ഓടട്ടെ. നിനക്കുവേണ്ടി ഞാനൊന്ന് വിശ്രമമില്ലാതെ അദ്ധ്വാനിക്കട്ടെ. നിനക്കുവേണ്ടി ഞാനൊന്ന് എരിയട്ടെ. ഞാൻ കത്തിക്കത്തി തീരട്ടെ. ഈ മെഴുകുതിരി കത്തിത്തീരുന്നതുവരെയും വെളിച്ചം കൊടുത്തുകൊണ്ടിരിക്കട്ടെ.

ഇന്ന് നിങ്ങൾക്ക് തീരുമാനമെടുക്കാം. യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കാം. ഇവിടെയുള്ളതെല്ലാം മായയല്ലേ? എല്ലാം വിട്ടുപോവില്ലേ? എല്ലാം പോകും. എല്ലാവരും പോകും. ആരും കൂടെ പോരില്ല. എന്നാൽ യേശുവിന്റെ സ്നേഹോഷ്മളമായ കരങ്ങൾ നിങ്ങളെ തലോടിക്കൊണ്ടിരിക്കും. യേശുവിന്റെ കരങ്ങളിൽ നിങ്ങൾ വിശ്രമിക്കും. യേശുവിന്റെ വലംകൈയിൽ നിങ്ങൾ പൊൻനക്ഷത്രമായി തിളങ്ങും. യേശു നിങ്ങളുടെ ഭാവി ഏറ്റെടുക്കും.

യേശു നിങ്ങൾക്ക് നല്ല കാലങ്ങൾ തരും. നിങ്ങളുടെ ഭാവികാലം ശോഭനമാക്കിത്തരും. നിങ്ങളുടെ അന്ധകാരം മാറ്റിത്തരും. നിങ്ങളുടെ രോഗങ്ങൾക്ക് പൊറുതി തരും. കഷ്ടതയുടെ നടുവിൽക്കൂടി നടക്കുമ്പോൾപോലും നിങ്ങളുടെമേൽ അനുഗ്രഹങ്ങൾ പകർന്നുകൊണ്ടിരിക്കും. ദുരിതങ്ങളും പ്രശ്നങ്ങളും ആവലാതികളുമായി നിങ്ങൾ ഞെരിഞ്ഞമരുമ്പോൾപോലും നിങ്ങളുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും വർദ്ധിച്ചുകൊണ്ടിരിക്കും.

അകം സന്തോഷംകൊണ്ട് നിറഞ്ഞിരിക്കും. യേശു നിങ്ങളെ നയിച്ചുകൊണ്ടിരിക്കും. യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെ ഭരിച്ചുകൊണ്ടിരിക്കും. യേശു തന്റെ കരം നിങ്ങളുടെമേൽ വച്ച് നിങ്ങളെ ആശീർവ്വദിക്കും. കർത്താവായ യേശു വീണ്ടും വരുമ്പോൾ തന്റെ രക്തത്തിന്റെ മുദ്രയുള്ള എല്ലാവരേയും സ്വീകരിക്കുന്ന സമയത്ത് നിങ്ങളും സ്വീകരിക്കപ്പെടും.

ഇന്ന് ഈ തിരുരക്തത്തിന്റെ അടയാളം പ്രാപിപ്പിൻ! തിരുരക്തത്തിന്റെ മുദ്രപ്രാപിപ്പിൻ! യേശുവേ, ഞാനിതാ നിന്റെ കുരിശിൻ ചുവട്ടിലേക്കു വരുന്നു. നാഥാ, ഞാൻ താഴുന്നു. എനിക്കുവേണ്ടി മുറിഞ്ഞ ആ പാദം ഞാൻ മുത്തുന്നു. എനിക്കുവേണ്ടി തിരുരക്തം ചിന്തുന്ന ആ പാദത്തിൽ മുത്തിക്കൊണ്ട് എന്നെത്തന്നെ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. ഇന്ന് എന്റെ ജീവിതം നിനക്കു ഞാൻ വിട്ടുതരുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും നിനക്കായി ഞാൻ വേർതിരിക്കുന്നു. എന്നെ കൈക്കൊള്ളണമേ, എന്നെ സ്വീകരിക്കണമേ. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. നാഥാ, നിന്റെ വലം കൈയിലെ പൊൻനക്ഷത്രമായി എന്നെ മാറ്റണമേ. എന്നെ രൂപാന്തരപ്പെടുത്തണമേ.

# പതിനാല്

*“എഫെസൊസിലെ സഭയുടെ ദൂതന് എഴുതുക: ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്കു സഹിഷ്ണുതയുള്ളതും എന്റെ നാമംനിമിത്തം നീ സഹിച്ചതും തളർന്നുപോകാഞ്ഞതും ഞാൻ അറിയുന്നു.”*

*വെളിപ്പാട് 2 : 1 – 3*

ആസ്യയിലെ ഏഴുസഭകൾക്ക് കർത്താവ് പ്രത്യേക സന്ദേശം നൽകുകയാണ്. സഭയുടെ ആ സമയത്തെ അവസ്ഥ എന്ത് എന്ന് വെളിപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവ് തിരുവചനം നൽകുകയാണ്. ആസ്യയിലെ ഏഴു സഭകൾ - എഫെസൊസിലെ സഭ, സ്മുർന്നയിലെ സഭ, പെർഗ്ഗമൊസിലെ സഭ, തുയഥൈരയിലെ സഭ, സർദ്ദിസിലെ സഭ, ഫിലദെൽഫ്യയിലെ സഭ, ലവൊദിക്യയിലെ സഭ - ഈ ഏഴു സഭകൾക്കും അറിയിക്കുന്ന ദൂതുകൾ എല്ലാക്കാലത്തുമുള്ള എല്ലാ സഭകൾക്കും പ്രസക്തമായ ദൂതുകളാണ്. ഇന്നു ജീവിക്കുന്ന നമുക്കും ഈ ദൂതിൽനിന്ന് പലതും ഉൾക്കൊള്ളുവാനുണ്ട്. ഇന്നു ജീവിക്കുന്ന നാമും ദൈവത്തിന്റെ കൃപയാൽ വെളിപ്പെടുത്തിത്തരുന്നത് സ്വീകരിക്കാൻ സാധിച്ചാൽ ഭാഗ്യമാ

യിരിക്കും.

നമ്മുടെ തനതായ അവസ്ഥ വെളിപ്പെട്ടുകിട്ടുന്നതൊരു ഭാഗ്യമാണ്. ഞാനിന്ന് ജീവനിലാണോ അതോ, എന്റെ ആത്മാവ് മരിച്ചിരിക്കയാണോ? ഇന്നു ഞാൻ മരിച്ചാൽ ദൈവ സന്നിധിയിൽ കടന്നു ചെല്ലുമോ അതോ ഞാൻ നിത്യാഗ്നിയി ലേക്കു പോകുമോ? ഇതെല്ലാം ചിന്തിക്കുന്നതും അറിയുന്നതും നല്ലതാണ്. അറിഞ്ഞാൽ തിരുത്താനുള്ളത് തിരുത്തുവാൻ അത് പ്രയോജനകരമായിത്തീരും.

ഒട്ടേറെ കാര്യങ്ങൾ നമുക്കെല്ലാവർക്കും തിരുത്താനുണ്ട്. നാമാരും തികഞ്ഞവരല്ല. നമ്മുടെ ജീവിതത്തിൽ പലതെറ്റു കളും സംഭവിക്കുന്നുണ്ട്. പഴയ സ്വഭാവം മാറിപ്പോയിട്ടില്ല. ലംഘനം ക്ഷമിച്ചു കിട്ടി പക്ഷേ, പാപം മറച്ചു കിട്ടിയിട്ടേയുള്ളൂ.

നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ നാം അനുതപിച്ചു വേദനയോടെ ഏറ്റുപറഞ്ഞ്, എന്നന്നേക്കുമായി ഉപേക്ഷിച്ചു കഴിയുമ്പോൾ കർത്താവ് ക്ഷമിച്ചുതരും. "നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങൾ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീ കരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."

> *"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരി കയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്ന വനോ കരുണ ലഭിക്കും."*
>
> *സദൃശവാക്യങ്ങൾ 28 : 13*

ഏറ്റുപറഞ്ഞാൽ പോരാ ഉപേക്ഷിക്കണം. അനുതാപ ത്തോടെ, വേദനയോടെ, തകർന്ന ഹൃദയത്തോടെ പാപത്തെ ഓർത്ത് അനുതപിച്ച്, പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് കർത്താ വിന്റെ കരുണയ്ക്കുവേണ്ടി യാചിക്കുമ്പോൾ, യേശുക്രിസ്തു വിന്റെ രക്തം സകലപാപവും പോക്കി ശുദ്ധീകരിക്കുന്നു. ലംഘനങ്ങൾ എല്ലാം ക്ഷമിച്ചു തരുന്നു. ഏതൊരു കാര്യ ത്തിനും ചില അതിരുകളുണ്ട്. നാം ആരോടും വഴക്കടിക്കരുത് എന്നുള്ളത് ഒരതിരാണ്. എന്നാൽ അതിനുവിപരീതമായി

നമ്മുടെ ഹൃദയത്തിൽ ഈൗർഷ്യയോ മുഷിച്ചിലോ വൈരാഗ്യമോ പകയോ വന്നാൽ ആ അതിര് കടന്നുപോകുന്നു. അത് ലംഘനമാണ്.

അതിരു കടന്നുപോകരുത്. എന്നാൽ നമ്മുടെ ഹൃദയത്തിൽ വരുന്ന ഈൗർഷ്യയും മുഷിച്ചിലും പകയും വിദ്വേഷവും എല്ലാം മുളച്ചുവരുവാൻ അടിയിൽ ഒരു വേരുണ്ട്. ആ വേരാണ് പാപം. The sinful nature! പാപത്തിന്റെ സ്വഭാവം ഒരൊറ്റദിവസം കൊണ്ട് മാറിപ്പോകയില്ല. വേര് കെട്ടുപോകുന്നില്ല. മുകളിൽ വളർന്നുവന്ന ആ മരം വെട്ടിക്കളഞ്ഞു. വളർന്നു വന്ന കൊമ്പുകൾ വെട്ടിക്കളഞ്ഞു. അതിലുണ്ടായ കായ്കൾ എല്ലാം പറിച്ചുകളഞ്ഞു. പക്ഷേ, വേര് അവിടെത്തന്നെയുണ്ട്. ഇതു നാം മനസ്സിലാക്കിയിരിക്കണം.

ലംഘനങ്ങൾ ക്ഷമിച്ചു കിട്ടിയാലും പിന്നെയും ലംഘനങ്ങൾ വരാം. കാരണം, പാപം അവിടെയുണ്ട്. പാപത്തിന്റെ സ്വഭാവം അവിടെയുണ്ട്. അടിയിൽ കിടക്കുന്ന ആ പാപം തക്കസമയം വരുമ്പോൾ, അനുകൂല സാഹചര്യം വരുമ്പോൾ പൊന്തിവരും. വന്നുപോയ പാപം ഏറ്റുപറഞ്ഞു. കോപിക്കയില്ല എന്നു തീരുമാനിച്ചു, പിന്നെയും കോപം വരുന്നു.

അശുദ്ധമായ ബന്ധങ്ങൾ എല്ലാം വിട്ടു, ശരിയാണ്. പിന്നെ ബന്ധങ്ങളിലേക്കു പോയിട്ടില്ല, പോകുന്നുമില്ല. എങ്കിലും അവിടെ അശുദ്ധി എന്ന ഒരു സ്വഭാവം, ആ പാപത്തിന്റെ nature അവിടെയുണ്ട്. പാപത്തിന്റെ attitude അവിടെയുണ്ട്. അതും ക്ഷമിച്ചു കിട്ടണം. മാഞ്ഞു കിട്ടണം. അതിന് ആ വേര് കത്തിപ്പോകണം.

ഇന്ന് മാനസാന്തരപ്പെട്ട അനേകം ദൈവമക്കളിലും ലംഘനങ്ങൾ ക്ഷമിച്ചുകിട്ടിയെങ്കിലും അവരുടെ പാപം മറച്ചു കിട്ടിയിട്ടില്ല. പാപം പൂർണ്ണമായി ക്ഷമിച്ചു കിട്ടിയിട്ടില്ല. പാപം തത്ക്കാലത്തേക്ക് ഒരു മറയായി കർത്താവിന്റെ കൃപയാൽ തിരുരക്തംകൊണ്ട് മറച്ചു തന്നു. പക്ഷേ, തക്ക സമയം വരുമ്പോൾ അതു പിന്നെയും പൊന്തിവരും. പിന്നെയും മുളച്ചു

വരും.

വേണ്ടതെന്താണ്? ആത്മാവിൽ കപടമില്ലാത്ത ആന്തരാത്മാവിന്റെ വിശുദ്ധിയാണ് വേണ്ടത്. The entire total personality സമ്പൂർണ്ണമായി മാറണം. ആളത്വം മുഴുവനായി രൂപാന്തരപ്പെടണം. അടിവേരുപോലും കത്തിപ്പോകണം. അതിനാണ് നിരന്തരം നാം വചനം കേൾക്കുന്നത്. വചനം കേൾക്കുകയും കേൾക്കുന്ന വചനം നാം സ്വീകരിക്കയും ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിലേക്ക് തീയായി കടന്നുവന്ന്, ഈ വേര് കുറേശ്ശെക്കുറേശ്ശെ കത്തിച്ചുകൊണ്ടിരിക്കും.

അതുകൊണ്ടാണ്, തുടരെത്തുടരെ വചനം കേൾക്കണമെന്നു പറയുന്നത്. വചനം കേൾക്കുമ്പോൾ, വചനം വായിക്കുമ്പോൾ, വചനം ധ്യാനിക്കുമ്പോൾ ദൈവത്തിന്റെ വചനം ആത്മാവാകയാൽ ആത്മാവ് നമ്മുടെ ഉള്ളത്തിലേക്കു കടന്നു വരും. പരിശുദ്ധാത്മാവു നമ്മുടെ ഉള്ളത്തിലേക്കു കടന്നുവന്ന് ഈ പാപസ്വഭാവത്തെ കത്തിച്ച് കളഞ്ഞുകൊണ്ടിരിക്കും. അത് മരണത്തോളമുള്ള വളരെ നീണ്ട ഒരു പ്രക്രിയയാണ്.

പ്രിയപ്പെട്ടവരേ, അതുകൊണ്ട് ആരും തികഞ്ഞവരല്ല. തികഞ്ഞവരായി എന്നു തോന്നുന്നെങ്കിൽ അതേറ്റവും പരമമായ അബദ്ധമായിരിക്കും. പക്ഷേ ഓർത്തുകൊള്ളണം, ഒരു കാരണവശാലും പഴയജീവിതത്തിലേക്കു നാം തിരിഞ്ഞു പോകരുത്. പഴയ പാപങ്ങൾ ആവർത്തിക്കാൻ പാടില്ല. എന്നാൽ പഴയപാപത്തിന്റെ സ്വഭാവം എന്നിൽ ഉണ്ട് എന്ന് ഞാൻ തന്നെ തിരിച്ചറിഞ്ഞ് അതിനെയോർത്ത് അനുതപിച്ച് കർത്താവേ, ഈ സ്വഭാവംകൂടി മായിച്ചു തരണമേ, എന്റെ ഹൃദയത്തിലുള്ള ഈ പാപപ്രകൃതി മായിച്ചു തരണമേ, എന്റെ ഹൃദയത്തിലുള്ള മുഷിച്ചിലും വാശിയും വൈരാഗ്യവും പകയും മാറ്റിത്തരണമേ, എന്റെ ഹൃദയത്തിലുള്ള അശുദ്ധി നിശ്ശേഷം മാറ്റിത്തരണമേ, എങ്കിലല്ലേ അവിടുന്നു വാഴുന്ന സ്വർഗ്ഗരാജ്യത്തിൽ എനിക്കെത്താൻ സാധിക്കുകയുള്ളൂ, അല്ലെങ്കിൽ ഞാൻ പുറത്തുനിൽക്കേണ്ടി വരുമല്ലോ എന്ന്

ദൈവസന്നിധിയിൽ യാചിച്ചുകൊണ്ടിരിക്കണം. അങ്ങനെ നിര ന്തരം പ്രാർത്ഥിക്കുന്നതാണ് പ്രാർത്ഥനാജീവിതം.

വെറുതെ ഇരുന്ന് സ്തുതിക്കുന്നതോ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പറയുന്നതോ അല്ല പ്രാർത്ഥനാജീവിതം. നിരന്തരം നമ്മെത്തന്നെ കണ്ട്, നമ്മുടെ വാസ്തവമായ നിസ്സാരാവസ്ഥ, നമ്മുടെ ബലഹീനാവസ്ഥ, നമ്മുടെ ക്ഷീണാവസ്ഥ കണ്ട് ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

എന്റെ പാപം കർത്താവ് മറച്ചു തന്നിരിക്കയാണ്. എന്റെ പാപപ്രകൃതി മാറിയിട്ടില്ല. പാപസ്വഭാവം മാറിയിട്ടില്ല. ആളത്വ ത്തിൽ ഇന്നും പാപപ്രകൃതിയുണ്ട്. എന്നാൽ, കർത്താവിന്റെ കൃപയാൽ, കർത്താവിന്റെ രക്തത്താൽ എന്റെ പാപപ്രകൃതി കർത്താവു മറച്ചു തന്നിരിക്കുന്നു. കർത്താവ് തന്റെ രക്ത ത്താൽ എന്നെ ആവരണം ചെയ്തിരിക്കുന്നു, എന്നെ മൂടിയിരി ക്കുന്നു. ഈ ഒരു വിശ്വാസത്തിലാണെങ്കിൽ മനസ്സറിഞ്ഞ് ഞാൻ ഒരു പാപത്തിലേക്കുപോകയില്ല, ഒരു ലംഘനം വരിക യില്ല. ഞാൻ അറിയാതെ എന്നിൽ നിന്നുവരുന്ന പ്രതികരണ ങ്ങളോ ചില പ്രവർത്തനങ്ങളോ - Actions or reactions - അതെന്തു തന്നെയായാലും എന്റെ കർത്താവേ, അതു നിന്റെ രക്തത്താൽ നീ മറച്ചു തന്നുവല്ലോ, നിന്റെ കൃപ, ദൈവമേ, നിനക്കു സ്തുതി! ഈ കൃപയിൽ ആശ്രയിച്ചു കൊണ്ടാണ് കട ന്നുപോകുന്നതെങ്കിൽ നാം ദൈവരാജ്യത്തിൽ എത്തിച്ചേരും, ഭയപ്പെടാനില്ല.

ആശ്വാസകരമായ ഒരു ദൂതല്ലേ ഇത്? ആശ്വാസകരമായ ഒരുകാര്യമല്ലേ ഇത്? നിങ്ങൾ എല്ലാവരും മനസ്സിലാക്കുക, നാം കർത്താവിന്റെ കൃപയിൽ മറഞ്ഞിരിക്കേണ്ടവരാണ്. കർത്താ വിന്റെ രക്തത്താൽ പൊതിയപ്പെട്ടിരിക്കേണ്ടവരാണ്. കർത്താ വിന്റെ രക്തത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കേണ്ടവരാണ്. തിരുരക്തം എന്നെ ആവരണം ചെയ്തല്ലോ! എനിക്കർഹതയി ല്ലാത്ത കൃപ എന്റെമേൽ പകർന്നല്ലോ! അർഹത ഇല്ലാത്ത

അനുഗ്രഹം എനിക്കുതന്നല്ലോ! കർത്താവേ, എന്റെ ജീവിതത്തിൽ അനേകമനേകം പാപങ്ങൾ ഉണ്ടാകുവാൻ തക്ക പാപത്തിന്റെ അടിവേരുകളുണ്ടായിട്ടും നിന്റെ കൃപ എന്നെ പൊതിഞ്ഞല്ലോ! നിന്റെ തിരുരക്തം എന്നെ പൊതിഞ്ഞല്ലോ എന്നുള്ള നന്ദി ഹൃദയത്തിൽ വന്ന് ഹൃദയം നിരന്തരം സ്തുതിച്ചുകൊണ്ടിരിക്കുന്നു. അതാണ് ക്രിസ്തീയ ജീവിതം.

പിതാക്കന്മാർ പ്രാർത്ഥിച്ചതുപോലെ സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും സദാനേരവും കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കി തീർക്കണമേ എന്നു പ്രാർത്ഥിക്കുന്നു. യോഗ്യരായിത്തീരുക എന്നു പറയുന്നത് വലിയൊരു മഹാഭാഗ്യമാണ്. നിരന്തരം സ്തുതിക്കാൻ സാധിക്കുന്നത് ഒരു വലിയ പദവിയാണ്; ഒരു വലിയ ഭാഗ്യമാണ്.

ലംഘനങ്ങൾ ക്ഷമിച്ചു, പാപങ്ങൾ മറച്ചുകിട്ടി. അങ്ങനെ ദൈവത്തിന്റെ കൃപയാൽ പാപങ്ങൾ മറച്ചുകിട്ടിയ അനുഭവത്തിൽ ജീവിക്കുന്ന സഭ, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ, ഇന്ന് ഈ ഭൂമിയിൽ ജീവിക്കുമ്പോൾ അവർ തികഞ്ഞവരായില്ല എന്നുള്ളതൊരു കാര്യം. എന്നാൽ അവരെ അനുമോദിക്കേണ്ടതായി, അഭിനന്ദിക്കേണ്ടതായി പലതും ഉണ്ട്. അതാണ് എഫെസൊസിലെ സഭയെക്കുറിച്ചുള്ള ദൂതിൽ പറയുന്നത്.

നിങ്ങളെ അഭിനന്ദിക്കാൻ ദൈവത്തിന് ചില കാര്യങ്ങൾ പറയാനുണ്ട്. ഏഴു കാര്യങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആ സഭയെക്കുറിച്ച് അഭിനന്ദിക്കുന്നുണ്ട്.

ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. കർത്താവ് എല്ലാം കാണുന്നു, എല്ലാം അറിയുന്നു. നീ വിചാരിക്കുന്നു, നീ ഈ ഭൂമിയിൽ ജീവിക്കുന്നു, ആരും അതൊന്നും അറിയുന്നില്ല എന്ന്. മനുഷ്യർ അറിയുന്നില്ല, പക്ഷേ, ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു.

നിത്യനായ ദൈവം നമ്മെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. നമ്മിൽ എന്തെങ്കിലും തെറ്റുണ്ടോ എന്നു കാണുവാൻ ഈ ഭൂമിയിൽ ഊടാടി നടക്കുന്ന ഒരു മഹാഭീകരനായ, ഭയങ്കര

നായ പിശാചുണ്ട്. എന്തെങ്കിലും ഒരു തെറ്റുകണ്ടാൽ അതു പറഞ്ഞുകൊണ്ട് ദൈവസന്നിധിയിലേക്കു ചെന്ന് നമുക്കെതിരെ അപവാദം പറയും. അപവാദി നമ്മെ കുറ്റം ചുമത്തും.

നമുക്ക് ഒരു തെറ്റുവരാൻ തുടങ്ങുമ്പോഴേക്കും, പെട്ടെന്ന് എന്റെ കർത്താവേ, എന്നു വിളിച്ചു കൊള്ളണം. പിശാച് നമ്മെക്കുറിച്ച് അപവാദം പറയാൻ ദൈവസന്നിധിയിലേക്കു ചെല്ലുന്നതിനുമുമ്പ് നമ്മുടെ തകർന്ന ഹൃദയത്തിൽനിന്നു പൊങ്ങുന്ന ആ നെടുവീർപ്പ്, പാപം വരുന്നു കർത്താവേ, രക്ഷിച്ചുകൊള്ളണമേ എന്നുള്ള ആ നിലവിളി ദൈവസന്നിധിയിൽ ചെന്നുകൊള്ളണം. ഇല്ലെങ്കിൽ പിശാചുചെന്ന് അവകാശം പറയും. അപ്പോൾ നാം പിശാചിന്റെ കൈയിൽ ആയിപ്പോകും. അങ്ങനെ ആത്മീയമായ അപകടം വന്നുപോകും.

ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ എല്ലാകാര്യങ്ങളും അറിയുന്ന ദൈവം, എപ്പോഴും നമ്മെ കാണുന്ന ദൈവം. ഇതു നമ്മുടെ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരിക്കണം. അതാണ് ദൈവഭയമെന്നു പറയുന്നത്, ദൈവഭക്തി എന്നു പറയുന്നത്.

> *"കർത്താവിനോടുള്ള ഭക്തിതന്നേ ജ്ഞാനം;*
> *ദോഷം അകന്നു നടക്കുന്നതുതന്നേ വിവേകം."*
>
> *ഇയ്യോബ് 28 : 28*

എന്താണ് ജ്ഞാനം? എന്താണ് വിവേകം? എന്ന് വേദപുസ്തകം പറയുന്നു.

ഭക്തി എന്നു പറയുന്നത് ദൈവഭയമാണ്. നമ്മുടെ കുടുംബജീവിതത്തിൽ ദൈവഭയം വരണം. എന്നെ എപ്പോഴും കാണുന്ന, എന്റെ അകവും പുറവും കാണുന്ന ദൈവം. എന്റെ ഹൃദയരഹസ്യങ്ങൾ കാണുന്ന ദൈവം. എന്റെ ചിന്തനങ്ങളും ഭാവങ്ങളും വിവേചിക്കുന്ന ദൈവം. ഇതു നമ്മുടെ ഹൃദയത്തിലുണ്ടെങ്കിൽ നാം സാധാരണ ഗതിയിൽ പാപത്തിലേക്കു പോകില്ല. ദൈവം എന്നെ കാണുന്നു. എന്റെ ദൈവത്തെ മറയ്ക്കാൻ സാദ്ധ്യമല്ല, ഒളിക്കാൻ സാദ്ധ്യമല്ല. ഞാൻ എത്ര ദൂരെ

പോയിരുന്നാലും, എന്റെ വീട്ടുകാരോ നാട്ടുകാരോ സ്വന്തക്കാരോ ചാർച്ചക്കാരോ എന്റെ ബന്ധുമിത്രാദികളോ എന്റെ കൂട്ടുകാരോ ആരും കാണാത്തയിടത്ത്, ഒരു പരിചയവുമില്ലാത്തിടത്ത് ഞാൻ പോയി താമസിച്ചാലും അവിടെയും ദൈവം എന്നെ കാണുന്നു. ഈ ഒരു ചിന്ത നമുക്കുണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ നമുക്കു നമ്മെത്തന്നെ നിയന്ത്രിക്കാൻ സാധിക്കും.

> *‘‘യഹോവേ, നീ എന്നെ ശോധനചെയ്ത് അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരുവാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെ മേൽ വച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്ക് അത്യത്ഭുതമാകുന്നു; അത് എനിക്കു ഗ്രഹിച്ചുകൂടാത വണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്. ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തുചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും. ഇരുട്ട് എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായിത്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെതന്നേ. നീയല്ലോ*

*എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്.”*

*സങ്കീർത്തനങ്ങൾ 139 : 1 – 13*

സഹോദരങ്ങളേ, എപ്പോഴും നമ്മെ കാണുന്ന ദൈവം, നമ്മുടെ പണമിടപാടുകൾ കാണുന്ന ദൈവം, നമ്മുടെ കൈയിൽ വരുന്ന വരവുകൾ കാണുന്ന ദൈവം, നാം ചെലവഴിക്കുന്ന വിധങ്ങൾ കാണുന്ന ദൈവം. നാം ഒരാളോട് മിണ്ടുന്നെങ്കിൽ അതു കാണുന്ന ദൈവം. നാം ഒരാളെക്കുറിച്ച് ചീത്തയായി നിരൂപിക്കുന്നു എങ്കിൽ നിരൂപണം ദൂരത്തു നിന്നു ഗ്രഹിക്കുന്ന ദൈവം. ആരെയെങ്കിലും ഞാൻ ദുഷിക്കുന്നെങ്കിൽ, ആരെയെങ്കിലും ഞാൻ വിധിക്കുന്നെങ്കിൽ അതുകാണുന്ന ദൈവം. പരദൂഷണം പറയുന്നെങ്കിൽ അതു കാണുന്ന ദൈവം. മറ്റുള്ളവരെപ്പറ്റി ഞാൻ ദോഷം നിരൂപിക്കുന്നെങ്കിൽ അതുകാണുന്ന ദൈവം. ഹൃദയത്തിൽ ഏതെങ്കിലും തരത്തിൽ വൈരാഗ്യമോ പകയോ വിദ്വേഷമോ പുലർത്തുന്നെങ്കിൽ അതുകാണുന്ന ദൈവം. ആർക്കെങ്കിലും ഞാൻ നഷ്ടം വരുത്തുന്നെങ്കിൽ അതുകാണുന്ന ദൈവം. ദൈവമേ, നീ എപ്പോഴും എന്നെ കാണുന്നു, എപ്പോഴും എന്നെ അറിയുന്നു.

പ്രിയപ്പെട്ടവരേ, ദൈവം സ്നേഹം മാത്രമാണ്. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണമെന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു.

> *“നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും.”* *യോഹന്നാൻ 13 : 34, 35*

നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും. ആ സ്നേഹത്തിന്റെ ഭാവം നമ്മിൽ ഇല്ലാതെ വരുമ്പോൾ നാം

പിശാചിനടിമകളായിത്തീരുന്നു. നാം ആരേയും ഉപദ്രവിക്കാൻ പോകുന്നില്ല. ആർക്കും നഷ്ടം വരുത്താൻ പോകുന്നില്ല. പക്ഷേ, സ്നേഹത്തിന്റെ ഭാവമല്ല നമ്മുടെ ഉള്ളത്തിൽ ഉള്ളതെങ്കിൽ അവിടെ പിശാച് അവകാശം പറയും. ദൈവത്തിന്റെ ഭാവം മാറിപ്പോകും.

ദൈവത്തിന്റെ ഭാവം സ്നേഹം മാത്രമാണ്. അവിടെ സ്നേഹമേ ഉള്ളൂ. കാരുണ്യമേ ഉള്ളൂ. വാത്സല്യമേ ഉള്ളൂ. അവിടെ മറ്റുള്ളവരുടെ തെറ്റുകളെ കണ്ട് കുറ്റം വിധിക്കലല്ല, കർത്താവേ, രക്ഷിക്കണമേ എന്നുള്ള നിലവിളിയാണ്. മറ്റാരെങ്കിലും നമ്മോട് ദോഷം ചെയ്താൽ കർത്താവേ, അവരോട് ക്ഷമിക്കണമേ എന്നുള്ള നിലവിളിയാണ്.

നമുക്കു തോന്നും ഇതു സാധിക്കുമോ? സാധിക്കും. സാധിക്കണം. സാധിച്ചേ പറ്റൂ. വേണമെങ്കിൽ സാധിക്കും. ക്രിസ്തുവിന്റെ മനോഭാവം പുലർത്താൻ നമുക്കു സാധിക്കും. അത് ഈ ഭൂമിയിൽ വച്ചു നമുക്കു സാധിക്കണം. കടന്നു ചെന്നതിനുശേഷമല്ല, ഇവിടെ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ക്രിസ്തുവിന്റെ മനസ്സ് നമുക്കു വരണം. ക്രിസ്തുവിനുള്ള അതേ ഹൃദയം.

ദാവീദിനെക്കുറിച്ച് അപ്പൊസ്തലപ്രവൃത്തികൾ 13-ാം അദ്ധ്യായത്തിൽ പറയും: എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ! A man after my own heart!

നിങ്ങൾക്കു വാസ്തവമായ ദാഹമുണ്ടെങ്കിൽ യേശുക്രിസ്തുവിന്റെ ഭാവവും യേശുക്രിസ്തുവിന്റെ ഹൃദയവും യേശുക്രിസ്തുവിന്റെ മനസ്സും എങ്ങനെയെന്ന് നിങ്ങൾക്കു മനസ്സിലാകും. അതനുസരിച്ച് നിങ്ങൾക്ക് നിങ്ങളെത്തന്നെ നിയന്ത്രിക്കാൻ സാധിക്കും.

നാം ക്രിസ്തുവിന്റെ മനസ്സുള്ളവരാണ് എങ്കിൽ, തീർച്ചയായും അകൃത്യങ്ങൾ വന്നുപോയാലും കർത്താവ് ക്ഷമിച്ചു തരും.

നിങ്ങൾ ചിന്തിക്കൂ. എന്റെ ജീവിതത്തിൽ എവിടെയെല്ലാമാണ് പാപം മറഞ്ഞു കിടക്കുന്നത്? എവിടെയെല്ലാമാണ് ഹൃദയം കല്ലിച്ചുപോയത്? ഏതെല്ലാം കാര്യത്തിലാണ് ഹൃദയത്തിൽ തഴമ്പിച്ച അനുഭവം വന്നുപോയത്? എന്റെ ഹൃദയത്തിൽ പാപബോധമില്ലാതെ പോയത് ഏതെല്ലാം കാര്യങ്ങളിലാണ്? കർത്താവേ, എനിക്കൊരു ശുദ്ധഹൃദയം തരണമേ. ഒരു നിഷ്ക്കളങ്ക മനസ്സാക്ഷി തരണമേ. ഒരു നിർമ്മല ഹൃദയം തരണമേ. ഒരാളുടെ വേദന കാണുമ്പോൾ വേദനിക്കുന്ന ഹൃദയം എനിക്കു തരണമേ. അപരന്റെ വേദനയിൽ പങ്കുചേർന്നു വേദനിക്കാൻ ഒരു മനസ്സാക്ഷി എനിക്കു തരണമേ. വേറൊരാളുടെ പ്രശ്നം എന്റെ പ്രശ്നമായിത്തീരുവാൻ, അതിനുള്ള എളിമ എനിക്കു തരണമേ.

പ്രിയപ്പെട്ടവരേ, അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കൂ. കർത്താവിന്റെ ഭാവം ഉൾക്കൊള്ളുവാൻ നിങ്ങളുടെ ജീവിതം വിട്ടുകൊടുക്കൂ. ഇന്ന് ഈ വാക്കുകളെ കേട്ടുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കു പുതിയ തീരുമാനമെടുക്കാം. കർത്താവേ, ഇന്നുമുതൽ ഞാൻ ക്രിസ്തുവിന്റെ മനസ്സുള്ളവളായിരിക്കും. ഇന്നുമുതൽ ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ടുകൊണ്ട് ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കാൻ തീരുമാനിക്കുകയാണ്.

ഇന്നു നിങ്ങൾ അതു പ്രാർത്ഥിക്കുമെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ ആവസിക്കും. മാത്രമല്ല, കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ തൊടും. തിരുരക്തം നിങ്ങളെ ശുദ്ധീകരിക്കും. തിരുരക്തം നിങ്ങളെ കഴുകും. വന്നുപോയ പാപങ്ങളെല്ലാം ക്ഷമിച്ചു തരും. അങ്ങനെ നിങ്ങൾ ശുദ്ധരായിത്തീരും. നിർമ്മലരായി തീരും. നിങ്ങൾ ദൈവരാജ്യത്തിന് അവകാശികളായിത്തീരുകയും ചെയ്യും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പതിനഞ്ച്

*"ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്കു സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നുപോകാഞ്ഞതും ഞാൻ അറിയുന്നു."* *വെളിപ്പാട് 2 : 2, 3*

നിത്യനായ ദൈവം എഫെസൊസിലെ സഭയോട് അരുളിച്ചെയ്യുന്നു: എക്കാലത്തുമുള്ള ഓരോരുത്തരോടും പറയുന്നു: "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു." നിന്നെ മുഴുവനായും ഞാൻ അറിയുന്നു. നിന്റെ ആളത്വം ഞാൻ അറിയുന്നു.

ദാവീദ് ഒരിക്കൽ പ്രാർത്ഥിച്ചു: "കർത്താവേ, നീ എന്റെ പ്രകൃതി അറിയുന്നുവല്ലോ. ഞാൻ പൊടി എന്നു നീ ഓർക്കേണമേ. ഞാൻ എത്ര നിസ്സാരനാണെന്നു നീ ഓർക്കേണമേ."

ദാവീദിന്റെ സ്വഭാവത്തിൽ ആ എളിമയുണ്ടായിരുന്നു. കർത്താവേ, ഞാൻ എത്ര നിസ്സാരനാണെന്നു നീ ഓർക്കണമേ. ദാവീദിന്റെ ആ എളിമയാണ് ദാവീദിനു വിജയം കൊടുത്തത്.

എഫെസൊസിലെ സഭയോടു കർത്താവ് പറയുകയാണ്, ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഞാൻ നിന്റെ രഹസ്യങ്ങൾ അറിയുന്നു. നീ എവിടെപ്പോയി മറഞ്ഞിരുന്നാലും ഞാൻ നിന്നെ കാണുന്നു. എന്നെ ഒളിക്കാൻ നിനക്കു സാദ്ധ്യമല്ല. ഞാൻ അറിയാതെ ഒന്നുമില്ല.

സൂര്യൻ ഉദിച്ചു നിൽക്കുമ്പോൾ നാമോരോരുത്തരും ഇരിക്കുന്നിടത്ത് സൂര്യരശ്മി പതിയുന്നു. അതേ സമയത്തു തന്നെ ഡൽഹിയിൽ ഇരിക്കുന്നവരുടെമേലും ബോംബെയിൽ ഇരിക്കുന്നവരുടെമേലും സൂര്യന്റെ രശ്മി പതിയുന്നു. എവിടെ യെല്ലാം സൂര്യൻ ഉദിച്ചു നിൽക്കുന്നുണ്ടോ അവിടെയെല്ലാം സൂര്യരശ്മി പതിയുന്നു. ഒരിടത്തു ചെന്ന് പ്രത്യേകിച്ചു നോക്കി ക്കാണേണ്ട ആവശ്യമില്ല. സൂര്യൻ ഉദിച്ചു നിൽക്കുമ്പോൾ എവിടെയെല്ലാം പകലാണോ അവിടെയെല്ലാം ഈ സൂര്യ രശ്മി പതിയുന്നു. എന്നതുപോലെ നിത്യനായ ദൈവം എപ്പോഴും നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. ദൈവം എപ്പോഴും നമ്മെ കാണുന്നു. ദൈവത്തെ മറയ്ക്കാൻ നമുക്കു സാദ്ധ്യമല്ല.

എല്ലാം അറിയുന്ന ദൈവം! ഞാൻ നിന്റെ പ്രവൃത്തി അറി യുന്നു. ഇവിടെ ദൈവം, ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു എന്നു പറയുന്നത് അനുമോദിക്കുകയാണ്. നിന്റെ പ്രവൃത്തി നല്ലതാണ്. നിന്റെ പ്രവൃത്തി – നീ എനിക്കുവേണ്ടി ജാഗരിച്ചത്, സഹിച്ചത്, തളർന്നുപോകാത്തത്, സഹിഷ്ണുതയുള്ളത്, തിന്മ യിൽ ജീവിക്കുന്നവരെ നീ ശാസിക്കുന്നത്, അതെല്ലാം എനി ക്കറിയാം. ഞാൻ അറിയുന്നുണ്ട്; നിന്റെ നന്മകൾ ഞാൻ അറി യുന്നു. നിന്റെ പ്രവൃത്തി അറിയുന്നു.

പലരും ധരിച്ചു വച്ചിരിക്കുന്നത് ദൈവം തിന്മകൾ മാത്രം നോക്കി കണ്ടുകൊണ്ടിരിക്കുകയാണെന്നാണ്. അവനെന്തെ ങ്കിലും തിന്മയുണ്ടോ, പാപമുണ്ടോ എന്ന് ദൈവം നോക്കുന്നു എന്ന്. അല്ല, ദൈവം എല്ലാം കാണുന്നു.

ദൈവം നമ്മുടെ തിന്മകൾ ചൂണ്ടിക്കാണിക്കുന്നതെന്തി നാണ്? അതു തിരുത്താൻ വേണ്ടിയാണ്. ഒരിക്കലും നമ്മെ ശപിച്ചു തള്ളാനല്ല. ഒരിക്കലും നമ്മെ നരകത്തിലേക്കു തള്ളി വിടാനല്ല. ദൈവം നമ്മുടെ തിന്മകൾ ചൂണ്ടിക്കാണിക്കുന്നത് നമ്മെ അനുഗ്രഹിച്ച് സ്വർഗ്ഗീയമായ സോപാനങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുപോകാനാണ്. ദൈവത്തിന്റെ കൃപ നമ്മെ ഉയർത്തിക്കൊണ്ടു പോകാൻ ആഗ്രഹിക്കയാണ്. ആഴമുള്ള

കുഴിയിൽനിന്ന്, പാപത്തിന്റെ ചേറ്റുകുഴിയിൽ നിന്നു നമ്മെ ഉയർത്തിയെടുക്കുവാനാണ് ദൈവം നമ്മോടു സംസാരിക്കുന്നത്. അകൃത്യത്തിൽ വീണുപോയ, പിശാചിനടിമയായ മനുഷ്യനെ വിടുവിക്കുവാനുള്ള ദൈവത്തിന്റെ യത്നമാണ് ദൈവം നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നത്.

രണ്ടാമത്, ഞാൻ നിന്റെ പ്രയത്നമറിയുന്നു. നീ എനിക്കുവേണ്ടി വളരെ പ്രയത്നിക്കുന്നുണ്ട്. വളരെ അദ്ധ്വാനിക്കുന്നുണ്ട്. ഞാൻ കാണുന്നുണ്ട് ദൈവത്തിന്റെ വേലക്കുവേണ്ടി അദ്ധ്വാനിക്കുന്നത്. പ്രിയരേ, നമ്മിൽ പലരും അങ്ങനെയല്ലേ? തീർച്ചയായിട്ടും ദൈവത്തിന്റെ വേലയ്ക്കുവേണ്ടി ധാരാളം അദ്ധ്വാനിക്കുന്നവരാണ് നിങ്ങളിൽ പലരും. നിങ്ങൾ കഷ്ടപ്പെടുന്നവരാണ്. കർത്താവിന്റെ വേല മനോഹരമായി നടക്കാൻ ആഗ്രഹിക്കുന്നവരാണ്.

നിങ്ങൾ ഓരോരുത്തരും ഓരോതരത്തിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. ഇതിനെല്ലാം പ്രതിഫലമുണ്ടുതാനും. ഞാൻ നിന്റെ പ്രയത്നം അറിയുന്നുണ്ട്. ദൈവത്തിന്റെ വേലയ്ക്കുവേണ്ടി ചുമൽ കൊടുക്കുന്നത് ദൈവം കാണുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ദൈവവേലയ്ക്കുവേണ്ടി ചുമൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? മഹാഭാഗ്യമാണ്. ദൈവത്തിന്റെ വേലയ്ക്കുവേണ്ടി ഒരു ചെറുവിരലെങ്കിലും അനക്കാൻ പറ്റിയോ മഹാഭാഗ്യമാണ്, അതിനുള്ള പ്രതിഫലമുണ്ടുതാനും.

നമ്മുടെ യോഗങ്ങളിൽ വരുന്ന ഓരോരുത്തരേയും സ്വീകരിക്കാൻ ആളുകളുണ്ട്. അവരെ വിളിച്ചിരുത്താൻ ആളുകളുണ്ട്. അവർക്കുവേണ്ടി കസേര ശരിയാക്കി കൊടുക്കാൻ ആളുകളുണ്ട്. ഇരിപ്പിടങ്ങൾ ശരിയാക്കിക്കൊടുക്കാൻ ആളുകളുണ്ട്. തൂത്തുവൃത്തിയാക്കാൻ ആളുകളുണ്ട്. ഓരോരുത്തരും ഓരോ തരത്തിലുള്ള ശുശ്രൂഷകൾ ചെയ്യുന്നു. ഒന്നും ഒന്നിനേക്കാളും മോശമല്ല. ഒന്ന് ഒന്നിനേക്കാൾ ഭേദവുമല്ല.

വചനം പറയുന്നതുമാത്രമല്ല ശുശ്രൂഷ. വചനം പറയു

ന്നത് തീർച്ചയായിട്ടും വേലയാണ്. പക്ഷേ, അതിനേക്കാൾ എത്രയോ മഹത്തരമായ വേലയാണ്, നിങ്ങളിൽ ചിലർ ദൈവത്തിന്റെ വചനം പറഞ്ഞുകൊണ്ട് വീടുകൾ തോറും സഞ്ചരിക്കുന്നത്. ആളുകൾ എന്തെങ്കിലും സഹായം ചെയ്യാൻ തുടങ്ങിയാൽ വേണ്ട, ഞങ്ങൾക്ക് സംഭാവന വാങ്ങാൻ ഉദ്ദേശമില്ല എന്നു പറയുന്നു. നിസ്സാര കാര്യമാണോ? പലരും ദൈവത്തിന്റെ വേലയ്ക്കുവേണ്ടി സംഭാവന കൊടുക്കുന്നു. പക്ഷേ, നാം ആരോടും വാങ്ങുന്നില്ല. എന്തുകൊണ്ട്? കർത്താവിന്റെ വേലയ്ക്കുവേണ്ടി ദൈവമക്കൾ അദ്ധ്വാനിച്ച് കഷ്ടപ്പെട്ട് ഓരോ വീടുതോറും കയറി ഇറങ്ങുന്നു. അങ്ങനെ അനേകരെ ദൈവത്തിന്റെ വേലയിലേക്കു ക്ഷണിക്കുന്നു. വചനം പറഞ്ഞു കൊടുക്കുന്നു.

എന്താണ് സുവിശേഷം? എന്താണ് ക്രൂശിന്റെ അർത്ഥം? ക്രൂശിലെ തിരുബലിയുടെ അർത്ഥമെന്താണ്? ഓരോ മനുഷ്യനെക്കുറിച്ചും ദൈവത്തിന്റെ ഉദ്ദേശ്യമെന്താണ്? ഇതെല്ലാം പറഞ്ഞുകൊടുക്കുന്നു. വലിയ വേലയാണത്.

പ്രിയപ്പെട്ടവരേ, വേലകളിൽ സഹകരിച്ചുകൊള്ളുക. ഞാൻ നിന്റെ പ്രയത്നം അറിയുന്നു. ദൈവം എല്ലാം കാണുന്നുണ്ട്. ഒരു ചെറിയ കാര്യം ചെയ്താൽ ദൈവം അത് പത്തിരട്ടിയല്ല, ഒന്നിന് നൂറുമടങ്ങായിട്ട് നമുക്കു പ്രതിഫലം തരും.

അതുകൊണ്ടാണ് ആത്മാർത്ഥമായി ദൈവവേല ചെയ്യുന്ന ദൈവമക്കൾ അഭിവൃദ്ധിപ്പെട്ടു വരുന്നത്. ലോകം അത് അസൂയയോടെ കാണും. ആത്മാർത്ഥമായി ദൈവവേല ചെയ്യുന്ന ദൈവമക്കൾ അത്ഭുതകരമായി അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. അവർ മേൽക്കുമേൽ അഭിവൃദ്ധിയിലേക്കു കുതിച്ചുയരുന്നു. മറ്റുള്ളവർക്കു മനസ്സിലാവുകയില്ല. ഇതെന്താണിത്! കാരണം, ദൈവിക അനുഗ്രഹം അവരുടെമേൽ വരുന്നതുകൊണ്ട്, അവരുടെ പരീക്ഷകളിലും പ്രശ്നങ്ങളിലും കഷ്ടങ്ങളിലും ദൈവം അവർക്ക് നീക്കുപോക്കു കൊടുക്കുന്നു. ഒരു പോക്കുവഴി കൊടുക്കുന്നു. അവരെ ദൈവം സ്നേഹത്തിന്റെ

പാതയിൽ കൂടി നയിക്കുന്നു.

ഞാൻ നിന്റെ സഹിഷ്ണുത അറിയുന്നു. നീ വളരെ സഹിഷ്ണുതയോടെ എല്ലാം നേരിട്ടു. ഒരു പരാതിയും കൂടാതെ നേരിട്ടു. പ്രതിസന്ധികൾ വന്നപ്പോൾ, എതിർപ്പുവന്ന പ്പോൾ, മറ്റുള്ളവരുടെ പരിഹാസം വന്നപ്പോൾ, മറ്റുള്ളവർ ആക്ഷേപിച്ചപ്പോൾ ഒരു പ്രയാസവും തോന്നിയില്ല. എന്തു കൊണ്ട്? എല്ലാം കാണുന്ന ഒരാളുണ്ട്. എല്ലാം അറിയുന്ന ഒരാ ളുണ്ട്. നിന്റെ സഹിഷ്ണുത ഞാൻ അറിയുന്നു.

നീ എന്റെ നാമം നിമിത്തം സഹിച്ചതു ഞാൻ അറി യുന്നു. നീ എന്റെ നാമത്തിനുവേണ്ടി പോരാടി. സഹിഷ്ണുത യോടെ, ഒരു പരാതിയും പരിഭവവും കൂടാതെ നീ വേല ചെയ്തു. വ്യക്തമായി ഗ്രഹിച്ചുകൊള്ളുക, നിങ്ങൾ കർത്താ വിന്റെ വേല ചെയ്യുന്നെങ്കിൽ തീർച്ചയായും നിങ്ങൾക്കുനേരെ എതിർപ്പുകൾ വരും.

നിങ്ങൾ കർത്താവിന്റെ വേലചെയ്യുന്നെങ്കിൽ നിങ്ങൾക്കെ തിരായി ആക്ഷേപങ്ങൾ ഉതിർക്കും. നിങ്ങൾക്കെതിരായി പരി ഹാസങ്ങളുണ്ടാകും. ഇല്ലാത്തതു നിങ്ങളെക്കുറിച്ചു പറഞ്ഞുപ രത്തും. കിംവദന്തികൾ പരക്കും. ഒട്ടും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുപരത്തും. കഥകൾ മെനഞ്ഞുണ്ടാക്കും. അതെല്ലാം പരിഹാസത്തോടെ ആളുകൾ പറഞ്ഞുകൊണ്ടു നടക്കും. ഒരു പക്ഷേ, സുവിശേഷ പ്രസംഗവേദികളിൽ പോലും പറയും.

എന്നാലോ, ഒരു ദൈവപൈതൽ ഇതെല്ലാം സഹിഷ്ണു തയോടെ സഹിക്കും. സാരമില്ല, കഷ്ടത എന്റെ അവകാശ മാണ്, നിന്ദ എന്റെ അവകാശമാണ്, അതെന്റെ പദവിയാണ്. കാരണം, എനിക്കതിന് പ്രതിഫലമുണ്ട്.

> *“എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവി ക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കള വായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാ ന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാ*

*കകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ."*

*മത്തായി 5 : 11, 12*

യഥാർത്ഥ ദൈവവേലക്കാർക്ക് ആക്ഷേപമുണ്ടാകും. ആക്ഷേപമുണ്ടാകുമ്പോൾ നമ്മുടെ ഹൃദയം പിടച്ചാൽ നാം ക്രിസ്ത്യാനികളല്ല. നമ്മുടെ ഹൃദയത്തിൽ നീരസം വന്നാൽ നാം വിശ്വാസികളല്ല. ഹൃദയത്തിൽ മുഷിച്ചിൽ തോന്നിയാൽ നാം വിശ്വാസികളല്ല. വിശ്വാസികളാണെങ്കിൽ ആക്ഷേപം വരുമ്പോൾ നാം സന്തോഷിക്കും. ഒരു കാര്യം ഓർത്തുകൊള്ളണം, പറയുന്ന ആക്ഷേപത്തിൽ കാമ്പുണ്ടോ? മനുഷ്യർ പറയുന്നതിൽ എന്തെങ്കിലും സത്യമുണ്ടോ? അവർ പറയുന്നതിൽ ന്യായങ്ങളെന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അനുതപിച്ചുകൊള്ളണം.

നമ്മെ കുറ്റം വിധിക്കയും ആക്ഷേപിക്കയും പരിഹസിക്കയും ചെയ്യുന്നവർ പറയുന്നതിൽ എന്തെങ്കിലും നമുക്കു തിരുത്താനുണ്ടോ? നോക്കിക്കൊള്ളണം. ഉണ്ടെങ്കിൽ തിരുത്താം, ഇല്ലെങ്കിൽ ദൈവത്തെ സ്തുതിക്കാം. നമ്മെ വിമർശിക്കുന്നവർ, നമ്മെ കുറ്റം പറയുന്നവർ നമ്മുടെ സഹായികളാണ്; നമുക്ക് ഉപകാരം ചെയ്യുന്നവരാണ്. അതു മനസ്സിലായിട്ടുണ്ടോ?

പഴിയും ദുഷിയും നിന്ദയും ആക്ഷേപവും, അതെല്ലാം ദൈവമക്കളുടെ അവകാശമാണ്. നീ അതെല്ലാം സഹിഷ്ണുതയോടെ സഹിച്ചുകൊള്ളണം. സഹിഷ്ണുതയുള്ളത് ഞാൻ അറിയുന്നു. നിന്റെ പ്രവൃത്തി അറിയുന്നു. നിന്റെ പ്രയത്നം അറിയുന്നു. തന്നെയല്ല, കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാ എന്നതും ദൈവം അറിയുന്നു. തിന്മയിൽ ജീവിക്കുന്നവരോട് നിനക്ക് compromise ഇല്ല. നിനക്കു ചേർച്ചയില്ല. പാപത്തിന്റെ പുറകേ പോകുന്നവരെ നിനക്ക് ഒട്ടും സഹിച്ചുകൂടാ, നീ അവരോട് ചേർന്നു പോകുന്നില്ല.

ദുരുപദേശക്കാരെ നീ സഹിക്കയില്ല; ദൈവത്തിന്റെ വച

നത്തെ എതിർക്കുന്നവരെ നീ ഒരിക്കലും സ്വന്തമാക്കിവച്ചു കൊണ്ടിരിക്കയില്ല. ദൈവത്തിന്റെ ശുശ്രൂഷയെ എതിർക്കുന്ന വരെ നീ സ്വന്തമാണെന്നു കരുതുകയില്ല. അവരോട് നീ കൂട്ടു കൂടാൻ പോവുകയില്ല. അവരോടുള്ള friendship മാറ്റിവ യ്ക്കും. അവരോട് വേർപാടു പാലിക്കും. എന്താണതിന്റെ അർത്ഥം?

ശരിയായ ആത്മീയരാണെങ്കിൽ ദൈവത്തെ എതിർക്കു ന്നവരുമായി കൂട്ടുകൂടാൻ തോന്നുകയില്ല. അവരുമായിട്ട് ഒരു മിച്ചു പോകാൻ തോന്നുകയില്ല. "നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്."

വിശ്വാസിയും അവിശ്വാസിയുമായി ഒരു നുകത്തിൽ വച്ചു പൂട്ടരുത്. ഒരു വശത്ത് അവിശ്വാസിയും വേറൊരു വശത്ത് വിശ്വാസിയും. ഒരിക്കലും അതിനിടവരുത്തരുത്. അവിടെ കൂട്ടുകെട്ടു പാടില്ല.

കുട്ടികൾ കോളേജിലോ സ്കൂളിലോ ഒക്കെ വച്ച് ചീത്ത കൂട്ടുകെട്ടിലേക്കു പോകരുത്. അവരെ ചീത്തയെന്നു പറഞ്ഞ് വിധിച്ചു തള്ളാനല്ല. ആ കൂട്ട് എനിക്കുവേണ്ട. അതെന്നെ അപ കടത്തിലേക്കു നയിക്കും. ഞാൻ ആ കൂട്ടത്തിൽ പോകു മ്പോൾ എന്നിലുള്ള ദൈവത്തിന്റെ കൃപ നഷ്ടപ്പെടുകയേ ഉള്ളൂ. എന്നിലുള്ള വെളിച്ചം നഷ്ടപ്പെടുകയേ ഉള്ളൂ. അവരി ലുള്ള ഇരുൾ എന്റെ ഹൃദയത്തിലേക്കു കടന്നു വരികയേ ഉള്ളൂ. അതെനിക്കു ദോഷമാണ്, അതെനിക്ക് അപകടമാണ് എന്നു തിരിച്ചറിഞ്ഞ് നാം അവിശ്വാസികളിൽനിന്നും മാറി നിൽക്കുക.

> *"നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തോരു കൂട്ടായ്മ? ക്രിസ്തുവിനും ബെലീയാ ലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാ*

*സിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."*
*2 കൊരിന്ത്യർ 6 : 14 – 16*

ബെലീയാലെന്നു പറഞ്ഞാൽ, Son of Satan! പിശാചിന്റെ മക്കൾ! ഇരുളിന്റെ മക്കൾ! ക്രിസ്തുവിനും പിശാചിന്റെ മക്കൾക്കും തമ്മിൽ എന്തുപൊരുത്തം.

*"ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്ക് ദൈവവും അവർ എനിക്കു ജനവും ആകും" എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ട് "അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു; അശുദ്ധമായതൊന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും" എന്ന് സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു."* *2 കൊരിന്ത്യർ 6 : 16 – 18*

ഞാൻ ഈ ജനത്തിന്റെ - വിശ്വാസികളുടെ - ഇടയിൽ വസിക്കയും, വിശ്വാസികളുടെ ഇടയിൽക്കൂടി നടക്കയും ചെയ്യും.

*"വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെ നിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുത്; അതിന്റെ നടുവിൽനിന്നു പുറപ്പെട്ടു പോരുവിൻ; യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ."* *യെശയ്യാവ് 52 : 11*

നിങ്ങൾ ദൈവത്തിന്റെ ഉപകരണങ്ങൾ ചുമക്കുന്നവരാണോ? നിങ്ങൾ ദൈവത്തിന്റെ വേലക്കാരാണോ? നിങ്ങൾ

ജീവിതം ക്രിസ്തുവിനു സമർപ്പിച്ചവരാണോ? എങ്കിൽ നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ.

എല്ലാം വ്യക്തമായ ദൈവവചനങ്ങളാണ്. അങ്ങനെയാണെങ്കിൽ നിങ്ങൾ ജോലി ചെയ്യുന്നിടത്ത് നിങ്ങൾക്കൊരു യൂണിയനിൽ അംഗമാകാൻ പറ്റില്ല. പണിമുടക്കിൽ പങ്കുചേരാൻ പറ്റില്ല. നിങ്ങൾക്കു തൊഴിലുടമയോട് മത്സരിക്കാൻ പറ്റില്ല. നിങ്ങൾക്ക്, ബന്ദോ അല്ലെങ്കിൽ ഹർത്താലോ ആചരിക്കാൻ പറ്റില്ല. അങ്ങനെ ചെയ്യുന്നവരുണ്ട് പക്ഷേ, ഞാനില്ല. സാധിക്കുമോ? അനുഭവത്തിൽ നിന്നുപറയാം, സാധിക്കും, വേണമെങ്കിൽ സാധിക്കും. ഞാൻ അത് വിശദീകരിക്കുന്നില്ല. എന്തെല്ലാം ആക്ഷേപങ്ങൾ ഞാൻ സഹിച്ചു? ഏതെല്ലാം തരത്തിലുള്ള കുത്തിത്തിരിപ്പുകൾ ഏറ്റു! ഏതെല്ലാം തരത്തിലുള്ള എതിർപ്പുകൾ ഏറ്റു! പക്ഷേ, ഭാഗ്യവശാൽ ഒന്നും എന്നെ തൊട്ടില്ല.

നമ്മുടെ നൈർമ്മല്യം കാത്തു സൂക്ഷിക്കുക. ഒരിക്കലും കൈമോശം വരരുത്. നമുക്കുണ്ട് ആത്മീയമായ ഒരു കരുത്ത്, ഒരു ശക്തി. എന്തെല്ലാം നഷ്ടം വന്നാലും ശരി അതു സൂക്ഷിച്ചുകൊള്ളണം. ചിലപ്പോൾ ചിലർ വിട്ടുപോയെന്നുവരും. ചിലർ നമ്മോട് അടുത്തില്ല എന്നു വരും. അവരുമായുള്ള കൂട്ടുകെട്ടു നഷ്ടപ്പെടും. നമ്മുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടും. പക്ഷേ ഇല്ല, എന്റെ യേശുവിന്റെ നാമത്തെ പ്രതി ഞാൻ ഈ കൂട്ടുകെട്ടിനില്ല. ഞാൻ ഈ തിന്മയ്ക്കില്ല. ദൈവത്തിന്റെ ആത്മാവിനെ എതിർക്കുന്നവരുമായിട്ടെനിക്കു കൂട്ടുകെട്ടില്ല. ദൈവത്തിന്റെ ആത്മാവിനോട് മത്സരിക്കുന്നവരുമായി എനിക്കു ബന്ധമില്ല.

കർത്താവിന്റെ വചനത്തെ സ്നേഹിച്ച്, കർത്താവിന്റെ വചനത്തെ മാനിച്ച് വരുന്നവരാണ് എന്റെ ബന്ധക്കാർ; എനിക്ക് വേണ്ടപ്പെട്ടവർ. അവരാണെന്റെ ചാർച്ചക്കാർ. എന്റെ ഏറ്റവും പ്രിയപ്പെട്ടവർ.

പ്രായോഗികമാണോ ഇതൊക്കെ എന്നു നിങ്ങൾക്കു തോന്നും. വേണമെങ്കിൽ അതു പ്രായോഗികമാക്കി എടുക്കാൻ നിങ്ങൾക്കു സാധിക്കും.

> *"അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്ക് സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു."*
>
> *വെളിപ്പാട് 2 : 2, 3*

നീ നല്ല ഒരു കാര്യം ചെയ്തു. നിനക്ക് കൊള്ളരുതാത്തവരെ സഹിച്ചുകൂടാത്തതുമാത്രമല്ല, സാക്ഷാൽ അപ്പൊസ്തലന്മാരല്ലാതിരിക്കെ, ഞങ്ങൾ അപ്പൊസ്തലന്മാരാണെന്നു പറയുന്ന ചില ആളുകൾ ഉണ്ടായിരുന്നു. അവരെ നീ പരീക്ഷിച്ച് കള്ളന്മാർ എന്നു കണ്ടു.

പ്രിയപ്പെട്ടവരേ, ഞാൻ അല്പം എളിമയോടെ ഒരു കാര്യം പറയാം: അടുത്ത സമയത്ത് whatsapp message-ൽ കൂടി പ്രചരിച്ച ഒരു കാര്യം - ഒരു ചെറുപ്പക്കാരൻ, സുവിശേഷം പറയുന്ന ആളാണ്, അദ്ദേഹം ഒരിടത്തിരിക്കുന്നു. വേറൊരാൾ എഴുന്നേറ്റുനിന്ന് ജനത്തോടു പറയുന്നു: നിങ്ങൾക്കിപ്പോൾ അഭിഷേകം വേണമോ? എല്ലാവരും വേണം വേണമെന്നു പറഞ്ഞ് കൈപൊക്കി. അഭിഷേകം വേണ്ടവർ ഓരോരുത്തരായി ഇങ്ങോട്ടു വരുക. ഇപ്പോൾ മുൻവശത്തുള്ള അഞ്ചുപേർ അഭിഷേകം വേണമെന്ന് ആഗ്രഹിക്കുന്നവരാണ്. അവരിപ്പോൾ ചെയ്യുന്നത് എന്താണെന്നു കാണുക.

അവർ തങ്ങളുടെ കൈയിലുള്ളത് എല്ലാം കൊണ്ടുവന്ന് അദ്ദേഹത്തിന്റെ കാൽക്കൽ വച്ചു. പൈസകൊണ്ടുവന്ന് അദ്ദേഹത്തിന്റെ കാൽക്കൽ വച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ ആത്മാവിന്റെ അഭിഷേകം പ്രാപിച്ചിരിക്കുന്നു എന്നുപറഞ്ഞു. അവർ സന്തോഷത്തോടെ കൈകൊട്ടി, ദൈവത്തിന്

സ്തോത്രം പറഞ്ഞു, ഹല്ലേലുയ്യാ പറഞ്ഞു. പിന്നീട് അദ്ദേഹം പറഞ്ഞു: ഇതുപോലെ അഭിഷേകം വേണമെന്നുള്ളവർ ആരൊക്കെയുണ്ട്? നിങ്ങൾ എല്ലാം ഇപ്പോൾ പ്രവാചകന്റെ കാൽക്കൽ വയ്ക്കുക.

ഓരോരുത്തരും വന്നു. സാധുക്കൾ! അവർക്ക് അഭിഷേകം വേണം. പാവങ്ങൾ തങ്ങളുടെ കൈയിലുള്ളത് എല്ലാം കൊണ്ടുവന്നുവച്ചു. അവർ വിചാരിച്ചു ഇതെല്ലാം ശരിയാണെന്ന്. അവരുടെ പൈസ മുഴുവൻ അവിടെ ഏല്പിച്ചു, അഭിഷേകം കിട്ടി എന്നു വിചാരിച്ച് പാവങ്ങൾ തിരിച്ചുപോയി. Whatsapp message-ൽ കണ്ടതാണ്; നടന്ന കാര്യമാണ്.

പിന്നീട് അതിനെ വിമർശിച്ച് ഒരു ദൈവപൈതൽ പ്രസംഗിച്ചു. ഇതു തെറ്റാണ്, ഇതൊന്നും ആത്മീയമല്ല. ഇത് സുവിശേഷകർ ചെയ്യേണ്ട കാര്യമല്ല. പ്രവാചകന്മാർ ചെയ്യേണ്ട കാര്യം ഇങ്ങനെയല്ല. ഇങ്ങനെയൊന്നുമല്ല അഭിഷേകം ലഭിക്കുന്നത്. ഉടനെ, അടുത്ത ദിവസം അദ്ദേഹം പ്രസംഗിക്കയാണ്: ഇങ്ങനെ പറഞ്ഞവർ നശിച്ചു പോകും, അവരുടെ തലമുറ നശിച്ചുപോകും, അവരുടെ അഞ്ചാം തലമുറയും നശിച്ചു പോകും. ശപിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾക്കു മനസ്സിലായോ? വചനം പറഞ്ഞു നടക്കുന്നവരിലും കള്ളന്മാരുണ്ട്, സൂത്രശാലികളുണ്ട്. അതിലും പലതരത്തിൽ പിശാചിന് ഇടം കൊടുക്കുന്നവരുണ്ട്. ചില സ്ഥാപിത താത്പര്യങ്ങൾക്കുവേണ്ടി വചനം പറയുന്നവരുണ്ട്.

ചില അത്ഭുതപ്രവൃത്തി നടന്നു എന്നൊക്കെ പറയും. മിസ്രയീമ്യ മന്ത്രവാദികളും അത്ഭുത പ്രവൃത്തി ചെയ്തു. അവർ വെള്ളം രക്തമാക്കി, അവർ തവളയെക്കൊണ്ടുവന്നു. അവരും അത്ഭുതങ്ങൾ ചെയ്തു. പക്ഷേ, ഒരു സമയം വന്നപ്പോൾ അവരുടെ അത്ഭുതപ്രവൃത്തികൾ നിലച്ചുപോയി. അവർ തോറ്റുപോയി.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചെയ്യുന്നതുപോലെ പിശാചും ചില അത്ഭുതങ്ങളൊക്കെ ചെയ്യും. അതൊന്നും കണ്ടു ഭ്രമിച്ചു പോകരുത്. നിങ്ങൾ വചനത്തിലേക്കു നോക്കണം. എന്താണ് നോക്കേണ്ടത്? യേശുക്രിസ്തുവിനെ നിങ്ങൾ നോക്കുക. ക്രിസ്തു ഇല്ലാത്ത പ്രസംഗങ്ങൾ പാപമയമാണ്. ക്രിസ്തു ഇല്ലാത്ത ലക്ഷ്യങ്ങൾ തെറ്റാണ്. വേറെ ഏതെങ്കിലും ഉദ്ദേശ്യത്തോടുകൂടി വചനം പറഞ്ഞാൽ അതു പാപമാണ്. ഏതെങ്കിലും സ്ഥാപിത താത്പര്യത്തോടെ ദൈവത്തിന്റെ വചനം പറഞ്ഞാൽ പാപമാണ്. അതുകൊണ്ട് പ്രിയപ്പെട്ടവരേ, അപ്പൊസ്തലന്മാർ അല്ലാതിരിക്കെ തങ്ങളെതന്നെ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ചു, കള്ളന്മാർ എന്നു കണ്ടതും ഞാൻ അറിയുന്നു.

അപകടം പിടിച്ച ഒരു കാലയളവിലാണ് നാം നില്ക്കുന്നത്. ഈ കാലയളവിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പേരിൽ അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചു കൊണ്ടു പലരും നടക്കും. അന്തിക്രിസ്തുക്കൾ എഴുന്നേൽക്കും. പ്രവാചകന്മാർ എഴുന്നേൽക്കും. അവരും കൊള്ളലാഭങ്ങൾ ഉണ്ടാക്കും.

തങ്ങൾക്കുള്ളതെല്ലാം വിറ്റ് മുതൽ കൊണ്ടുവന്ന് ഒരാളുടെ കാൽക്കൽ വയ്ക്കാൻ പറയുന്ന ഒരു കൂട്ടായ്മയുണ്ട് ഇന്നും നമ്മുടെ ഈ കേരളത്തിൽ.

ഞാൻ നിങ്ങളോടു പറയട്ടെ, അപകടങ്ങളിൽ കുടുങ്ങിപ്പോകരുത്. നമുക്ക് നേർവഴിയിൽക്കൂടി പോകാം. യേശുക്രിസ്തുവിന്റെ പാതയിൽക്കൂടി പോയി നമുക്ക് ക്രിസ്തുവിന്റെ നിത്യരാജ്യത്തിൽ പ്രവേശിക്കുവാൻ ഒരുങ്ങാം. നമ്മുടെ പാപങ്ങളെ നമുക്കുപേക്ഷിക്കാം. പാപമില്ലാത്ത ജീവിതം നമുക്കു തുടങ്ങാം. പാപമില്ലാത്ത ജീവിതം നമുക്കു നയിക്കാം. കർത്താവിന്റെ കരങ്ങളിലേക്കു നമ്മെ ഏല്പിക്കാം.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |